തലവൂർ ഗ്രാമപഞ്ചായത്ത്

വികസനരേഖ

ബി. വിമല
പ്രസിഡന്റ് തലവൂർ ഗ്രാമപഞ്ചായത്ത്

സ്നേഹാദരപൂർവ്വം.....

കേരളത്തിന്റെ സമഗ്രവികസനം ലക്ഷ്യമാക്കികൊണ്ട് നമ്മുടെ സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന ജനകീയാസൂത്രണ പ്രസ്ഥാനത്തിൽ തലവൂർ പഞ്ചായത്തും സർവ്വാത്മനാ പങ്കാളിയാവുകയാണ്. "സാക്ഷരകേരളം സുന്ദരകേരളം" എന്ന മഹത്തായ ലക്ഷ്യം സാക്ഷാത്കരിച്ച നാം "9-ാം പദ്ധതി ജനകീയപദ്ധതി " എന്ന ലക്ഷ്യത്തിലൂടെ വിപ്ലവകരമായ പുരോഗതി കൈവരിക്കും എന്നതിൽ എനിക്ക് സംശയമില്ല. അധികാരത്തന്റെ ഉന്നത കേന്ദ്രങ്ങളിൽ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന വികസനപദ്ധതിയാണ് തലവൂർ പോലെയുള്ള പ്രദേശങ്ങളുടെ പിന്നോക്കാവസ്ഥക്ക് കാരണം. ഈ ദുസ്ഥിതിക്ക് ജനകീയാസൂത്രണ പ്രസ്ഥാനം അന്ത്യം കുറിക്കട്ടെ എന്ന് നമുക്ക് ആശിക്കാം.

നമ്മുടെ പഞ്ചായത്തിൽ ഈ പ്രസ്ഥാനത്തിന്റെ നാളിതുവരെയുള്ള പുരോഗതി നിസ്വാർത്ഥരായ ഒരു സംഘം സന്നദ്ധസേവകരുടെ പരിശ്രമത്തിലൂടെയാണ്. പ്രാരംഭഘട്ടം മുതൽ ക്ലേശമായ ഓരോ ഘട്ടങ്ങളിലും രാപകലില്ലാതെ പ്രയത്നിച്ച് നിസ്വാർത്ഥമതികളാ സന്നദ്ധസേവകർക്കും ഈ പ്രസ്ഥാനത്തിന്റെ വിജയത്തിന് വേണ്ടി എല്ലാവിധ സഹായസഹകരണങ്ങളും നൽകുന്ന എല്ലാമാന്യ വ്യക്തികൾക്കും തലവൂർ പഞ്ചായത്ത് ഭരണസമിതിക്ക് വേണ്ടി നന്ദിയും കടപ്പാടും അറിയിക്കുന്നു. തുടർന്നുള്ള പ്രവർത്തനങ്ങളിലും എല്ലാ നല്ലവരായ ആളുകളുടേയും നിസ്വാർത്ഥസേവനം പ്രതീക്ഷിച്ചുകൊണ്ട് ..

പഞ്ചായത്ത് കമ്മിറ്റിക്ക് വേണ്ടി

ബി. വിമല



G. രാധാകൃഷ്ണൻ നായർ
സെക്രട്ടറി
തലവൂർ ഗ്രാമപഞ്ചായത്ത്

കേരളത്തിന്റെ വികസനചരിത്രത്തിൽ ഒരു നാഴികകല്ലാവാൻ പോകുന്ന ജനകീയാസൂത്രണപ്രസ്ഥാനം തികച്ചും വിപ്ലവകരമായ ഒരു സംരംഭമാണ്. ഉന്നതങ്ങളിൽ പദ്ധതികൾ ആസൂത്രണം ചെയ്യുന്ന പഴയരീതിക്ക് പകരമായി ജനങ്ങൾതന്നെ തങ്ങൾക്ക് ആവശ്യമുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുക എന്ന പുതിയ സമീപനം കേരളത്തിന്റെ മുഖഛായ തന്നെ മാറ്റും. വർദ്ധിച്ച ജനപങ്കാളിത്തമാണ് ഈ പദ്ധതിയുടെ ഏറ്റവും വലിയ പ്രത്യേകത. അതിലുപരി പദ്ധതിയടങ്കലിന്റെ 35-40% തുകയും ഗ്രാമപഞ്ചായത്തുകൾ വഴി ചിലവാക്കപ്പെടുന്നു.

തലവൂർ പഞ്ചായത്തിലെ ജനകീയാസൂത്രണപരിപാടികൾ ഏതാണ്ട് പകുതിയോളം എത്തിയിരിക്കുകയാണ്. തുടർന്നുള്ള പ്രവർത്തനങ്ങളുടെ വിജയത്തിനും സജീവമായ ജനപങ്കാളിത്തം ഉറപ്പു വരുത്തുന്നതിനും എല്ലാവിഭാഗം ജനങ്ങളുടേയും ക്രിയാത്മക സഹകരണം അഭ്യർത്ഥിക്കുന്നതോടൊപ്പം നാളിതുവരെയുള്ള എല്ലാപ്രവർത്തനങ്ങൾക്കും സജീവമായി പങ്കെടുക്കുകയും സഹായസഹകരണങ്ങൾ എത്തിക്കുകയും ചെയ്ത എല്ലാ മാന്യ വ്യക്തികൾക്കുമുള്ള നന്ദിയും കടപ്പാടും അറിയിക്കട്ടെ.

സ്നേഹപൂർവ്വം,
ഒപ്പ്

പഞ്ചായത്ത് ഭരണസമിതി



K.G. ജോസഫ്
വൈസ് - പ്രസിഡന്റ്

B.വിമല
പ്രസിഡന്റ്



G. രാധാ മോഹനൻ
ചെയർമാൻ, സ്റ്റാൻഡിംഗ് കമ്മിറ്റി



N.മോഹനൻ
പാണ്ടിത്തിട്



L.ജോൺകുട്ടി
നടുത്തേരി III

മേരിക്കുട്ടി ജോർജ്
മഞ്ഞക്കാല. IV



S. വേണുഗോപാൽ
പനമ്പറ്റ V



Q. വിജയചന്ദ്രൻ നായർ
കമുകും ചേരി VII

R. സരസ്സമ്മ
നെടുവന്നൂർ VIII

K.രമണി
കുര X



R.വിജയകുമാർ
വടകോട് XI



വടകോട് മോനച്ചൻ
അരിങ്ങട XII

വികസനരേഖ എഡിറ്റോറിയൽ ബോർഡ്



പിടവൂർ രമേശ്



K. ശശിധരൻ



D. അജയകുമാർ

R.G. ഹരികുമാർ

ഗ്രാന്റിനായും,
നിർദ്ദേശങ്ങളും

S. നളിനകുമാർ
പ്രോജക്ട് സയന്റിസ്റ്റ്
സെന്റർഫോർ എർത്ത് സയൻസ് സ്റ്റഡീസ്(CESS)
തിരുവനന്തപുരം


ഇൻഡ്യാ
72°
68°
28°
12°
0 600 കി.മി.


കേരളം
75°
76°
77°
12°
11°
10°
9°
0 80 കി.മി.
കൊല്ലം ജില്ല


കൊല്ലം
76°
77°
9°
8° 30'
0 10 കി.മി.
തലവൂർ ഗ്രാമ പഞ്ചായത്ത്

കൊല്ലം ജില്ല

പഞ്ചായത്തുകൾ

PRM, CESS, 1996



PRM, CESS, 1996

ഉള്ളടക്കം

I. ആമുഖം

II. പഞ്ചായത്ത് പൊതുവിവരണം

III. സാമൂഹിക-സാംസ്കാരിക ചരിത്രം

IV. ഭൂപ്രകൃതി, ജലപ്രകൃതി, ജനപ്രകൃതി

V. സമൂഹിക സാമ്പത്തിക മേഖലകൾ

V 1. കൃഷിയും ജലസേചനവും
V 2. മൃഗസംരക്ഷണം
V3. വ്യവസായം
V4. വിദ്യാഭ്യാസം
V5. കുടിവെള്ളവും, പൊതുജനാരോഗ്യവും
V6. ഗതാഗതം, ഊർജ്ജം, മാർക്കറ്റ്
V7. പാർപ്പിടവും, സാമൂഹ്യക്ഷേമവും
V8. സംസ്കാരം
V9. വനിത
V10. സഹകരണം
V11. പട്ടികജാതി- പട്ടികവർഗ്ഗക്ഷേമം
V12. വിഭവസമാഹരണം

V1. ഉപസംഹാരം

ആമുഖം.

"*ഇന്ത്യയുടെ ആത്മാവ് ഗ്രാമങ്ങളിലാണ് കുടികൊള്ളുന്നത്* " എന്ന സത്യം ഗാന്ധിജി ഉത്ഘോഷിച്ചിട്ട് ദശാബ്ദങ്ങൾ പിന്നിടുന്നു. ആ സത്യം ഇന്ത്യൻ അധികാരിവർഗ്ഗത്തിന് ബോദ്ധ്യമായത് ഇപ്പോഴാണ്. സൂര്യനസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ കിരാതഭരണത്തിൽ നിന്നും മോചനം നേടാൻ ത്യാഗോജ്ജലമായ –ദശാബ്ദങ്ങൾ നീണ്ട സമരം സംഘടിപ്പിച്ചു. സ്വാതന്ത്യത്തിന്റെ പൊൻപുലരിയിൽ നാം മുതലാളിത്തമോ കമ്മ്യൂണിസമോ ഭരണ വ്യവസ്ഥിതിയായി സ്വീകരിക്കാതെ രണ്ടിനെക്കാളും മഹത്തരമായ ജനാധിപത്യവ്യവസ്ഥിതിയെ വരിച്ചു. എന്നാൽ നമുക്ക് കാണുവാൻ കഴിഞ്ഞത് അധികാര കേന്ദ്രീകരണവും ഉദ്യോഗസ്ഥമേധാവിത്വവും മൂലം ചേതനയറ്റതും വികൃതവുമായ – ജനാധിപത്യമെന്ന് പേര് മാത്രമുള്ള– ഒരു വ്യവസ്ഥിതിയാണ്. അഞ്ചുവർഷത്തിലൊരിക്കൽ നടക്കുന്ന തെരഞ്ഞെടുപ്പ് എന്ന മാമാങ്കത്തിലൊതുങ്ങി ഇന്ത്യൻ ജനാധിപത്യം. പൊതുജനം കഴുതകളാണ് എന്ന സങ്കൽപ്പം പരക്കെ അംഗീകരിക്കപ്പെടാൻ തുടങ്ങി. നാടിന്റെ വികസന പ്രക്രിയയിൽ പൊതുജനത്തിന് യാതൊരു പങ്കും ഇല്ല എന്ന വിശ്വാസം ജനങ്ങളിൽ വളർന്നു. അധികാര കേന്ദ്രങ്ങളിൽ നിന്നും കെട്ടി എഴുന്നള്ളിക്കുന്ന 'ഉട്ടോപ്യൻ' പദ്ധതികൾ കണ്ട് ജനം കൈയും കെട്ടി നോക്കിനിന്നു. പല പദ്ധതികളും യാഥാർത്ഥ്യമാകുന്നതിനുപകരം കോൺട്രാക്ടർമാരുടേയും ഉദ്യോഗസ്ഥരുടേയും കീശകൾ വീർത്തു.ജനങ്ങളുടെ സ്വപ്നങ്ങൾ സാക്ഷാത്ക്കരിക്കുന്നതിനു പകരം ഒരു വിഭാഗത്തിന്റെ –ഒരു ന്യൂനപക്ഷത്തിന്റെ –സ്വകാര്യ സ്വപ്നങ്ങൽ പൂവണിഞ്ഞു. രാഷ്ട്രത്തിന്റെ സമ്പത്ത് കുറെപ്പേരുടെ സ്വകാര്യസ്വത്തായി മാറി. പാവം പൊതുജനത്തിന്റെ നെഞ്ചിലൂടെ ഇന്ത്യൻ ഭരണചക്രം ഉരുണ്ടുകൊണ്ടിരുന്നു. " ജനങ്ങൾക്കുവേണ്ടി ജനങ്ങളാൽ നടത്തപ്പെടുന്ന ഭരണം " എന്ന എബ്രഹാംലിങ്കൺന്റെ വചനം ഇന്ത്യൻ സാഹചര്യങ്ങളിൽ എത്രത്തോളം ശരിയാണ് എന്ന ആത്മപരിശോധനയാണ് നമുക്കിന്നാവശ്യം.

എല്ലാ വിഭവങ്ങളാലും അനുഗ്രഹീതമാണ് നമ്മുടെ ഭാരതം എന്ന് നാം ഉരുവിടുമ്പോൾ തന്നെ ബ്രിട്ടീഷ് കൊളോണിയൽ വാഴ്ചയാൽ നശിപ്പിക്കപ്പെട്ട സമ്പത്ത്വ്യവസ്ഥയാണ് നമ്മുടേതെന്നും പറയുന്നു. നഷ്ടങ്ങളുടെ ഭൂതകാലത്തെ ചൊല്ലി വിലപിച്ച് നിഷ്ക്രിയരാകാതെ സമ്പൽ സമൃദ്ധവും ഐശ്വര്യ പൂർണവുമായ ഭാവിക്ക് വേണ്ടി നാം വർത്തമാനകാലത്തിൽ കർമ്മനിരതരാകണം. ഗ്രീക്ക് പുരാണങ്ങളിലെ 'ഫീനിക്സ് ' പക്ഷിയെപ്പോലെ ഒരു പിടി ചാരത്തിൽ നിന്ന് ഉയർന്ന് പൊങ്ങി വികസന രംഗത്ത് അജയ്യരായിമാറിയിരിക്കുന്ന ജപ്പാൻകാരെ നമുക്ക് മാതൃകയാക്കാം. കഠിനാധ്വാനികളും ഉത്സാഹശീലരുമായ ജനതയാണ്– ജപ്പാന്റെ കരുത്ത്.–സമ്പത്ത്.

മനുഷ്യവിഭവത്താൽ സമൃദ്ധമായ ഇന്ത്യ അതിന്റെ ജനകീയശേഷി വികസന രംഗത്തേക്ക് തിരിച്ചുവിടേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. നാളിതുവരെയുള്ള നമ്മുടെ വികസന സങ്കൽപ്പം ഇന്ത്യൻ യുവത്വത്തിന് സമ്മാനിച്ചത് ഇരുളടഞ്ഞ ഭാവി മാത്രമാണ്. സ്വാതന്ത്ര്യത്തിന്റെ 49 വർഷങ്ങൾ നാം പിന്നിട്ടുവെങ്കിലും ഗാന്ധിയൻ സ്വപ്നമായിരുന്ന ' പഞ്ചായത്തീരാജ് 'നമുക്ക് നടപ്പിലാക്കുവാനായത് രണ്ടു വർഷങ്ങൾക്കുമുമ്പുമാത്രമാണ്. ജനാധിപത്യമെന്ന അതിമഹത്തായ സങ്കല്പത്തെ യാഥാർത്ഥ്യമാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയ ഈ ഭരണപരിഷ്ക്കാരം ഗ്രാമപഞ്ചായത്തുകൾക്ക് കൂടുതൽ അധികാരങ്ങൾ പകർന്നു നൽകി. ജനാധിപത്യത്തിൽ ജനങ്ങളാണ് പരമാധികാരികൾ. ആത്യന്തികമായ അധികാരം കുടികൊള്ളുന്നത് ജനങ്ങളിലാണ്. ഭരണസിരാകേന്ദ്രങ്ങളിൽ–കേന്ദ്രീകരിച്ചിരിക്കുന്ന അധികാരം വികേന്ദ്രീകരിച്ച് ജനങ്ങളിൽ എത്തച്ചെങ്കിൽ മാത്രമേ ജനാധിപത്യം അർത്ഥവത്താവുകയുള്ളൂ. രാജ്യത്തിന്റെ വികസന പ്രക്രിയയിൽ ജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുകയും വേണം.

വികസനരംത്ത് 'കേരളമാതൃക' എന്ന നൂതനവും വ്യത്യസ്തവുമായ ഒരു രീതി തെരഞ്ഞെടുത്ത നാം ഇന്ത്യയ്ക്കെന്നുമാത്രമല്ല ലോകത്തിനുമുഴുവൻ മാതൃകയാണ്. ഇപ്പോൾ ആസൂത്രണ – വികസന പ്രക്രീയകളിൽ മഹത്തരവും നവീനവുമായ ഒരു കാഴ്ചപാട് നാം സ്വീകരിച്ചിരിക്കുന്നു. 9– ാം പദ്ധതി ജനകീയ പദ്ധതിയായി കേരളത്തിൽ നടപ്പലാവുകയാണ്. 'ഒൻപതാംപദ്ധതി ജനകീയപദ്ധതി' എന്ന സ്വപ്നം യാഥാർത്ഥ്യമാകുന്നതുവഴി വികസനരംഗത്ത് കേരളം വിപ്ലവകരമായ പുരോഗതി കൈവരിക്കും എന്നതിൽ തർക്കമില്ല. ഈ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചപ്പോൾ തന്നെ ഇത് മറ്റ് സംസ്ഥാനങ്ങൾക്കും മാതൃകയാകുന്നു. എന്നത് വളരെ ആശാവഹമാണ്. മുൻകാലങ്ങളിൽ അനുവർത്തിച്ച വികലമായ വികസന രീതികൾ പ്രാദേശിക വികസനത്തിന് തീരെ അനുയോജ്യമായിരുന്നില്ല. ഉന്നതങ്ങളിലിരുന്ന് പദ്ധതികൾ തയ്യാറാക്കുന്ന ആസൂത്രണ വിദഗ്ദർക്ക് ഓരോ പ്രദേശങ്ങളുടേയും ആവശ്യങ്ങൾ മനസ്സിലാക്കാൻ കഴിയില്ല. അതിനാൽതന്നെ പ്രാദേശികാവശ്യങ്ങൾ വനരോദനങ്ങളായി മാറുന്നു. ഈ ദുസ്ഥിതിക്ക് ഏറ്റവും നല്ല പരിഹാരമാർഗമാണ് ജനകീയാസൂത്രണപ്രസ്ഥാനം. സജീവ ജനപങ്കാളിത്തം ഈ പ്രസ്ഥാനത്തെ ശ്രദ്ധേയമാക്കുന്നു. പഞ്ചായത്തീരാജിലൂടെ ഗ്രാമപഞ്ചായത്തുകൾക്ക് കൈവന്നിരിക്കുന്ന അധികാരങ്ങൾ പണത്തിന്റേയും വിഭവങ്ങളുടേയും അഭാവത്താൽ ഫലപ്രദമായി വിനിയോഗിക്കുവാൻ കഴിയാത്ത അവസ്ഥയാണിപ്പോൾ. എന്നാൽ ജനകീയാസൂത്രണ പ്രക്രിയ നടപ്പിലാക്കുമ്പാൾ പദ്ധതി വിഹിതത്തിന്റെ 30 - 40% വും ചെലവഴിക്കുന്നത് ഗ്രാമപഞ്ചായത്തുകൾ മുഖേനയാണ് എന്നത് ഈ അവസ്ഥക്ക് പരിഹാരമാകുന്നു.

കേരള സർക്കാർ ജനകീയാസൂത്രണപ്രക്രിയയ്ക്ക് തുടക്കമിട്ടപ്പോൾ തന്നെ തലവൂർ ഗ്രാമപഞ്ചായത്തും പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു. Centre for Earth Science Studies (CESS) ന്റെ സഹായത്താൽ വിഭവഭൂപടം നേരത്തെതന്നെ തയ്യാറാക്കിയിട്ടുണ്ട്. നമ്മുടെ പഞ്ചായത്തിൽ നിന്നും സംസ്ഥാന-ജില്ലാതല റിസോഴ്സ് പേഴ്സൺസിനെ തെരെഞ്ഞെടുത്ത് പരിശീലനത്തിനയയ്ക്കുകയും തുടർന്ന് വാർഡ്മെമ്പർമാർ നിർദേശിച്ച സന്നദ്ധസേവകരെ പഞ്ചായത്ത് തല റിസോഴ്സ് പേഴ്സൺസായി തെരഞ്ഞെടുത്ത് പരിശീലനം നൽകുകയും ചെയ്തു.

എല്ലാ വാർഡുകളിലും സംഘടിപ്പിച്ച വിശേഷാൽ ഗ്രാമസഭകൾ വളരെ സജീവവും നാടിന്റെ വികസനാവശ്യങ്ങൾ വിളിച്ചറിയിക്കുന്നവയുമായിരുന്നു. ഗ്രാമസഭായോഗങ്ങളിലുയർന്നുവന്ന ആവശ്യങ്ങൾ കേന്ദ്രീകരിച്ച് ഈ വികസന റിപ്പോർട്ടിൽ ചേർത്തിട്ടുണ്ട്. ഗ്രാമസഭാറിപ്പോർട്ടുകളുടേയും പിന്നീട് കോർഗ്രൂപ്പുകൾ ശേഖരിച്ച ദ്വിതീയ വിവരങ്ങളുടേയും സമാഹാരമായ ഈ വികസന രേഖയിൽ ഉൾക്കൊള്ളുന്നത് തലവൂർ പഞ്ചായത്തിന്റെ വികസന സ്വപ്നങ്ങളാണ്. ഈ സ്വപ്നങ്ങളുടെ സാക്ഷാത്ക്കാരത്തിനു വേണ്ടി നമുക്ക് ഉറച്ചമനസ്സോടെ പരിശ്രമിക്കാം.

ഈ പ്രസ്ഥാനത്തിന്റെ നാളിതുവരെയുള്ള പുരോഗതി പൂർണമായും സന്നദ്ധസേവകരുടെ പ്രയത്നത്തിന്റെ ഫലമാണ്. തുടർന്നുള്ള ഓരോ പടവുകളും പിന്നിടുന്നതിൽ കൂടുതൽ ജനകീയ പങ്കാളിത്തവും സന്നദ്ധസേവനങ്ങളും ലഭിക്കുമെന്നതിൽ സംശയമില്ല. സേവനതല്പരരായ ധാരാളം യുവാക്കൾ രാഷ്ട്രീയ-സാമൂഹിക- സാംസ്ക്കാരിക രംഗങ്ങളിലും കലാകായിക രംഗങ്ങളിലും പ്രവർത്തിക്കുന്നുണ്ട്. അതിനാൽതന്നെ ഈ പ്രസ്ഥാനം വൻവിജയമാകുമെന്നതിൽ രണ്ടുപക്ഷമില്ല.

നഷ്ടങ്ങളുടെ ഇന്നലെകളെ വിസ്തൃതിലാഴ്ത്തി സമൃദ്ധിയുടെ നാളെകളെ വരവേൽക്കുവാനായി ഇന്ന് നമുക്ക് തയ്യാറാകാം. ചരിത്രത്തിന്റെ താളുകളിൽ പൊൻലിപികളാൽ എഴുതിചേർക്കുവാൻ പോകുന്ന പുത്തൻ അദ്ധ്യായത്തിന്റെ സൃഷ്ടിയിൽ നമുക്കും പങ്കാളികളാകാം.

പഞ്ചായത്ത് പൊതു വിവരണം

ഗ്രാമ പഞ്ചായത്തന്റെ പേര്	:	തലവൂർ
ഉൾപ്പെടുന്ന വില്ലേജുകൾ	:	തലവൂർ, പിടവൂർ
താലൂക്ക്	:	പത്തനാപുരം
ലോക്സഭാമന്ധലം	:	അടൂർ (സംവരണം)
അസംബ്ലി മണ്ഡലം	:	പത്തനാപുരം
ജില്ലാ പഞ്ചായത്ത് മണ്ഡലം	:	തലവൂർ
ബ്ലോക്ക് പഞ്ചായത്ത്	:	പത്തനാപുരം
ബ്ലോക്ക് പഞ്ചായത്ത് ഡിവിഷനുകൾ	:	തലവൂർ A തലവൂർ B
വിസ്തീർണ്ണം	:	33.67 ച.കി.മി
അതരുകൾ	:	വടക്ക് : കല്ലടയാറ്
		തെക്ക് : മേലിലാ പഞ്ചായത്ത്
		കിഴക്ക് : വിളക്കുടി പഞ്ചായത്ത്
		വടക്കു പടിഞ്ഞാറ് : പട്ടാഴി തെക്ക് പഞ്ചായത്ത്
ജനസംഖ്യ	:	31,804 (91 ലെ സെൻസസ്)
പുരുഷൻ	:	15,440
സ്ത്രീകൾ	:	16,360
ജനസാന്ദ്രത	:	944.5
അക്ഷരാഭ്യസ മുള്ളവർ	:	25,507 (80.2%)
വാർഡുകൾ	:	12
പ്രസിഡന്റിന്റെ പേര്	:	B.വിമല
വൈസ്. പ്രസിഡന്റിന്റെ പേര്	:	K.G. ജോസഫ്
സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമ്മാന്റെ പേര്	:	G.രാധാമോഹനൻ
പഞ്ചായത്ത് സെക്രട്ടറിയുടെ പേര്	:	G. രാധാകൃഷ്ണൻ നായർ

സാമൂഹ്യക സാംസ്ക്കാരിക ചരിത്രം

തലവൂർ എന്ന പേരിന്റെ ഉത്പത്തിയെ പറ്റി വ്യക്തമായ അറിവുകളൊന്നും ലഭിച്ചിട്ടില്ല. ചില പഴമക്കാരുടെ അഭിപ്രായത്തിൽ ഈ ദേശം "തലൈവർ വാഴും ഊര്" ആയിരുന്നു. അത് പിൽക്കാലത്ത് തലവൂർ ആയി മാറി. പഴയകാല ഘട്ടത്തിൽ തലവൂർ കരപ്രമാണിമാരുടേയും ജന്മിമാരുടേയും മല്ലൻമാരുടേയും ചട്ടമ്പികളുടേയും ഒക്കെ നാടായിരുന്നു. 'തലൈവർ' എന്നാൽ നേതാവ് എന്നർത്ഥം. 'ഊർ' എന്നാൽ ദേശം നാട്ടിലെ പല പ്രശ്നങ്ങളും പരിഹരിക്കുന്നതിൽ മിടുക്കൻമാരും പൊതുസമ്മതരും ആയ വ്യക്തികൾ തലവൂരിലുണ്ടായിരുന്നു. അതിലൊക്കെയാവണം ഇത് തലൈവർ വാഴും ഊരായത്.

തലവൂരിന്റെ പേരുമായി ബന്ധപ്പെട്ട മറ്റൊരു അഭിപ്രായവും നിലവിലുണ്ട്. 'ഊരുകളുടെ തല'യായിരുന്നു തലവൂർ എന്നാണ് ആ അഭിപ്രായം. ചിര പുരാതനമായ തലവൂർ ദേവീക്ഷേത്രം ആറുക്കരക്കാരുടെ വകയാണ്. ആറുകരകളുടേയും കേന്ദ്രമാണ് തലവൂർ. കരകളുടെ (ദേശങ്ങളുടെ) കേന്ദ്രമായതിനാൽ തലവൂർ എന്ന പേരുണ്ടായി എന്ന് ചിലർ അഭിപ്രായപ്പെടുന്നു.

മുകളിൽ പറഞ്ഞിരിക്കുന്ന രണ്ട് അഭിപ്രായ ഗതികളും ഏറെക്കുറെ ശരിയാണ്.

പുരാതന കേരളത്തിന്റെ സാമൂഹ്യ സാമ്പത്തിക ചരിത്രത്തിൽ നിന്നും വ്യത്യസ്ഥമായ ഒരു ചരിത്രം തലവൂരിനില്ല. ജന്മിമാരുടേയും നാട്ടുപ്രമാണിമാരുടേയും മല്ലന്മാരുടേയും ഒക്കെ കാലമായിരുന്നു പഴയകാലഘട്ടം. കണക്കറ്റ സ്വത്തിന്റെ ഉടമകളായിരുന്ന ജന്മിമാരുടെ ഭൂമിയിൽ പാവപ്പെട്ട കർഷകത്തൊഴിലാളികൾ കുറഞ്ഞ കൂലിക്ക് പണിചെയ്തുപോന്നു. അവർക്ക് നെല്ലും മറ്റ് കാർഷിക ഉല്പന്നങ്ങളും കൂലിയായി ലഭിച്ചിരുന്നു. 'ജന്മി' എന്ന പദം ഇവിടെ ഉപയോഗിച്ചിരുന്നത് അളവറ്റ സ്വത്തിന്റെ ഉടമകൾ എന്ന അർത്ഥത്തിലാണ്. ആയിരപ്പറ നിലവും അതിനൊപ്പം പുരയിടവും ആനകളുമൊക്കെയുള്ള ധനാഢ്യ കുടുംബങ്ങൾ ഈ ദേശത്തുണ്ടായിരുന്നു. തലവൂർ ദേശത്ത് മിച്ച ഭൂമി ഉണ്ടായിരുന്നതായി അറിവില്ല. ജാതിവ്യവസ്ഥ ഇവിടെ നിലനിന്നിരുന്നു. സാമൂഹ്യമായ വേലിക്കെട്ടുകൾ നിലനിന്നിരുന്ന ഈ ദേശത്ത്, രാജ്യത്ത പൊതുവിലുണ്ടായ സാമൂഹിക മാറ്റത്തിനനുസൃതമായ മാറ്റങ്ങൽ ഉണ്ടായിട്ടുണ്ട്. സാമൂഹ്യ സാംസ്ക്കാരിക വിദ്യാഭ്യാസ മണ്ഡലങ്ങളിൽ ഈ മാറ്റം പ്രകടമാണ്.

സ്വാതന്ത്യത്തിനുമുമ്പ് തിരുവിതാംകൂർ രാജ്യത്തിന്റെ ഭാഗമായിരുന്നു തലവൂർ. തിരുവിതാംകൂർ രാജാക്കൻമാർ അച്ചൻകോവിൽ ക്ഷേത്രദർശനത്തിന് എഴുന്നള്ളിയിരുന്നത് തലവൂർ വഴിയായിരുന്നു എന്ന് പറയപ്പെടുന്നു. ഈ പഞ്ചായത്തിന്റെ ഹൃദയഭാഗത്തു കൂടി കടന്നുപോകുന്ന പുരാതനമായ കിഴക്കേത്തെരുവ്-പത്തനാപുരം റോഡ് രാജപാതയായിരുന്നു. വെട്ടുവഴി എന്നായിരുന്നു ഈ പാതയുടെ പഴയ പേര് (രാജാക്കൻമാർക്കു വേണ്ടി വെട്ടിയുണ്ടാക്കിയ വഴി) ഈ പാതയുടെ വശങ്ങളിൽ ചോലവൃക്ഷങ്ങളും ചുമടുതാങ്ങികളും കളത്തട്ടുകളുമൊക്കെ ഉണ്ടായിരുന്നു. വേലുത്തമ്പിയെ പിടികൂടുവാൻ വേണ്ടി അദ്ദേഹത്തെ പിൻതുടർന്ന ബ്രിട്ടീഷ് പട്ടാളം വെട്ടിയ വഴിയാണ് ഇത് എന്ന അഭിപ്രായവും നിലവിലുണ്ട്. ഈ അഭിപ്രായത്തിന് യാഥാർത്ഥ്യവുമായി ബന്ധമൊന്നും കാണുന്നില്ല.

പഴമയുടെ പ്രതീകമായി രണ്ട് കളത്തട്ടുകൾ ഇപ്പോഴും നിലവിലുണ്ട്. ഒന്ന് കുരായിലും മറ്റൊന്ന് പാണ്ടിത്തിട്ടയിലും. ഇവയുടെ ചരിത്രം രണ്ട് കുടുംബങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. കുരാ പൊരുന്നിലഴികത്ത് കുടുംബവകയാണ് കുരായിലുള്ള കളത്തട്ട് എന്നും പാണ്ടിത്തിട്ട തുണ്ടിൽ കുടുംബവകയിൽ പാണ്ടിത്തിട്ട കളത്തട്ട് എന്നും പഴമക്കാർ പറയുന്നു. രാജഭരണകാലത്ത് മഹാരാജാവ് സ്ഥാപിച്ചവയാണ് ഇവയെന്ന് മറ്റൊരു അഭിപ്രായവും നിലവിലുണ്ട്. ഈ കളത്തട്ടുകൾ കൂടാതെ തലവൂർ ദേവീക്ഷേത്ര സന്നിധിയിലും തത്തമംഗലം ക്ഷേത്രത്തിലും അതത് ക്ഷേത്ര വക കളത്തട്ടുകളും നിലവിലുണ്ട്.

അതിപുരാതനവും പ്രസിദ്ധവുമായ തലവൂർപുരം കൊണ്ടാടുന്നത് ഈ പഞ്ചായത്തിന്റെ ഹൃദയഭാഗത്ത് സ്ഥിതിചെയ്യുന്ന തൃക്കൊന്നമർകോട് ദേവീക്ഷേത്രത്തിലാണ്. കുംഭമാസത്തിലെ പൂരം നാളിൽ കൊണ്ടാടുന്ന പൂര മഹോത്സവത്തിലെ ഒരു പ്രധാന ഇനമായിരുന്നു വെടിക്കെട്ട്. തലവൂർ പുരത്തിന് വെടിക്കെട്ട് (കമ്പം) കാണുവാൻ വിദൂരദേശങ്ങളിൽ നിന്നുപോലും ജനങ്ങൾ എത്തിയിരുന്നു. സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള നിരോധനം കാരണം വെടിക്കെട്ട് നടത്തുവാൻ സാധിക്കാത്ത സ്ഥിതിയാണിപ്പോൾ. ഇക്കാരണത്താൽ തന്നെ തലവൂർ പുരത്തിന്റെ പ്രസക്തി നഷ്ടപ്പെടുന്നുവോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

കേരളത്തിലെ ആദ്യത്തേതും ഇന്ന് നിലവിലുള്ള ഏക മീറ്റർഗേജ് പാതയുമായ കൊല്ലം-ചെങ്കോട്ട റയിൽപാത കടന്നുപോകുന്നത് തലവൂർ പഞ്ചായത്തിലൂടെയാണ്. ബ്രിട്ടീഷ് കോളനി വാഴ്ചയുടെ പ്രതീകമെങ്കിലും തലവൂരിന്റെ പുരോഗതിയിൽ ഈ റയിൽപാത ഒരു കണ്ണിയായിരുന്നു. ബ്രിട്ടീഷ് വാണിജ്യാവശ്യങ്ങൾക്കുവേണ്ടി നിർമ്മിച്ച ഈ റയിൽപാതയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയത് ബംഗാളികളായിരുന്നു. തലവൂർ നിവാസികൾക്ക് കൊല്ലം, ചെങ്കോട്ട- എന്നീ പട്ടണങ്ങ

ളുമായി ബന്ധപ്പെടുന്നതിന് 1904-ൽ കമ്മിഷൻ ചെയ്ത ഈ റയിൽപാത വളരെ സഹായകമാണ്. പില്ക്കാലത്ത് റയിൽവേ ഹാർട്ട് സ്റ്റേഷൻ കുരായിൽ ആരംഭിച്ചു. എന്നാൽ ഇതിന്റെ പേര് 'കുരി' എന്നാണ് രേഖകളിൽ. ഈ സ്റ്റേഷന് തലവൂർ എന്ന് പുനർനാമകരണം ചെയ്യണമെന്ന ആവശ്യം ഉയർന്നിട്ട് വർഷങ്ങളായി.

സാമ്രാജ്യത്ത്വ വിരുദ്ധ ദേശീയ പ്രക്ഷോഭത്തിൽ എടുത്തുപറയത്തക്കതല്ലെങ്കിലും ചെറിയസംഭാവനകൾ ചെയ്യുവാൻ തലവൂർ ദേശത്തിന് കഴിഞ്ഞിട്ടുണ്ട്. സ്വാതന്ത്ര്യ സമരവുമായി ബന്ധപ്പെട്ട് ബ്രിട്ടീഷ് വിരുദ്ധ പ്രകടനങ്ങളും പെതുയോഗങ്ങളും തലവൂരിൽ നടന്നിട്ടുണ്ട്. വന്ദ്യവയോധികനായ കൈപ്പള്ളിയിൽ ശ്രീ. കേശവപിള്ള സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട് ജയിൽ വാസം അനുഭവിച്ചിട്ടുണ്ട് എന്നത് നമുക്ക് അഭിമാനജനകമാണ്. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ സജീവ പ്രവർത്തകർ നിരവധിപേർ തലവൂരിലുണ്ടായിരുന്നു.

ഇന്ത്യൻ ദേശീയ വിമോചന പോരാട്ടത്തിന്റെ കാലഘട്ടത്തിൽ തന്നെ കമ്യൂണിസ്റ്റ് പ്രസ്ഥാനങ്ങൾക്കും തലവൂരിൽ വേരോട്ടമുണ്ടായി. സ. എം. എൻ. ഗോവിന്ദൻ നായർ തലവൂരിൽ ഒളിവിൽ കഴിയുകയും പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട്. കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ആദ്യകാല പ്രവർത്തകർ ഈ പഞ്ചായത്തിൽ നിരവധിപേരുണ്ട്.

തിരുവിതാംകൂറിൽ ദിവാനായിരുന്ന സർ. സി. പി. രാമസ്വാമി അയ്യർക്കെതിരെ നടന്ന ഉത്തരവാദിത്ത ഭരണത്തിനുവേണ്ടിയുള്ള പ്രക്ഷോഭത്തിലും തലവൂർ നിവാസികൾ പങ്കെടുത്തിട്ടുണ്ട്. ഈ പ്രക്ഷോഭവുമായി ബന്ധപ്പെട്ട് പ്രകടനങ്ങളും യോഗങ്ങളും തലവൂർ പ്രദേശത്ത് ഉണ്ടായിട്ടുണ്ട്.

വിദ്യാഭ്യസപരമായി തലവൂർ പിന്നോക്കാവസ്ഥയിലായിരുന്നു. വിദ്യാസമ്പന്നർ തലവൂരിൽ വളരെ ചുരുക്കമായിരുന്നു. തലവൂരിലെ ആദ്യത്തെ സർക്കാർ വിദ്യാഭ്യാസ സ്ഥാപനമാണ് നടുത്തേരി UPS. രാജഭരണകാലത്ത് പ്രവൃത്തി പള്ളിക്കൂടമായി ആരംഭിച്ച ഈ വിദ്യാലയത്തിൽ ഇന്ന് ഏഴാം ക്ലാസ്സുവരെയുണ്ട്. ഈ സ്ഥാപനത്തിന്റെ പുരോഗതിക്ക് വേണ്ടി അഭിവന്ദ്യനായ തുണ്ടിൽ ശങ്കര പിള്ള സാറിന്റെ സേവനങ്ങൽ ചിരസ്മരണീയമാണ്. ക്രിസ്ത്യൻ മിഷനറിമാരുടെ വിദ്യാഭ്യസപ്രവർത്തനങ്ങളുടെ ഫലമായി ഒരു സ്കൂൾ ഇപ്പോഴത്തെ CSI പള്ളിവകസ്ഥലത്ത് പ്രവർത്തിച്ചിരുന്നു. പിന്നോക്ക വിഭാഗത്തിൽപ്പെട്ട കുട്ടികളെ അക്ഷരാഭ്യാസം ചെയ്യിക്കുന്നതിൽ പ്രധാന പങ്കുവഹിച്ച ഈ വിദ്യാലയത്തിന്റെ പ്രവർത്തനം പീലിയാശാന്റെ സേവനങ്ങളുമായി ബന്ധപ്പെട്ടിരുന്നു. പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം സെക്കന്ററി വിദ്യാഭ്യാസത്തിനു വേണ്ടി തലവൂരിലെ വിദ്യാർത്ഥികൾ വെട്ടിക്കവല, കൊട്ടാരക്കര, പത്തനാപുരം എന്നിവിടങ്ങളിലുള്ള വിദ്യാലയങ്ങളെയാണ് ആശ്രയിച്ചിരുന്നത്. വിദ്യാഭ്യാസരംഗത്തുണ്ടായ പുരോഗതി എടുത്തുകാണിക്കുന്ന രീതിയിൽ 12 LP സ്കൂളുകളും 2 High School കളും ഇന്ന് തലവൂരിലുണ്ട്. ഇവയിൽ പ്രധാന വിദ്യാലയമായ തലവൂർ DVHS 1952 ലും മഞ്ഞക്കാല IGMHS 1977 ലും സ്ഥാപിതമായി.

കലാ-സാംസ്ക്കാരിക രംഗങ്ങളിൽ കാര്യമായ സംഭാവനകളൊന്നും തലവൂരിനുണ്ടായിരുന്നില്ല. കേരളത്തിൽ വിദ്യാഭ്യാസ-സാംസ്ക്കാരിക മണ്ഡലങ്ങളിലുണ്ടായ പരിണാമങ്ങനുസൃതമായ മാറ്റങ്ങളും തലവൂർദേശം ഉൾക്കൊണ്ടു. തലവൂരിൽ ഗ്രന്ഥശാലാപ്രസ്ഥാനം ആരംഭിക്കുകയും അതിന്റെ ഫലമായി നിരവധി ഗ്രന്ഥശാലകൾ തലവൂരിന്റെ വിവിധ പ്രദേശങ്ങളിൽ ആരംഭിക്കുകയും ചെയ്തു. അവയിൽ ചിലതാണ് നടുത്തേരി സന്മാർഗ്ഗസന്ദായിനി ഗ്രന്ഥശാല. വടകോട് വിജ്ഞാനപോക്ഷിണി ഗ്രന്ഥശാല, പാണ്ടിത്തിട്ട പബ്ലിക് ലൈബ്രറി, പിടവൂർ ജവഹർ മെമ്മോറിയൽ പബ്ലിക് ലൈബ്രറി, പനമ്പറ്റ ഗോപാലവിലാസം പബ്ലിക് ലൈബ്രറി എന്നിവ. ക്ഷേത്രങ്ങളിലെ ഉത്സവങ്ങളോടനുബന്ധിച്ച് കലാപരിപാടികൾ പഴയകാലം മുതൽക്കുതന്നെ സംഘടിപ്പിച്ചിരുന്നു. ക്രിസ്ത്യൻ പള്ളികളുടെ പശ്ചാത്തലത്തിൽ വളർന്ന ചവിട്ടുനാടകമെന്ന കലാരൂപവും തലവൂരിൽ നിലനിന്നിരുന്നു.

തലവൂരിലെ പുരാതന ക്ഷേത്രങ്ങളാണ് തൃക്കൊന്നമർകോട് ദേവീക്ഷേത്രം, കുരാ ശ്രീകൃഷ്ണസ്വാമീ ക്ഷേത്രം, കമുകുംചേരി തിരുവിളാങ്ങോനപ്പൻ ക്ഷേത്രം, പാണ്ടിത്തിട്ട ഗുരുസികാമൻ ക്ഷേത്രം, പിടവൂർ ശ്രീകൃഷ്ണ സ്വമി ക്ഷേത്രം, എന്നിവ. ഈ ദേശത്തെ ആദ്യത്തെ ക്രിസ്ത്യൻ ദേവാലയം തലവൂർ മാർത്തോമ്മാ പള്ളിയാണ്. സെന്റ് മേരീസ് ഓർത്തോഡോക്സ്സ് വലിയപള്ളിയും റിംഗൽ ടോബി മെമ്മോറിയൽ CSI പള്ളിയും പാണ്ടിത്തിട്ട റോമൻ കത്തോലിക്കാ പള്ളിയും പഴയകാലത്തുള്ള പള്ളികളുടെ ഗണത്തിൽപ്പെടുന്നു

പരമ്പരാഗതമായി കാർഷിക സമ്പദ്വ്യവസ്ഥയാണ് തലവൂരിന്റേത് തെങ്ങും നെല്ലുമായിരുന്നു ഇവിടത്തെ പ്രധാന കാർഷിക വിളകൾ. പഴയകാലത്ത് തലവൂർ ഒരു നെല്ലറയായിരുന്നു. ദാരിദ്യം ജനങ്ങൾ അനുഭവിച്ചിരുന്നില്ല. എന്നാൽ പരമ്പരാഗത കാർഷിക വിളകൾ ഇന്ന് റബ്ബറിനും മരച്ചീനിക്കും വഴിമാറിയിരിക്കുന്നു. തലവൂരിലെ പ്രധാന മാർക്കറ്റായിരുന്നു നടുത്തേരി ചന്ത. ഇന്നും നില

വിലുണ്ടെങ്കിലും ഈ ചന്തയുടെ പഴയ പ്രതാപം നഷ്ടപ്പെട്ടിരിക്കുന്നു. കാർഷിക വിഭവങ്ങളാലും കന്നുകാലികളായും, കാർഷിക ആയുധങ്ങളായും ഒരുകാലത്ത് സമ്പന്നമായിരുന്ന ഈ ചന്ത ഇന്ന് നാമമാത്രമായി മാറിയിരിക്കുന്നു. തലവൂർ നിവാസികൾക്ക് അന്നും ഇന്നും ആശ്രയമായിട്ടുള്ള പ്രധാനമാർക്കറ്റുകൾ കൊട്ടാരക്കര, പറക്കോട്, കലയപുരം, പുനലൂർ, പത്തനാപുരം എന്നിവയാണ്.

വ്യാവസായിക രംഗത്ത് തലവൂർ വളരെ പിന്നോക്കമായിരുന്നു. എന്നാൽ ഇന്ന് ഇഷ്ടിക, ഓട്, കശുഅണ്ടി തുടങ്ങിയ വ്യവസായങ്ങൾ പഞ്ചായത്തിന്റെ സമ്പദ്ഘടനയെ പരിപോഷിപ്പിക്കുന്നു.

1952-ൽ തലവൂർ പഞ്ചായത്ത് രൂപീകൃതമാകുന്നതിന് മുമ്പ് തഹസിൽദാർ തെരഞ്ഞെടുക്കുന്ന വില്ലേജുകളായിരുന്നു പ്രദേശത്തിന്റെ ഭരണം നടത്തിയിരുന്നത്. ആദരണീയനായ ചെറുകോട് കുട്ടൻപിള്ളയായിരുന്നു അവസാനത്തെ വില്ലേജ് യൂണിയനിന്റെ പ്രസിഡന്റ്. ആദ്യത്തെ പഞ്ചായത്ത കമ്മിറ്റിയുടെ പ്രസിഡന്റ് ശ്രീ. E.K. കേശവപിള്ളയായിരുന്നു. ആദ്യത്തെ പഞ്ചായത്ത് കമ്മിറ്റിയിൽ 8 അംഗങ്ങൾ (രണ്ട് നോമിനേറ്റഡ്) ഉൾപ്പെട്ടിരുന്നു. ശ്രീമാൻ. E.K. കേശവപിള്ളക്ക് ശേഷമുള്ള

പഞ്ചായത്ത് സാരഥികൾ താഴെപ്പറയുന്നവരാണ്.
1. ചെറുകോട് ജനാർദ്ദനൻ പിള്ള
2. P.N. ഗംഗാധരൻ നായർ
3. P.G. ബാലകൃഷ്ണപിള്ള
4. പനമ്പറ്റ വർഗ്ഗീസ്
5. ജോർജ്ജ് ജോസഫ്
6. N. ബാലകൃഷ്ണൻ
7. ശ്രീമതി ബി. വിമല

തലവൂർ പഞ്ചായത്തിലെ പ്രഥമ വനിതാ പ്രസിഡന്റായ ശ്രീമതി ബി. വിമലയുടെ നേതൃത്വത്തിലുള്ള പഞ്ചായത്ത് ഭരണസമിതിയാണ് ഇപ്പോൾ നിലവിലുള്ളത്.

തലവൂർ പഞ്ചായത്തിൽ തലവൂർ, പിടവൂർ, എന്നീ വില്ലേജുകൾ ഉൾപ്പെടുന്നു. പാണ്ടിത്തിട്ട ഒന്നും, രണ്ടും വാർഡുകൾ, നടുന്തേരി, മഞ്ഞക്കാല, ഞാറക്കാട്, കുരാ, വടകോട്, അരിങ്ങട എന്നീ വാർഡുകൾ തലവൂർ വില്ലേജിലും കമുകുംചേരി, നെടുവന്നൂർ, പനമ്പറ്റ, പിടവൂർ എന്നീ വാർഡുകൾ പിടവൂർ വില്ലേജിലും ഉൾപ്പെടുന്നു. പഞ്ചായത്ത് രൂപീകൃതമാകുന്ന സമയത്ത് കമുകുംചേരി, നെടുവന്നൂർ, പിടവൂർ എന്നീ വാർഡുകൾ ഈ പഞ്ചായത്തിൽ ഉൾപ്പെട്ടിരുന്നില്ല. 1952-ൽ ആകെ 7 വാർഡുകളായിരുന്നു പഞ്ചായത്തിൽ ഉണ്ടായിരുന്നത്. മുകളിൽ പറഞ്ഞിരിക്കുന്ന വാർഡുകൾ പിൽക്കാലത്ത് ഈ പഞ്ചായത്തിനോട് കൂട്ടിച്ചേർക്കുകയും നിലവിലുള്ള ചില വാർഡുകൾ പുനർവിഭജനം നടത്തുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ തലവൂർ പഞ്ചായത്തിൽ 12 വാർഡുകൾ ഉൾപ്പെടുന്നു. തലവൂർ വില്ലേജിലെ ഭൂമിസംബന്ധമായ വിവരങ്ങൾ കൊല്ലവർഷം 1121. (1945 ലെ സ്ഥിതി.

	ഏക്കർ	സെന്റ്	ച.ലി.
വില്ലേജിലെ ആകെ ഭൂമിയുടെ വിസ്തീർണ്ണം -	5585	83	-
പുറംമ്പോക്ക് വസ്തുവിന്റെ വിസ്തീർണ്ണം	134	-	54
തരിശുവസ്തുക്കളുടെ വിസ്തീർണ്ണം	673	63	500
കരംകൊണ്ട വസ്തുക്കളുടെ വിസ്തീർണ്ണം	4723	62	95
" നിലത്തിന്റെ "	971	65	500
" പുരയിടത്തിന്റെ "	3742	63	-

1945-ൽ തലവൂർ വില്ലേജിലെ ഭൂവുടമകളുടെ എണ്ണം 4346 ആയിരുന്നു. 1995 ആയപ്പോഴേക്കും അത് 19000 ആയി വർദ്ധിച്ചിട്ടുണ്ട്.
1995ലെ സ്ഥിതി

	ഏക്കർ	സെന്റ്	ച.ലി.
ആകെ ഭൂമിയുടെ വിസ്തീർണ്ണം-	5585	83	-
ഇനി പതിച്ചുകൊടുക്കാനുള്ള ഭൂമിയുടെ വിസ്തീർണ്ണം	43	89	500
സർക്കാർ ആവശ്യത്തിനായി മാറ്റി വച്ചിരിക്കുന്ന ഭൂമി	78	25	250

ഭൂവുടമകളുടെ എണ്ണം 19000

50 വർഷം മുമ്പുണ്ടായിരുന്ന ഭൂമിയുടെ ഉടമസ്ഥരുടെ എണ്ണം വച്ചു നോക്കുമ്പോൾ ഈ പ്രദേശത്ത് ജന്മിത്തം കാര്യമായ തോതിൽ നിലനിന്നിരുന്നില്ല എന്ന് അനുമാനിക്കാം.

പിടവൂർ വില്ലേജിലെ ഭൂമി സംബന്ധമായ വിവരങ്ങൾ നിലവിലുള്ള സ്ഥിതിയനുസരിച്ച്.

	ഏ.	സെ.	ച.ലി
തലവൂർ പഞ്ചായത്തിൽ ഉൾപ്പെട്ട ഭാഗത്തിന്റെ വിസ്തീർണ്ണം	2735	37	–
പുറമ്പോക്ക് ഭൂമി ,, ,,	308	85	–
തരിശുഭൂമിയുടെ ,, ,,	182	91	55
വക ക്ഷേത്രം വക തരിശ് ,,	521	24	–

1956-ൽ നിലവിലുണ്ടായിരുന്ന ഭൂവുടമകളുടെ എണ്ണം 2741 ആയിരുന്നു. കമുകും ചേരി ക്ഷേത്രം വകയായി ഉള്ള കരമൊടുക്ക് വസ്തുക്കൾ വിവിധ ആളുകളുടെ കുടികിടപ്പിലും കൈവശാവകാശത്തിലും ആണ്. 1964 ൽ കുറെ കൈവശക്കാർക്ക് പട്ടയം കൊടുത്തപ്പോൾ ദേവസ്വം അതിനെ എതിർത്തുകൊണ്ട് കോടതി ഉത്തരവ് സമ്പാദിച്ചു. ഇതിനെ തുടർന്ന് നിർത്തിവച്ചിരുന്ന പട്ടയവിതരണം പുനരാംരംഭിച്ചത് 1989 ൽ ആണ്. ഇതുവരെ 1780 പട്ടയം വിതരണം ചെയ്തിട്ടുള്ളതായി അറിയുന്നു.

തലവൂിന്റെ സാമൂഹിക സാംസ്ക്കാരിക ചരിത്രത്തെപ്പറ്റി മനസ്സിലാക്കുന്നതിന് ആധികാരികരേഖകളൊന്നും നിലവിലില്ല. പഞ്ചായത്തിലുള്ള പ്രായം ചെന്ന ആളുകളോട് ചോദിച്ചു മനസ്സിലാക്കിയും ലഭ്യമായ വിവരങ്ങൾ ഉൾക്കൊള്ളിച്ചുമാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

ഭൂപ്രകൃതി, ജലപ്രകൃതി, ജനപ്രകൃതി

ഭൂപ്രകൃതി

കൊല്ലം ജില്ലയിൽ പത്തനാപുരം ബ്ലോക്കിൽപ്പെടുന്ന ഒരു ഗ്രാമപഞ്ചായത്താണ് തലവൂർ. കൊല്ലം ജില്ലയുടെ കിഴക്കുഭാഗത്തുനിന്നും പടിഞ്ഞാറോട്ട് ഒഴുകി അഷ്ടമുടിക്കായലിൽപ്പതിക്കുന്ന കല്ലടയാറ് പഞ്ചായത്തിൻ കിഴക്കു വടക്കായി ഒഴുകുന്നു. ഏകദേശം ഒൻപതര കിലോമീറ്ററാണ് പഞ്ചായത്തിലെ കല്ലടയാറിന്റെ ദൈർഘ്യം. ഭൂപ്രകൃതിയനുസരിച്ച് പഞ്ചായത്തിനെ ഇടനാട്ടിൽപ്പെടുത്തിയിരിക്കുന്നു.

അക്ഷാംശം $9^0\ 0^1 52''$ -നും $9^0\ 5^1 3''$വടക്കും, രേഖാംശം $76^0\ 48^1\ 3''$ നും $76^0\ 53^1 45''$ കിഴക്കിനും ഇടയിൽ കൊല്ലം ടൗണിന്റെ വടക്കു കിഴക്കായി സ്ഥിതിചെയ്യുന്നു.

വടക്കു പത്തനാപുരം പഞ്ചായത്തും, കിഴക്കു വിളക്കുടി പഞ്ചായത്തും, തെക്ക് മേലില പഞ്ചായത്തും, പടിഞ്ഞാറ് മൈലം പഞ്ചായത്തും, വടക്കു പടിഞ്ഞാറ് പട്ടാഴി പഞ്ചായത്താലും ചുറ്റപ്പെട്ടിരിക്കുന്നതാണ് തലവൂർ ഗ്രാമ പഞ്ചായത്ത്. (ചിത്രം 1)

ഭൂപ്രകൃതിയനുസരിച്ച് തലവൂർ ഗ്രാമപഞ്ചായത്തിനെ പ്രധാനമായും നാലു ഭൂരൂപങ്ങളായി തിരിക്കാം (ചിത്രം 2)

1. ഉയർന്ന സമതലം
2. കുത്തനെ ചെരിവ്
3. ഇടത്തരം ചെരിവ്
4. താഴ്വര

പട്ടിക 1
ഭൂരൂപങ്ങൾ

ഭൂരൂപങ്ങൾ	വിസ്തൃതി ഹെക്ടറിൽ	ശതമാനം
1. ഉയർന്ന സമതലം	107	3.18
2. കുത്തനെ ചെരിവ്	532	15.80
3. ഇടത്തരം ചെരിവ്	1196	35.52
4. താഴ്വര	1532	45.50
ആകെ	3367	100.00

അവലംബം : വിഭവ ഭൂപടം, സെസ്സ്

പഞ്ചായത്തിലെ ഉയർന്ന സമതലങ്ങൾ ഭൂരിഭാഗവും നൂറു മീറ്ററോ അതിനു മകളിലോ സ്ഥിതി ചെയ്യുന്നു. ഇവയിൽ പ്രധാനപ്പെട്ട ചില സ്ഥലങ്ങൾ പാണ്ടിത്തിട്ടയ്ക്കു വടക്ക്, കുരയ്ക്ക് പടിഞ്ഞാറ്, തലവൂരിന് കിഴക്കും, പനമ്പറ്റ, കമുകുംചേരി, വടകോട് തുടങ്ങിയവ. പഞ്ചായത്തിന്റെ ആകെ വിസ്തൃതിയുടെ 3.18 ശതമാനത്തോളം (107 ഹെക്ടർ) പ്രദേശങ്ങൾ ഈ മേഖലിയിൽപ്പെടും (പട്ടിക 1) ഈ ഭാഗങ്ങളിൽ പൊതുവെ ചെരിവ് കുറവായതിനാൽ മണ്ണൊലിപ്പ് കുറവാണ്. പ്രധാന മൺതലം ലാറ്റെറൈറ്റാണ്. ജലദൗർല്ലഭ്യം നേരിടുന്ന ഈ പ്രദേശത്തെ മുഖ്യ കൃഷി റബ്ബറാണ്.

ഉയർന്ന സമതലങ്ങൾ കഴിഞ്ഞാൽ അടുത്തതായി വരുന്ന മേഖല കുത്തനെ ചെരിവുള്ള പ്രദേശങ്ങളാണ്. ആകെ വിസ്തൃതിയുടെ 15.80% (332 ഹെക്ടർ) ഈ പ്രദേശത്തിൽ ഉൾപ്പെടുന്നു. സമതലങ്ങളുടെ അരുകിൽ നിന്നും തുടങ്ങുന്ന പ്രദേശങ്ങളാണ് ഇവ കുരയുടെ വടക്കും പടിഞ്ഞാറുമുള്ള


76° 50'
76° 53'
തലവൂർ പഞ്ചായത്ത്
ഭൂരൂപങ്ങൾ
N
0 0.5 1 കി.മീ
S2
S3
V
പഞ്ചായത്ത് അതിർത്തി
S1 ഇടത്തരം ചരിവ്
സിൽപ്പിറി രേഖ
V താഴ്വര
ഉയർന്ന സമതലം
ചരിവിന്റെ ദിശ
S3 കുത്തനെ ചരിവ്
PRM, CESS, 1996
76° 50'
76° 53'

ഭാഗങ്ങൾ, പാണ്ടിത്തിട്ടക്കു വടക്ക്, കുന്നിക്കോടിന് പടിഞ്ഞാറ്, തലവൂരിന് കിഴക്ക്, പനമ്പറ്റ, കമുകും ചേരി തുടങ്ങിയവ കുത്തനെ ചെരിവുള്ള പ്രദേശങ്ങളാണ്. ജലദൗർല്ലഭ്യം ഇവിടെ കാണപ്പെടുന്നു.

ഈ പ്രദേശത്തെ മുഖ്യ കൃഷി റബ്ബറാണ്. മണ്ണൊലിപ്പ് ധാരാളമുള്ള സ്ഥലങ്ങളാണ് ഈ പ്രദേശങ്ങൾ, ഈ ഭാഗത്തെ പ്രധാന മൺതരം ലാറ്ററൈറ്റാണ് (ചെങ്കൽ മണ്ണ്).

കുത്തനെ ചെരിവുള്ള പ്രദേശങ്ങൾ കഴിഞ്ഞാൽ അതിനോട് ചേർന്നു വരുന്ന മറ്റൊരു മേഖല ഇടത്തരം ചെരിവുള്ള പ്രദേശങ്ങളാണ്. കുത്തനെയുള്ള ചെരിവുകൾ ഒറ്റ ചെരിവായി താഴ്വരയിൽ വന്നവസാനിക്കാത്ത സ്ഥലങ്ങളിൽ മേൽ പറഞ്ഞ ചെരിവിന്റെ തുടർച്ചയായി ഇടത്തരം ചെരിവുകൾ കാണപ്പെടുന്നു. ഈ ഭാഗങ്ങളിൽ ചെരിവ് കുറവായതിനാൽ മണ്ണൊലിപ്പ് കുറവാണ്. മിശ്രിത കൃഷി ധാരാളമായി കാണുന്ന ഈ പ്രദേശത്തെ മണ്ണ് ചെങ്കൽ മണ്ണാണ്. പഞ്ചായത്തിന്റെ ആകെ വിസ്തൃതിയുടെ 35.52% (1196 ഹെക്ടർ) ഈ വിഭാഗത്തിൽ പെടുന്ന നെടുവത്തൂർ, ഞാറക്കാട്, മഞ്ഞക്കാല, വടക്കോട്, കുര, രണ്ടാലുംമൂട്, പറങ്കിമാംമുകൾ തുടങ്ങിയവയെ ഈ മേഖലയിൽപ്പെടുത്തണം.

ചെരിവുള്ള പ്രദേശങ്ങൾ കഴിഞ്ഞാൽ കാണുന്ന പ്രധാന മേഖല താഴ്വരകളാണ്. എല്ലാ ചെരിവുകളും വന്നവസാനിക്കുന്ന മേഖലയാണ് താഴ്വരകൾ. പല മല നിരകളേയും വേർതിരിക്കുന്ന ഭൂരുപങ്ങളാണ് താഴ്വരകൾ. V-ആകൃതിയിലുള്ള താഴ്വരകളാണധികവും. പഞ്ചായത്തിന്റെ ആകെ വിസ്തൃതിയുടെ 45.50 ശതമാനം (1532 ഹെക്ടർ) വരും ഈ പ്രദേശങ്ങൾ. താഴ്വരകളുടെ താഴെ തട്ടിൽ അലൂവിയം എന്ന(എക്കൽ മണ്ണ്) മണ്ണാണ് കാണുന്നത്. ഇത് നെൽക്കൃഷിക്ക് യോജിച്ച മണ്ണായതിനാൽ താഴ്വരകളുടെ നിരപ്പായ ഭാഗത്ത് നെൽക്കൃഷി ചെയ്തു വരുന്നു. താഴ്വരകൾ ചെരിവുമായി ബന്ധപ്പെട്ട് കിടക്കുന്ന ഭാഗങ്ങളിൽ ചെങ്കൽ മണ്ണ് കാണപ്പെടുന്നു. ജലലഭ്യത കൂടുതലായി കാണപ്പെടുന്ന പ്രദേശങ്ങളാണിവ. കുളങ്ങൾ കുഴിക്കുന്നതിനും, കിണറുകൾ കുഴിക്കുന്നതിനും ഈ പ്രദേശങ്ങൾ യോജിച്ചതാണ്.

നിമ്നോന്നത മേഖലകൾ

നിമ്നോന്നതയുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിനെ സമുദ്രനിരപ്പിൽ നിന്ന് 20 മീറ്ററിൽ താഴെ, 20 മീറ്ററിനും 40 മീറ്ററിനിടയിൽ, 40 മീറ്ററിനും 80 മീറ്ററിനും ഇടയിൽ, 80 മീറ്ററിന് മുകളിൽ എന്നിങ്ങനെ നാലായി തരം തിരിക്കാം. (ചിത്രം 3)

പഞ്ചായത്തിന്റെ ആകെ വിസ്തൃതിയുടെ 15.97 ശതമാനം (537.5 ഹെക്ടർ) പ്രദേശം ഇരുപത് മീറ്ററിന് താഴെ കാണപ്പെടുന്നു. (പട്ടിക 2) പഴഞ്ഞിയിൽ തോടിന്റെ ഇരുവശമുള്ള താഴ്ന്ന പ്രദേശങ്ങൾ തോടിന് കിഴക്കു ഭാഗം, ഞാറയ്ക്കാട് തുടങ്ങിയ പ്രദേശങ്ങൾ ഇതിലുൾപ്പെടുന്നു.

ഇരുപത് മീറ്ററിനും നാല്പത് മീറ്ററിനും ഇടയിലുള്ള പ്രദേശങ്ങൾ പഞ്ചായത്തിന്റെ 47.60 ശതമാനം (1603.5 ഹെക്ടർ) പ്രദേശങ്ങളിൽ വ്യാപിച്ചു കിടക്കുന്ന കുരയ്ക്കു തെക്കു ഭാഗം, പാണ്ടിത്തിട്ട, മഞ്ഞക്കാലക്കു വടക്ക്, പഴഞ്ഞിയിൽ തോടിന് കിഴക്ക് തുടങ്ങിയ പ്രദേശങ്ങൾ ഈ മേഖലയിൽപ്പെടുന്നു.

നാല്പതുമീറ്ററിനും, എൺപതുമീറ്ററിനും ഇടയിലുള്ള പ്രദേശങ്ങൾ പഞ്ചായത്തിന്റെ വിസ്തൃതിയുടെ 27.73 ശതമാനം (943 ഹെക്ടർ) വരും. കിഴക്കോട്ട് നെടുന്നൂരിന് കിഴക്കും, മഞ്ഞക്കാലക്ക് വടക്ക് തുടങ്ങിയ പ്രദേശങ്ങൾ ഈ മേഖലയിൽപ്പെടും.

എൺപതുമീറ്ററിനുമുകളിൽ കാണുന്ന പ്രദേശങ്ങൾ വിസ്തൃതിയുടെ 8.7 ശതമാനം (292 ഹെക്ടർ) ത്തോളം വരും. പഞ്ചായത്തിലെ ഏറ്റവും ഉയരം കൂടിയ പ്രദേശം സമുദ്രനിരപ്പിൽ നിന്നും


നിമ്നോന്നത മേഖലകൾ
0 0.5 1 കി.മീ
76° 50'
76° 53'
9° 3'
9° 1'
N
ചതുപ്പുനിലം
80 മീറ്ററിനു മുകളിൽ
40-80 മീറ്റർ വരെ
20-40 മീറ്റർ വരെ
20 മീറ്ററിനു താഴെ
PRMICESS- 1996

137 മീറ്റർ ഉയരത്തിൽ തേവരു പാറ (കുരാ വാർഡ്) എന്ന സ്ഥലത്ത് സ്ഥിതിചെയ്യുന്നു. പാണ്ടിത്തിട്ട യുടെ വടക്ക് കുരയുടെ വടക്ക് കിഴക്ക്, തലവൂരിന് കിഴക്ക്, കുന്നിക്കോടിന് പടിഞ്ഞാറ്, പനമ്പറ്റക്ക് കിഴക്ക്, നെടുവന്നൂരിന് കിഴക്ക് തുടങ്ങിയ പ്രദേശങ്ങൾ ഈ വിഭാഗത്തിൽപ്പെടുന്നു.

തലവൂർ പഞ്ചായത്തിന്റെ ഭൂപ്രകൃതിയെ അവലോകനം ചെയ്യുകയാണെങ്കിൽ പഞ്ചായത്തിന്റെ വടക്കുഭാഗങ്ങൾ, പടിഞ്ഞാറൻ ഭാഗങ്ങൾ, വടക്കു കിഴക്കൻ ഭാഗങ്ങൾ എന്നിവ ഉയരം കൂടിയും, വടക്കു നിന്നും തെക്കോട്ട് വരുമ്പോൾ ഉയരം കുറഞ്ഞു വരുന്നു. പൊതുവേ ചരിവ് വടക്കു നിന്നും തെക്ക് തെക്കു പടിഞ്ഞാറോട്ടായി കാണുന്നു. തെക്കൻ ഭാഗങ്ങൾ പൊതുവേ ഉയരം കുറഞ്ഞ സ്ഥലങ്ങളാണ് (പട്ടിക 2)

പട്ടിക 2

നിമ്നോന്നത മേഖലകൾ

നിമ്നോന്നത് മേഖലകൾ	വിസ്തൃതി ഹെക്ടറിൽ	ശതമാനം
1. 20 മീറ്ററിന് താഴെ	537.5	15.97
2. 20 മീറ്ററിനും 40 മീറ്ററിനും ഇടയിൽ	1603.5	47.60
3. 40 മീറ്ററിനും 80 മീറ്ററിനും ഇടയിൽ	934	27.73
4. 80 മീറ്ററിന് മുകളിൽ	292	8.7
ആകെ	3367	100

അവലംബം : വിഭവം ഭൂപടം, സെസ്സ്.

കാലാവസ്ഥ

തലവൂർ പഞ്ചായത്തിനെ മലനാട് കാർഷിക കാലാവസ്ഥാ മേഖലയിലാണ് ഉൾപ്പെടുത്തിയി രിക്കുന്നത്. 1976 – 1993 വരെയുള്ള കാലയളവിലെ മഴയുടെ തോത് പരിശോധിക്കുകയാണെങ്കിൽ ജനുവരിയൊഴികെ മറ്റ് എല്ലാ മാസങ്ങളിലും മഴ ലഭിക്കുന്നതായി കാണുന്നു. കൂടുതൽ മഴ ജൂലൈ മാസത്തിലാണ് ലഭിക്കുന്നത്. ശരാശരി ഒരുമാസം 241 മി. മീറ്റർ മഴ ലഭിക്കുന്നു (ചിത്രം 4.) അന്ത രീക്ഷ ഊഷ്മാവ് കൂടുതൽ അനുഭവപ്പെടുന്നത് ഏപ്രിൽ മാസത്തിലാണ് 37.1 ഡിഗ്രി സെൽഷ്യസ് കുറഞ്ഞത് ജനുവരി മാസത്തിൽ 19.6 ഡിഗ്രി സെൽഷ്യസുമാണ് (ചിത്രം 5)

കാലാവസ്ഥാ കലണ്ടർ

പഞ്ചായത്തിലെ കാലാവസ്ഥ പരിശോധിക്കുകയാണെങ്കിൽ മഴക്കാലം, മഞ്ഞുകാലം, വേനൽക്കാലം തുടങ്ങിയവ ക്രമമായരീതിയിൽ ലഭിക്കുന്നുണ്ടെന്ന് മനസ്സിലാക്കാം. ഇടവം പകുതി യോട് കൂടി (ജൂൺ 1) തെക്കു പടിഞ്ഞാറൻ കാലവർഷം ആരംഭിക്കുന്നു. ഇത് കർക്കിടകം അവ സാനം വരെ നീണ്ടു നിൽക്കും. തുടർന്ന് രണ്ടു മാസക്കാലം തെളിഞ്ഞ നല്ല കാലാവസ്ഥക്കു ശേഷം തുലാം 1 മുതൽ (ഒക്ടോബർ 15) തുലാവർഷത്തിന്റെ വരവായി. ഒരു മാസക്കാലം നീണ്ടുനിൽക്കുന്ന തുലാവർഷം വൃശ്ചികം ഒന്നോടു കൂടി (നവംബർ 15) തണുപ്പുകാലത്തിന് വഴിമാറുന്നു. മഞ്ഞു കാലം മകരമാസം വരെ (ജനുവരി 15) നീണ്ടു നിൽക്കും. കുംഭമാസം മുതൽ വേനൽക്കാലമാണ്. ഇടവം പകുതിവരെ നീണ്ടു നിൽക്കുന്ന ഈ കാലയളവിൽ ഏപ്രിൽ മാസത്തിൽ വേനൽ മഴ ലഭിക്കുന്നുണ്ട്. (ചിത്രം 6)



ചിത്രം 4

കാലാവസ്ഥ കലണ്ടർ



ചിത്രം :6

അന്തരീക്ഷ ഊഷ്മാവ്



ചിത്രം 5

മണ്ണ്

തലവൂർ പഞ്ചായത്തിൽ പ്രധാനമായും കാണുന്ന മണ്ണ് ചെങ്കൽ മണ്ണാണ്. നല്ല നീർ വാഴ്ച യുള്ള ഈ മൺതരം പഞ്ചായത്തിന്റെ ഏകദേശം 81.23 ശതമാനം വരും. നീർവാർച്ചയുള്ളതിനാൽ ചെരിവുകളിൽ ജലം തങ്ങി നിൽക്കാതെ താഴോട്ടൊഴുകുന്നു. ഇതു മണ്ണൊലിപ്പിന് കാരണമാകുന്നു. താഴ്വരകളിലും, പ്രധാന തോടായ പഴഞ്ഞിയിൽ തോടിന്റെ ഇരു വശങ്ങളിലും എക്കൽ മണ്ണ് കാണ പ്പെടുന്നു. പശിമ രാശിയുള്ള എക്കൽ മണ്ണ് ചുടുകട്ട നിർമ്മിക്കുന്നതിനായി ധാരാളം പാടങ്ങളിൽ നിന്ന് ഖനനം ചെയ്യുന്നു. കല്ലടയാറിന്റെ തീരപ്രദേശത്തും എക്കൽ മണ്ണ് കാണപ്പെടുന്നു. നീർവാഴ്ച കുറവാ യതിനാൽ ജലം തങ്ങി നിൽക്കാൻ എക്കൽ മണ്ണ് സഹായിക്കുന്നു. വളരെ ഫലഭൂയിഷ്ഠമായ മണ്ണായ തിനാൽ നെൽക്കൃഷിക്ക് വരെ യോജിച്ച മണ്ണാണ് എക്കൽ മണ്ണ് (ചിത്രം 7)

പട്ടിക 3
പ്രധാന മൺ തരങ്ങൾ

മൺതരം	വിസ്തീർണ്ണം ഹെക്ടറിൽ	ശതമാനം
ചെങ്കൽ മണ്ണ്	2725	81.23
എക്കൽ മണ്ണ്	637	18.77

അവലംബം : വിഭവം ഭൂപടം, സെസ്സ്.

ജലപ്രകൃതി

ഓരോ പ്രദേശത്തിന്റെയും വികസന പ്രക്രിയക്ക് ഒഴിച്ചു കൂടാൻ പറ്റാത്ത ഒരു ഘടകമാണ് അവിടത്തെ ജലസമ്പത്ത്, മനുഷ്യരാശിയുടെ നിലനില്പുതന്നെ ജലത്തെ ആശ്രയിച്ചിരിക്കുന്നു.

തലവൂർ ഗ്രാമ പഞ്ചായത്തിൽ പ്രധാനമായും ജലം ലഭിക്കുന്നത് മഴയിൽ നിന്നാണ്. ശരാശരി ഒരു വർഷം 2554 മി. മീറ്റർ മഴ ലഭിക്കുന്നു. പ്രധാന ഉപരിതല ജലസ്ത്രോതസ്സുകൾ തോടുകളും, കുളങ്ങളും, ആണ്.

ഒൻപതര കിലോമീറ്റർ നീളത്തിൽ പഞ്ചായത്തിന്റെ കിഴക്കു വടക്കായി ഒഴുകുന്ന കല്ലടയാറ് പഞ്ചായത്തിന്റെ ഒരു പ്രധാന ജലസ്ത്രോതസ്സാണ്. പഞ്ചായത്തിനുള്ളിലൂടെ ഒഴുകുന്ന തോടുകളിൽ പ്രധാനതോട് പഴഞ്ഞിയിൽ തോടാണ്. പഞ്ചായത്തിന്റെ തേക്കെ അറ്റത്ത് നിന്ന് തുടങ്ങി വടക്കോട്ട് ഒഴുകി കല്ലടയാറ്റിൽ പതിക്കുന്ന 5.38 കി. മീറ്റർ നീളമുള്ള ഈ തോട് വറ്റാത്തതാണ്. പഴഞ്ഞിയിൽ തോട് കഴിഞ്ഞാൽ പ്രധാന തോട് തലവൂർ തോടാണ്. പഞ്ചായത്തിന്റെ തെക്കു ഭാഗത്ത് പടിഞ്ഞാറ് കുര ഭാഗത്തു നിന്നും കിഴക്കോട്ടൊഴുകി പഴഞ്ഞിയിൽ തോട്ടിൽ പതിക്കുന്നു (ചിത്രം 8) പാണ്ടിത്തിട്ട ഭാഗങ്ങളിൽ കാണുന്ന തോടാണ് മറ്റൊരു പ്രധാന തോട്. ഈ തോട് ഓരോ സ്ഥലത്തും ഓരോ പേരു കളിൽ അറിയപ്പെടുന്നു. ഇതിനെ കളത്തട്ട് തോട്, കുടമൺ ഏലാത്തോട്, വെട്ടുവഴി തോട് എന്നി ങ്ങനെ പല പേരിൽ നാമകരണം ചെയ്തിട്ടുണ്ട്. നടുത്തേരിയിൽ വച്ച് ഈ തോടുകൾ പഴഞ്ഞിയിൽ തോടുമായി ചേരുന്നു. മറ്റു പ്രധാന തോടുകളുടെ പേരു വിവരം തഴെ ചേർക്കുന്നു. (പട്ടിക 4)


76° 50'
76° 53'
N
0 0.5 1 കി.മീ
9° 3'
9° 11'
ചെങ്കൽ മിശ്രം

പട്ടിക 4

നമ്പർ	തോടിന്റെ പേര്
1.	വാസുദേവൻ തോട്
2.	പുന്നൂർ തോട്
3.	തലവൂർ തോട്
4.	കളത്തട്ട് തോട്
5.	അണ്ടൂർ തോട്
6.	കുടമൺ ഏലാതോട്
7.	കോട്ടുങ്കൽ കോളച്ചിറ തോട്
8.	വേളിപ്ര ചിറതോട്
9.	നെടുവന്നൂർ തോട്
10.	പഴഞ്ഞിയിൽ തോട്
11.	വെട്ടിവഴി തോട്

അവലംബം : വിഭവം ഭൂപടം, സെസ്സ്.

തോടുകളെ വറ്റുന്ന തോടുകളായും, വറ്റാത്ത തോടുകളായും തിരിച്ചിരിക്കുന്നു. വറ്റാത്ത തോട് പഴഞ്ഞിയിൽ തോടാണ് മറ്റെല്ലാ തോടും ഉണക്കു കാലത്ത് വറ്റുന്നതാണ്.

കുളങ്ങൾ

തോടുകൾ കഴിഞ്ഞാൽ എടുത്തു പറയാവുന്ന ഉപരിതല ജലസ്ത്രോതസ്സ് കുളങ്ങൾ ചിറകൾ ആണ്. പലതും വേണ്ടത്ര പരിചരണമോ സംരക്ഷണമോ ഇല്ലാതെ മൂടിപ്പോകുകയോ ഉപയോഗശൂന്യ മാകുകയോ ചെയ്തിട്ടുണ്ട്. ഏകദേശം 22-ഓളം കുളങ്ങൾ ചിറകൾ പഞ്ചായത്തിലുണ്ട്. (പട്ടിക 5.)

പട്ടിക 5
പ്രധാന ചിറകൾ/കുളങ്ങൾ

വാർഡ്	ചിറ/കുളത്തിന്റെ പേര്
പാണ്ടിത്തിട്ട I	അയണുവേലിച്ചിറ ആണ്ടു പൊയ്ക ഗുരിസികാമൻ കാവിച്ചിറ
പാണ്ടിത്തിട്ട II	സപ്തവർഷിമംഗലം കുളം കളരിക്ഷേത്രക്കുളും
നടുത്തേരി	കോങ്കോട്ട്ച്ചിറ കൊട്ടാരത്തിൽച്ചിറ കുശപ്പള്ളി അമ്പലക്കുളം
മഞ്ഞക്കാല	റാക്കനാട്ടിച്ചിറ വേട്ടം പള്ളിച്ചിറ അരീക്കുഴച്ചിറ
കമുകുംചേരി	നാലുകെട്ടിൽച്ചിറ

വാർഡ്	ചിറ/കുളത്തിന്റെ പേര്
നെടുവന്നൂർ	കൊല്ല
ഞാറക്കാട്	പരുക്കുഴിച്ചിറ പഴയത്തുച്ചിറ
കുര	തൃക്കമന്നോമൻ കാട്ച്ചിറ കുരക്ഷേത്രകുളം അരിത്തോട്ച്ചിറ ചുനക്കരച്ചിറ
വടകോട്	വസുദേവൻ കോട്ച്ചിറ രണ്ടാളിൻ കുളം മഠത്തിൽ കുളം

അവലംഭം: വിഭവഭൂപടം, സെസ്സ്

നീർമറി പ്രദേശങ്ങൾ

മഴയെ ആശ്രയിച്ച് കൃഷിചെയ്യുന്ന ഒരു പഞ്ചായത്താണ് തലവൂർ ഗ്രാമ പഞ്ചായത്ത്. എന്നാൽ മഴയിൽ നിന്നും ലഭിക്കുന്ന ജലം സംരക്ഷിക്കാൻ യാതൊരു വിധമാർഗ്ഗങ്ങളും ഇന്ന് പഞ്ചായത്തിൽ നിലവിലില്ല. മഴസമയത്ത് ചെരുവുകളിലൂടെയും മറ്റും ഒഴുകി എത്തുന്ന ജലം തോടുകൾ വഴി കല്ലട യാറിലും മറ്റും ചെന്ന് ഉപയോഗമില്ലാതെ പോകുന്നു. ഇതൊഴുവാക്കി മഴയിൽ നിന്നും കിട്ടുന്ന ജലം സംഭരിക്കുന്നതിനായി ചെരിവ് പ്രദേശങ്ങളും, തോടുകളും/താഴ്വരകളും ഉൾപ്പെടുന്ന വികസന പദ്ധ തിയാണ് നീർമറി പ്രദേശ വികസന പദ്ധതി. തലവൂർ ഗ്രാമപഞ്ചായത്തിന് പ്രധാനമായും 7 നീർമറി പ്രദേശങ്ങളായി തിരിക്കാം (ചിത്രം 8)

പട്ടിക 6

നീർമറി പ്രദേശങ്ങൾ	ഉൾപ്പെടുന്ന തോടുകൾ/ഏല	വിസ്തീർണ്ണം ഹെക്ടറിൽ
1.	തലവൂർ തോട്	543.75
2.	കളത്തട്ട് കുടമൺ ഏലാതോട്	615.25
3.	വെട്ടിവഴി തോട്	156.25
4.	പഴഞ്ഞിയിൽതോട്	414.06
5.	നെടുവന്നൂർ തോട്	228.12
6.	വാസുദേവൻ തോട്	290.62
7.	ഞാറക്കാട് ഏല	112.5

അവലംഭം: വിഭവഭൂപടം, സെസ്സ്.


നീർമറി പ്രദേശങ്ങൾ
0 0.5 കി.മീ
76° 50'
76° 53'
9° 3'
പഞ്ചായത്ത് അതിർ
വരാന്തരോടുകൾ
വരുന്ന തോടുകൾ
നീർമറി പ്രദേശ അതിർ
PRM, CESS, 1996

ചിത്രം : 8

ജലലഭ്യത

ജലത്തിന്റെ ലഭ്യത പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും വിഭിന്നമാണ്. ചില ഭാഗങ്ങളിൽ രൂക്ഷമായ ജലക്ഷാമം നേരിടുമ്പോൾ ചിലഭാഗങ്ങളിൽ ജലക്ഷാമം മിതമോ അല്ലെങ്കിൽ കുറവോ ആയ സ്ഥലങ്ങളായിരിക്കും. ഏകദേശം 639 ഹെക്ടർ വരുന്ന കുത്തനെ ചെരിവുള്ള പ്രദേശങ്ങളും ഉയർന്ന സമതലങ്ങളും കടുത്ത ജലക്ഷാമം നേരിടുന്നു. ജനങ്ങൾ തിങ്ങിപ്പാർക്കുന്ന ഇടത്തരം ചെരിവുപ്രദേശങ്ങളിൽ മിതമായി ജലംലഭിക്കുന്നു. പട്ടിക പരിശോധിച്ചാൽ താഴ്വരകളിലാണ് ജലലഭ്യതയ്ക്ക് കൂടുതൽ സാധ്യത എന്നുകാണാം (പട്ടിക 7) കുളങ്ങൾ, തോടുകൾ തുടങ്ങിയ ജലസ്ത്രോതസ്സുകൾ ഭൂരിഭാഗവും താഴ്വരകളുമായി ബന്ധപ്പെട്ടു കിടക്കുന്നു. (ചിത്രം 9)

പട്ടിക 7

ജലലഭ്യത	വിസ്തീർണ്ണം ഹെക്ടറിൽ	ശതമാനം
കുറവ്	639	18.98
മിതം	1196	35.52
കൂടുതൽ	1532	45.50

അവലംബം: വിഭവഭൂപടം, സെസ്സ്

പരിസ്ഥിതി പ്രശ്നങ്ങൾ

നെടുവന്നൂർ വാർഡിൽ വെളിച്ചപ്പാട് പാലത്തിന്റെ അടിഭാഗത്ത് ഒരു മീറ്റർ ഉയരത്തിൽ നിർമ്മിച്ചിട്ടുള്ള തടയണയും, തടയണയിലുള്ള മൂന്ന് തൂണുകളും ഉള്ളതിനാൽ മാലിന്യങ്ങൾ അടിഞ്ഞു കൂടി അതുവഴി കൊതുക് ശല്യം വർദ്ധിക്കുന്നു. കശുവണ്ടി ഫാക്ടറിയിൽ നിന്നും വരുന്ന മാലിന്യങ്ങൾ, കന്നുകാലികളുടെ ശരീരാവശിഷ്ടങ്ങൾ എന്നിവ ഒഴുകി പോകാതെ പരിസര മലിനീകരണം ഉണ്ടാക്കുന്നു.

നെടുവന്നൂർ, പനമ്പറ്റ വാർഡുകളിൽ പഴഞ്ഞിയിൽ തോടിന്റെ ഭാഗങ്ങളിൽ ഇഷ്ടിക ചൂളക്കു വേണ്ടി ധാരളം മണ്ണെടുക്കുന്നു. ഈ കളങ്ങളിൽ ജലം കെട്ടി മഴക്കാലങ്ങളിൽ വെള്ളപ്പൊക്കവും വേനൽക്കാലത്ത് കിണറുകളിലെ ജലം വറ്റിപ്പോകുന്നതിനും ഇടയാകുന്നു.

മറ്റൊരു പ്രധാന പരിസ്ഥിതി പ്രശ്നം മണ്ണൊലിപ്പാണ്. കുര, കമുകുംചേരി, പാണ്ടിത്തിട്ട, അമ്പലനിരപ്പ്ക്കുന്ന്, ചാമല, മുതുകുന്ന്, മുട്ടത്തേരി ഭാഗം, കൈലാസം തുടങ്ങിയ ഭാഗങ്ങളിൽ കൂടിയ തോതിൽ മണ്ണൊലിപ്പ് നടന്നുവരുന്നു.

നിലം നികത്തി റബ്ബർ , മരച്ചീനി, തെങ്ങ് തുടങ്ങിയവ കൃഷി ചെയ്യുന്നതിന് നിലങ്ങളിലെ മണ്ണിന്റെ ഘടന മാറ്റുകയും ജലദൈർല്ലഭ്യം അനുഭവപ്പെടുകയും ചെയ്യുന്നു ആയതിനാൽ ഇതു വരൾച്ച ഉണ്ടാകാൻ കാരണമാകുകയും, നെൽക്കൃഷി നശിക്കുകയും ചെയ്യുന്നു.

കല്ലടയാറ്റിൽ നിന്നുള്ള അമിതമായ മണൽ വാരൽ മൂലം തലവൂർ പഞ്ചായത്ത് പത്തനാപുരം പഞ്ചായത്തുമായി ബന്ധിപ്പിക്കുന്ന മുട്ടത്തു കടവ് പാലത്തിന് ഭീഷണിയാണ്. ഇതിനു പുറമേ ആറിന്റെ കര നിരന്തരം ഇടിയുന്നു. സമീപപ്രദേശങ്ങളിലുള്ള കിണറുകളിലെ ജലനിരപ്പ് ക്രമാതീതമായി കുറയുന്നതുമൂലം ജലക്ഷാമം ഉണ്ടാകുന്നു.


76° 50'
76° 53'
N
ജല ലഭ്യത
0 0.5 1 കി.മീ
9° 3'
ചെറുതായത് അനിശ്ചിതം
ജല ലഭ്യത കുറവ്
ജല ലഭ്യത - ഇടത്തരം
ജല ലഭ്യത - കൂടുതൽ
PRM, CESS, 1996

പരിഹാര മാർഗ്ഗങ്ങൾ

ഇഷ്ടികച്ചൂളയുടെ വർദ്ധന തടയുകയും നിലവിലുള്ള ചൂളകളിൽ നിയമവിരുദ്ധമായ കളിമണ്ണ് ഖനനം കർശനമായി തടയണം. നിലവിലുള്ള ഇഷ്ടിക കളങ്ങളിൽ മത്സ്യം വളർത്താൻ ജനങ്ങൾക്ക് പ്രോത്സാഹനം നൽകുക.

മണ്ണൊലിപ്പ് തടയുന്നതിന് ചെരിവുള്ള പ്രദേശങ്ങളിൽ ഈടി കെട്ടുകയോ രാമച്ച കൃഷിയോ, പുൽകൃഷിയോ നടത്തിക്കണം.

നിലം നികത്തൽ നിയമം മൂലം തടയണം. റബ്ബർ കൃഷി നിലങ്ങളിൽ നടത്തുന്നത് കുറ്റകര മായി പ്രഖ്യാപിക്കണം. കല്ലടയാറ്റിൽ നിന്നുള്ള മണൽ ഖനനം പഞ്ചായത്ത് നിയമംമൂലം നിയന്ത്രി ക്കണം.

ജനപ്രകൃതി

ഒരു പ്രദേശത്തിന്റെ വികസനത്തിന് ആ പ്രദേശത്തെ പ്രകൃതി വിഭവങ്ങൾ പോലെ തന്നെ അത്യന്താപേക്ഷിതമായ ഒന്നാണ് മനുഷ്യ വിഭവം. ഒരു പ്രദേശത്തിന്റെ ജനങ്ങളെക്കുറിച്ചുള്ള അറിവ് അത്യന്താപേക്ഷിതമാണ്.

1991-ലെ കാനേഷുമാരി കണക്കനുസരിച്ച് തലവൂർ പഞ്ചായത്തിലെ ആകെ ജനസംഖ്യ 31,804 ആണ്. ഇതിൽ 15440 പേർ പുരുഷൻമാരും 16,364 സ്ത്രീകളും ആണ്. പുരുഷൻമാരെ അപേക്ഷിച്ച് സ്ത്രീകൾ കൂടുതൽ ആണ്. ആകെ 6952 വീടുകൾ പഞ്ചായത്തിലുണ്ട്. അതായത് ശരാശരി വീടൊ ന്നിന് 4.5 ആളുകൾ വീതമുണ്ട്. ജനസാന്ദ്രത ചതുരശ്ര കി. മീ. 944.5 ആയിരുന്നു. കേരളത്തിൽ ഇത് 769 ഉം കൊല്ലം ജില്ലയിൽ 967ഉം ആണ്. ആറു വയസ്സിന് താഴെയുള്ള കുട്ടികുളുടെ എണ്ണം 3,655 ആണ്. ഇതിന് 1,825 ആൺകുട്ടികളും 1,830 പെൺകുട്ടികളും ആണ്. പട്ടികജാതി ജനസംഖ്യ 4622 ആണ് ഇതിൽ 2,221 പേർ പുരുഷൻമാരും 2,401 പേർ സ്ത്രീകളുമാണ്. ആകെ ജനങ്ങളിൽ 25,507 പേർ സാക്ഷരരാണ്. ഇത് ആകെ ജനസംഖ്യയുടെ 80.2 ശതമാനത്തോളം വരും. ഇതിൽ 12809 പേർ പുരുഷന്മാരും 12,698 പേർ സ്ത്രീകളുമണ്.

വാർഡ് തലത്തിലെ ജനസംഖ്യാ വിവിരങ്ങൾ പട്ടികപ്പെടുത്തിയിരിക്കുന്നു. വാർഡുതല ജന സംഖ്യപരിശോധിക്കുകയാണെങ്കിൽ പുരുഷ സ്ത്രീ അനുപാതം ഏകദേശം കൂടുതൽ ജനസംഖ്യ രേഖപ്പെടുത്തിയിരിക്കുന്നത് 7-ാം വാർഡിലാണ്. ആകെ 3143 പേർ കുറവ് 11-ാം വാർഡിലും 2139 പേർ

അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ ഒരു പ്രശ്നമാണ്. ഏകദേശം 10695 ജനങ്ങൾ തൊഴിൽ രംഗങ്ങ ളുമായി ബന്ധപ്പെട്ട വിവിധമേഖലകളിൽ പണിയെടുക്കുന്നു.

പട്ടിക (8)

വാർഡ് തല ജനസംഖ്യ

വാർഡ്	കുടുംബങ്ങളുടെ എണ്ണം	ആകെ	പുരുഷന്മാർ	സ്ത്രീകൾ
1.	545	2547	1222	1325
2.	600	2920	1476	1444
3.	607	2791	1377	1414
4.	600	2722	1313	1409
5.	631	2986	1442	1544
6.	474	2206	1087	1119
7.	708	3143	1543	1600
8.	690	2995	1447	1548
9.	528	2446	1186	1260
10.	599	2562	1206	1356
11.	452	2136	1018	1121
12.	518	2347	1123	1224

അവലംബം: വിഭവഭൂപടം, സെസ്സ്

തൊഴിൽ രംഗത്ത് കൂടുതലും കാർഷികമേഖലയിൽ പണിയെടുക്കുന്നവരാണ്. ഈ രംഗത്ത് ഏകദേശം 9466 പേർ പുരുഷന്മാരും 1907 പേർ സ്ത്രീകളുമാണ്. പൊതുവേ സ്ത്രീകൾ തൊഴിൽ രംഗത്ത് വളരെ കുറവായിട്ടാണ് കാണപ്പെടുന്നത്. ആകെ ജനസംഖ്യുടെ 5.9 ശതമാനം സ്ത്രീ തൊഴിലാളികൾ മാത്രമേ പണിയെടുക്കുന്നുള്ളൂ സ്ത്രീകളിൽ കൂടുതലും കർഷികതൊഴിലാളികളാണ്. കാർഷികേതര രംഗങ്ങളായ കെട്ടിട-റോഡ് നിർമ്മാണം, ഗതാഗതം, കുടിൽ പരമ്പരാഗത വ്യവസായം തുടങ്ങി നിരവിധി മേഖലകളിൽ ജനങ്ങൾ തൊഴിലെടുക്കുന്നു. (പട്ടിക)

പട്ടിക 9

വിവിധ മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ എണ്ണം.

തൊഴിൽ മേഖല	പുരുഷന്മാർ	സ്ത്രീകൾ	മൊത്തം	ശതമാനം
1. കർഷകർ	2847	105	2979	31.41
2. കർഷക തൊഴിലാളികൾ	1996	473	2469	26.08
3. കന്നുകാലി വളർത്തൽ	388	18	406	04.28
4. ഖനനം	32	11	43	00.45
5. കുടിൽവ്യവസായം	55	3	58	00.61
6. കുടിലേതരവ്യവസായം	490	895	1385	14.63
7. കെട്ടിട റോഡ് നിർമ്മാണം	234	2	236	02.49
8. വാണിജ്യമേഖല	501	24	525	05.54
9. ഗതാഗതം വാർത്താവിനിമയം	237	21	258	02.72
10. മറ്റുള്ളവ	752	355	1107	11.69
ആകെ പണിയെടുക്കുന്നവർ	7559	1907	9466	100.00

അവലംബം: വിഭവഭൂപടം, സെസ്സ്

സാമൂഹിക സാമ്പത്തിക മേഖലകൾ

കൃഷിയും ജലസേചനവും

ഭൂപ്രകൃതിയനുസരിച്ച് ഇടനാട്ടിൽ പെടുന്ന തലവൂർ ഗ്രാമപഞ്ചായത്ത് തികച്ചും ഒരു കാർഷിക ഗ്രാമമാണ്. മലകളും, കുന്നുകളും, താഴ്വരങ്ങളും നെൽവയലോലകളും കല്ലടയാറിന്റെ തീരവും അടങ്ങിയതാണ് ഇവിടത്തെ ഭൂപ്രദേശം. മലകളും, കുന്നുകളും, ഏറെയുള്ള ഈ പഞ്ചായത്തിലെ മുഖ്യകൃഷി മരച്ചീനിയായിരുന്നു. തെങ്ങ്, നെല്ല് ഇവ പ്രധാനകൃഷികളാണെങ്കിൽ വാഴ, കിഴങ്ങുവർഗങ്ങൾ, കുരുമുളക്, സുഗന്ധവ്യഞ്ജന വിളകൾ, പച്ചക്കറി, കൈത, കരിമ്പ്, കശുമാവ്, വെറ്റില എന്നിവ മറ്റ് പ്രധാനകൃഷികളായിരുന്നു. പഴയകാലത്ത് ജനങ്ങളുടെ മുഖ്യ ജീവനോപാധി കൃഷിയും അതുമായിബന്ധപ്പെട്ട മറ്റ് തൊഴിൽ മേഖലയുമായിരുന്നു.

ഈ പഞ്ചായത്തിൽ സമുദ്രനിരപ്പിൽ നിന്നും എൺപത് മീറ്ററിനു മുകളിൽ പരമാവധി 137 മീറ്റർ വരെ ഉയരമുള്ള മലംമ്പ്രദേശങ്ങളും, എൺപതിനും, നാല്പതിനും മീറ്ററിന് ഇടയിലുള്ള വലിയ കുന്നും പ്രദേശങ്ങൾ, നാല്പതിനും, ഇരുപതിനും ഇടയിലുള്ള ചെറിയ കുന്നുംപ്രദേശങ്ങളും ഇരുപതു മീറ്ററിനു താഴെ ഉയരമുള്ള താഴ്വരകളും, നെൽ വയലുകളുമുണ്ട്. (പട്ടിക)

കല്ലടയാറിന്റെ തീരം ഒൻപതര കി. മീ. ദൂരമുണ്ട്. പഞ്ചായത്തിലൂടെ ഒഴുകുന്ന പ്രധാനതോട് പഴഞ്ഞിയിൽ തോടാണ്. പിന്നീട് തെക്കേ ഏലായും, വടക്കേ ഏലായും ബന്ധപ്പെട്ടൊഴുകുന്ന തോടുകളും പഴഞ്ഞിയിൽ തോടിൽ എത്തിച്ചേരുമ്പാൾ കല്ലടയാറിന്റെ പോഷക നദിയായി മാറുന്നു. ബഹുഭൂരിപക്ഷം ഭൂ ഉടമകളും ഒരു ഹെക്ടറിൽ താഴെ മാത്രം കൈവശഭൂമിയുള്ള കർഷകരോ, കർഷക തൊഴിലാളികളോ ആണ്. ഇതുസംബന്ധിച്ച വിവരങ്ങൾ താഴെ കാണിക്കുന്നു. (പട്ടിക.1)

പട്ടിക.1

നമ്പർ	ഭൂപരിധി	കുടുംബങ്ങളുടെ എണ്ണം	വിസ്തീർണ്ണം ഹെക്ടറിൽ
1.	ഒരു ഹെക്ടറിൽ താഴെ	4675	
2.	ഒരു ഹെക്ടറിനും 2 ഹെക്ടറിനും ഇടയിൽ	600	
3.	രണ്ട് ഹെക്ടറിനു മുകളിൽ	25	

ആളോഹരി കൃഷി ഭൂമി സംസ്ഥാനത്തിന്റെത് 0.07 ഹെക്ടറാണെങ്കിൽ പഞ്ചായത്തിന്റേത് 0.137 ആണ്.

ആദ്യകാലത്ത് ഇന്നാട്ടിലെ പ്രധാന ഭക്ഷ്യ വിളയായിരുന്നു മരച്ചീനിയ്ക്കും, നെല്ലിനുമായിരുന്നു കൂടുതൽ ശ്രദ്ധയും. പരിചരണവും നൽകിയിരുന്നത്. മുഖ്യമായും മഴയെ മാത്രം ആശ്രയിച്ചുള്ള കൃഷിരീതിയായിരുന്നു. പ്രധാന തോട്ടിലെയും, കൈതോടുകളിലേയും വെള്ളം താൽക്കാലിക ചിറകെട്ടി തിരിച്ചുവിടും, കുളങ്ങൾ, ചിറകൾ എന്നിവയിലെ ജലവും കൃഷിക്ക് പ്രയോജനപ്പെടുത്തിയിരുന്നു.

തലവൂർ, കമുകും ചേരി എന്നീ ദേവസ്വങ്ങൾക്ക് അവകാശപ്പെട്ട കൃഷിസ്ഥലങ്ങളായിരന്നു പഞ്ചായത്തിന്റെ ഏറിയകൂറും ഭാഗങ്ങൾ. ബാക്കി പണ്ടാരവക പാട്ടഭൂമികളും. ആകെഭൂമിയുടെ ഏകദേശം 30%ൽ ഏറെ ഉണ്ടായിരുന്ന മരച്ചീനികൃഷി റബ്ബർ കൃഷിയുടെ ആവിർഭാവവും, സാമ്പത്തിക സ്ഥിതി ഉയർന്നതനുസരിച്ച് മരച്ചീനി പ്രധാന ഭക്ഷ്യ വസ്തു അല്ലാതായി മാറുകയും ചെയ്തകാരണം അപ്രധാന വിളയായി മാറി. അരിയൻ, നേടുമങ്ങാടൻ , ചുവന്നകപ്പ, ഏത്തക്കാക്കപ്പ, ഇവയായിരുന്നു പ്രധാന ഇനങ്ങൾ. ഇന്ന് പ്രധാന ഭക്ഷ്യവസ്തുവായിരിക്കുന്ന നെൽകൃഷി പഞ്ചായത്തിന്റെ ആകെവിസ്തൃതിയുടെ 12% ത്തോളം ആയിരുന്നു. മലയടിവാരങ്ങളിലുള്ള ചതുപ്പുനിലങ്ങൾ വെട്ടിയുണ്ടാക്കിയ പുതയൽ കണ്ടങ്ങൾഉൾപ്പെട്ട ഇവിടുത്തെ വയലുകളിൽ വെളുത്തിഞ്ചക്കാടൻ, അതിക്കിരാഴി, ചമ്പാവ്, ചേറാടി ആദിയായ ഇനങ്ങളായിരുന്നു കൃഷി ചെയ്തിരുന്നത്. സാമൂഹ്യവികസന ബ്ലോക്കുകളുടെ ആവിർഭാവത്തോടുകൂടി കാൽഷികമേഖലയിലുണ്ടായ മാറ്റങ്ങൾ പുത്തൻ പ്രവണതകൾ ഈ പഞ്ചായത്തു പ്രദേശത്തും അലയടിക്കാൻ തുടങ്ങി. പുതിയ വിത്തിനങ്ങളും, രാസ വളങ്ങളും, സസ്യസംരക്ഷണ പ്രവർത്തനങ്ങളും, അൻപതുകളിൽ ഇവിടെ പ്രയോഗത്തിൽ വന്നു. അത്യുൽപ്പാദനശേഷിയുള്ള വിത്തിനങ്ങളുടെ ആവിർഭാവം നെൽകൃഷി മേഖലയെ കൂടുതൽ സന്തുഷ്ടമാക്കി. ഈ കാലയളവിൽ തന്നെ തടയണകളും, ലിഫ്റ്റ് ഇറിഗേഷൻ സമ്പ്രദായങ്ങളും ജലസേചനത്തിന് ഉപയോഗിക്കാൻ തുടങ്ങി. വ്യാപകമായ തോതിൽ ഉപയോഗിച്ചിരുന്ന നാടൻ കാർഷികോപകരണങ്ങളും അപ്രത്യക്ഷമായികൊണ്ടിരുന്നപ്പോൾ ഇരുമ്പുകലപ്പകൾ

വ്യാപകമായി ഉപയോഗിക്കാൻ തുടങ്ങി. എല്ലാ നല്ല കൃഷിക്കാരും ഉഴവുമാടുകളെ വളർത്തിയിരുന്നു. ഇവയെ വണ്ടി വലിക്കുവാനും ഉപയോഗിച്ചിരുന്നു. ഇപ്പോൾ ഈ സ്ഥാനത്ത് ചെറിയ തോതിൽ ട്രാക്ടറും, പവർട്രില്ലറുകളും ഉപയോഗിച്ചു തുടങ്ങി. എന്നാൽ വ്യാപകമായ തോതിൽ ഉപയോഗിക്കതാൻ സാധിക്കാത വരുന്നതിന്റെ പ്രധാന കാരണം കൃഷിഭൂമിയുടെ വലുപ്പം (ചെറിയ ചെറിയ കണ്ടങ്ങൾ) ഉയർന്നതാണുള്ള കിടപ്പ്, പാടശേഖരങ്ങളിലേക്കുള്ള വഴികളുടെ അപര്യാപ്തത, ഇടക്ക് നിലം നികത്തി മറ്റു വിളകൾ കൃഷി ചെയ്യുന്ന രീതി എന്നിവയാണ്.

പറമ്പുകളിൽ നെൽകൃഷി വ്യാപകമായ തോതിൽ ഉണ്ടായിരുന്നു. പയറു വർഗ്ഗത്തിൽ പ്പെട്ട വൻപയർ, ഉഴുന്ന്, മുതിര ഇവയും മിക്കവാറും എല്ലാ പറമ്പകളിലും കൃഷിചെയ്തിരുന്നു. ചാമയ്ക്കും, കൂവരകിനും ഉണ്ടായിരുന്ന സ്ഥാനവും എടുത്തു പറയത്തക്കതാണ്. എന്നാൽ ഇന്ന് ഈ വക ഒന്നും തന്നെ വ്യപകമായ തോതിൽ കൃഷി ചെയ്യാതെയായിരിക്കുന്നു. മണൽപ്പറ്റുള്ള കരകണ്ടങ്ങളിൽ ഉണ്ടായിരുന്ന എള്ളുകൃഷിയും ഇന്നു കാണാനില്ല. നാമാവിശേഷമായ വേറൊരു കിഴങ്ങുവർഗ്ഗവിള ചെറുകിഴങ്ങാണ്. വൃശ്ചിക മാസത്തിലെതണുപ്പ കറ്റാൻ പ്രഭാതങ്ങളിൽ തീകയാൻ കൂട്ടിയിരുന്ന ആഴികളിൽ ചുട്ടുതിന്നാനുള്ള വക അങ്ങനെ നഷ്ടപ്പെട്ടു പഞ്ഞമാസങ്ങളിൽ ഭക്ഷ്യവസ്തുവായി ഉപയോഗിച്ചിരുന്ന വെളി, മടന്ത പയറ്റില, വാഴമാണം ഒന്നും ഇന്ന് ഭക്ഷ്യ വസ്തുക്കളല്ലാതായി മാറിയിരിക്കുന്നു.

നെൽകൃഷിയിലെ പ്രധാന കീടമായ ചാഴിയെ നിയന്ത്രിക്കുന്നതിന് ഓല ഓതിക്കെട്ടിയിരുന്ന(ചാഴിയെ വിലക്ക്) സമ്പ്രദായം നിലവിലുണ്ടായിരുന്നു. എലികളെ നിയന്ത്രിക്കുവാൻ നാടൻ രീതിയിലുണ്ടാക്കിയ എലിക്കെണികളും, മുളംകുറ്റി, കല്ലുകെണി, എന്നിവയ്ക്കു പുറമെ ആടിവില്ല്, എലിപ്പത്തായം എന്നവ ഉപയോഗിച്ചിരുന്നു. വൃശ്ചികമാസത്തിലെ കാർത്തികനാളിൽ നെൽപാടങ്ങളിൽ കത്തിച്ചിരുന്ന തീപ്പന്തങ്ങൾ വിളക്കുകെണികളുടെ ഒരു പ്രാചീന രൂപമായിരുന്നു.

മറ്റുകാർഷികവിളകൾക്ക് പ്രത്യേകിച്ച് തെങ്ങ് വേണ്ടത്ര പരിചരണം മുൻകാലങ്ങളിൽ കൊടുത്തിരുന്നില്ല.

കാർഷിക വിളകൾ വിറ്റഴിച്ചിരുന്ന പ്രധാന കേന്ദ്രങ്ങൾ പുനലൂരും, പത്തനാപുരവും, കലയപുരവുമായിരുന്നു. കൃഷിയിടങ്ങളിൽ കടന്നുവന്ന് വിളകൾ വാങ്ങുന്ന ഇടത്തട്ടുകാരും വിപണനത്തിൽ സഹായിച്ചിരുന്നു.

പഞ്ചായത്തു പ്രദേശത്തുണ്ടായിരുന്ന(നെടുവന്നൂർ, പനമ്പറ്റ, പിടവൂർ) ഒരു പൂനിലങ്ങൾ നെൽകൃഷി ലാഭകരമായി ചെയ്യുവാൻ കഴയാതായതോടുകൂടി റബ്ബർ വിളക്ക് വഴിമാറി. ഈ പ്രദേശങ്ങളിലുള്ള ചുടുകട്ട ചൂളകൾ നെൽകൃഷിയുടെ വ്യാപ്തി കുറക്കുന്നതിന് പ്രധാന പങ്ക് വഹിച്ചുണ്ട്. കശുവണ്ടി ഫാക്ടറികൾ, മറ്റു നിർമാണ പ്രവർത്തനങ്ങൾ എന്നിവ കാർഷിക മേഖലയിലെ തൊഴിലാളികളുടെ എണ്ണം സാരമായി കുറച്ചു. പുത്തൻ തലമുറയുടെ സംസ്കാരവും കൂടിയായപ്പോൾ കാർഷി കമേഖല അനുഭവിക്കുന്ന ഏറ്റവും വലിയ ബുദ്ധിമുട്ട് തൊഴിലാളികളുടെ ദൗർലഭ്യമാണ്. പാർപ്പിടങ്ങളുടെ സൗകര്യപ്രധാനമായ നിർമ്മാണം നെൽവയലുകളുടെ വിസ്തൃതി കുറച്ചുകൊണ്ടിരിക്കുന്നു. പാടശേഖരങ്ങളിലൂടെ ഉണ്ടായിരിക്കുന്നതും, ഉണ്ടാക്കുന്നതുമായ റോഡുകൾ, കൈതോടുകളുടെ കൈയേറ്റം എന്നിവയും നെൽകൃഷിയെ സാരമായി ബാധിച്ചിട്ടുണ്ട് . ഇതിനെല്ലാമുപരി കാലാകാലങ്ങളഇലുണ്ടാകുന്ന കീടരോഗബാധയും, പ്രകൃതിക്ഷോഭവുമാണ്. നെൽകൃഷിയെ ഈ ഘടകങ്ങളൊക്കെ പ്രതികൂലമായി ബാധിച്ചപ്പോൾ മറ്റു ഭക്ഷ്യവിളകളെ പ്രതികൂലമായി ബാധിച്ചത് കുറച്ചു തൊഴിൽ ആവശ്യമുള്ളതും ആദായം താരതമ്യേന കൂടുതൽ ലഭിക്കുന്നതുമായ റബ്ബർ കൃഷിയാണ്.

കൃഷിയുമായി ബന്ധപ്പെട്ട് ഉപയോഗിച്ചിരുന്ന തോടുകളും, കുളങ്ങളും, മണ്ണിടിഞ്ഞ് നികന്നുപോയിരിക്കുന്നു. കാലാകാലങ്ങളിൽ ഇവയ്ക്കു ലഭിക്കേണ്ട സംരക്ഷണം നഷ്ട പ്പെട്ടതാണ് കാരണം. തക്കതായ ഒരു ജനകീയ മുന്നേറ്റവും, ഗ്രാമ-ബ്ലോക്കു, പഞ്ചായത്തുകൾ, ചെറുകിട ജലസേചന വിഭാഗം എന്നിവയുടെ സാരമായ സാമ്പത്തിക സഹായവും കൂടി ഉണ്ടെങ്കിൽ മാത്രമേ ഈ സ്ഥിതിക്കുമാറ്റം വരുത്തുവാൻ കഴിയുകയുള്ളു.

ഭൂവിനിയോഗം

പഞ്ചായത്തിന്റെ ആകെവിസ്തീർണ്ണം 3367 ഹെക്ടർ ആണ്. ഇത് ഉയർന്ന സമതലം, ചെരിവു പ്രദേശങ്ങൾ, (കുത്തനെചെരിവുള്ള പ്രദേശങ്ങൾ, ഇടത്തരം ചെരിവുള്ള പ്രദേശങ്ങൾ) താഴ്വര തുടങ്ങിയ ഭൂരൂപങ്ങളായിട്ടാണ് കാണപ്പെടുന്നത്. (പട്ടിക 21) ഉയർന്ന സമതലങ്ങളിലും ചെരിവു പ്രദേശങ്ങളിലും ചരൽ കലർന്ന ചെങ്കൽ മണ്ണാണ്. താഴിവരകളിൽ കളിമണ്ണും, എക്കർ മണ്ണുമാണ്.

തലവൂർ പഞ്ചായത്തിലെ കാർഷിക മേഖലയിൽ ഇന്ന് ഏറ്റവും കൂടുതൽ കൃഷിനടക്കുന്നത് റബ്ബർ മേഖലയിലാണ്. ആകെയുള്ള 3367 ഹെക്ടർ പഞ്ചായത്തിൽ 1515 ഹെക്ടറോളം പ്രദേശങ്ങളിൽ റബ്ബർ കൃഷി നടക്കുന്നു., (പട്ടിക 2) ഇത് പഞ്ചായത്തിന്റെ ആകെ വിസ്തിർണ്ണത്തിന്റെ

44.99 ശതമാനത്തോളം വരും, ആദായകരമായ കൃഷിയായതിനാലും, ഈ മേഖലയിൽ പണിയെടുക്കുന്നതിന് തൊഴിലാളികളെ ലഭ്യമാണെന്നതിനാലും ജനങ്ങൾ കൂടുതലും മറ്റു കൃഷിയിടങ്ങളെ റബ്ബർകൃഷിക്കു വേണ്ടി മാറ്റുന്നു. നെൽ വയലുകൾ പോലും നികത്തി റബ്ബർ കൃഷി നടത്തുന്നു. പനംപറ്റ പ്രദേശങ്ങൾ ഇതിനുദാഹരണമാണ്. ജനങ്ങൾക്ക റബ്ബർകൃഷിയോടുള്ള അമിതാവേശം പരമ്പരാഗത കൃഷികളായ തെങ്ങ്, പ്ലാവ്, മാവ്, പുളി തുടങ്ങിയവയെ മാറ്റിനിർത്തുന്നു. റബ്ബർകൃഷി ഇനിയും പഞ്ചായത്തിൽ കൂടാനാണ് സാദ്ധ്യത, റബ്ബർബോഡിൽ നിന്ന് കാലാകാലങ്ങളിൽ ലഭിക്കുന്ന ഒത്താശകളും, കുറച്ചു മാത്രം വേലയും, വിപണനസാദ്ധ്യതകളും ഈ മേഖലയെ കൂടുതൽ സ്വാധീനിക്കുന്നു ഉയർന്ന സമതലങ്ങളിലും, കുത്തനെ ചെരിവുള്ള പ്രദേശങ്ങളിലുമാണ് കൂടുതൽ റബ്ബർ കൃഷി കാണുന്നത്. ഇടത്തരം ചരിവു പ്രദേശങ്ങളിലും ധാരാളം കണ്ടുവരുന്നുണ്ട്. റബ്ബർകൃഷി പ്രദേശങ്ങളോടുചേർന്നുള്ള മറ്റു കൃഷികൾ റബ്ബറിന്റെ സാന്നിദ്ധ്യം മൂലം വിളനശിക്കുന്നതിനാൽ കൃഷിക്കാർ പലരും മറ്റുകൃഷിയെ മാറ്റി റബ്ബർകൃഷിയിലേക്കു മാറാൻ നിർബ്ബന്ധിതരാകുന്നു.

റബ്ബർ കൃഷി കഴിഞ്ഞാൽ തലവൂർ പഞ്ചായത്തിൽ കൂടുതലായി കാണുന്നത് മിശ്രിത കൃഷികളാണ്. ഇവയിൽ തെങ്ങ്, കവുങ്ങ്, വാഴ, മരച്ചീനി, കുരുമുളക്, പ്ലാവ്, കശുമാവ് തുടങ്ങിയവ ഉൾപ്പെടുന്നു. ആകെ വിസ്തൃതിയുടെ 43.04 ശതമാനം (1449.2 ഹെക്ടർ) പ്രദേശങ്ങളിൽ മിശ്രിത കൃഷിയാണ് കണ്ടുവരുന്നത്. മിശ്രിത കൃഷികൾ കൂടുതലും കാണുന്നത് ഇടത്തരം ചരിവുപ്രദേശങ്ങളിലാണ്. നെൽപ്പാടങ്ങൾ നികത്തിയും മിശ്രിത കൃഷികൾ ചെയ്തുവരുന്നു. ഇതുകൂടാതെ ജനങ്ങൾ താമസിക്കുന്ന വീട്ടുവളപ്പുകൾ കൂടുതലും മിശ്രിതകൃഷിയാണ്.

റബ്ബറും മിശ്രിതകൃഷിയും കഴിഞ്ഞാൽ പിന്നെ പഞ്ചായത്തിൽ കൂടുതലായി കാണുന്നത് നെൽകൃഷിയാണ്. . പഞ്ചായത്തിന്റെ ആകെ വിസ്തൃതിയുടെ 9.20 ശതമാനം (319 ഹെക്ടർ) പ്രദേശത്ത് നെൽകൃഷി നടക്കുന്നു. തുരുപ്പു കൃഷി മാത്രമെ പഞ്ചായത്തിൽ നടക്കുന്നുള്ളു. പ്രധാന നെൽപ്പാടം വടക്കേ ഏലായാണ്. ഇത് പാങ്ങിതിട്ട മുതൽകിഴക്ക് പഴഞ്ഞിയിൽ തോടുവരെ നീണ്ടു കിടക്കുന്നു. മറ്റൊരു പ്രധാന വയൽ തെക്കെ ഏലായിലാണ്. ഇത് കൂരയിൽ നിന്നും തുടങ്ങി ഏകദേശം പഞ്ചായത്തന്റെ തെക്കുഭാഗത്തുകൂടി കിഴക്കുപടിഞ്ഞാറായി കടന്നു പോകുന്നു. കൂടാതെ വടകോട്, പനമ്പറ്റ, പിടവൂർ, കമുകിൻ ചേരി വാർഡുകളിലായി ചെറിയ വയലുകൾ വേറെയുമുണ്ട്.

മേൽ വിവരിച്ച കൃഷികൾക്കു പുറമെ പഞ്ചായത്തിലെ പ്രധാന വിളകൾ തെങ്ങ്, മരച്ചീനി, സുഗന്ധവിളകൾ, തീറ്റപ്പുല്ല, കൈത തുടങ്ങിയവയാണ്. ഇതിനുപുറമെ 26 ഹെക്ടറോളം ഉപയുക്തമായ തരിശുഭൂമിയും പഞ്ചായത്തിലുണ്ട്. (ചിത്രം10)

പട്ടിക 2

നമ്പർ	ഭൂപ്രദേശങ്ങൾ	വിസ്തൃതി ഹെക്ടറിൽ	ശതമാനം
1.	ഉയർന്ന സമതലം	107	3.17
2.	കുത്തനെ ചരിവുള്ള പ്രദേശങ്ങൾ	532	15.80
3.	ഇടത്തരം ചരിവുള്ള പ്രദേശങ്ങൾ	1196	35.52
4.	താഴ്വര	1532	45.50
	ആകെ	3367	100

അവലാഭം: വിഭവ ഭൂപടം, സെസ്സ്

പട്ടിക 3

നമ്പർ	ഭൂവിനിയോഗം	വിസ്തൃതി ഹെക്ടറിൽ	ശതമാനം
1.	റബ്ബർ	1515.1	44.99
2.	മിശ്രിതവിളകൾ	1449.2	43.04
3.	നെല്ല്	310	9.20
4.	ഉപയുക്തമായ തരിശുഭൂമി	26.6	0.79
5.	തരിശുഭൂമി	1.9	0.05
6.	നിലം നികത്തിയ ഭൂമി		
	മിശ്രിത കൃഷി	11.8	0.35
	തെങ്ങ്	33	0.9
	മരച്ചീനി	7.8	0.23
	വാഴ	11.6	0.34

അവലാഭം: വഭവഭൂപടം, സെസ്സ്

നെൽകൃഷി

നമ്പർ	വിള	വിസ്തീർണ്ണം ഹെക്ടറിൽ
1.	നെല്ല് ഒന്നാം വിള	310
2.	നെല്ല് രണ്ടാം വിള	310
3.	നെല്ല് മൂന്നാം വിള	ഇല്ല.

തലവൂർ പഞ്ചായത്തിലെ പാടശേഖരങ്ങളെല്ലാം ഇരുപ്പുനിലങ്ങളാണ്. അത്യുർപ്പാദനശേഷിയുള്ള ജ്യോതി, ജയ, മസൂറി, ത്രിവേണി, പവിഴം, IR-20, തുടങ്ങിയ നെല്ലിനങ്ങളാണ് കൃഷിക്ക് ഉപയോഗിച്ചുവരുന്നത്. രണ്ടാം വിളക്ക് ചില പ്രദേശങ്ങളിൽ ചേറാടി കൃഷി ചെയ്യാറുണ്ട്. സങ്കരയിനങ്ങൾക്ക് ശരാശരി മൂവായിരത്തി ഇരുന്നൂറ്റി അൻപത് കിലോയും ചേറാടിക്ക് ആയിരത്തി എണ്ണൂറ് കിലോയും ഹെക്ടറിന് വിളവ് ലഭിച്ചുവരുന്നുണ്ട്.

വർദ്ധിച്ചു കൊണ്ടിരിക്കുന്ന കൃഷി ചെലവ് തൊഴിലാളികളുടെ ലഭ്യത, പ്രകൃതി ക്ഷോഭം മൂലം ഉണ്ടായികൊണ്ടിരിക്കുന്ന കൃഷിനാശങ്ങൾ എന്നിവ കണക്കാക്കുമ്പോൾ മറ്റ് വിളകളായ വാഴ, മരച്ചീനി എന്നിവയിൽ നിന്നും കിട്ടുന്ന ആദായം നെൽകൃഷിയിൽ നിന്നും ലഭിക്കുന്നില്ല. ആയതിനാൽ നെൽപാടങ്ങളിൽ വാഴ, മരച്ചീനി, ഇഞ്ചി, എന്നിവ വ്യപകമായി ചെയ്തുവരുന്നു. ചിലയിടങ്ങളിൽ ഇഷ്ടിക നിർമ്മാണം, മണ്ണിട്ടു നികത്തലും, കെട്ടിടം വയ്ക്കലും കണ്ടുവരുന്നുണ്ട്.

കൃഷി ഭവനങ്ങളിൽ നിന്നും ലഭിക്കുന്ന സഹായങ്ങൾ വളരെ പരിമിതമാണ്. പ്രകൃതി ക്ഷോഭ ദുരിതാശ്വാസ പദ്ധതി പ്രകാരം തോടുവരമ്പുനിർമ്മിക്കൽ, ഉല്പാദന ബോണസ് ചുരുങ്ങിയ അളവിൽ വിത്തു വിതരണം എന്നവയാണ് നിലവിലുള്ള കൃഷി വികസന പദ്ധതികൾ.

തെങ്ങ്

എഴുന്നൂറ്റി ഇരുപത്തി മുന്നു ഹെക്ടറിൽ വ്യാപിച്ചു കിടക്കുന്ന ഒരു പ്രധാന നാണ്യ വിളയാണ് തെങ്ങ്. തെങ്ങ് ഒന്നിന് വർഷത്തിൽ 25 നാളികേരമാണ് ഈ പ്രദേശത്തെ ശരാശരി ഉൽപ്പാദനം. കാറ്റു വീഴ്ച, കൂമ്പുചീയൽ, ഓലചീയൽ തുടങ്ങിയ രോഗം മൂലം കർഷകർ തെങ്ങ് വെട്ടി മാറ്റി റബ്ബർ കൃഷി ചെയ്യുന്ന പ്രവണത വ്യാപകമായിട്ടുണ്ട്.

വാഴ

ശരാശരി ഒരു വർഷത്തിൽ നൂറ്റിപത്ത് ഹെക്ടർ സ്ഥലത്ത് വ്യാപകമായി ചെയ്തുവരുന്ന ഈ പഞ്ചായത്തിലെ പ്രധാന കാർഷിക വിളയാണ് വാഴ. നേന്ത്രൻ, പാളയൻകോടൻ, ചെങ്കതളി, പൂവൻ, എന്നിവയാണ് വ്യാവസായിക അടിസ്ഥാനത്തിൽ ചെയ്തുവരുന്ന പ്രധാന ഇനങ്ങൾ. ഒരു ഹെക്ടറിന് 15 ടൺ വരെ ശരാശരി വിളവ് ലഭിക്കുന്നു. വാഴ കൃഷി പ്രോൽസാഹിപ്പിക്കുന്നതിന് യാതൊരു പദ്ധതികളും കൃഷിഭവനത്തിൽ നിന്നും നടത്തുന്നില്ല.

ഇഞ്ചി

വർഷംതോറും ശരാശരി 40 ഹെക്ടർ സ്ഥലത്ത് ഇഞ്ചി കൃഷി ചെയ്തുവരുന്നു. വ്യവസായികാടിസ്ഥാനത്തിൽ കൃഷിചെയ്യുവാൻ സാദ്ധ്യതയുള്ള ഒരു സുഗന്ധവിളയാണ് ഇഞ്ചി. സമഗ്രസുഗന്ധവിള വികസന പദ്ധതി പ്രകാരം ചുരുക്കം കർഷകർക്കു മാത്രമെ കൃഷിഭവനിൽ നിന്നും സഹായം ലഭിക്കുന്നുള്ളു. ഹെക്ടറിന് 5000 കിലോഗ്രാം വരെ ഇഞ്ചി ഇവിടെ വിളയുന്നുണ്ട്.

കുരുമുളക്

ദേശീയ തലത്തിൽ വളരെ പ്രാധാന്യമുള്ള സുഗന്ധവിളയാണ് കുരു മുളക്. പഞ്ചായത്തിലെ എല്ലാ കരഭൂമിയും ഈ കൃഷിക്ക് വളരെ അനുയോജ്യമാണ്. തോട്ടം അടിസ്ഥാനത്തിൽ കുരുമുളക് കൃഷി ചെയ്യുന്നവർ ചുരുക്കം . ഒരു ഹെക്ടറിന് ശരാശരി 450 കിലോഗ്രാം വരെ വിളവ് ഉണ്ടാകുന്നുണ്ട്. കൃഷിഭവനിൽ നിന്നും പരിമിതമായ സഹായങ്ങളേ ലഭിക്കുന്നുള്ളു. വ്യാവസായകാടിസ്ഥാനത്തിൽ കൃഷിചെയ്യുവാൻ പ്രോൽസാഹിപ്പിക്കാവുന്ന വിളയാണ് കുരു മുളക്.

പച്ചക്കറികൾ

മൂന്നാം വിളക്കാലത്ത് വ്യവസായകാടിസ്ഥാനത്തിൽ ചെയ്യാവുന്ന പ്രധാനപ്പെട്ട കൃഷിയാണ് പച്ചക്കറികൾ, തമിഴ്നാട്ടിൽനിന്നും ലഭിച്ചു കൊണ്ടിരിക്കുന്ന പച്ചക്കറികളേക്കാൾ ഗുണനിലവാരമുള്ള പച്ചക്കറികൾ ഇവിടെ കൃഷിചെയ്തെടുക്കാൻ സാധിക്കുന്നു. നിലവിൽ വർഷം തോറും ശരാശരി 40 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷിചെയ്തുവരുന്നുണ്ട്. ഹെക്ടറിന് ആയിരത്തി അഞ്ഞൂറു കിലോവരെ ശരാശരി വിളവ് ലഭിക്കുന്നുണ്ട്

കൈതച്ചക്ക:

കൈതച്ചക്കക്ക് വളരെയധികം അനുയോജ്യമായ മണ്ണും കാലാവസ്ഥയുമാണ്ഈ പ്രദേശത്തിനുള്ളത്. ഇവിടെ നിന്നും സംസ്ഥാന കാർഷികമേളയ്ക്ക് കൊണ്ടുപോയിട്ടുള്ള കൈതച്ചക്കക്ക് പ്രദർശന മൽസരത്തിൽ സമ്മാനം ലഭിച്ചിട്ടുണ്ട്. ഈ കൃഷിപ്രോൽസാഹിപ്പിക്കുന്നതിന് നിലവിൽയാതൊരു വിധ പദ്ധതികളും കൃഷിഭവനിൽ ഇല്ല.

കശുമാവ്

പഞ്ചായത്തിലെ ഉയർന്ന പ്രദേശങ്ങളിൽ വ്യാപകമായി ചെയ്യാവുന്ന ഒരു നാണ്യവിളയാണ് കശുമാവ്. 48 ഹെക്ടർ സ്ഥലത്ത് കശുമാവ് നിലവിൽ ഉണ്ടെങ്കിലും തോട്ടം അടിസ്ഥാനത്തിൽ കൃഷിചെയ്യുന്നവർ വിരളമാണ്. ഹെക്ടറിന് ശരാശരി 1200 കിലോ വരെ വിളവ് ലഭിക്കുന്നുണ്ട്.

വളം

സഹകരണ മേഖലയിൽ 8ഉം സ്വകാര്യമേഖലയിൽ 7ഉം വളം വിപണന കേന്ദ്രങ്ങൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ശാസ്ത്രീയാടിസ്ഥാനത്തിൽ അല്ല കൂടുതൽ കർഷകരും വളപ്രയോഗം നടത്തിവരുന്നത്. അമിതമായ രാസവളപ്രയോഗം മണ്ണിന്റെ ഉൽപ്പാദന ക്ഷമത നശിപ്പിക്കുന്നതോടൊപ്പം കൃഷിചിലവും വർദ്ധിപ്പിക്കുന്നതായി മനസ്സിലാക്കുന്നു. പഞ്ചായത്തതിർത്തിയിലെ കഴിഞ്ഞ 5 വർഷത്തെ വളം വില്പനയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വർഷം	നൈട്രജൻ	ഫോസ്ഫറസ്സ്	പൊട്ടാഷ്
1990	80 ടൺ	60 ടൺ	75 ടൺ
1991	85 ടൺ	64 ടൺ	80 ടൺ
1992	89 ടൺ	67 ടൺ	85 ടൺ
1993	82 ടൺ	65 ടൺ	80 ടൺ
1994	80 ടൺ	67 ടൺ	78 ടൺ
1995	78 ടൺ	70 ടൺ	80 ടൺ

മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ രാസവളപ്രയോഗം വ്യാപകമാക്കേണ്ടതാണ്.

കീടനാശിനികൾ

കൃഷിഭവനിൽ നിന്നും ലഭിക്കുന്ന കീടനാശിനികളാണ് പഞ്ചായത്തിൽ കൂടുതലായി ഉപയോഗിച്ചുവരുന്നുത്. കീടനാശിനി വിൽപ്പനക്കായി സഹകരമേഖലയിലോ സ്വകാര്യമേഖലയിലോ ഈ പ്രദേശത്ത് വിൽപ്പന കേന്ദ്രം നിലവിൽ ഇല്ല.

കാർഷിക ഉപകരണങ്ങൾ

പാട ശേഖര കമ്മറ്റിക്കായി സൗജന്യ നിരക്കിൽ ഒരു ടില്ലർ, 25 സ്പെയറുകൾ, ഒരു മെതിയന്ത്രം, ഒരു പാറ്റ് യന്ത്രം, 3 വിത്ത് സംഭരണികൾ എന്നിവ നൽകിയിട്ടുണ്ട്. പാണ്ടിത്തിട്ട 1.H.D.P. കോളനിയിൽ ഒരു ട്രാക്ടറും ചിറ്റാശ്ശേരിയിൽ പ്രവർത്തിക്കുന്ന ആവണിശ്വരം ഹരിജൻ സർവീസ്സ് സഹകരണ സംഘത്തിന് ഒരു ടില്ലറും സൗജന്യമായി കൃഷിഭവനിൽ നിന്നും നൽകിയിട്ടുണ്ട്. കൂടാതെ 50 നാടൻ കലപ്പകൾ കർഷകരുടെ കൈവശം ഉള്ളതായി മനസ്സിലാക്കുന്നു. ഉഴവു മാടുകളെ ഉപയോഗിച്ചുള്ള കൃഷിപ്പണി വളരെ കുറവാണ്. സമീപ പ്രദേശങ്ങളിൽ നിന്നും വാടകക്ക് യന്ത്രോപകരണങ്ങൾ കൊണ്ടുവന്നും ഇവിടെ കൃഷിപണികൾ നടത്തിവരുന്നു.

പാടശേഖര സമിതികൾ

തലവൂർ പഞ്ചായത്തിൽ 11 പാടശേഖരസമിതികളാണ് നിലവിൽ ഉള്ളത്. ഫലപ്രഥമായി പ്രവർത്തിക്കുന്ന സമിതികൾ വളരെ ചുരുക്കമാണ്. ഓരോ സമിതിയുടേയും വിളക്രമവും വിസ്തീർണ്ണവും അടങ്ങിയ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

നമ്പർ കൾ	പാടശേഖര സമിതിയുടെ	വിസ്തീർണ്ണം	കർഷകരുടെ പേർ	ഹെ.	ഒന്നാം വിള എണ്ണം	രണ്ടാം വിള	മൂന്നാം വിള	മറ്റു കൃഷി
1	കൊടുവം വേളിപ്ര		41	261	നെല്ല്	നെല്ല്	പയർ	പച്ചക്കറി
2	ചെമ്പണ വെൺകുളം ഏല		26	95	"	"	"	
3	വേട്ടൻപള്ളി കോട്ടൂർ കോണം		14	58	"	"	"	
4	മൂഴി ഏല		12	84	"	"	പച്ചക്കറി	
5	പാണ്ടിത്തിട്ട		30	156	"	"	"	
6	ഉപ്പൂഴി അമ്പലം തെക്ക്		24	102	"	"	"	
7	ഇളങ്ങമൺ ഏല		10	36	"	"	പയർ	
8	നിലമേൽഏല	20	86	"	"	"		
9	ഇലിഞ്ഞിൻ ഏല		10	22	"	"	"	
10	പഴഞ്ഞൂർ ഏല		10	42	"	"	"	
11	വൈക്കത്തറ ഏല		16	95	"	"	പച്ചക്കറി,	പയർ
	ആകെ		213	1037				

പാടശേഖരങ്ങളുടെ വിസ്തീർണ്ണം മേൽകാണിച്ചിട്ടുള്ള പ്രകാരം ഉണ്ടെങ്കിലും ഇതിൽ 25% സ്ഥലങ്ങളിൽ മരച്ചീനിയും വാഴയുമാണ് ഇപ്പോൾ കൃഷി ചെയ്തുവരുന്നത്.

കൂലി നിരക്ക്

കാർഷികമേഖലയിൽ തൊഴിലാളികളുടെ എണ്ണം ദിനം പ്രതി കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ആകെ 5300 കർഷക കുടുംബങ്ങൾ ഉള്ളതിൽ 1325 കുടുംബങ്ങൾ മാത്രമാണ് കൃഷി മുഖ്യഉപ ജീവനമാർഗ്ഗമായി സ്വീകരിച്ചിട്ടുള്ളവർ . ഏകദേശം 1200 ഓളം കർഷകതൊഴിലാളികളാണ് പഞ്ചായത്തിൽ ഉള്ളത്. തൊഴിലാളികളിൽ അധികവും കെട്ടിടനിർമ്മാണ പ്രവർത്തനങ്ങൾ, ഇഷ്ടിക നിർമ്മാണം, ചുമട്ടു തൊഴിൽ, സ്ത്രീകൾ അധികവും കശുവണ്ടി സംസ്കരണം തുടങ്ങിയ മേഖലയിൽ പണിചെയ്യുന്നു. പുരുഷ തൊഴിലാളികൾക്ക് 100 രൂപയും സ്ത്രീ തൊഴിലാളികൾക്ക് 80 രൂപയുമാണ് നിലവിലുള്ള വേതന നിരക്ക്.

കാർഷിക വായ്പ

രണ്ട് സഹകരണ ബാങ്കുകൾ ഉൾപ്പെടെ നാലു ബാങ്കുകൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ശരാശരി ഒരു വർഷം .....ലക്ഷം രൂപ കൃഷി ആവശ്യത്തിനായി ഈ ബാങ്കുകൾ മുഖേന വിതരണം ചെയ്തുവരുന്നു. കൃഷിവായ്പകൾ മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നുവെന്ന പൊതുവെ അഭിപ്രായമുണ്ട്. സങ്കീർണ്ണമായ അപേക്ഷാവ്യവസ്ഥകൾ പലപ്പോഴും കർഷകരെ നിരാശരാക്കുന്നു. വായ്പ തിരിച്ചടക്കുന്നതിലുള്ള വിമുഖതയും പലപ്പോഴും പ്രശ്നമായി തീരാറുണ്ട്.

നമ്പർ –	ബാങ്കിന്റെ പേര്
1.	സർവ്വീസ് സഹകരണ ബാങ്ക്, പിടവൂർ
2.	കാനറാ ബാങ്ക്, പിടവൂർ
3.	സർവ്വീസ് സഹകരണബാങ്ക്, തലവൂർ
4.	ഇൻഡ്യൻ ബാങ്ക്, തലവൂർ

ജലസേചനം

മഴയെ മാത്രം ആശ്രയിച്ചാണ് ഇവിടെ കൃഷി ഇറക്കുന്നത് വർഷത്തിൽ രണ്ടു ഘട്ടങ്ങളായി ലഭിക്കുന്ന മഴയാണ് കൃഷിക്ക് സഹായക മായിട്ടുള്ളത്

കല്ലട ജലസേചന പദ്ധതിയുടെ കനാലുകൾ പഞ്ചായത്തിന്റെ പലഭാഗത്തു കൂടി തുറന്നിട്ടുണ്ടെങ്കിലും പ്രവർത്തന ക്ഷമമായിട്ടില്ല. മാത്രമല്ല പഞ്ചായത്തിലെ ഞാറയ്ക്കാട് വാർഡിൽ കൂടി പോകുന്ന ലീസിംഗ് ചാനലിൽ നിർമ്മിച്ചിട്ടുള്ള അക്വിസിറ്റ് പൊട്ടി മഴക്കാലത്ത് വ്യപകമായ കൃഷിനാശവും സംഭവിക്കാറുണ്ട്.

കുരാ-കുന്നിക്കോട് തോട്, പഴഞ്ഞൂർ തോട് പാണ്ടിത്തിട്ട- നെടുവന്നൂർ തോട് എന്നവയാണ് പഞ്ചായത്തിൽകൂടി ഒഴുകുന്ന പ്രധാന തോടുകൾ. ഇവയെല്ലാം കൂടി 12 കി.മി.ദൈർഘ്യമുണ്ട്. പ്രധാന തോടുകളിൽ നിന്നും ശാഖതിരിഞ്ഞുള്ള കൈതോടുകളും ഉണ്ട്. തോടുകളിൽ നിർമ്മിച്ചിട്ടുള്ള 20 ഓളം ചീർപ്പുകളിൽ ഒന്നും തന്നെ പ്രവർത്തനയോഗ്യമല്ല.

കുളങ്ങൾ

ഉടൻതന്നെ പ്രവർത്തന ക്ഷമമാക്കാവുന്ന 7 കുളങ്ങളും ചെളികോരി പ്രവർത്തന ക്ഷമമാക്കാവുന്ന 4 കുളങ്ങളും നിലവിലുണ്ട്. കൂടാതെ പഞ്ചായത്തിന്റെ പലഭാഗങ്ങളിലായി ഉപയോഗശൂന്യമായി കിടക്കുന്ന 6 കുളങ്ങളും ഉണ്ട്. നിലവിൽ ഈ കുളങ്ങളിലെ വെള്ളം ജലസേചനത്തിന് ഉപയോഗിക്കുന്നില്ല.

മണ്ണ് സംരക്ഷണം

മഴക്കാലത്ത് മണ്ണൊലിപ്പ് ഉണ്ടാകുന്നത് കാരണം വർഷം തോറും വ്യാപകമായ കൃഷിനാശം ഉണ്ടാകാറുണ്ട്. വളക്കൂറുള്ള മേൽമണ്ണ് നഷ്ടപ്പെടുന്നതുകൊണ്ട് മണ്ണിന്റെ ഉൽപാദനക്ഷമത കുറഞ്ഞു കാണുന്നു. മണ്ണ് സംരക്ഷണത്തിനായി ഭൂമി തട്ടു തിരിക്കൽ പുൽകൃഷി, ഔഷധ സസ്യങ്ങൾ, എന്നിവ കൃഷിചെയ്യുന്നതിനും മൺകൈയാലകൾ നിർമ്മിക്കുന്നതിനും മുൻകാലങ്ങളിൽ ഉണ്ടായിരുന്ന പദ്ധതികൾ പുനഃസ്ഥാപിക്കേണ്ടതാണ്.

നഴ്സറികൾ

തൈകളുടെയും വിത്തുകളുടേയും ഗുണനിലവാരം ഉറപ്പുവരുത്താൻ നിലവിൽ പദ്ധതികൾ ഇല്ല. പഞ്ചായത്ത് അതിർത്തിയിൽ പ്രവർത്തിക്കുന്ന സ്വകാര്യ നഴ്സറികളിൽ ഉല്പാദിപ്പിക്കുന്ന നടീൽ വസ്തുക്കളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് സ്വീസ് ആക്ട് കർശനമാക്കേണ്ടതുണ്ട്.

കൃഷിഭവൻ

തലവൂർ പഞ്ചായത്തലെ കാർഷികവികസനപ്രവർത്തനങ്ങൾക്ക് പ്രോൽസാഹനം നൽകിവർന്ന പ്രധാനസർക്കാർ സഥാപന മാണ് കൃഷിഭവൻ. ഒരുകൃഷി ആഫീസറും മുന്ന് കൃഷി അസിസ്റ്റന്റും ഒരു പാർട്ട്- ടൈം ജീവനക്കാരനും ഉള്ള കൃഷിഭവന്റെ പ്രവർത്തനം കർഷകരുടെ പ്രതീക്ഷക്കൊത്ത് ഉയരുന്നില്ലാ എന്ന് അഭിപ്രായമുണ്ട്.

നിലവിലുള്ള പദ്ധതികൾ:-

1. നെൽകൃഷി ഉൽപാദന ബോണസ്
2. സൗജന്യ നിരക്കിൽ കർഷക യന്ത്രങ്ങൾ വിതരണം ചെയ്യൽ
3. ഗുണമേൻമയുള്ള നടീൽ വസ്തുക്കളുടെ വിതരണം.
4. സമഗ്രനാളീകേര വികസന പദ്ധതികൾ
   a) സൗജന്യ നിരക്കിൽ കിണറും പമ്പ് സെറ്റും വിതരണം ചെയ്യൽ
   b) തെങ്ങുകൾക്ക് സൗജന്യ നിരക്കിൽ വളം വിതരണം ചെയ്യൽ
   c) തെങ്ങുകയറ്റയന്ത്രം സ്പെയർ എന്നിവ സൗജന്യ നിരക്കിൽ നൽകൽ
   d) തെങ്ങുകൃഷിവ്യാപക മാക്കുന്നതിനുള്ള ധനസഹായം
5. ഹരിജൻ കോളനി വികസന പദ്ധതികൾ
   a) തെങ്ങിൻ തൈ വിതരണം
   b) ഫാം ഹൗസുകൾ നിർമ്മിച്ചു നർകൽ
   c) ജനസേചന കിണറുകൾ നിർമ്മിച്ചു നൽകൽ
   d) കാർഷിക പരിശീലനം
6. വളം, കീടനാശിനി ഗുണനിലവാര നിയന്ത്രണം
7. സുഗന്ധ ദ്രവ്യ വികസന പദ്ധതികൾ
8. തൊഴിൽ ദാന പദ്ധതികൾ
9. കാർഷിക സെമിനാറുകൾ
10. ബയോഗ്യാസ് വികസന പദ്ധതികൾ
11. പ്രകൃതി ക്ഷോഭ ദുരിതാശ്വാസ പദ്ധതികൽ
12. വിള ഇൻഷ്വറൻസ് പദ്ധതികൾ
13. കംപോസ്റ്റ് നിർമ്മാണം
14. ദേശീയ നിർമതി വികസന പദ്ധതി

തുടങ്ങിയവക്കാണ് കൃഷിഭവനിൽകൂടി ഈ വർഷം നടപ്പിലാക്കി കൊണ്ടിരിക്കുന്ന പദ്ധതികൾ. സമഗ്ര നാളീകേര വികസന പദ്ധതി, പ്രകൃതി ക്ഷോഭ ദുരിതാശ്വാസ പദ്ധതി, പട്ടികജാതി വികസന പദ്ധതികൾ എന്നിവ ഒഴിച്ചാൽ അർഹതപ്പെട്ട എല്ലാ കർഷകർക്കും നൽകുവാൻ ഇവിടെകിട്ടി കൊണ്ടിരിക്കുന്ന പദ്ധതി വിഹിതം പര്യാപ്തമല്ല. വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം ആനു കൂല്യത്തിന് അപേക്ഷിച്ച കർഷകർക്ക് നാളിതുവരെയായി സഹായം നർകിയിട്ടില്ല. തൊഴിൽദാനപദ്ധതിപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളവരിൽ ചുരുക്കം അംഗങ്ങൾക്ക് മാത്രമെ പദ്ധതി ആനുകൂല്യം ലഭിച്ചുട്ടുള്ളു. ദേശീയ നീർമറി വികസന പദ്ധിതി പ്രകാരം വികസനത്തിനായി 750 ഹെക്ടർ പ്രദേശം തിരഞ്ഞെടുത്തിട്ടുണ്ടെങ്കിലും അതിർത്തി നിർണ്ണയം ഒഴികെ മറ്റൊരു പ്രവർത്തനങ്ങളും ഇതുവരെ ആരംഭിച്ചിട്ടില്ല.

പ്രശ്നങ്ങൾ

നെല്ല്:-
ഏലാ പ്രദേശങ്ങളിലെ ജലനിർഗ്ഗമനതോടുകൾ മിക്കവയും ഉപയോഗപ്രദമല്ല. മണ്ണിറക്കിയും കൈതവച്ചും തോടുകളുടെ വിസ്തൃതി ചുരുക്കിയിരിക്കുന്നതിന്ൽ മഴക്കാലത്ത് വെള്ള പ്പൊക്കമുണ്ടാകുകയും മണ്ണ് ഇറങ്ങി കൃഷി നശിക്കുകയും ചെയ്യുന്നു.

തോടുകളിൽ സ്ഥാപിച്ചുട്ടുള്ള ക്രോസ് ബാറുകൾ ഉപയോഗപ്രദമല്ലാത്തതിനാൽ കൃഷിയ്ക്ക് ഉള്ള ജലം തിരിച്ച് പ്രയോജനപ്പെടുത്താൻ സാധിക്കുന്നില്ല.

തോട്ടുവരമ്പുകൾ ഇടിഞ്ഞ് വെള്ളം കയറി കൃഷി നാശം സംഭവിച്ചുകൊണ്ടിരിക്കുന്നതും ഉല്പാദനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്.

മുന്നാം വിളക്കാലത്ത് ജലസേചന സൗകര്യം ഇല്ലാത്തതിനാൽ പുഞ്ചകൃഷി ഇറക്കാൻ സാധിക്കുന്നില്ല. നെല്ലിന് വിപണന സൗകര്യം ഇല്ലാത്തതിന്ൽ കർഷകർക്ക് ന്യായ വില ലഭിക്കുന്നില്ല. അമിതമായ വളത്തിന്റെ വില, തൊഴിലാളികളുടെ അഭാവം എന്നിവ നെൽകൃഷിയെ പ്രതികൂലമായി ബാധിച്ചുകൊണ്ടിരിക്കുന്ന ഘടകങ്ങളാണ്.

തെങ്ങ്:-
രോഗബാധിതമായ തെങ്ങുകൾ വെട്ടി മാറ്റുന്നതിന് പഞ്ചായത്തിൽ പുതിയ പദ്ധതികൾ ഇല്ല. കീടങ്ങളുടേയും കാറ്റുവീഴ്ച, കൂമ്പുചീയൽ, ഓലചീയൽ തുടങ്ങിയ രോഗങ്ങളുടെ ബാഹുല്യം നിമിത്തം തെങ്ങിൽ നിന്നുള്ള ആദായം നിരന്തരം കുറഞ്ഞുകൊണ്ടിരിക്കുന്നു. വിപണന സൗകര്യം ഇല്ലാത്തതിനാൽ തേങ്ങയ്ക്ക് ന്യായവില കിട്ടുന്നതിന് മാർഗ്ഗമില്ല.

വാഴ:-
മേൽത്തരം വിത്തുകളുടെ അഭാവവും പ്രകൃതി ക്ഷോഭവും മൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങളും ഈ കൃഷിയെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. വളത്തിന്റെ വിലവർദ്ധനവുമൂലം ഉല്പാദന ചിലവ് നിത്യേന കൂടി കൊണ്ടിരിക്കുന്നു. വിപണനസൗകര്യം ഇല്ലാത്തതിനാൽ കർഷകർ സമീപ പ്രദേശങ്ങളിലെ ചന്തകളിൽ കൊണ്ടുപോയി അന്നത്തെ മാർക്കറ്റ് വിലയ്ക്ക് വിറ്റു പോരുവാൻ നിർബന്ധിതരാകുന്നു.

ഇഞ്ചി :- മേൽത്തരം വിത്തുകളുടെ അഭാവവും കുമിൾ രോഗങ്ങളും ഇഞ്ചികൃഷിയെ പ്രതികൂലമായി ബാധിച്ചുകൊണ്ടിരിക്കുന്നു. മുന്തിയ ഇനം വിത്തുകൾ ലഭിക്കാത്തതും വിപണന സൗകര്യം ഇല്ലാത്തതും മൂലം കൃഷി വ്യാപകമാക്കുവാൻ കർഷകൽ മടിക്കുന്നു.

പച്ചക്കറി:-
മൂന്നാം വിളക്കാലത്ത് ജലസേചന സൗകര്യം ഇല്ലാത്തതിനാൽ പപാടശേഖരങ്ങളിൽ പച്ചക്കറി കൃഷി വ്യാപകമാക്കുവാൻ സാധിക്കുന്നില്ല. മുന്തിയതരം വിത്തുകൾ ഈ പ്രദേശത്ത് ലഭ്യമല്ല. ആയതിനാൽ പച്ചക്കറി കൃഷിയോടുള്ള താല്പര്യം കർഷകരിൽ കുറഞ്ഞുവരുന്നു.

നിർദ്ദേശങ്ങൾ

നെല്ല്
1) മേൽത്തരം വിത്തിനങ്ങൾ ലഭിക്കുന്നതിന് ബ്ലോക്ക് തലത്തിൽ നാഷണൽ സീഡ് കോർപ്പറേഷന്റെ ഒരു വിപണന കേന്ദ്രം തുറക്കുന്നതിന് നടപടി സ്വീകരിക്കുക.
2) ഗ്രൂപ്പ് ഫാമിംഗ് സമിതികളിൽ നിന്നും നെല്ല് ശേഖരിച്ച് സംസ്കരിച്ച് അരിയും വിവിധ ഉൽപന്നങ്ങളും ആക്കി വിപണിയിൽഎത്തിക്കുന്നതിന് ബ്ലോക്ക് തലത്തിൽ ഫാക്ടറി ആരംഭിക്കുക. നെല്ലിന് ന്യായവില ഉറപ്പാക്കുവാൻ ഒരു പരിധിവരെ ഇത് സഹായകമാകും
3) ഉൽപ്പാദന ബോണസ് ആയി ഇപ്പോൽ നൽകികൊണ്ടിരിക്കുന്ന തുക സെന്റ് ഒന്നിന് 50 രൂപയാക്കി ഉയർത്തുകയും കൃഷി ഭവന്റെ സാങ്കേതിക ഉപദേശങ്ങൾക്ക് വിധേയമായി കൃഷിചെയ്യുന്ന കർഷക്ർക്ക് മാത്രം നൽകുവാൻ വ്യവസ്ഥയുണ്ടാക്കുക.
4) നെൽകൃഷിക്ക് സൗജന്യ നിരക്കിൽ കാർഷിക ഉപകരണങ്ങൾ നൽകുവാൻ നിലവിലുള്ള പദ്ധതി ഈ പ്രദേശത്ത് പ്രായോഗികമല്ല. എല്ലാ യന്ത്രവൽക്കരണത്തിനായി അനുവദിക്കുന്ന ഈ തുക ഉപയോഗിച്ച് നെൽകൃഷിക്ക് 50 ശതമാനം സൗജന്യനിരക്കിൽ രാസ വളവും കുമ്മായവസ്തുക്കളും അനുവദിക്കുകയാണെങ്കിൽ കൂടുതൽ

കർഷകരെ നെൽകൃഷിയിലേക്ക് ആകർഷിക്കുവാൻ സഹായകമാണ്.

5) കാർഷിക ഉൽപ്പന്നങ്ങൾ സൗജന്യനിരക്കിൽ വ്യക്തികൾക്ക് അനുവദിക്കുന്നപക്ഷം സാമ്പത്തിക ശേഷിയുള്ള കർഷകർ അവ വാങ്ങി മറ്റു കൃഷിക്കാർക്ക് വാടകയ്ക്ക് ലഭ്യമാക്കുവാൻ സഹായകമാകും.

6) ഏലാ തോടുകൾക്ക് വീതി കൂട്ടിയും തോട്ടുവരമ്പുകൾ കെട്ടിയും തോടുകുഴിച്ചു താഴ്ത്തിയും ജല നിർഗ്ഗമന മാർഗ്ഗങ്ങൾ മെച്ചപ്പെടുത്തി കൃഷിനാശം തടയുക.

7) പഞ്ചായത്തിൽ പണിതീർന്നു കിടക്കുന്ന കുളങ്ങൾ പമ്പ് സെറ്റ് സ്ഥാപിച്ച് ജലസേചന യോഗ്യമാക്കിയാൽ കുറഞ്ഞത് 30 ഹെക്ടർ സ്ഥലത്തെങ്കിലും മൂന്നാം വിള സാധ്യമാകും. ഉപയോഗശൂന്യമായ കുളങ്ങൾ മണ്ണ് എടുത്ത് മാറ്റി സൈസ് കെട്ടി ഉറപ്പിച്ച് ജലസേചന യോഗ്യമാക്കിയാൽ കൂടുതൽ പ്രദേശത്ത് പുഞ്ച കൃഷിചെയ്യുവാൻ കഴിയുന്നതാണ്.

8) കല്ലട ജലസേചന പദ്ധതി അനുസരിച്ച് ഞാറയ്ക്കാട് വാർഡിൽ നിർമ്മിച്ചിട്ടുള്ള അക്വിസിറ്റിലന്റെ പണി പൂർത്തീകരിച്ച് കൃഷിനാശം തടയുകയും ജലസേചനം വിപുലീകരിക്കുകയും ചെയ്യാം.

9. കശുവണ്ടി ഫാക്ടറിയിലെ അവധി ദിവസങ്ങൾ കൃഷി ഇറക്കുന്ന കാലവുമായി ഏകോപിപ്പിക്കുക.

10. ഏലാ പ്രദേശത്ത് ദീർഘകാല വിളകൾ നടുന്നതും മണ്ണ് ഇട്ടു നിർത്തുന്നതും ചെളി എടുത്ത് ഇഷ്ടിക വ്യവസായം നടത്തുന്നതും നിയമവിരുദ്ധമാക്കുകയും വിപരീതമായി പ്രവർത്തിക്കുന്നവർക്കെതിരെ ശിക്ഷണനടപടികൾ സ്വീകരിക്കുന്നതിനും വ്യവസ്തയുണ്ടാക്കുക.

തെങ്ങ്:-

1. പഞ്ചായത്തിലെ കാറ്റുവീഴ്ച ബാധിച്ച മുഴുവൻ തെങ്ങുകളും മുറിച്ചുമാറ്റി അത്യുൽപാദനശേഷിയുള്ള തൈകൾ നടുവാൻ സഹായം നൽകുക.
2. തെങ്ങിന് സൗജന്യ നിരക്കിൽ രാസവളം കാർഷിക ഉപകരണങ്ങൾ എന്നിവ അനുവദിക്കുക.
3. തെങ്ങിന് മരുന്നു തളി സാർവത്രികമാക്കുക. കീടനാശിനി, കുമിൾ നാശിനി , എന്നിവ വാങ്ങുന്നതിന് സബ്സിഡി അനുവദിക്കുക.
4. ജലസേചനത്തിന് സൗജന്യനിരക്കിൽ കിണറും പമ്പ് സെറ്റും ലോൺ ബാധകമാക്കാതെ അനുവദിക്കുക.
5. തെങ്ങിനുള്ള വളം സബ്സിഡിക്ക് നിലവിലുള്ള പരിധികുറക്കുക.

വാഴ:-

1. മേൽത്തരം വാഴ വിത്തുകൾ സൗജന്യനിരക്കിൽ നൽകുക.
2. രാസവളത്തിന് സബ്സിഡി അനുവദിക്കുക.
3. മാതൃക കൃഷിതോട്ടങ്ങൾ സ്ഥാപിക്കുക 4. ഏത്തയ്ക്കാപൊടി, ഏത്തക്കാ വറ്റിൽ എന്നിവ ഉണ്ടാക്കി വിപണനംചെയ്യുന്ന കുടിൽ വ്യവസായ യൂണിറ്റുകൾ അരംഭിക്കുക.

ഇഞ്ചി:-

1. മേൽത്തരം വിത്ത് ഇനങ്ങൾ സൗജന്യനിരക്കിൽ നൽകുക.
2. മാതൃകാ കൃഷിതോട്ടങ്ങൾ ഉണ്ടാക്കുക.

പച്ചക്കറി

1. ഗുണനിലവാരമുള്ള പച്ചക്കറി വിത്തുക്കൾ മൂന്നാം വിളക്കാലത്ത് കൃഷിഭവനിൽകൂടി ലഭ്യമാക്കുക.
2. ജലസേചന കുളങ്ങ ഉല്പന്നങ്ങൾക്ക് ന്യായ വില ലഭ്യമാക്കുവാൻ യാതൊരു വിധ സംവിധാനവും നിലവിലില്ല. ജൈവ വളത്തിന്റെ ഉപയോഗം ഈ പ്ത്ത് വളരെ കുറവാണ്. ശാസ്തീയമായ വള പ്രയോഗ രീതി ജൈവവളത്തിന്റെ ഉപയോഗം ഈ പ്രദേശത്ത് വളരെ കുറവാണ്. ശാസ്ത്രീയമായ വള പ്രയോഗ രീതി നടക്കാത്തതിനാൽ കൃഷി ചെലവ് കൂടുന്നു. മണ്ണ് പരിശോധന ഇല്ലാത്തതിനാൽ മണ്ണ് അറിഞ്ഞുള്ള കൃഷി രീതികൾ അവലംബിക്കുവാൻ കഴിയുന്നില്ല.

റബ്ബർ, കുരുമുളക്, ഇഞ്ചി, വാഴകുല, കശവണ്ടി, മരച്ചീനി, നെല്ല് തുടങ്ങിയ കാർഷിക ഉൽപ്പന്നങ്ങൾ സംഭരിച്ച് വിപണനം ചെയ്യുന്നതിന് ഒരു കാർഷിക ഉല്പ്പന്ന സംഭരണ വിപണന സഹകരണ സംഘംസ്ഥാപിക്കുക.

ഓരോ കാൽഷിക വിളകളിലും താൽപര്യമുള്ള കർഷകരെ തെരെഞ്ഞെടുത്ത് പ്രത്യേക പരിശീലനം നൽകി മാതൃകാ കർഷകരായി ഉയർത്തുക. നഴ്സറികൾക്ക് ലൈസൻസ് ഏർപ്പെടുത്തുകയും സീസ് ആക്ട് നിർബന്ധമാക്കുകയും ചെയ്യുക. മണ്ണ് പരിശോധിച്ച് വളപ്രയോഗം നടത്തുന്നതിന് ബോധവർക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക. കംമ്പോസ്റ്റ് നിർമ്മാണത്തിനായി അനുവദിക്കുന്നതുക ഉപയോഗിച്ച് പഞ്ചായത്ത്പ്രദേശത്ത് മണ്ണിര കംമ്പോസ്റ്റ് ഉണ്ടാക്കി ലേലം ചെയ്ത് കർഷകർക്കു നൽകുക. മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൽക്ക് സഹായം അനുവദിക്കുക

വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്ത കർഷകർക്ക് കൃഷിനാശം സംഭവിച്ചാൽ

ഉടൻ നഷ്ടപരിഹാരം നൽകുവാൻ സംവിധാനം ഏർപ്പെടുത്തുക.

ദേശീയ നീർമറി പദ്ധതി പ്രകാരമുള്ള വികസന പദ്ധതികൾ ഈ പഞ്ചായത്തിലെ നെടുവന്നൂർ, കമുകം ചേരി, എന്നീ പ്രദേശങ്ങൾക്കു കൂടി ബാധകമാക്കുക. സുഗന്ധ വിള വികസന പദ്ധതിയുടെ വിഹിതം കൂട്ടുക.

നടീൽ വസ്തുക്കൾ കൃഷി ഭവനിൽ നിന്നും ആവശ്യപ്പെടുന്ന കണക്കനുസരിച്ച് മാത്രം അനുവദിക്കുക.

വികസന പദ്ധതികളും ഫണ്ടും മാർഗ്ഗ നിർദ്ദേശങ്ങളും സാമ്പത്തിക വർഷാരംഭത്തിൽ തന്നെ നൽകുക.

കൃഷിമുഖ്യഉപജീവന മാർഗ്ഗമായി സ്വീകരിച്ചിട്ടുള്ള കർഷകരേയും കാർഷിക മേഖലയിൽ തേടുന്ന യുവ ജനങ്ങളേയും ഉൾപ്പെടുത്തി കാർഷിക ഗവേഷണ പഠന കേന്ദ്രങ്ങളിലേക്കും കൃഷി ഫാമുകളിലേക്കു പഠനയാത്രകൾ സംഘടിപ്പിക്കുക.

കല്ലടയാറിന്റെയും, പഴിഞ്ഞിയിൽ തോടിന്റേയും കരയിടിഞ്ഞിണ് കൃഷിയിടങ്ങൾ വ്യാപകമായി നശിക്കുന്നത് തടയുവാൻ പുതിയ പദ്ധതികൾ ആവിഷ്കരിക്കുക.

കൃഷിഭവന് സ്വന്തമായി സ്ഥലവും കെട്ടിടവും അനുവദിക്കുക

കൃഷിഭവനിൽ ക്ലാർക്കിന്റെ തസ്തിക അനുവദിക്കുക

കൃഷി അസിസ്റ്റന്റുമാർക്ക് ഫീൽഡു സന്ദർശനം സുഗമമാക്കുവാൻ ഇരുചക്രവാഹനങ്ങൾ നൽകുക.



മൃഗസംരക്ഷണം

കാർഷിക ഗ്രാമമായ തലവൂരിൽ കൃഷിക്കാരുടെ അവിഭാജ്യ ഘടകകമാണ് കന്നുകാലി വളർത്തൽ. ഉഴവുമാടുകളെന്ന നിലയിലും പാല് ഉൽപാദിപ്പിക്കുന്നതിനും മാത്രമല്ല കൃഷിക്കാവശ്യമായ ജൈവവളങ്ങളുടെ മുഖ്യസ്രോതസ്സും കന്നുകാലികളാണ്. കാലിവളർത്തൽ മുഖ്യതൊഴിലാക്കിയ നിരവധി കുടുംബങ്ങൾ ഇന്ന് തലവൂർ പഞ്ചായത്തിലുണ്ട്. കന്നുകാലികളെ സ്വതന്ത്രമായി മേയ്ക്കുന്ന പതിവും ഇവിടെ നിലനിന്നിരുന്നു. എന്നാൽ വേലികെട്ടുകളും മതിലുകളും തെങ്ങു കൃഷിയും റബ്ബർ കൃഷിയും മറ്റു കൃഷികളും വ്യാപകമായതോടുകൂടി ഇന്ന് അത് അസാദ്ധ്യമായിരിക്കുന്നു. പശു,എരുമ, കാള, ആട് എന്നിവയാണ് തലവൂർ പഞ്ചായത്തിലെ പ്രധാന മൃഗങ്ങൾ. വളർത്തു പക്ഷികളിൽ പ്രധാനം കോഴികളും.

പട്ടിക

വളർത്തു മൃഗങ്ങളും പക്ഷികളും

	1992	1996
പശു	2710	3615
കന്നുകുട്ടികൾ	815	1060
എരുമ	154	75
കാള	50	10
ആട്	1512	1850
കോഴി	8515	10315
താറാവ്	75	155

പട്ടികയിൽ തലവൂർ പഞ്ചായത്തിലെ വളർത്തുമൃഗങ്ങളിലുണ്ടായിട്ടുള്ള മാറ്റം സൂചിപ്പിക്കുന്നു. കാളകളുടെ എണ്ണത്തിൽ ഗണ്യമായ കുറവാണ് ഉണ്ടായിട്ടുള്ളത്. നെൽകൃഷി കുറഞ്ഞതു കാരണം. കാർഷിക വൃത്തിയിൽ മൃഗങ്ങളുടെ ഉപയോഗം കുറഞ്ഞതാണ് പൊതുവെ കാണാവുന്ന കാരണം. ഇപ്പോഴുള്ള കന്നുകാലികളിൽ മുക്കാൽ ഭാഗവും അത്യുൽപാദനശേഷിയുള്ളവയാണ്. പഞ്ചായത്തിൽ നിലവിലുള്ള മൃഗസംരക്ഷണ സംവിധാനം, മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ ഞാറയ്ക്കാട് വാർഡിൽ പ്രവർത്തിക്കുന്ന മൃഗാശുപത്രിയും കുര, മഞ്ഞകാല, അമ്പലനിരപ്പ് എന്നിവടങ്ങളിൽ പ്രവർത്തിക്കുന്ന ഐ.സി.ഡി.പി. സബ് സെന്ററുകളുമാണ് വെറ്ററിനറി ഡിസ്പെൻസറി 6-6-88 ലും ഐ.സി.ഡി.പി. സബ് സെന്ററുകൾ അതിനു ശേഷവുമാണ് പ്രവർത്തനം ആരംഭിച്ചത്. അതിനുമുൻപ് കൃത്രിമ ബിജ സങ്കലനത്തിനുവേണ്ടി ആശ്രയിച്ചിരുന്നത് രണ്ടാലും മൂട്ടിൽ പ്രവർത്തിച്ചുവരുന്ന ക്യാറ്റിൽ ഇംപ്രൂവിമെന്റ് അസിസ്റ്റന്റിന്റെ നിയന്ത്രണത്തിലുള്ള ബീജധാനകേന്ദ്രത്തെയായിരുന്നു.

ക്ഷീരവിപണനരംഗത്ത് തലമ്പൂർ പഞ്ചായത്തിൽ സംഘടിതമായ ശ്രമങ്ങളാണ് നടന്നിട്ടുള്ളത്. തലവൂർ പഞ്ചായത്തിൽ ആകെ നാല് ക്ഷീരോല്പാദക സഹകരണസംഘങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നു.

കാലിതീറ്റയുടെ ദൗർലഭ്യമാണ് കന്നുകാലു വളർത്തുകാർ നേരിടുന്ന ഏറ്റവും പ്രധാന പ്രശ്നം. മേച്ചിൽ സ്ഥലം കുറഞ്ഞുവരുന്നു. നെൽകൃഷി ഗണ്യമായി കുറഞ്ഞതോടുകൂടി വൈക്കോലിനും വലിയ ക്ഷാമമാണ്. തമിഴ് നാട്ടിൽ നിന്നും ലോറികളിൽ കൊണ്ടുവരുന്ന തിരുകച്ചിയെ ആശ്രയിക്കേണ്ട സാഹചര്യം നിലനിൽക്കുന്നു.

ഇറച്ചികോഴി വളർത്തൽ സാമാന്യം ലാഭകരമായി നടത്താൻ കഴിയുമെങ്കിലും ഇതുപോലെയുള്ള ഒരു യൂണിറ്റുപോലും ഇവിടെ പ്രവർത്തിക്കുന്നില്ല. മുട്ടകോഴി വളർത്തൽ വ്യാവസായികാടിസ്ഥാനത്തിൽ നടത്തുന്ന യൂണിറ്റുകളും ഇല്ല. മൃഗസംരക്ഷണവകുപ്പിന്റെ സാമ്പത്തിക സഹായത്തോടുകൂടി അരിങ്ങട വാർഡിൽ പ്രവർത്തിച്ചിരുന്ന എഗ്ഗർ നഴ്സറി ഇപ്പോൾ പ്രവർത്തനക്ഷമമല്ല. സർക്കാർ ഹാച്ചറികളിൽ നിന്നും വിതരണം ചെയ്യുന്ന ഒരു ദിവസം പ്രായമായ കോഴകുഞ്ഞുങ്ങളെ ഈ എഗ്ഗർ നഴ്സറിയിൽ വളർത്തി 45-60 ദിവസമാകുമ്പോൾ പഞ്ചായത്തിൽ ആവശ്യാനുസരണം വിതരണം ചെയ്യുവാൻ കഴിയും

പേപ്പട്ടി ശല്യം സ്ഥിരമായി അനുഭവപ്പെടുന്നുണ്ട്. പ്രാദേശികമായി പട്ടിപിടുത്തക്കാരെ കിട്ടാത്തതിനാൽ അലഞ്ഞുതിരിഞ്ഞു നടക്കുന്ന

നായക്കളെ പിടിച്ച് നശിപ്പിക്കുവാനു എളുപ്പമല്ല.

കഴിഞ്ഞ പഞ്ചവത്സര പദ്ധതിയിൽ തലവൂർ പഞ്ചായത്തിൽ Spcial Livestock Breeding Programme പ്രകാരം പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി , Rabies vaccination, Infatality camps, Goreksha camps, Special component Plan, for SC/ST, Massive Livestock Protactive Programme തുടങ്ങിയ സ്കീമുകൾ വിജയകരമായി നടപ്പിലാക്കിയിരുന്നു.

ഇവിടെ നാല് ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു. മൂന്ന് Apcos സൊസൈറ്റികളും ഒരു Traditional Societyയും. മഞ്ഞക്കാല , അമ്പല നിരപ്പ്, കുര എന്നിവിടങ്ങളിൽ Apcos സൊസൈറ്റികളും തലവൂരിൽ Traditional സൊസൈറ്റികളും. നാലു സൊസൈറ്റികൾ മുഖേന പ്രതിവർഷം 1.5 ലക്ഷം ലിറ്റർ പാൽ അളക്കുന്നുണ്ട്. ഈ പഞ്ചായത്ത് അതിർത്തിയിൽ നിന്നും ഏകദേശം 25,000 ലിറ്റർ പാൽ മറ്റു പഞ്ചായത്തിലേയോ, പഞ്ചായത്ത് അതിർത്തിയിലോ സ്ഥിതി ചെയ്യുന്ന (ഉദാ: പിടവൂർ ക്ഷിരോല്പാദക സഹകരണ സംഘം) ക്ഷീരസംഘങ്ങൾ മുഖേനയോ അളക്കപ്പെടുന്നു. അടുത്ത വീടുകളിലും ഹോട്ടലുകളിലുമായി ഏകദേശം 30,000 ലിറ്റർ പാൽ അളക്കപ്പെടുന്നു. ഏകദേശം 10,000 ലിറ്റൽ പാൽ ഉൽപാദകന്റെ വീടുകളിൽ ഉപയോഗിക്കപ്പെടുന്നു. പഞ്ചായത്തിൽ ഒരു വർഷം ഏകദേശം 2.5 ലക്ഷം ലിറ്റൽ പാൽ ഉൽപാദിപ്പിക്കുന്നതായി കാണാം . പഞ്ചായത്തിൽ ഉൽപാദിപ്പിക്കുന്ന പാലിന്റെമുല്യം ഏകദേശം 27.5 ലക്ഷം രൂപയാണ്.

പഞ്ചായത്തിൽ അറവുശാലയോ അറവു നടത്തുന്ന സ്ഥലങ്ങളോ ഇല്ല. മറ്റു സ്ഥലങ്ങളിൽ അറക്കപ്പെടുന്ന മൃഗങ്ങളെ ഇവിടെ വിറ്റഴിക്കുകയാണ് പതിവ്. സാധാരണയായി 80-90% മൃഗങ്ങളേയും കേരളത്തിന് വെളിയിൽ നിന്നും കൊണ്ടു വരുന്നു. ആയതിനാൽ വൻതോതിലുള്ള സാമ്പത്തിക നഷ്ടമാണ് ഉണ്ടായികൊണ്ടിരിക്കുന്നത്. മാംസോൽപ്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുവാൻ വേണ്ടി ആടുവളർത്തൽ മുയൽ വളർത്തൽ പന്നിവളർത്തൽ കാളകുട്ടി പരിപാലനം എന്നിവ പ്രോൽസാഹിപ്പിക്കേണ്ടതാണ്. മാംസോൽപാദനത്തിനും വിപണനത്തിനും മാംസോൽപാദകസഹകരണ സംഘം രൂപീകരിക്കാവുന്നതാണ്. മാംസപരിശോധനാ സൗകര്യത്തോടുകൂടിയ ശാസ്ത്രീയ അറവുശാലകൾ ബ്ലോക്കു തലത്തിൽ സ്ഥാപിക്കേണ്ടതാണ്.

മാംസോൽപാദനത്തിലും സംസ്കരണത്തിലും വിപണനത്തിലും താല്പര്യമുള്ളവർക്ക് പരിശീലനം നൽകേണ്ടതാണ്.

ആടുവളർത്തൽ കൂടുതൽ വ്യപകമാക്കേണ്ടതുണ്ട്. തരിശായി കിടക്കുന്ന സ്ഥലങ്ങളിൽ പ്ലാവ്, സുബാബുൾ, മുരിക്ക്, ശീമകൊന്ന മുതലായവ നട്ടുപിടിപ്പിച്ച് ആടുവളർത്തൽ വ്യപകമാക്കാവുന്നതാണ്.

പന്നി വളർത്തൽ കേന്ദ്രങ്ങൾ പഞ്ചായത്തിൽ ഇപ്പോൾ പ്രവർത്തിക്കുന്നില്ല. ഹോട്ടൽ വേസ്റ്റ് , അറവുശാലകളിലെ വേസ്റ്റ് എന്നിവ ഉപയോഗിച്ച് പന്നിവളർത്തൽ ലാഭകരമാക്കാവുന്ന ഒരു തൊഴിലാണ്.. മൃഗസംരക്ഷണ വകുപ്പിന്റെ വിവിധ പന്നിവളർത്തൽ കേന്ദ്രങ്ങളിൽനിന്നും പന്നികുഞ്ഞുങ്ങളെ ലഭിക്കുന്നതാണ്. പന്നിവളർത്തലിനെ കുറിച്ച് അറിയാൻ താൽപര്യമുള്ളവർക്ക് പരിശീലനം നൽകാവുന്നതാണ്. മീറ്റ് പ്രോഡക്ട് ഓഫ് ഇൻഡ്യ മുതലായ സ്ഥാപനങ്ങൾ പന്നി വളർത്തൽ കേന്ദ്രങ്ങളിൽ നിന്നും നേരിട്ട് പന്നിയെ വാങ്ങുന്നതിനാൽ വിപണനരംഗത്ത് ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നില്ല.

പഞ്ചായത്തിൽ ജനിക്കുന്ന 70-90 ശതമാനം മൂരിക്കുട്ടികളും എരുമകുട്ടികളും ചത്തുതപോകുകയാണ്. പതിവ്. വളർത്തുന്നതിലുള്ള അശാസ്ത്രീയ സമീപനമാണ് ഇതിന് മുഖ്യകാരണം. മാംസോല്പ്പാദനത്തിനുവേണ്ടി മൂരിക്കുട്ടികളേയും ഏരുമക്കുട്ടികളേയും വളർത്താവുന്നതാണ്.

ബ്രോയിലർ കോഴിവളർത്തൽ കേന്ദ്രങ്ങൾ

പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. ആവശ്യമുള്ള കോഴിയിറച്ചിയുടെ മുഖ്യഭാഗവും പഞ്ചായത്തിന് പുറത്ത് നിന്നും പഞ്ചായത്ത് നിവാസികൾ വാങ്ങിക്കുകയാണ്. ബ്രായിലർ കോഴിവള്ർത്തൽ പ്രോത്സാഹിപ്പിക്കേണ്ടതാണ്. പഞ്ചായത്തിൽ മുട്ടയുൽപ്പാദനത്തിനുള്ള കോഴികളിൽ 20 ശതമാനവും, പൂവ്വൻ കോഴികളിൽ ഏകദേശം മുഴുവനും മാംസാവശ്യത്തിനായി ഉപയോഗിക്കുന്നു.

മുട്ടയുൽപാദനത്തിലും സ്വയം പര്യാപ്തമല്ല. നാടൻവർഗ്ഗത്തിലുള്ള പിടകോഴികളാണ് കൂടുതലും. ആയതിനാൽ ആവശ്യത്തിനുള്ള മുട്ടയുടെ നല്ല പങ്കും പുറമെ നിന്ന് ഇറക്കുമതി ചെയ്യുകയാണ് പതിവ്. സങ്കരയിനം കോഴികളെ വളർത്തി ഉൽപ്പാദനം കൂട്ടേണ്ടതാണ്.

ക്ഷീരകർഷകർ ഇന്ന് നേരിടുന്ന ഏറ്റവും പ്രധാന പ്രശ്നം കാലിതീറ്റ ഉൽപാദനം സംബന്ധിച്ചാണ്. ഒഴിഞ്ഞുകിടക്കുന്ന ഭൂമികൾ, തെങ്ങിൻ തോപ്പുകൾ, വഴിയോരങ്ങൾ, കനാൽ പറമ്പോക്കുകൾ, റെയിൽവേ പുറമ്പോക്കുകൾ, ഓഫീസ്, സ്കൂൾ വളപ്പിലെ സ്ഥലങ്ങൾ എന്നിവിടങ്ങളിൽ ശാസ്ത്രീയമായി പുൽകൃഷി പ്രോൽസാഹിപ്പിക്കേണ്ടതാണ്. കാലിതീറ്റ മിശ്രിതത്തിന് ആവശ്യമായ പിണ്ണാക്ക്, കപ്പ, പുളിങ്കുരു, മുതലായവ ശേഖരിച്ച് ചെറിയ ചെറിയ ഫിഡ് മിക്സിംഗ് യൂണിറ്റുകൾ പ്രാദേശികമായി തുടങ്ങിയാൽ ക്ഷിരോൽപാദനം കൂടുതൽ ലാഭകരമാക്കാവുന്നതാണ്. ക്ഷിര സംഘങ്ങൾ മുഖേന വസ്തുക്കൾ പാട്ടത്തിനെടുത്ത് പുൽകൃഷി വ്യപകമാക്കേണ്ടതാണ്.

കാട, മുയൽ, ടർക്കി, താറാവ്, മുതലായവയെ വളർത്താൻ പറ്റിയ സാഹചര്യമാണ് പഞ്ചായത്തിൽ നിലവിലുള്ളത്.

കന്നുകാലികളുടെ ആകസ്മികമരണം മൂലമുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾ കുറയ്ക്കുന്നതിനുവേണ്ടി സമഗ്ര കന്നുകാലി ഇൻഷുറൻസ് സംവിധാനം ഏർപ്പെടുത്തേണ്ടതാണ്. കറവ പശുക്കളിലെ വന്ധ്യത വലിയ പ്രശ്നമായി അനുഭവപ്പെടുന്നതിനാൽ ഇതിനുവേണ്ടി ബ്ലോക്ക് തലത്തിൽ പ്രത്യക പദ്ധതി ആവിഷ്കരിക്കേണ്ടതാണ്.

മൃഗസംരക്ഷണമേഖലയിലെ കർഷകരെ പ്രത്യേകം ആദരിക്കുന്ന പതിവ് ഇല്ലാത്തതിനാൽ പഞ്ചായത്തു തല അവാർഡുകൾ ഏർപ്പെടുത്തി മൃഗസംരക്ഷണ മേഖലയിലെ കർഷകരെ അംഗീകരിക്കേണ്ടതാണ്.

മൃഗസംരക്ഷണ മേഖലയിൽ സാധാരണയായി കാണുന്ന പ്രശ്നങ്ങൽ

1. ഗുണനിലവാരമുള്ള തീറ്റയുടെ ദൗർലഭ്യവും അനിയന്ത്രിത വിലയും, ഗുണനിലവാര നിർമ്മാണ ലാബറട്ടറികളുടെ അഭാവവും.
2. ഉൽപാദകന് കിട്ടുന്ന പാൽവില, ഉൽപാദന ചിലവിന് അനുസ്യതമല്ല. ഉപഭോക്താവിന് മിതമായ വിലയ്ക്ക് പാൽ ലഭ്യമാകുന്നില്ല.
3. വിപണന രംഗത്തെ അപര്യാപ്തത
4. ഭാരിച്ച ചികിത്സാ ചിലവ്
5. വായ്പ നൽകുന്നതിന് ധനകാര്യസ്ഥാപനങ്ങളുടെ വിമുഖത
6. ഇൻഷുറൻസ് പരിരക്ഷയുടെ അപര്യാപ്തത
7. ചുരുങ്ങുന്ന തീറ്റ പ്പുൽകൃഷി
8. കർഷകരുടെ ആവശ്യനുസരണം ഗുണമേൻമയുള്ള പക്ഷിമൃഗാദികളുടെ ദൗർലഭ്യം
9. അശാസ്ത്രീയമായ മാംസോൽപാദന വിപണന രീതികൾ
10. വിവിധ ഏജൻസികളുടെ മൃഗസംരക്ഷണ പ്രവർത്തനങ്ങൾ . ആസൂത്രിതമല്ലാത്ത കൈകാര്യം ചെയ്യുന്നത് മുലുണ്ടാകുന്ന ബുദ്ധിമുട്ടുകൾ .
11. സാങ്കതിക പരിജ്ഞാനമില്ലാത്തവരുടെ മൃഗചികിത്സ
12. ഈ മേഖലയിലുള്ള കുറഞ്ഞ വനിതാ പങ്കാളിത്തം
13. കാലാനുസൃതമായ അടിസ്ഥാന സൗകര്യങ്ങൾ പോലുമില്ലാത്ത മൃഗാശുപത്രിയും ഉപകേന്ദ്രങ്ങളും.
14. സമഗ്ര പേവിഷ നിയന്ത്രണ നയത്തിന്റെ ആസൂത്രിത തുടർ പരിപാടിയുടെ അഭാവം

സാധ്യതകൾ

1. പ്രാദേശികമായി ലഭ്യമായ വിഭവങ്ങൾ സമാഹരിച്ച് സഹകരണാടിസ്ഥാനത്തിൽ തീറ്റ നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കണം. അസംസ്കൃത സാധനങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതിനും നിയന്ത്രിതവിലയ്ക്ക് ഗുണനിലവാരമുള്ള തീറ്റ ലഭിക്കുന്നതിനും പ്രാദേശികമായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഇത് സഹായിക്കും
2. പഞ്ചായത്ത് പുറമ്പോക്ക് സ്ഥലങ്ങൾ തീറ്റപുല്ലു കൃഷിക്കുവേണ്ടി ലേലവ്യവസ്തയിൽ ഉപയോഗിക്കാവുന്നതാണ്.
3. പാൽ വിപണന സ്ഥാപനങ്ങൾ കർഷകന് പ്രാപ്യമായ രീതിയിൽ പുനരാസൂത്രണം ചെയ്യുകയും പാലിന് അർഹമായ വില ഉറപ്പുവരുത്തുകയും വേണം.
4. പാൽ സൊസൈറ്റിയും ധനകാര്യസ്ഥാപനങ്ങളും കർഷകനും ചേർന്ന് കൂട്ടുത്തരവാദിത്വത്തോടെയുള്ള വായ്പാ സംവിധാനം ഉണ്ടാക്കുക.
5. മൃഗാശുപത്രിയിൽ അവശ്യം മരുന്ന് ലഭ്യമാക്കുക.
6. പഞ്ചായത്ത് തലത്തിൽ പക്ഷി-മൃഗാദികൾക്ക് മാസ്റ്റർ പോളിസി വഴി ഇൻഷുറൻസ് പരിരക്ഷ ലഭ്യമാക്കുക
7. വർഗ്ഗോദ്ധാരണത്തിനുവേണ്ടി 500 പശുക്കൾക്ക് ഒന്ന് എന്ന തോതിൽ കൃത്രിമ ബീജ സങ്കലനകേന്ദ്രങ്ങൾ ആരംഭിക്കണം.
8. ആധുനിക രീതിയിലുള്ള ശാസ്ത്രീയ അറവുശാലകൾ പ്രാദേശികമായി സ്ഥാപിക്കുകയും ശുദ്ധമായ മാംസവിപണനസൗകര്യങ്ങൾ ഉറപ്പാക്കുകയും വേണം.
9. മൃഗസംരക്ഷണ മേഖലയിലെ പ്രവർത്തനങ്ങൾ ഏകോപിച്ച് മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ ശാസ്ത്രീയമായി നടപ്പിലാക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കുക.
10. മൃഗചികിത്സാരംഗം രജിസ്ട്രഷനുള്ളവർക്ക് മാത്രമായി നിജപ്പെടുത്തുക.
11. വനിതാ സംഘങ്ങളുടെ രൂപീകരണം വഴി മൃഗസംരക്ഷണമേഖലയിലെ സ്ത്രീ പങ്കാളിത്തം ഉറപ്പുവരുത്തുക.
12. മൃഗാശുപത്രി വികസന സമിതി രൂപീകരിക്കുകയും ആധുനിക സൗകര്യങ്ങൾ മൃഗാശുപത്രിയിൽ ലഭ്യമാക്കുകയും വേണം.
13. സമഗ്ര പേവിഷ നിയന്ത്രണ നയം ഉണ്ടാക്കുകയും പഞ്ചായത്തിലെ എല്ലാ വളർത്തുനായ്ക്കൾക്കും പ്രതിരോധ കുത്തിവയ്പ് നൽകുകയും ലൈസൻസിംഗ് നിർബന്ധമാക്കുകയും അലഞ്ഞു തിരിയുന്ന നായ്ക്കളെ നശിപ്പിക്കുയും വേണം

നടപ്പു പദ്ധതികൾ, പോരായ്മകൾ, വേണ്ട മാറ്റങ്ങൾ

1. **പ്രത്യക കന്നുകുട്ടി പരിപാലന പരിപാടി**
   ഈ പരിപാടിയുടെ ആനുകൂല്യം ഒരു വിഭാഗം കർഷകർക്കു മാത്രമെ ഇപ്പോൾ ലഭ്യമാകുന്നുള്ളു. ഈ പദ്ധതിയിൽ പഞ്ചായത്തിലെ എല്ലാ സങ്കരയിനം പശുകുട്ടികളേയും എരുമ കുട്ടികളേയും ഉൾപ്പെടുത്തണം. കാലിതീറ്റ വില വർദ്ധന അനുസരിച്ച് സബ്സിഡി സഹായം വർദ്ധിപ്പിക്കണം.
2. **പേവിഷ നിയന്ത്രണ പദ്ധതി**
   പ്രതിരോധ കുത്തിവയ്പ് ഇപ്പോൾ നിർബന്ധമില്ല. പഞ്ചായത്തിലെ എല്ലാ നായ്ക്കൾക്കും നിർബന്ധ കുത്തിവയ്പ് നൽകുകയും ലൈസൻസിംഗ് ഏർപ്പെടുത്തുകയും വേണം ലൈസൻസ് ഇല്ലാത്ത അലഞ്ഞുതിരിയുന്ന നായ്ക്കളെ നശിപ്പിക്കുക. ആവശ്യാനുസരണമുള്ള വാക്സിൻ പകുതി വിലയ്ക്കോ സൗജന്യമായോ ലഭ്യമാക്കണം.
3. **കാലിരോഗ നിയന്ത്രണ പദ്ധതി**
   പദ്ധതിയുടെ പ്രയോജനം എല്ലാ കർഷകരും പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നില്ല. ഒരു പ്രദേശത്തെ എല്ലാ കന്നുകാലികളേയും യഥാസമയം പ്രതിരോധകുത്തിവയ്പിന് വിധേയമാക്കണം.
4. **ഊർജ്ജിത പന്നി വളർത്തൽ പദ്ധതി**
   പന്നികുഞ്ഞുങ്ങളുടെ ദൗർലഭ്യമാണ് പ്രധാന പ്രശ്നം. സർക്കാൽ ഫാമുകളെ മാത്രം ആശ്രയിക്കാതെ ഇവ ലഭ്യമാക്കുന്നതിന് സ്വകാര്യ മേഖലയിലും പ്രാദേശിക ജീവിതരീതിക്കനു

സ്വതമായും പന്നി വളർത്തൽ പ്രോത്സാഹിപ്പിക്കണം. അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തി വിപണനകേന്ദ്രങ്ങൾ സ്ഥാപിക്കണം.

5. **ആടുവളർത്തൽ**
നല്ലയിനം ആട്ടിൻകുട്ടികളെ ലഭ്യമല്ല. പച്ചില തീറ്റയുടെ ദൗർലഭ്യവും പോരായ്മയാണ്. നല്ലയിനം ആട്ടിൻ കുട്ടികളെ ലഭ്യമാക്കുകയും സോഷ്യൽ ഫോറസ്ട്രി മുതലായ പദ്ധതികൾ വഴി ഇതിനുവേണ്ട പച്ചില തീറ്റ (പ്ലാവ്, സുബാബുൾ) കൂടുതൽ പ്രചരിപ്പിക്കുകയും വേണം

6. **ഇറച്ചിക്കോഴി വളർത്തൽ പദ്ധതി**
ഈ മേഖല ഇന്ന് തികച്ചും അസംഘടിതമാണ് തീറ്റയുടേയും കോഴികുഞ്ഞുങ്ങളുടേയും അമിതമായ വിലയും ഇടത്തട്ടുകാരുടെ ചൂഷണവും ഈ മേഖല നേരിടുന്ന പ്രശ്നമാണ്. നല്ലയിനം കോഴികുഞ്ഞുങ്ങളേയും തീറ്റയും കുറഞ്ഞവിലക്ക് പഞ്ചായത്ത് തലത്തിൽ ലഭ്യമാക്കണം. ഇടത്തട്ടുകാരെ ഒഴിവാക്കുവാനും കോഴിയിറച്ചിയുടെ വിപണനത്തിനുവേണ്ടി സഹകരണ സംഘങ്ങൾ സ്ഥാപിക്കണം.

7. **എഗ്ഗർ നഴ്സറി**
നല്ലയിനം കോഴികുഞ്ഞുങ്ങൾ ലഭ്യമല്ല. സർക്കാർ ഫാമുകളിൽ നിന്നും ഇത് ലഭ്യമാക്കണം. ഈ പദ്ധതി മറ്റ് മുട്ടക്കോഴി വളർത്തൽ പദ്ധതിയുമായി ബന്ധപ്പെടുത്തി പ്രവർത്തിക്കണം.

8. **അടുക്കള മുറ്റത്തെ കോഴിവളർത്തൽ**
എല്ലാപേർക്കും പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നില്ല. ആവശ്യക്കാർക്ക് രണ്ടുമാസം പ്രായമുള്ള കോഴികുഞ്ഞുങ്ങളെ സൗജന്യ നിരക്കിൽ ലഭ്യമാക്കണം.

9. **ബീജസങ്കലന സൗകര്യങ്ങൾ**
ബീജസങ്കലന സൗകര്യങ്ങൾ ഈ പഞ്ചായത്തിൽ പരിമിതമാണ്. വർഗ്ഗോദ്ധാരണ ശേഷിയുള്ള 500 പശുക്കൾക്ക് ഒന്ന് എന്ന കണക്കിൽ കൃത്രിമ ബീജസങ്കലനകേന്ദ്രങ്ങൾ സ്ഥാപിക്കണം.

മേൽപ്പറഞ്ഞ പ്രശ്നങ്ങളും പോരായ്മകളും കണക്കിലെടുത്ത് പഞ്ചായത്തിനാവശ്യമായ പദ്ധതികൾ നടപ്പിലാക്കുവാൻ സഹായിക്കുന്ന ചില മാർഗ്ഗ നിർദ്ദേശങ്ങൾ ഇവയാണ്.

I ഉത്പാദന മേഖല

1. **പാൽ ഉൽപാദനം**
ചെറുകിട നാമമാത്ര കർഷകരേയും കർഷകത്തൊഴിലാളികളേയും ഈ മേഖലയിലേക്ക് ആകർഷിക്കുക. കാലി വളർത്തൽ മുഖ്യതൊഴിലായോ ഉപതൊഴിലായോ സ്വീകരിക്കുന്നതിന് പ്രോത്സാഹനം നൽകുക. വീട്ടമ്മമാരുടേയും വിദ്യാർത്ഥികളുടേയും ഒഴിവു സമയം ഫലപ്രദമായി ഉപയോഗിക്കുക. പാലിന്റെ ഉൽപാദനവും ഉപഭോഗവും വർദ്ധിപ്പിക്കുക. എന്നിവയാണ് മുഖ്യ ലക്ഷ്യങ്ങൾ.

A. മിനി ഡയറി യൂണിറ്റുകൾ – മൂന്നു പശുക്കൾ അടങ്ങുന്ന ഒരു ഡയറി യൂണിറ്റ്.

B. കന്നുകുട്ടി പരിപാലന പദ്ധതി – നാലുമുതൽ 32 മാസം വരെ പ്രായമുള്ള സങ്കരയിനം പശുകുട്ടികൾക്ക് സൗജന്യ നിരക്കിൽ കാലിതീറ്റ, മരുന്ന്, ഇൻഷുറൻസ് സൗകര്യം എന്നിവ നൽകുക.

2. **മുട്ടയുൽപാദനം**
A. എഗ്ഗൽ നഴ്സറി – ഒരു ദിവസം പ്രായമുള്ള കോഴികുഞ്ഞുങ്ങളെ 60 ദിവസം വരെ ശാസ്ത്രീയമായി വളർത്തി വിൽക്കുക.

B. വീട്ടുമുറ്റത്തെ കോഴിവളർത്തർ – 60 ദിവസം പ്രായമായ കോഴികുഞ്ഞുങ്ങളെ സൗജന്യ നിരക്കിൽ നൽകുക.

C. സ്കൂൾ പൗൾട്രി ക്ലബ്ബ് – വിദ്യാർത്ഥികളിൽ സമ്പാദ്യശീലവും കോഴി വളർത്തലിൽ താല്പര്യവും ജനിപ്പിക്കുന്നതിനുവേണ്ടി രണ്ടുമാസം പ്രായമുള്ള കോഴികുഞ്ഞുങ്ങളെ സൗജന്യമായി നൽകുക.

3. **ഇറച്ചി കോഴി വളർത്തൽ**
രണ്ടാഴ്ചയിലൊരിക്കൽ വിപണന പ്രായമെത്തിയ 250 ഇറച്ചികോഴികളെ വിൽപ്പനക്ക് സജ്ജമാക്കുന്ന പദ്ധതി.

4. **മാംസോൽപാദനം**
ശാസ്ത്രീയമായ അറവുശാലകൾ സ്ഥാപിക്കുക, മുൻ-പിൻ മാംസ പരിശോധന നിർബന്ധമാക്കുക.

5. **ആടുവളർത്തൽ**

6. പന്നി വളർത്തൽ
7. ഇറച്ചി മുയൽ വളർത്തൽ

II സേവന മേഖല

1. മെച്ചപ്പെട്ട മൃഗാശുപത്രി സൗകര്യങ്ങൾ - സ്വന്തമായ കെട്ടിടം വാഹനസൗകര്യം, ടെലി ഫോൺ, ലബോറട്ടറി സൗകര്യങ്ങൾ
2. കോഴിയുടെ അസുഖങ്ങൾ പ്രതിരോധ നടപ ടികൾ ഊർജ്ജിതമാക്കുക
3. കശാപ്പുശാലകൾ ആധുനികവത്കരിക്കുക
4. പേവിഷ നിയന്ത്രണം
5. വിജ്ഞാന വ്യാപന സൗകര്യങ്ങൾ മെച്ചപ്പടു ത്തുക

III ആസൂത്രണ മേഖല

1. പ്രാദേശിക തലത്തിൽ പ്രായോഗികമായി വിജ യിക്കുന്ന മൃഗസംരക്ഷണ പദ്ധതികൾക്ക് രൂപം നൽകുക.
2. ആസൂത്രണ പ്രക്രയകൾക്ക് രൂപം നൽകു കയും ഒരു ആസൂത്രണ സെൽ രൂപ വൽക്കരിക്കുകയും ചെയ്യുക.

IV വനിതാ പങ്കാളിത്തം

1. വനിതാ സംരംഭകർക്കുള്ള പശുവളർത്തൽ - മഹിളാ സംഘങ്ങൾ വഴി പശു വളർത്തൽ പദ്ധതി
2. മുട്ട-ഇറച്ചിക്കോഴി വളർത്തൽ യൂണിറ്റ്
3. വിപണനകേന്ദ്രങ്ങൾ - സംസ്കരിച്ച കോഴി യിറച്ചി, മുട്ട, ഇവ ഉപയോഗിച്ചുണ്ടാകുന്ന വിവിധ വിഭവങ്ങൾ എന്നിവ വിപണനം

വനിതകളുടെ, ആഭിമുഖ്യത്തിലുള്ള വിപണന കേന്ദ്രങ്ങൾ മുഖേന നടത്താവുന്നതാണ്.

മൃഗസംരക്ഷണ മേഖലയിൽ ഉൽപ്പാദനവും ഉൽപാദന ക്ഷമതയും വർദ്ധിപ്പിക്കുക. തൊഴി ലവസരങ്ങൾ സൃഷ്ടിക്കുക, ഗ്രാമീണ സ്ത്രീകളെ ഈ രംഗത്തേക്ക് കൊണ്ടുവരിക, കുറഞ്ഞ വലക്ക് കാലിതീറ്റ ഉൽപാദിപ്പിക്കുക, മൃഗചികിത്സാകേന്ദ്രങ്ങൾ ആധുനികവത്കരി ക്കുക പേവിഷ നിയന്ത്രണം ജനപങ്കാളിത്ത ത്തോടെ നടപ്പിലാക്കുക എന്നിവയായിരി ക്കണം ഊന്നൽ നൽകേണ്ട ഈ മേഖലയിലെ പദ്ധതികൾ.

വ്യവസായം

1952-ൽ നിലവിൽ വന്ന തലവൂർ പഞ്ചായത്തിൽ വളരെ കൊല്ലങ്ങൾക്ക് മുമ്പ് തന്നെ വ്യവസായ മേഖലക്ക് തുടക്കമിടാൻ കഴിഞ്ഞുവെങ്കിലും കാര്യമായ ഒരു സംഭാവനയും ഈ രംഗത്ത് കൈവരുയ്ക്കാൻ ഇതുവരെ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. മുഖ്യമായും കാർഷിക മേഖലക്ക് പ്രാധാന്യമുള്ള ഈ പഞ്ചായത്തിന് വ്യവസായിക മേഖലയിൽ ചുവട് ഉറപ്പിയ്ക്കാൻ ഇതുവരെ സാധ്യമായിട്ടില്ല.

രണ്ടാം പഞ്ചവത്സര പദ്ധതി ഇന്ത്യയൊട്ടാകെ വ്യവസായിക സംരംഭത്തിന് മുൻ തുക്കം നൽകിയെങ്കിലും ടി പഞ്ചായത്തിന് ഇതിന്റെ യാതൊരു പുരോഗതിയും ലഭ്യമാവുകയും വ്യവസായിക സംരംഭത്തിന് അടിത്തറ ഇടാനോ കഴിഞ്ഞില്ല. ഇന്ന് തലവൂർ പഞ്ചായത്തിലെ മിക്ക മേഖലയും അടക്കി വാഴുന്ന ഒരു വ്യവസായയൂണിറ്റാണ് ഇഷ്ടിക വ്യവസായം സ്വകാര്യ വ്യക്തികൾ മുഖേനയും സഹകരണ സംഘങ്ങുൾ മുഖേനയും പല വ്യവസ്യായങ്ങളും ഇവിടെ ആരംഭിച്ചങ്കിലും അത് എല്ലാം തന്നെ മിക്കവാറും അസ്തമിച്ചിരിയ്ക്കുകയാണ്. തലവൂർ പഞ്ചായത്തിലെ പൊതു മേഖലയിലോ വൻകിട വ്യവസായയൂണിറ്റില്ല. ആകെയുള്ളത് സ്വകാര്യമേഖലയിലുള്ള ഒരു ഓട്ട് കമ്പിനിമാത്രമാണ്. സ്വകാര്യ മേഖലയിൽ ധാരാളം ഇഷ്ടിക വ്യവസായയൂണിറ്റുകൾ ഉണ്ട്. അത് ഒരളവുവരെ പഞ്ചായത്തിലെ തൊഴിലില്ലായ്മ പരിഹരിയ്ക്കുന്നു. എന്നാൽ ഈ വ്യവാസയം ശക്തമായ ഭീഷണി നേരിട്ടു കൊണ്ടിരിയ്ക്കുന്നു. രൂക്ഷമായ പരിസ്ഥിതി പ്രശ്നം ഇതു പ്രകൃതിയുടെ സംതുലിതാവസ്ഥ തകരാറിലാക്കുന്നു. മാത്രമല്ല. നിർമ്മാണത്തിന് ആവശ്യമായ ചെളിയുടെ ദൗർലഭ്യവും ഈ വ്യവസായത്തെ തകിടം മറിച്ചു കൊണ്ടിരിയ്ക്കുന്നു.

പഞ്ചായത്തിൽ സ്വകാര്യമേഖലയിൽ നിലവിലുള്ള മൂന്ന് കാഷ്യൂ ഫാക്ടറികളും തൃപ്തികരമായ പ്രവർത്തനം കാഴ്ച വെയ്ക്കുന്നില്ല. 1959-ൽ നിലവിൽ വന്ന പിടവൂർ അയണിക്കാട്ട് കാഷ്യൂ ഫാക്ടറിയാണ് പഞ്ചായത്തിലെ ആദ്യാത്തേത അതിനുശേഷം നിലവിൽ വന്ന പനമ്പറ്റ പ്രീമിയർ കാഷ്യൂ ഫാക്ടറിയും 1996-ൽ നിലവിൽ വന്ന പാണ്ടിതിട്ട നോബിൾ കാഷ്യൂ ഫാക്ടറി തൃപ്തികരമായ രീതിൽ പ്രവർത്തനം നടത്തുന്നു. ഇതുമൂലം തലവൂർ പഞ്ചായത്തിലും അതിനോട് ചേർന്ന് കിടക്കുന്ന മറ്റ് പഞ്ചായത്തിലേയും ഏകദേശം ആയിരത്തിഅഞ്ഞുറോളം (1500) സ്ത്രീകൾക്ക് തൊഴിൽ ലഭിയ്ക്കുന്നുണ്ട്. മറ്റ് പഞ്ചായത്തിലെ കാഷ്യൂ ഫാക്ടറികളിൽ ഈ പഞ്ചായത്തിൽ നിന്നും ആയിരക്കണക്കിന് സ്ത്രീ തൊഴിലാളികൾ പണിയെടുക്കുന്നു.

പരമ്പരാഗത വ്യവാസായമായ ഈറ്റ വ്യവസായ (കൊട്ട, വട്ടി, പായ മുതലായവ) പഞ്ചായത്തിൽ ചുരുക്കം ചില സ്ഥാലങ്ങളിൽ ഇപ്പോഴും നിലനിൽക്കുന്നു. എന്നാൽ ഈ വ്യവസായം വലിയ ഭീഷണി നേരിടുന്നു. കരണം ഇതിന്റെ നിർമ്മാണത്തിന് ആവശ്യമായ അസംസ്കൃത വസ്തുക്കൾ പഞ്ചായത്തിൽ ലഭ്യമല്ല. തന്നെയുമല്ല ഉല്പാദിപ്പിയ്ക്കപെടുന്ന ഉല്പന്നങ്ങൾ വിറ്റഴിക്കാൻ വളരെയേറെ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. ഉല്പന്നങ്ങൾക്ക് അർഹതപ്പെട്ട വിലയും ലഭ്യമല്ല.

വ്യവസായിക മേഖലയിലെ സ്ത്രീകളുടെ പങ്കാളിത്തം

മൊത്തം തൊഴിൽ സേനയിൽ പുരുഷന്മാരുടെ ആധിപത്യം ചുരുങ്ങിയ തോതിൽ കാണാമെങ്കിലും വ്യവസായ തൊഴിലാളികളിൽ സ്ത്രീകളാണ് കൂടുതൽ ചെറുകിട മേഖലകളിലും പരമ്പരാഗത മേഖലകളിലും സ്ത്രീകൾ അവരുടെ ആധിപത്യം സ്ഥാപിച്ചിട്ടുണ്ട്. കാർഷിക മേഖലയുമായി ബന്ധപ്പെട്ട ഭൂരിപക്ഷം യൂണിറ്റുകളിലും സ്ത്രീ തൊഴിലാളികളുടെ ആധിപത്യം തെളിയിച്ചിട്ടുണ്ട്.

പുരുഷന്മാർക്ക് ആധിപത്യമുള്ള ഇഷ്ടിക വ്യവസായം തടിമിൽ വ്യവസായം, തീപ്പിട്ടി കൊള്ളി വ്യവസായം. ഇതിൽ ഇഷ്ടിക വ്യവസായം നെടിവന്തൂർ, പനമ്പറ്റ, പിടവൂർ, കമുകുംചേരി എന്നീ വാർഡുകളിൽ മാത്രമേ കാണുന്നൊള്ളൂ. പഞ്ചായത്തിൽ ആകെ മൂന്ന് സാമിൽ ഉണ്ട്. ഇവ പനസറ്റ, പിടവൂർ, പാണ്ടിതിട്ട II എന്നീ വാർഡുകളിലാണ് വടകോട് വാർഡിൽ

തീപ്പട്ടിക്കൊള്ളി നിർമ്മാണത്തിന് ഉപയോഗിയ്ക്കുന്ന ഒരു സാമിലും പ്രവർത്തിയ്ക്കുന്നുണ്ട്. പനമ്പറ്റ വാർഡിൽ ഹോളോബ്രിക്സ് നിർമ്മിക്കുന്ന സ്വീറ്റ്ഹോം ഇൻറസ്ട്രിസ് പ്രവർത്തിയ്ക്കുന്നുണ്ട്. ഏകദേശം നൂറോളം വരുന്ന (സ്ത്രീ/പുരു) തൊഴിലാളികൾ പ്രവർത്തിയ്ക്കുന്ന സ്വകാര്യമേഖലയിലുള്ള ഒരു ഓട്ടു കമ്പിനിയും പനമ്പറ്റ വാർഡിൽ പ്രവർത്തിക്കുന്നു. തലവൂർ പഞ്ചായത്തിലെ കുരാ വാർഡിൽ ഏകദേശം 25 പേർക്ക് തൊഴിൽ കിട്ടുന്ന ഒരു തീപ്പട്ടി വ്യവസാ പ്രവർത്തിയ്ക്കുന്നുണ്ട്.

പ്രശ്നങ്ങൾ

തലവൂർ പഞ്ചായത്തിലെ കീറിമുറിച്ചുകൊണ്ട് കടന്നുപോകുന്ന കൊല്ലം ചെങ്കോട്ട റയിൽപാത വ്യാവസായിക വികസനത്തിന് ആവശ്യമായ വൈദ്യുതി ഗതാഗതം എന്നിവയെ ഒരളവുവരെ ബാധിയ്ക്കുന്നു. 33.67 ച:കി: വിസ്തീർണ്ണവും 31804 വരുന്ന ജമസംഖ്യയും 6952 വീടുകളും ഉള്ള ഈ പഞ്ചായത്തിൽ നിത്യോപയോഗസാധനങ്ങളും നല്ലൊരു വിപണിയായിട്ടും പ്രസ്തുത ഉല്പനങ്ങൾ ഉണ്ടാക്കി വില്ക്കുന്ന ഒരു വ്യവസായിക യൂണിറ്റുപോലും വളർന്നു വരാത്തത് ഗൗരവമായി പരിശോതിക്കപെടേണ്ടതാണ്. ഈ പഞ്ചായത്തിനെ സംബന്ധിച്ച് വ്യവസായിക വളർച്ചക്ക് ആവശ്യമായിട്ടുള്ള അനുകൂല ഘടകങ്ങളായ ഉയർന്ന സാക്ഷരത, ഉയർന്ന ആരോഗ്യ പരിരക്ഷ ഗ്രാമീണതയ്ക്ക് ചേർന്ന വാർത്താവിനിമയ സൗകര്യങ്ങൾ, ജനക്ഷേമ പ്രവർത്തനങ്ങൾ ഉയർന്ന ഉപഭോഗ നിലവാരം സുഖസൗകര്യങ്ങളോടെ ജീവിയ്ക്കാനുള്ള തൽപ്പരത എന്നിവയെല്ലാം ഉണ്ടെങ്കിലും വേണ്ടതോതിൽ വ്യവസായ വളർച്ച കൈവരിയ്ക്കാൻ കഴിയാത്തത് പ്രധാനമായും താഴെപ്പറയുന്ന കാരണങ്ങൾ കൊണ്ടാണ്.

1. മുഖ്യ ഉൽപ്പന്നമായ റബ്ബർ, നാളീകേരം എന്നിവ വ്യവസായ രംഗത്ത് പ്രയോജനപെടുത്തുന്നില്ല.
2. നിലവിലുള്ള വ്യവസായമേഖലയിലെ കുറഞ്ഞ കൂലി നിരക്ക്
3. കൂടുതൽ വൈദ്യുതി ലഭിയ്ക്കാനുല്ള മാർഗ്ഗങ്ങൾ കുറവ്
4. സാങ്കേതിക പരിജ്ഞാനക്കുറവ്
5. വിവിധ ധനകാര്യ ഏജൻസികളിൽ നിന്നുള്ള ധനസഹായം കിട്ടാനുള്ള സാങ്കേതിക ബുദ്ധിമുട്ട്.
6. വിപണന സാധ്യതക്കുറവ്
7. പരമ്പരാഗത വ്യവസായ മേഖലകളിലെ തൊഴിലാളികൾക്കും കൈതൊഴിലുകൾക്കും കൂടുതൽ പരിശീലനം ലഭിയ്ക്കാനുള്ള സാധ്യതക്കുറവ്.
8. അഭ്യസ്തരായ വനിതകൾക്ക് തൊഴിലാവസരം പൊതുവെക്കുറവ്
9. സാങ്കേതിക പരിശീലനം ലഭിച്ച തൊഴിൽ രഹിതർക്ക് തൊഴിൽ നൽകാനുള്ള സാധ്യത ഇല്ല.
10. ഒരു സംരഭകന് അവശ്യം വേണ്ടുന്ന മാനസീകമായ തയ്യാറെടുപ്പിന്റെ ശക്തമായിട്ടുള്ള പ്രേരണക്കുറവ്
11. വ്യവസായിക മേഖല സമ്പർക്കക്കുറവ്
12. വ്യവസായ വികസനവുമായി ബന്ധപ്പെട്ട് ശാസ്ത്രീയ ബോധവൽക്കരണക്കുറവ്.

വ്യവസായം നേരിടുന്ന പ്രധാന പ്രശ്നങ്ങളിലൊന്നാണ് കുറഞ്ഞ കൂലി നിരക്ക്. സ്ത്രീകളുടെ കൂലിനിരക്ക് വളരെക്കുറവാണ്.

വിവിധ മേഖലയിലെ കൂലി നിരക്ക്

ക്രമ നമ്പർ	ഇനം	കൂലിനിരക്ക്	
		പുരു	സ്ത്രീ
1.	തടി വ്യവസായം	100	–
2.	ബേക്കറി	60	–
3.	പപ്പടം	60	40
4.	ഭക്ഷ്യസാധനം പൊടിയ്ക്കൽ	70	40
5.	പായ്നെയ്ത്ത്	–	30
6.	കല്ലുവെട്ട്	100	–
7.	ഇഷ്ടിക നിർമ്മാണം	80	60
8.	ഓട നിർമ്മാണം	80	60
9.	റബ്ബർ		60
–			
10.	കാഷ്യൂ ഫാക്ടറി	60	40
11.	തീപ്പെട്ടി കൊള്ളി	60	40

ക്രമ നമ്പർ	ഇനം	കൂലിനിരക്ക്	
		പുരു	സ്ത്രീ
12.	പടക്കം	60	–
13.	പരമ്പരാഗത വ്യവസായം	50	30
14.	ഹോളോബ്രിക്സ്	70	50

സാധ്യതകൾ

വിദ്യാസമ്പന്നരായ യുവതീയുവാക്കൾ ഏറെയുള്ള തലവൂർ പഞ്ചായത്തിലെ നല്ലൊരു ശതമാനം യവതീയുവാക്കളും മറ്റു പഞ്ചായത്തുകളിലായി ജോലി ചെയ്യുന്നവരാണ്. കൂടാതെ കേരളത്തിന് പുറത്തും ഇന്ത്യയിലും വിദേശത്തും ജോലി ചെയ്യുന്നു. എങ്കിലും വളരെയധികം വ്യവസായിക സാധ്യതയുള്ള ഒരു പഞ്ചായത്താണ് തലവൂർ പഞ്ചായത്ത് പരമ്പരാഗത മേഖലയിൽ ജോലി ചെയ്യുന്നവരുടെ എണ്ണം വളരെ കുറവാണ്. എങ്കിലും കശുവണ്ടി ഇഷ്ടിക എന്നീ മേഖലയിലാണ് കൂടുതൽ ആളുകൾ ജോലി ചെയ്യുന്നത്. മൂന്ന് കശുവണ്ടി ഫാക്ടറിയും 13 ഇഷ്ടിക നിർമ്മാണ യൂണിറ്റും ഒരു ഓട്ടു കമ്പനി, എന്നീ മേഖലകളിലേയ്ക്ക് ഏകദേശം 2000 യിരത്തോളം ആൾക്കാർ ജോലി ചെയ്യുന്നു. പ്രധാനമായും സ്ത്രീ തൊഴിലാളികളാണ് ഈ രംഗത്ത് പ്രവർത്തിയ്ക്കുന്നത്.

No	കാഷ്യൂഫാക്ടറി	ആൺ	പെൺ
1.	പ്രീമിയർ	15	500
2.	ആയണിക്കാട് (ഗ്ലോബൽ)	10	200
3.	നോബിൾ	10	300

ഇഷ്ടിക വ്യവസായം

No	യൂണിറ്റിന്റെ പേര്	ആൺ	പെൺ
1.	C. തോമസ്കുട്ടി മംഗലത്ത് പുത്തൻവീട്	7	5
2.	സി.കെ.ജോർജ്ജ്ചിഞ്ചുവില്ല പനമ്പറ്റ	7	4
3.	ദമയന്തി, ബിന്ദുവിലാസം, പനമ്പറ്റ	7	5
4.	അശോകൻ കേശവവിലാസം, പനമ്പറ്റ	7	5
5.	രവീന്ദ്രൻപിള്ള, വിഷ്ണു ഭവൻ, പനമ്പറ്റ	7	10
6.	സുരേന്ദ്രൻ, പുഷ്പക ബ്രിക്സ്, പിടവൂർ	7	5
7.	ട. മുരളീധരൻ R.M ബ്രിക്സ് കാമുകുചേരി	15	10
8.	P. തങ്കമ്മ തുളസീബ്രിക്സ്	7	5
9.	A. മീരാസാഹിബ്, തോട്ടം കാരോട്ട് വീട്, നെടുവന്നൂർ	9	4
10.	സുഹർബാൽ, അഫ്സിയ മൻസിൽ നെടുവന്തൂർ	5	5
11.	സുലൈമാൻകുഞ്ഞ്. കുഴിവേലിൽ കിഴക്കേതിൽ നെടുവന്തൂർ	7	5
12.	രാജീവ്, മഞ്ഞക്കാട് വീട്, നെടുവന്തൂർ	7	8
13.	ലാലി മോഹൻ,മുട്ടത്തുവീട്	7	5
14.	വിജയകുമാർ, വെളിച്ചപ്പാട് നെടിവന്തൂർ	7	5

ഈ പഞ്ചായത്തിൽ സുലഭമായി ലഭിയ്ക്കുന്നത് റബ്ബറും നാളികേരവും ആണെങ്കിലും അതു ഉപയോഗിച്ച് പ്രവർത്തിയ്ക്കുന്ന വ്യവസായങ്ങൾ ഒന്നുംതന്നെയില്ല. തേങ്ങ, ചിരട്ട, റബ്ബർ, എന്നിവ ഉപയോഗിച്ചുള്ള വിവിധയിനം വ്യവസായങ്ങളെ പറ്റി ബോധവൽക്കരണം നടത്തുകയാണെങ്കിൽ ഈ മേഖലയിലെക്ക് കൂടുതൽ വ്യവസായ സംരഭകരെ ആകർഷിയ്ക്കുവാൻ കഴിയും.

ഖാദി മേഖല

ഖാദി ബോർഡിന്റെ ആഭിമുഖ്യത്തിൽ പിടവൂർ വാർഡിൽ പ്രവർത്തിച്ചിരുന്ന നെയ്ത്ത് വ്യവസായ സഹകരണസംഘം ഇപ്പോൾ പ്രവർത്തിയ്ക്കുന്നില്ല. ഏകദേശം 60 സെന്റ് സ്ഥലവും കെട്ടിടവും സ്വന്തമായി ഉണ്ടായിട്ടുള്ള ഈ യൂണിറ്റ് പ്രവർത്തനക്ഷമമാക്കിയാൽ 50 സ്ത്രികൾക്ക് തൊഴിൽ കൊടുക്കുവാൻ കഴിയാവുന്നതാണ്. ഖാദിബോർഡിൽ സഹായം ലഭിയ്ക്കുന്ന നിരവധി

തീപ്പെട്ടി നിർമ്മാണയൂണിറ്റുകളും, മെഴുകുതിരി നിർമ്മാണ യൂണിറ്റുകളുടേയും പ്രവർത്തനം സഹായധനം വാങ്ങുക എന്നതിലൊതുങ്ങുന്നു. ഈ യൂണിറ്റുകളെ സജീവമാക്കുകവഴി നിരവധി യാളുകൾക്ക് തൊഴിലഭിക്കുകയും ഖാദിബോർഡിന്റെ സഹായത്തോടുകൂടി തേനീച്ചവളർത്തൽ, പട്ടുനൂൽപ്പുഴു വളർത്തൽ തുടങ്ങിയവയ്ക്കും ഏറെ സാധ്യതകൾ ഉണ്ട്. ഖാദി ബോർഡുവഴി ലഭിക്കുന്ന സഹായങ്ങൾ വേണ്ട വിധത്തിൽ പ്രയോജനപെടുത്തിയാൽ നമ്മുടെ പഞ്ചായത്തിൽ നിരവധി ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിയ്ക്കാൻ കഴിയും.

ഇവിടെ ലഭ്യമായ അസംസ്കൃത പദാർത്ഥങ്ങൾ ഉപയോഗിച്ച് കുറഞ്ഞ ചിലവിൽ ആരംഭിയക്കാന് സാധ്യതയുള്ള യൂണിറ്റുകൾ

പട്ടിക

വിഭാഗം	നമ്പർ	ഇനം
ജനറൽ SSI	1	തെങ്ങുകൊണ്ട് കെട്ടിടനിർമ്മാണ സാമഗ്രികളും ഫർണ്ണിച്ചറും.
	2.	വെളിച്ചെണ്ണ
	3.	കാലിത്തീറ്റ
	4.	ചിപ്സ് നിർമ്മാണം
വനിത SSI	1	തെങ്ങ്, ചിരട്ട ഇവ ഉപയോഗിച്ചുള്ള കരകൗശല വസ്തുക്കൾ:- കപ്പ് സോസറും, ഐസ്ക്രീകപ്പ്, മറ്റ് ഗൃഹോപകരമണങ്ങൾ, ഹെയർപിൻ, ക്ലിപ്പ്
	2.	പഴം ജാമുകൾ, സ്കാഷുകൾ
	3.	ഫാൻസി ഫൈഭർ (വാഴനാര്, കൈതനാര്)

ഇന്ത്യയിൽ 7500 ലധികം വിവിധതരം ഉല്പന്നങ്ങൾ ചെറുകിട വ്യവസായ മേഖലയിൽ ഉല്പാദിപ്പിയ്ക്കപെടുന്നുണ്ട്. രണ്ടു ലക്ഷം കോടി രൂപ വിലവരുന്ന ഉല്പന്നങ്ങൾ ചെറുകിട വ്യവസായ മേഖലയിൽ ഉല്പാദിപ്പിയ്ക്കുന്നതിൽ, ഏകദേശം 80,000 കോടി രൂപയുടെ ഉല്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നുണ്ട്.

12 വാർഡുകളിലായി 100 ലധികം ആളുകളെങ്കിലും വ്യവസായ യൂണിറ്റുകൾ തുടങ്ങാൻ സന്നദ്ധരാണെങ്കിലും തലവൂരിലെ വിപണികൾ മാത്രം ലഭിച്ചാൽ പോലും വളരുവാൻ സാധ്യതയുള്ള നിത്യോപയോഗ സാധനങ്ങൾ ഉല്പാദിപ്പിയ്ക്കുവാൻ മുന്നോട്ടുവരാത്ത നമ്മുടെ യുവജവങ്ങളുടെ ഇടയിൽ പുതിയ ഒരു വ്യവസായ വികസനബോധം വളർത്തിയെടുക്കുവാൻ ആവശ്യമായ സാഹചര്യം ഉണ്ടാക്കി എടിക്കേണ്ടതുണ്ട്.

ചുരുങ്ങിയ മുതൽ മുടക്കിൽ കമ്പോളം ലഭിയ്ക്കാൻ സാധ്യതയുള്ള വ്യവസായങ്ങൾ

പട്ടിക

വിഭാഗം	നമ്പർ	ഇനം
ജനറൽ SSI	1.	മരം ഫർണ്ണിച്ചർ
	2.	ശാസ്ത്രീയമായ കോഴി വളർത്തൽ
	3.	ഹാവായ് ചെരുപ്പുകൾ
	4.	അലൂമിനിയം പാത്രങ്ങൾ
	5.	സ്കൂൾ ബാഗ്
	6.	പ്ലാസ്റ്റിക് ബട്ടൺ
	7.	യന്ത്രവൽക്കൃതതടി വ്യവസായം
	8.	അലങ്കാര പണിചെയ്ത മരം കൊണ്ടുള്ളവീട്ടു ഉപകരണം
	9.	ലിക്വിഡ് ഡിറ്റർജൻ
	10.	ക്ലീനിംഗ് പൗഡർ
	11.	ഓട്ടോ ഇലക്ട്രിക് ഷോപ്പ്
	12.	ഇലക്ട്രിയ്ക്കൽ ജനറൽ വർക്സ് ഷോപ്പ്
	13.	ജനറൽ ഇഞ്ചിനിയറിംഗ്
	14.	ഇരുചക്രവാഹനങ്ങളുടെ വർക്സ്ഷോപ്പ്
	15.	ഇലക്ട്രോണിക് ചോക്ക് നിർമ്മാണം
	16.	എമർജൻസിലാമ്പ്
	17.	സ്വിച്ച്ബോർഡ്
	18.	സിന്തറ്റിക് വിനാഗിരി
	19.	ഉന്നത നിലവാരമുള്ള റഡിമെയിഡ് വസ്ത്രങ്ങൾ

വിഭാഗം	നമ്പർ	ഇനം
വനിത	1.	അലക്ക് സോപ്പ്
	2.	സോപ്പ് പെട്ടി നിർമ്മാണം
	3.	പേപ്പർ കവർ നിർമ്മാണം
	4.	സ്ത്രീകളുടെയും കുട്ടികളുടെയും റെഡിമെയിഡ് വസ്ത്രങ്ങൾ
വനിത	1.	നോട്ട് ബുക്ക് നിർമ്മാണം
	2.	ബാഗ്, റയിൻകോട്ട് മുതലായ റക്സിൻ ഉല്പന്നങ്ങൾ
	3.	കറി പൗഡർ
	4.	മെറ്റൽ നിർമ്മാണം
ജനറൽ	1.	സിമിന്റ് കൊണ്ടുള്ള ജനാല, വാതിൽ തുടങ്ങിയവ
	2.	സ്റ്റീൽ ഫർണ്ണിച്ചർ
	3.	ഇഷ്ടിക നിർമ്മാണം
	4.	പഠനസഹായസാമഗ്രികളും, ലബോറട്ടറി ഉപകരണം
	5.	കിടക്ക നിർമ്മാണം.
	6.	സിമിന്റ് ഇഷ്ടിക നിർമ്മാണം

വൈദ്യുതി

പഞ്ചായത്തിൽ പത്തനാപുരം, വിളക്കുടി, കുളക്കട, ചെങ്ങമനാട്, എന്നീ സെക്ഷൻ ഓഫീസുകളുടെ കീഴിലാണ് ഇത്. പഞ്ചായത്തിലെ വ്യവസായിക വളർച്ചയ്ക്ക് തടസ്സം സൃഷ്ടിയ്ക്കുന്നു ഇത് പരിഹരിയ്ക്കുവാൻ നടുത്തേരിൽ പ്രവർത്തിയ്ക്കുന്ന ജൂനിയർ എഞ്ചിനിയർ ഓഫീസ് ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് ആയി ഉയർത്തുകയും പഞ്ചായത്തിലെ മുഴുവൻ ഉപഭോക്താക്കളേയും ടി ഓഫീസിന്റെ കീഴിൽ കൊണ്ടുവരേണ്ടതും കൂടുതൽ ശക്തിയുള്ള ട്രാൻസ്ഫോർമ്മർ സ്ഥാപിച്ചും വ്യവസായ പുരോഗതിയ്ക്ക് ആവശ്യമായ വൈദ്യുതിയുടെ അപര്യാപ്തത പരിഹരിയ്ക്കേണ്ടത് അടിയന്തിര ആവശ്യമാണ്.

ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. കാഡ് ബോഡ്പെട്ടികൾ
2. തീപ്പെട്ടി
3. അലങ്കാരസസ്യങ്ങളും പൂ കൃഷിയും
4. നാളീകേര സംസ്ക്കരണം
5. ജൈവ വള യൂണിറ്റ്
6. റബ്ബർ തടി സംസ്ക്കരണം
7. കാലിത്തീറ്റ, കോഴിത്തീറ്റ
8. തേനിച്ച വളർത്തൽ
9. മരച്ചീനി സംസ്ക്കരണം

നിർദ്ദേശങ്ങൾ

1. വ്യവസായം തുടങ്ങുന്നതിന് താല്പര്യമുള്ളവരുടെ ഒരു ലി പഞ്ചായത്തിൽ ശേഖരിയ്ക്കുകയും അതിൽ നിന്ന് വ്യവസായ സംരഭകരെ വാർത്തെടുക്കുന്നതിന് വിദഗ്ദ്ധ പരിശീലനം നൽകുകയും ചെയ്യുക പരിശീലനത്തിന് വിവിധ വ്യവസായ വികസന ഓഫീസുകളുമായി ബന്ധപ്പെട്ട് ചർച്ചകൾ സെമിനാറുകൾ എന്നിവ സംഘടിപ്പിയ്ക്കുകയോ സംരഭകർക്ക് പരിശീലനം നൽകുകയെ ചെയ്യാം. പരിശീലനം നൽകുന്നതിന് താഴെ പറയുന്ന സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ഒരു സ്ഥിത പരിശീലന കേന്ദ്രം ജില്ലാ തലത്തിൽ തുടങ്ങണം.
   a. District Industrial Centre Kollam
   b. Small Industries Service Institute
   c. National small Industries Corporation
   d. Kerala State Industrial and Technology consultancy Organisation Ernakulam
2. കരകൗശല രംഗത്ത് വിദഗ്ദമായ പരിശീലനം നൽകുന്നതിന് Deputy commissioner, Ministery of Handloom & Textiles Trichur എന്നിവരുമായി ബന്ധപ്പെട്ട് ഒരു Craft Development Centre സ്ഥാപിയ്ക്കുവാനാവശ്യമായ നടപടികൾ സ്വീകരിയ്ക്കുക.
3. ഇവിടെ സുലഭമായി ലഭിയ്ക്കുന്ന റബ്ബർ, നാളീകേരം അടിസ്ഥാനമാക്കിയുള്ള വിവിധതരം വ്യവസായങ്ങളെപ്പറ്റി ഒരു പരിശീലന പരിപാടി സംഘടിപ്പിയ്ക്കുക.
4. റെഡിമെയിഡ് വ്യവസായം തുടങ്ങാനാഗ്രഹിയ്ക്കുന്ന സംരഭകർക്ക് പ്രസ്തുത രംഗത്തുള്ള നവീനരീതികളെപ്പറ്റിയും അതിന്റെ വിപണന സാധ്യതകളെപ്പറ്റിയുംIndian Institute of

Fashion Technology,Madrasഎന്ന സ്ഥാപനത്തിന്റെ കീഴിൽ വിദഗ്ദപരിശിലനം നൽകണം.

5 വ്യവസായം തുടങ്ങുവാനാഗ്രഹിയ്ക്കുന്ന ആളുകളെ കണ്ടെത്തി അവർക്ക് വ്യവസായ സംരഭങ്ങളെ പറ്റിയുള്ള ആശങ്ക അകറ്റുന്നതിനും വിജയകരമായ രൂപത്തിൽ വ്യവസായം നടത്തി കൊണ്ടുപോകുന്ന വ്യവസായികളുമായി ആശയവിനിമയം നടത്തുന്നതിന്ന പര്യാപ്തമായ രീതിയിൽ വ്യവസായങ്ങൾ നേരിൽ കണ്ട് മനസ്സിലാക്കാൻ പഠന യാത്ര സംഘടിപ്പിയ്ക്കണം.

6. വ്യവസായ രംഗത്തേക്ക് വരുന്നവർക്ക് വൈദ്യുതി ഉറപ്പുവരുന്നതിന് നിലവിലുള്ള എല്ലാ വൈദ്യുതി ലൈനുകളും 3 Phase ആക്കി മാറ്റുവാൻ വേണ്ട നടപടി സ്വീകരിയ്ക്കണം.

7. കണ്ടെത്തുന്ന വ്യവസായ സംരംഭകരെ നിരന്തരമായി പ്രോത്സാഹിപ്പിച്ച് വ്യവസായങ്ങൾ തുടങ്ങുവാനും പ്രസ്തുത രംഗത്തെ നല്ല നിലയിൽ പ്രാവർത്തികമാക്കാനുള്ള സാഹചര്യങ്ങൾ സൃഷ്ടിയ്ക്കുവാൻ ഒരു സ്ഥിരം മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിയ്ക്കുകയും വേണം.

8. വ്യവസായ കേരളം പ്രസിദ്ധീകരണം പഞ്ചായത്തിൽ വരുത്തണം.

മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ ചർച്ചയുടെ അടിസ്ഥാനത്തിൽ മുൻഗണനാ ക്രമം നിശ്ചയിച്ച് നടപ്പാക്കിയാൽ നമ്മുടെ പഞ്ചായത്തിൽ അടുത്ത ഏതാനും വർഷങ്ങൾക്കുള്ളിൽ ചെറുകിട വ്യവസായ രംഗത്ത് കാര്യമായ പരോഗതി ഉണ്ടാക്കാൻ കഴിയും. നമുക്ക് ആവശ്യമായ നിത്യോപയോഗ സാധനങ്ങൾ ഇവിടെ തന്നെ ലഭ്യമാക്കാനും എല്ലാറ്റിനും അന്യ സംസ്ഥാനങ്ങളെ ആശ്രയിയ്ക്കുന്ന രീതി ഒഴിവാക്കാനും കഴിയും. ഈ പഞ്ചായത്തിലെ കാർഷിക വിളകളെ പ്രോത്സാഹിപ്പിയ്ക്കുന്നതോടൊപ്പം നല്ലൊരു ശതമാനം തൊഴിലാല്ലാത്തവർക്കും തൊഴിൽ നൽകുവാനും കഴിയും. പഞ്ചായത്തിന്റെ മൊത്തത്തിലുള്ള സാമ്പത്തിക സ്ഥിതി മെച്ചപ്പെടുകയും നമ്മുടെ ആളോഹരി വരുമാനം വർദ്ധിയ്ക്കുകയും ചെയ്യും. ഇത് ജനങ്ങളുടെ സാമൂഹിക സാമ്പത്തിക സാംസ്ക്കാരിക പുരോഗതിക്ക് ആക്കം കൂട്ടുകയും പുതിയ സാമൂഹ്യ ജീവിതാനുഭവങ്ങളും വികസന സാക്ഷരതയും വളർന്ന് വരാൻ കാരണമാവുകയും ചെയ്യും.

വിദ്യാഭ്യാസം

തലവൂർ ഗ്രാമപഞ്ചായത്ത് ഓഫീസ് സ്ഥിതി ചെയ്യുന്ന രണ്ടാലുംമൂട്ടിൽ നിന്നും ഏകദേശം 20 മീറ്റർ അകലെയായി സ്ഥിതിചെയ്തിരുന്ന L.M.S. സ്കൂളുകമുകംചേരി തിരുവിളങ്ങോനപ്പൻ ക്ഷേത്രത്തിനു പടിഞ്ഞാറുണ്ടായിരുന്ന കാവനാട് എന്ന വീട്ടിലുമായി നടത്തിയിരുന്ന സ്കൂളുകളുമായിരുന്നു പഞ്ചായത്തിലെ ആദ്യത്തെ സ്കൂളുകൾ എന്നും സ്ഥിതിവിവരശേഖരത്തിൽ നിന്നും മനസ്സിലാകുന്നു.

1890നു മുൻപ് ഒരു സായ്പ് രണ്ടാലുംമൂട്ടിലുള്ള സർക്കാർ വക സ്ഥലം ലേലത്തിൽ പിടിക്കുകയും 1870ൽ അവിടെ ഒരു സ്കൂൾ സ്ഥാപിക്കുകയും ചെയ്തു. കോട്ടയത്തുനിന്നും കിഴക്കേതെരുവിലെത്തി അവിടെ നിന്നും തലവൂരിൽ സ്ഥിരതാമസമാക്കിയിരുന്ന റ്റി.ഫിലിപ്പോസ് സാർ എന്നയാളാണ് ഈ സ്കൂളിൽ പഠിപ്പിക്കാനെത്തിയ ആദ്യത്തെ അദ്ധ്യാപകൻ. ഇദ്ദേഹത്തെ പീലിവാദ്ധ്യാർ, പീലിയാശാൻ എന്നും പഴമക്കാർ വിളിച്ചിരുന്നു. ഒന്നാംക്ലാസ് മാത്രമുള്ള ഈ സ്കൂളിൽ ഫിലിപ്പോസ് സാറിനെ സഹായിച്ചിരുന്നത് ഒരു സായ്പ്പും മിഷ്യൻ പള്ളിയുടെ ഉപദേശിയുമായിരുന്ന കായംകുളത്തെ ഒരു ദാവീദ്ഉപദേശിയുമായിരുന്നു. അരഹോൻ സാർ, ഉണ്ണിസാർ, പി.പി.ജോൺ സാർ കടകംപള്ളി ജോസഫ്സാർ തുടങ്ങിയവർ ഇവിടെ പഠിപ്പിച്ചിരുന്നു.

ഫിലിപ്പോസ് സാറിനെകുറിച്ചുള്ള ഒരു ചരിത്രം.

സ്കൂളുകളിൽ അവർണ്ണരായ കുട്ടികളെ പഠിപ്പിക്കുന്നതിന് ക്ളാസ്സിന്റെ മൂലയിൽ ഒരു തടുക്കിട്ട് (ഒരു തരം പായ) കുട്ടികളെ അതിലിരുത്തുകയായിരുന്നു പതിവ്. ഫിലിപ്പോസ് സാർ സവർണ്ണരും അവർണ്ണരുമായ കുട്ടികളെ ഒരുമിച്ച് ഒരേ ബഞ്ചിലിരുത്തി പഠിപ്പിക്കുവാൻ ശ്രമിച്ചു. ഈ സംഭവം സവർണ്ണരായ യാഥാസ്ഥിതികരെ ക്രുദ്ധരാക്കുകയും അവർ ഫിലിപ്പോസ് സാറിനെ ആക്രമിക്കുവാൻ ശ്രമിക്കുകയും ചെയ്തു. ഒരു തൂശിനില കൊണ്ടുവരുവാൻ ബഹളക്കാരോട് വളരെ ശാന്തനായി പറഞ്ഞു. സവർണ്ണരായ കുട്ടികളുടെ രക്തവും അവർണ്ണരായ കുട്ടികളുടെ രക്തവും തൂശിനിലയിൽ ഇറ്റിച്ചിട്ട് രക്തത്തിന്റെ വ്യത്യാസം കണ്ടുപിടിക്കുവാൻ പറഞ്ഞു. നിജസ്ഥിതി മനസിലാക്കിയ യാഥാസ്ഥിതികർ പിന്നീട് ശാന്തരാവുകയും പിന്നീടുള്ള സ്കൂൾ നടത്തിപ്പിൽ സജീവമായി പങ്കെടുക്കുകയും ചെയ്തിരുന്നു.

തുടർന്നുള്ള കാലങ്ങളിൽ പലപല കാരണങ്ങൾ കൊണ്ടും വിദ്യാഭ്യാസം ചെയ്യുവാൻ ഭൂരിഭാഗം ജനങ്ങളും തയ്യാറായില്ല. ദാരിദ്ര്യം അതിലൊരു പ്രധാനഘടകമായിരുന്നു. ആഹാരത്തിനുവേണ്ടി കൂലിപ്പണിക്കുപോകുന്നതുകൊണ്ട് ഇടത്തരക്കാർക്കും താഴെതട്ടിലുള്ളവർക്കും വിദ്യാഭ്യാസം മരീചികയായിരുന്നു. ഓരോതലമുറകൾ കഴിയുന്തോറും ഓരോ വീട്ടിലെ അംഗങ്ങളിൽ കുറേശ്ശേ കുറേശ്ശേ വിദ്യാഭ്യാസം ചെയ്യുവാനും ബാക്കിയുള്ളവർ വീട്ടിലുള്ള കൃഷിയിലും കൂലിപ്പണിക്കുമായി പോവുകയും വിദ്യാഭ്യാസം ചെയ്യുന്ന അംഗങ്ങളെ സഹായിച്ചും പോന്നിരുന്നു. അങ്ങിനെ ഏകദേശം എഴുപത് വർഷങ്ങൾക്കു മുൻപ് മുതൽ സമൂഹത്തിലെ ഇടത്തരക്കാർ എല്ലാവരും പ്രൈമറി വിദ്യാഭ്യാസമെങ്കിലും നേടിയിരുന്നു. അപ്പോഴും പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവർ വിദ്യാഭ്യാസത്തെപറ്റി ചിന്തിച്ചിരുന്നില്ല. ആ സ്ഥിതി മാറി പ്രൈമറി വിദ്യാഭ്യാസമെങ്കിലും ടി ജനങ്ങൾക്ക് എല്ലാംതന്നെ നേടാൻ തുടങ്ങിയിട്ട് 40 വർഷത്തേ പഴക്കമെ ഉള്ളു. തുടർന്നുള്ള വിദ്യാഭ്യാസത്തിന്റെ അഭാവവും എഴുത്തിലോ വായനയിലോ ശ്രദ്ധ കേന്ദ്രീകരിക്കാത്തതിന്റെ ഫലമായി പ്രൈമറി വിദ്യാഭ്യാസം നേടിയിരുന്നവരിൽ ഭൂരിഭാഗവും എഴുത്തും വായനയും അറിയാൻ വയ്യാത്തവരായി. കേരളത്തിലെ ജനങ്ങളെ എല്ലാംതന്നെ സാക്ഷരരാക്കിയ മഹത്തായ "അക്ഷരകേരളം" പ്രോഗ്രാം ലോകത്തിനു തന്നെ മാതൃകയായിരുന്നു. തുടർന്നുള്ള പ്രവർത്തനങ്ങൾ വേണ്ടരീതിയിൽ നടക്കാത്തതു കാരണം അന്ന് അക്ഷര സിദ്ധി നേടിയവർ വീണ്ടും നിരക്ഷരരായി മാറുന്നതായി പഠനങ്ങൾ തെളിയിക്കുന്നു.

സമൂഹത്തിന്റെ സർവ്വതോമുഖമായ വളർച്ച ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന പ്രതിബദ്ധമായ തലമുറയെ സൃഷ്ടിക്കുകയാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. ആയതുകൊണ്ട് അഞ്ചുവയസ്സു കഴിഞ്ഞ മുഴുവൻ കുട്ടിയും ഈ പഞ്ചായത്തിൽ ഒന്നാംക്ലാസ്സിൽ എത്തിച്ചേരുന്നു. തുടർന്നുള്ള ക്ലാസ്സുകളിലെ കൊഴിഞ്ഞുപോക്കും കുറവാണ്. സാമ്പത്തിക ഭദ്രതയുള്ള കുറെ രക്ഷിതാക്കൾ തങ്ങളുടെ കുഞ്ഞുങ്ങളെ അൺ എയിഡഡ് ഇംഗ്ലീഷ്മീഡിയം സ്കൂളുകളിൽ ചേർക്കുന്നു. പഞ്ചായത്തിലെ മിക്ക രക്ഷിതാക്കളെയും അൺഎയിഡഡ് വിദ്യാഭ്യാസം നടത്തുന്നവർ ചാക്കിലിടുകയും കുട്ടികളെ ടി വിദ്യാലയത്തിൽ ചേർക്കാൻ നിർബന്ധി

തരാകുകയും വരുമാനത്തിന്റെ നല്ലൊരുഭാഗം ഇത്തരക്കാർ ചോർത്തിക്കൊണ്ടുപോവുകയും ചെയ്യുന്നു. സ്റ്റാറ്റസ്സ്കോ നിലനിർത്താനായി ധാരാളം രക്ഷിതാക്കളും സാമ്പത്തിക ഭദ്രതയില്ലെങ്കിൽ പോലും പിഞ്ചുകുഞ്ഞുങ്ങളെ L.K.G. യിൽ ചേർക്കുന്നു. ഭൂരിഭാഗം കുട്ടികളും 4-ാം സ്റ്റാൻഡാർഡ് പഠനം തികച്ച് സർക്കാർ സ്കൂളുകളിലോ എയിഡഡ് സ്കൂളുകളിലോ എത്തിച്ചേരുന്നു.

തലവൂർ ഗ്രാമപഞ്ചായത്തിൽ രണ്ട് ഹൈസ്ക്കൂളുകളും (UP attached) ഒരു ഗവ: യൂ പി സ്ക്കൂളും പതിനൊന്ന് ഗവ: പ്രൈമറി സ്കൂളുകളും പ്രവർത്തിക്കുന്നു. ഹൈസ്കൂളുകൾ രണ്ടും എയിഡഡ് സ്കൂളുകളാകുന്നു. നടപ്പ് അക്കാഡമിക് വർഷത്തിൽ നാലായിരത്തി എഴുനൂറ്റിമുപ്പത്തിയഞ്ച് വിദ്യാർത്ഥികൾ പഠിക്കുകയും ഇരുനൂറ്റിമുപ്പത്തിയാറ് അദ്ധ്യാപകർ സേവനമനുഷ്ഠിക്കുകയും ചെയ്യുന്നു. ഇരുനൂറ്റിമുപ്പത്തിയാറിൽ നൂറ്റി അറുപത്തിയേഴ് അദ്ധ്യാപികമാരും അറുപത്തിയൊൻപത് അദ്ധ്യാപകരുമാകുന്നു. 2639 വിദ്യാർത്ഥികളും 2096 വിദ്യാർത്ഥിനികളുമാണ് ടി സ്കൂളുകളിലായി പഠിക്കുന്നത്. ഹൈസ്കൂളുകളിൽ നിന്നും പത്താംക്ലാസ്സു പാസ്സാകുന്ന വിദ്യാർത്ഥികൾ പത്തനാപുരം St. Stephens college പുനലൂർ S.N. college കൊട്ടാരക്കര St. Grigorious college കൊല്ലം S.N.College S. N. College for Women, Fathimatha National College എന്നിവിടങ്ങളിൽ പോയി പഠിക്കുവാൻ ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ ബസ്സുകളും പ്രൈവറ്റ് ബസ്സുകളും ട്രയിൻ സർവീസ്സും ഈ പഞ്ചായത്തിൽ നിന്ന് ലഭ്യമാണ്.

ഈ പഞ്ചായത്തിൽ സർക്കാർ വക ഒരു ഹൈസ്കൂൾ ഇല്ല എന്നുള്ളത് ഒരു പോരായ്മയാകുന്നു. കമുകുംചേരി പ്രദേശത്ത് ഒരു ഗവ:ഹൈസ്കൂൾ സ്ഥാപിക്കണമെന്ന ആവശ്യം ഗ്രാമസഭയിൽ ശക്തമായി ഉയർന്നു വന്നിട്ടുണ്ട്.

അൺഎയിഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളുകൾക്ക് കടിഞ്ഞാണിടുകയും അയൽപക്ക വിദ്യാലയത്തിൽ കുട്ടികളെ എത്തിക്കുകയും ഗുണനിലവാരമുള്ള വിദ്യാഭ്യാസരീതി ആവിഷ്ക്കരിക്കുകയും ചെയ്യുവാൻ പഞ്ചായത്ത് മുൻകൈയെടുക്കേണ്ടതാണ്. പഞ്ചായത്തിന്റെ ചിലവിൽ ഹൈസ്കൂൾ തലം വരെ അർഹരായ കുട്ടികൾക്ക് ഉച്ചഭക്ഷണം നല്കാനുള്ള ഏർപ്പാടുകൾ ഉണ്ടായാൽ ക്ലാസ്സുകളിൽ കൂടുതൽ ശ്രദ്ധിച്ചു പഠിക്കുവാൻ സാധിക്കുന്നതാണ്.

പട്ടിക 1A

No	വിദ്യാർത്ഥികൾ സ്കൂൾ	Aided/ Govt:	അദ്ധ്യാപകർ നമ്പർ					
			വിദ്യാർത്ഥികൾ			അദ്ധ്യാപകർ		
			ആൺ	പെൺ	ആകെ	ആൺ	സ്ത്രീ	ആകെ
1	IG.M.H.S. മഞ്ഞക്കാല	Aided	448	228	676	13	31	44
2	D.V.H.S. തലവൂർ	Aided	429	479	908	12	41	53
3	IG.M.H.S മഞ്ഞക്കാല	Aided	288	188	476	13	31	44
4	D.V.H.S. തലവൂർ	Aided	241	234	475	6	11	17
5	Govt: U.P.S. തലവൂർ	Govt:	336	139	475	5	12	17
6	G.L.P.S. പിടവൂർ	"	70	76	146	2	4	6
7	W.L.P.S. അരുവിത്തറ	"	58	48	106	1	3	4
8	G.L.P.S മഞ്ഞക്കാല	"	110	134	244	1	8	9
9	W.L.P.S അമ്പലനിറപ്പ്	"	77	61	138	3	2	5
10	G.L.P.S പാണ്ടിത്തിട്ട	"	76	65	141	1	4	5
11	G.L.P.S കമുകുംചേരി	"	62	55	117	1	3	4
12	G.L.P.S ആവണീശ്വരം	"	68	61	129	1	3	4
13	B.V.L.P.S മഞ്ഞക്കാല	"	76	70	146	4	1	5
14	G.L.P.S വടകോട്	"	75	50	125	1	4	5
15	G.L.P.S. കുര	"	118	102	220	1	6	7
16	G.L.P.S ഞാറക്കാട്	"	107	106	213	4	3	7
	Total		**2639**	**2096**	**4735**	**69**	**167**	**236**

അവലംബം സെക്കന്ററി ഡേറ്റാ

ഓരോ ടേമിലും സ്കൂളുകളിൽ മെഡിക്കൽ ചെക്കപ്പ് കാര്യക്ഷമമായി നടത്തേണ്ടുന്നതും ഒഴിച്ചു കൂടാൻ പറ്റാത്ത കാര്യമായി പരിഗണിക്കേണ്ടതാണ്. തലവൂർ പഞ്ചായത്തിൽ 15 (പതിനഞ്ച്) നേഴ്സറി സ്കൂളുകൾ നടക്കുന്നുണ്ട്. നേഴ്സറി സ്കൂളുകൾ തമ്മിലുള്ള അകലം കുറച്ച് അതായത് കൂടുതൽ നേഴ്സറി സ്കൂളുകൾ സ്ഥാപിച്ച് അമ്മമാരുടെയും പിഞ്ചുകുഞ്ഞുങ്ങളുടേയും ബുദ്ധിമുട്ടുകൾ ഒഴിവാക്കേണ്ടതാണ്. ടി പഞ്ചായത്തിൽ അഞ്ച് സാങ്കേതിക വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നുണ്ട്. (ടൈപ്പറൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂഷൻസ്).

സ്കൂൾ ക്ലാസ്സുകൾ നടത്തുന്ന മൂന്നു പാരൽ കോളേജുകൾ കേളേജ് ക്ലാസ്സുകൾ നടത്തുന്ന ഒരു പാരലൽ കോളേജും തലവൂർ പഞ്ചായത്തിൽ നടക്കുന്നുണ്ട്.

പഞ്ചായത്തിലുള്ള മിക്ക ഗവ:സ്കൂളുകളിലും ആവശ്യത്തിനുള്ള ഫർണിച്ചറുകൾ ഇല്ല. ഇരുപത്തിരണ്ടു ബ്ളാക്കുബോർഡുകൾ അത്യാവശ്യമായി ഉണ്ടാക്കേണ്ടിയിരിക്കുന്നു. പഞ്ചായത്തിലെ എല്ലാ കുട്ടികൾക്കും ഡസ്ക്ക് ആവശ്യമാണെന്ന് ഗ്രാമസഭയിൽ ശബ്ദം ഉയർന്നിരുന്നു. രാവിലെ 10 മണിമുതൽ 4 മണിവരെ പരിമിതമായ ബഞ്ചുകളിൽ ഞെരുങ്ങിഞെരുങ്ങിയിരുന്ന് ശ്രദ്ധിക്കുവാൻ കുട്ടികൾക്ക് സാധിക്കുന്നതല്ല.

പട്ടിക (B)

L. P. U. P. H. S. വിഭാഗങ്ങളിലെ പെൺകുട്ടികളുടെ വിവരം

ആകെ വിദ്യാർത്ഥികൾ	L.P.S			U.P.S.			H.S.		
	ആൺ	പെൺ	%	ആൺ	പെൺ	%	ആൺ	പെൺ	%
4735	897	828	48	865	561	39.4	877	707	45.6
	ആകെ 44.2%								

ആകെ 4735 വിദ്യാർത്ഥികൾ ഈ പഞ്ചായത്തിലെ സ്കൂളുകളിൽ പഠിക്കുന്നു. L. P. സെക്ഷൻ 48% പെൺകുട്ടികളും U. P. സെക്ഷൻ 39.4% പെൺകുട്ടികളും H.S. സെക്ഷൻ 45.6% പെൺകുട്ടികളും വിദ്യാഭ്യാസം ചെയ്യുന്നു.

ഈ പഞ്ചായത്തിലും അടുത്ത പഞ്ചായത്തുകളിലുമായി കശുവണ്ടി ഫാക്ടറികൾ പ്രവർത്തിക്കുന്നുണ്ട്. അതുപോലെ തന്നെ ചുടുകട്ട വ്യവസായവും ധാരാളം നടക്കുന്നുണ്ട്. ചുടുകട്ട ചൂളകളിലേക്കും കശുവണ്ടി ഫാക്ടറികളിലേക്കും പെൺകുട്ടികൾ ജോലിക്കു പോകുന്നു. വീട്ടിലെ മോശമായ ചുറ്റുപാടുകളും ദാരിദ്ര്യവും മറ്റു പലകാരണങ്ങളാൽ അപ്പർ പ്രൈമറി വിദ്യാഭ്യാസം പൂർത്തി യാക്കിക്കഴിഞ്ഞാലോ അതല്ലെങ്കിൽ പത്താംക്ലാസ്സ് കഴിഞ്ഞാലോ നല്ലൊരു ഭാഗം പെൺകുട്ടികൾ ഇത്തരം വ്യവസായ ശാലകളിലേക്കാകർഷിക്കുന്നു. ആൺകുട്ടികളെ അപേക്ഷിച്ച് പെൺകുട്ടികളാണ് കൂടുതലായും തുടർ വിദ്യാഭ്യാസം ലഭിക്കാതെ പോകുന്നത്. പഞ്ചായത്തിലെ ആവണീശ്വരം L. P. സ്കൂളിൽ നിന്ന് തന്നെ 33 കുട്ടികളും വിടവൂർ ഗവ: എൽ പി സ്കൂളിൽ നിന്ന് 2 കുട്ടികളും മൊത്തം 35 കുട്ടികൾ പഠനം നിർത്തിയതായി സെക്കന്ററി ഡേറ്റാ കാണിക്കുന്നു. എൽ. പി. സ്കൂളുകളിൽ നിന്നും പഠനം നിർത്താനുള്ള കാരണങ്ങൾ അവലോകനം ചെയ്യേണ്ടതാണ്.

പട്ടികജാതി പട്ടികവർഗ്ഗത്തിൽപെട്ട കുട്ടികൾ പഠനം നിർത്തിയതായി കാണുന്നില്ല. പത്ത് ആൺകുട്ടികളും ഇരുപത്തിയഞ്ച് പെൺ കുട്ടികളുമാണ് പ്രൈമറി സ്കൂളിൽ നിന്ന് പഠനം നിർത്തിയിട്ടുള്ളത്. L.P. സ്കൂൾ, U. P. സ്കൂൾ ഹൈസ്കൂൾ എന്നിവയിൽ യഥാക്രമം 365, 107, 264 പട്ടികജാതി വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്.

പട്ടിക 1 (C)

പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കണക്ക്.

LP			UP			HS		
ആകെ	SC/ST	%	ആകെ	SC/ST	%	ആകെ	SC/ST	%
1725	365	20.6	1426	107	7.5	1584	264	16.6
							ആകെ	15.5%

പഠനം നിർത്തിയവരുടെ കണക്ക്

പട്ടിക 1(D)

SC/ST			മറ്റുള്ളവർ		
ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
-	-	-	10	25	35
				ആകെ	35

കേരളീയ വിദ്യാഭ്യാസമേഖല ഗണപരമായി വളർന്നുവെങ്കിലും അതിന്റെ ഗുണപരമായ വളർച്ച ചോദ്യം ചെയ്യപ്പെട്ടിരിക്കുകയാണ്.

എയിഡഡ് സ്കൂളുകളായും ഗവ: സ്കൂളുകളായാലും ഇക്കാര്യത്തിൽ ഒരു പോലെയാണ്. വിദ്യാഭ്യാസത്തിന്റെ തുടക്കം പ്രൈമറിതലം മുതലായതിനാൽ പ്രൈമറി വിദ്യാഭ്യാസം എല്ലാരീതിയിലും കുറ്റമറ്റതാക്കേണ്ടതുണ്ട്. പത്താം ക്ലാസ് കഴിഞ്ഞിറങ്ങുന്ന കുട്ടികൾക്കും തെറ്റു കൂടാതെ മലയാളം പോലും എഴുതാൻ സാധിക്കുന്നില്ല. പ്രൈമറി തലത്തിൽ ഉറയ്ക്കേണ്ടുന്ന അക്ഷരങ്ങളും അക്കങ്ങളും ഹൃദിസ്ഥമാക്കാതെ അടുത്ത ക്ലാസുകളിലേക്കു പോകുന്നു. അവിടെനിന്നും നേടേണ്ടുന്ന അറിവുകളും നേടാതെ മൊത്തത്തിൽ വിദ്യാർത്ഥികൾ ധർമ്മസങ്കടത്തിലാവുകയും തുടർ വിദ്യാഭ്യാസം കയ്പ്പും വെറുപ്പും നിറഞ്ഞ പ്രക്രിയയായി മാറുന്നു. പത്താംക്ലാസു വരെ കുട്ടികൾ യാന്ത്രികമായി സ്കൂളിൽ പോവുകയും അതുകഴിഞ്ഞ് ഒന്നും നേടാനാവാതെ സമൂഹത്തിന് ഒരു ഭാരമായിത്തീരുകയും ചെയ്യുന്നു.

പട്ടിക (11)

ഗവ: സ്കൂളുകളിലെ അദ്ധ്യാപകരുടേയും വിദ്യാർത്ഥികളുടേയും കണക്ക്

ആകെ അദ്ധ്യാപകർ (പഞ്ചായത്ത്)	ഗവ:വിദ്യാലയങ്ങളിലെ അദ്ധ്യാപകരുടെഎണ്ണം	ഗവ:അദ്ധ്യാപകരുടെ എണ്ണം ശതമാനം	പഞ്ചായത്തിലെ വിദ്യാർത്ഥികളുടെ എണ്ണം	ഗവ:സ്കൂളിലെ വിദ്യാർത്ഥികൾ	ശതമാനം
236	78	33%	4735	2200	46%

ഈ പഞ്ചായത്തിൽ ആകെ 236 അദ്ധ്യാപകരിൽ 78 അദ്ധ്യാപകർ സർക്കാർ സ്കൂളുകളിൽ സേവനമനുഷ്ഠിക്കുന്നു. മൊത്തം 4735 വിദ്യാർത്ഥികളിൽ 2200 കുട്ടികൾ സർക്കാർ വിദ്യാലയങ്ങളിൽ പഠിക്കുന്നു.

1996-97 അക്കാഡമിക് വർഷത്തിൽ ലംപ്സംഗ്രാന്റിനർഹരായവർ.

High school	- 264
U. P. School	- 107
L. P. Schoool	- 365
Total	- 636

പഞ്ചായത്തിലെ വികലാംഗ സ്കോളർഷിപ്പിന് അർഹരായ കുട്ടികളുടെ എണ്ണം

L. P. School = 2 (രണ്ട്)

മെരിറ്റ് സ്കോളർഷിപ്പിനർഹരായവർ

ഹൈസ്കൂൾ	-	14
യൂ. പി. സ്കൂൾ	-	7
ആകെ	-	21

ജവാൻ സ്കോളർഷിപ്പിനർഹരായ കുട്ടികളുടെ എണ്ണം

L. P. സ്കൂൾ 26

അക്കാഡമിക് സൗകര്യങ്ങളുടെ ലഭ്യത.

ലൈബ്രറി 12 സ്കൂളുകളിൽ ഉണ്ട്. 4 സ്കൂളുകളിൽ പ്രവർത്തിക്കുന്നില്ല. രക്ഷിതാക്കളിൽ നിന്നും വിദ്യാർത്ഥികളിൽ നിന്നും ലഭിച്ച വിവരമനുസരിച്ച് ലൈബ്രറി പ്രവർത്തനം പഞ്ചായത്തിലെ ഒറ്റ സ്കൂളുകളിലും ശരിയായ രീതിയിൽ നടക്കുന്നില്ല എന്നാണറിയാൻ സാധിക്കുന്നത്. കുട്ടികളിൽ വായനാശീലം വളർത്തുവാനും കഥാരചന, കവിതാരചന തുടങ്ങിയ കഴിവുകൾ വളർത്തിയെടുക്കുവാൻ ലൈബ്രറി പ്രവർത്തനം കാര്യക്ഷമമായ രീതിയിൽ സ്കൂളുകളിൽ നടത്തേണ്ടതായിട്ടുണ്ട്.

പട്ടിക (IV)

അക്കാഡമിക് സൗകര്യങ്ങളുടെ ലഭ്യത

	ലൈബ്രറി	പ്രവർത്തിക്കാത്തത്	ലാബ്	പ്രവർത്തിക്കാത്തത്	പഠനോപകരണങ്ങൾ	റേഡിയോ	ടേപ്പ്റിക്കാർഡർ	ടെലിവിഷൻ	സിനിമാപ്രൊജക്ടർ	സ്ലൈഡ്പ്രൊജക്ടർ	ബ്ലാക്ക്ബോർഡ് ആവശ്യമുള്ളവ	മാതൃസംഘം സജീവം	ക്ലാസ് P.T.A പ്രവർത്തിക്കുന്നുണ്ടോ
ഉള്ളത്	12	12	12		14	15	15	0	0	0	22	16	16
ഇല്ലാത്തത്	4	4	4	4	2	1	1	0	0	0	22	-	-

16 സ്കൂളുകളിൽ 12 സ്കൂളുകൾ ലാബ് സൗകര്യങ്ങൾ ഉള്ളതും 4 സ്കൂളുകൾ ലാബ് സൗകര്യങ്ങൾ ഇല്ലാത്തതുമാകുന്നു. ലബോറട്ടറി സൗകര്യങ്ങൾ ഉള്ള സ്കൂളുകളിലെ കുട്ടികൾക്കു പോലും മിക്ക ഉപകരണങ്ങളുടേയും പേരുകൾ നിശ്ചയമില്ല. ലബോറട്ടറികൾ കുട്ടികൾക്ക് വേണ്ടുന്ന രീതിയിൽ പ്രവർത്തിക്കുന്നില്ല എന്നാണനുമാനിക്കേണ്ടുന്നത്. പഞ്ചായത്തിലെ ഒരു സ്കൂളൊഴികെ ബാക്കി സ്കൂളുകളിലെല്ലാം റേഡിയോയും ടേപ്പ്റിക്കോർഡറും ഉണ്ട്. ടെലിവിഷൻ, സിനനിമാപ്രൊജക്ടർ, സ്ലൈഡ് പ്രൊജക്ടർ എന്നിവ ഒറ്റ സ്കൂളുകളിലും ഇല്ല. പതിനാറു സ്കൂളുകളിലും പി.റ്റി. എ യും മാതൃസംഘവും പ്രവർത്തിക്കുന്നു. കുട്ടികളുടെ സർവ്വതോമുഖമായ വികസനത്തിന് P.T. A യുടെ പങ്കിനെപറ്റി എല്ലാ രക്ഷിതാക്കളും ഒരു പോലെ ബോധവാന്മാരല്ല. പഞ്ചായത്തിലെ ഭൂരിഭാഗം രക്ഷിതാക്കളും കൂലിപ്പണിക്കാരും കശുവണ്ടി ഫാക്ടറി, ഇഷ്ടിക ചൂള മുതലായ ചെറുകിട വ്യവസായ മേഖലകളിലെ തൊഴിലാളികളുമാണ്. ആയതുകൊണ്ട് P.T.A യുടെ പ്രവർത്തനത്തിൽ പങ്കാളികളാകുവാൻ പലപ്പോഴും ഇവർക്കു സൗകര്യം ലഭിക്കാറില്ല. സ്കൂളുകളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുവാനും അപര്യാപ്തത ചൂണ്ടിക്കാണിച്ചു പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിൽ കുട്ടികളെ പങ്കെടുപ്പിക്കുവാൻ രക്ഷിതാക്കളുടെ പങ്ക് വലുതാണ്. സ്കൂളിന്റെ വികസന പ്രവർത്തനങ്ങൾ P.T.A യുടെ പ്രയത്നം കൊണ്ടാണ് നടത്തേണ്ടുന്നത്. P.T.A.സജീവമായിട്ടുള്ള സ്കൂളുകളിൽ കുട്ടികളുടെ കുടിവെള്ള ക്ഷാമത്തിന് പരിഹാരം കാണാനും ഉച്ചഭക്ഷണപരിപാടി ഭംഗിയായി നടത്താനും സാധിച്ചിട്ടുണ്ട് എന്ന് പഠനങ്ങൾ തെളിയിക്കുന്നു.

വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ അമ്മമാർക്ക് കുട്ടികളെ കൂടുതൽ ശ്രദ്ധിക്കുവാൻ സാധിക്കും എന്ന നിഗമനത്തിലാണ് എല്ലാ സ്കൂളുകളിലും മാതൃസംഗമം ഒരുക്കിയിരിക്കുന്നത്. മാസത്തിലൊരിക്കലെങ്കിലും എല്ലാ അമ്മമാരും സ്കൂളുകളിലെത്തി തന്റെ കുട്ടികളുടെ പഠനസൗകര്യങ്ങളെപ്പറ്റി അന്വേഷിക്കേണ്ടതുണ്ട്.

ഭൗതിക സാഹചര്യങ്ങളുടെ ലഭ്യത

സ്കൂൾ	ആകെ വിദ്യാർത്ഥികൾ	ആകെ അധ്യാപകർ	മൂത്രപുര ഒരേസമയം എത്രപേർക്ക് ഉപയോഗിക്കാം	കക്കൂസ്	കുടിവെള്ളം	വൈദ്യുതി
I.G.M.H.S. മഞ്ഞക്കാല	676	44	10	1	yes	yes
D.V.H.S. തലവൂർ	908	53	12	2	"	"
I.G.M.H.S. മഞ്ഞക്കാല	476	44	Common for Hs & UPS	1	"	"
D.V.H.S. തലവൂർ	475	17	"	2		"
G.U.P.S തലവൂർ	475	17	6	2	"	"
G.L.P.S. പിടവൂർ	146	6	6	1	"	No
W.L.P.S. അരുവിത്തുറ	106	4	2	No	"	No
G.L.P.S. മഞ്ഞക്കാല	244	9	1	"	"	No
W.L.P.S. അമ്പലനിരപ്പ്	138	5	1	"	"	"
G.L.P.S. പാണ്ടിതിട്ട	141	5	1	"	"	No
G.L.P.S. കമുകുംചേരി	117	4	1	2	"	"
G.L.P.S. ആവണീശ്വരം	129	4	No	No	"	"
B.V.L.P.S. മഞ്ഞക്കാല	146	5	2	1	"	"
G.L.P.S.വടകോട്	1255	5	No	No	"	"
G.L.P.S. കുര	220	7	4	1	"	"
G.L.P.S ഞാറയ്ക്കാട്	213	7	5	1	"	Yes
	4735		236	51	14	

16 സ്കൂളുകളിൽ 2 സ്കൂളുകളിൽ മൂത്രപ്പുര യില്ല. 6 സ്കൂളുകളിൽ കക്കൂസുമില്ല. 9 സ്കൂളുകൾ വൈദ്യുതീകരിച്ചിട്ടില്ല. എല്ലാ സ്കൂളുകളിലും കുടി വെള്ളം ലഭ്യമാണ്.

മേൽ ഉദ്ധരിച്ച കണക്കുകളിൽ നിന്ന് 6 സ്കൂളു കളിൽ കക്കൂസും 2 സ്കൂളുകളിൽ മൂത്രപ്പുരയും ഇല്ലെ ന്നതൊഴിച്ചാൽ മറ്റെല്ലാ സ്കൂളുകളിലും ഈ സൗക ര്യങ്ങൾ ഉണ്ട്. എന്നാൽ കക്കൂസുകൾ കുട്ടികൾക്ക് തുറന്നു കൊടുക്കാത്ത കാരണത്താലോ വെള്ളത്തിന്റെ ലഭ്യതക്കുറവുകൊണ്ടോ കുട്ടികൾ ഇടയ്ക്കൊന്ന് കക്കൂ സിൽ പോകേണ്ടുന്ന അവസ്ഥ വന്നാൽ ക്ലാസ്സിൽ നിന്നും ചോദിച്ചിറങ്ങി വീട്ടിലേക്കു പോരുന്നതായിട്ടാ ണറിവ്. കിലോമീറ്ററുകൾ നടന്ന് വീട്ടിലെത്തേണ്ടുന്ന കുട്ടികൾക്ക് പ്രത്യേകിച്ച് പെൺകുട്ടികൾക്ക് വലിയ പ്രശ്നം തന്നെയാണ്.

സ്കൂളുകളിലെ ഉച്ചഭക്ഷണ പരിപാടി നടപ്പാ ക്കൽ ഭൗതിക സാഹചര്യങ്ങളുടെ ലഭ്യത ഉറപ്പു വരു ത്തൽ, സ്കൂൾ ലൈബ്രറി ലബോറട്ടറി എന്നിവകൾ കുട്ടികൾക്കായി ഗുണകരമായ രീതിയിൽ പ്രവർത്തി ക്കുന്നുണ്ട് എന്നു ഉറപ്പു വരുത്തൽ, കണ്ടറിഞ്ഞു പഠി ക്കുവാനും ശാസ്ത്രാഭിരുചി കുട്ടികളിൽ വളർത്തിയെ ടുക്കുന്നതിനുവേണ്ടി സയൻസ് ക്ലബ്ബുകൾ, സയൻസ് കോർണറുകൾ എന്നിവയുടെ പ്രവർത്തനങ്ങൾ ശരി യായ രീതിയിൽ നടക്കുന്നുണ്ട് എന്നുറപ്പു വരുത്തു വാൻ P.T.A യുടെയും മാതൃസംഘത്തിന്റെയും പങ്കാ ളിത്തം അനുപേക്ഷണീയമാണ്.

പട്ടിക (VI) A

സ്കൂൾ	91-92	92-93	93-94	94-95	95-96
I.G.M.H.S		66%	57%	40%	43.2%
D.V.H.S.		43%	46%	52.4%	38%

വിദ്യാഭ്യാസപരമായി പിന്നോക്കജില്ലയല്ലാത്ത കൊല്ലം ജില്ലയിൽ ഉൾപ്പെട്ട തലവൂർ പഞ്ചായത്തിലെ രണ്ടുഹൈസ്കൂളിലെയും വിജയശതമാനം അത്രകണ്ട് ആശാവഹമല്ല.

അദ്ധ്യാപക പരിശീലനത്തിലെ ഗുണനിലവാരമില്ലായ്മ പഴഞ്ചൻബോധന രീതി. മോണിറ്ററിംഗിന്റെ അപര്യാപ്തത, പാരാ അക്കാദമിക്പ്രവർത്തനങ്ങളോടുള്ള അലംഭാവം, വീടുകളിലെ പരിമിതികൾ, സാമൂഹ്യമായ പിന്നോക്കാവസ്ഥ, മത്സര പരീക്ഷകളെ മാത്രം ലക്ഷ്യം വച്ചുകൊണ്ടുള്ള വിദ്യാഭ്യാസ രീതി, പ്രാദേശിക സമൂഹത്തിന് വിദ്യാഭ്യാസകാര്യങ്ങളിൽ ഇടപെടാനുള്ള അവസരമില്ലായ്മ, ഇവകളെല്ലാമോ ചിലതു മാത്രമോ നിലവാരത്തകർച്ചയ്ക്കു കാരണമാകുന്നു.

അടുത്ത അഞ്ചു വർഷക്കാലത്തേക്ക് തലവൂർ പഞ്ചായത്തിലെ വിദ്യാഭ്യാസരംഗത്ത് നടപ്പാക്കേണ്ട പ്രവർത്തനങ്ങൾ.

I a, പാണ്ടിതിട്ട, കമുകുംചേരി തോട്ടഭാഗം, അരിങ്ങട എന്നീ സ്ഥലങ്ങളിൽ L.P.S സ്കൂളുകൾ അനുവദിക്കുക.

b, പഞ്ചായത്തിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുകയും മഞ്ഞക്കാല I.G.M.H.S. ൽ V.H.C. അനുവദിക്കുകയും ചെയ്യുക

c, തുടർ സാക്ഷരത പരിപാടി ലക്ഷ്യമാക്കി ജനവിദ്യാകേന്ദ്രങ്ങൾ അനുവദിക്കുക.

d, L.P. സ്കൂളുകൾ അപ് ഗ്രേഡ് ചെയ്യുക.

II a, നടുത്തേരി L.P.S, തലവൂർ, D.V.H.S., കുര L.P.S നെടുവന്നൂർ L.P.S, ഞാറയ്ക്കാട് L.P.S, എന്നീ സ്കൂളുകളുടെ സമീപത്തായി ട്രാഫിക് സിഗ്നലുകൾ നല്കുക.

b, വൈദ്യുതിവത്കരിക്കപ്പെടാത്ത സ്കൂളുകളുടെ വൈദ്യുതിവത്കരിക്കുക.

c, കിണറുകളുടെ ആഴം വർദ്ധിപ്പിച്ച് വേനൽക്കാലത്തെ ജലക്ഷാമം പരിഹരിക്കുക.

d, ചുറ്റുമതിൽ ഇല്ലാത്ത സ്കൂളുകളെ ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുക.

e, ഞാറയ്ക്കാട് L.P.S, മഞ്ഞക്കാല L.P.S എന്നീ സ്കൂളുകൾക്ക് കൂടുതൽ സ്ഥലം അനുവദിക്കുകയും കെട്ടിടങ്ങൾ നിർമ്മിക്കുകയും ചെയ്യുക. കുര L.P.S ന് സമീപത്തുള്ള 15 സെന്റ് പുതുവൽ സ്കൂളിന് കിട്ടുന്നതിന് നടപടി സ്വീകരിക്കുക.

f, ആവശ്യമായ സ്കൂളുകൾക്ക് കഞ്ഞിപ്പുര നിർമ്മിച്ചു നല്കുക.

8 സ്കൂൾകെട്ടിടങ്ങൾക്ക് ആവശ്യമായ അറ്റകുറ്റ പണി ചെയ്യുക.

III a, അദ്ധ്യാപക വിദ്യാർത്ഥി അനുപാതം കുറയ്ക്കുക.

b, പ്രീപ്രൈമറി വിദ്യാഭ്യാസത്തിൽ നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

c, വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ ടീച്ചിംഗ് എയ്ഡ്സ്, ലൈബ്രറികൾ. ലാബുകൾ അനുവദിക്കുക.

d, കായിക വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കപ്പെടുന്നതിന് ആവശ്യമായ കളിസ്ഥലങ്ങൾ, കളിക്കോപ്പുകൾ എന്നിവ അനുവദിക്കുക.

e, അംഗവാടികളിൽ നിന്ന് ലഭിക്കുന്ന സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിൽ മാത്രം L.P.P. പ്രവേശനം അനുവദിക്കുക.

f, പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ റിഫ്രഷർ കോഴ്സുകൾ കലാ- കായിക മത്സരക്ഷങ്ങൾ എന്നിവ നടപ്പാക്കുക.

g, അൺ-എയിഡഡ് സ്കൂളുകൾ നിർത്തലാക്കുക.

ഗ്രാമസഭകളിൽ പ്രധാനമായും ഉയർന്നു വന്ന വിഷയം സ്കൂളുകളിലെ നിലവാര തകർച്ചയായിരുന്നു. തൊഴിൽ പരിശീലന വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിച്ചു കൊണ്ട് തൊഴിലില്ലായ്മ പരിഹരിക്കപ്പെടണം. എല്ലാ ക്ലാസുകളിലും തൊഴിൽപരിശീലനം നടപ്പാക്കുക. അനൗപചാരിക വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുന്നതിന് ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ ഫലപ്രദ

മായി ഉപയോഗിക്കുക. വിദ്യാഭ്യാസരംഗം ചടുലമാക്കാൻ സ്കൂൾ കോംപ്ലക്സ് സജീവമാക്കുകയും അദ്ധ്യാപകർക്ക് രണ്ട് വർഷത്തിൽ ഒരിക്കൽ റിഫ്രഷസുകൾ ആരംഭിക്കുകയും ചെയ്യുക. അക്ഷരപ്പുലരി, മാതൃസംഗമങ്ങൾ, പി.ടി.എ കളുടെ ഒത്തുചേരൽ എന്നിവ ചേർന്നാൽ നമ്മുടെ ശോചനീയമായിരിക്കുന്ന വിദ്യാഭ്യാസമേഖലയെ ഒരു പരിധിവരെയെങ്കിലും കരകയറ്റാൻ കഴിയും എന്നുള്ള കാര്യത്തിൽ തർക്കമില്ല.

കുടിവെള്ളവും പൊതുജനാരോഗ്യവും

കുടിവെള്ളം

ജീവന്റെ നിലനില്പിന് അത്യാവശ്യമാണ് ശുദ്ധജലം. പ്രാണവായുപോലെതന്നെ അത്യന്താപേക്ഷിതമായ ഘടകമാണത്. അശുദ്ധജലം മനുഷ്യരിൽ രോഗങ്ങളുണ്ടാക്കുകയും ജീവനുതന്നെ ഭീക്ഷണിയായിത്തീരുകയും ചെയ്യും. ആരോഗ്യമുള്ള ജനത രാഷ്ട്രത്തിന്റെ സമ്പത്താണ്. പൗരന്മാരുടെ ആരോഗ്യം കാത്തുസൂക്ഷിക്കുകയെന്നത് വ്യക്തികളുടേതുപോലെതന്നെ ഗവൺമെന്റേയും കടമയാണ്. ഈ രംഗത്ത് ഗ്രാമപഞ്ചായത്തുകൾക്ക് വളരെയധികം കാര്യങ്ങൾ ചെയ്യുവാനുണ്ട്.

തലവൂർ പഞ്ചായത്തിലെ ശുദ്ധജല സ്ത്രോതസ്സുകളെക്കുറിച്ചും ജലലഭ്യതയെക്കുറിച്ചും CESS പഠനം നടത്തിയിട്ടുണ്ട്. ഈ പഞ്ചായത്തിലെ പ്രധാനപ്പെട്ട ശുദ്ധജലസ്ത്രോതസ് കിണറുകളാണ്. കിണറുകളുടെ പട്ടികയിൽ കുഴൽക്കിണറുകലും ഉൾപ്പെടുന്നു. പഞ്ചായത്തിൽ 5000 ത്തോളം കിണറുകളുണ്ട്. അവയിൽ 36 എണ്ണം പൊതുകിണറുകളും, ശേഷിച്ചവ സ്വകാര്യക്കിണറുകളുമാണ്. മുപ്പതോളം കുഴൽക്കിണറുകഴുമുണ്ട്.

എല്ലാകിണറുകളേയും വർഷം മുഴുവൻ ആശ്രയിക്കാൻ കഴിയില്ല. ചില പ്രദേശത്തെ കിണറുകൾ വേനൽക്കാലത്ത് വറ്റുന്നവയാണ്. CESS സർവ്വേയനുസരിച്ച് 40% കിണറുകളിൽ വേനൽക്കാലത്ത് വെള്ളമുണ്ടാവില്ല. കുഴൽകിണറുകൾ എല്ലാംതന്നെ ഉപയോഗശൂന്യമായിരിക്കയാണ്. നിത്യവും ഉപയോഗിക്കാത്തതിനാൽ ഇവയിലെ വെള്ളം തുരുമ്പ് കലർന്ന് മലിനമായിരിക്കുന്നു.

മലിനജലത്താലുള്ള രോഗങ്ങൾ തലവൂർ പഞ്ചായത്തിൽ ഉണ്ടായിട്ടുണ്ട്. പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ നിന്നുള്ള കണക്കുകൾ പ്രകാരം 1993-94 വർഷത്തിൽ ജലജന്യരോഗങ്ങൾ ഉണ്ടായിട്ടുണ്ട്. 94-95 വർഷത്തിലും 95-96 വർഷത്തിലും അവ യഥാക്രമം 35 ഉം 34 ഉം ആണ്.

ഈ പഞ്ചായത്തിൽ ശുദ്ധജലവിതരണപദ്ധതികൾ ഒന്നുംതന്നെ നിലവിലില്ല. രൂക്ഷമായ ശുദ്ധജലക്ഷാമം നേരിടുന്ന നിരവധി പ്രദേശങ്ങൾ പഞ്ചായത്തിലുണ്ട്. ശുദ്ധജലക്ഷാമം നേരിടുന്ന പ്രദേശങ്ങളുടെ വാർഡ് തിരിച്ചുള്ള വിവരണവും ഈ പ്രദേശത്തിന് ഗ്രാമവാസികളിൽ നിന്ന് ഉയർന്നുവന്നിട്ടുള്ള പരിഹാര നിർദേശങ്ങളും ചുവടെ ചേർക്കുന്നു.

വാർഡുകൾ	പരിഹാരനിർദേശങ്ങൾ.
1. വാർഡ് I പാണ്ടിത്തിട്ട. a. അമ്പലനിരപ്പ് മാർക്കറ്റിന് 1km പടിഞ്ഞാറ്.	ഈ പ്രദേശങ്ങളിൽ കുഴൽകിണർ കുഴിക്കുക.
b. വട്ടപ്പാറ ജംഗ്ഷൻ.	അമ്പലനിരപ്പ് മാർക്കറ്റിലുള്ള പൊതുകിണറിന്റെ അടിയിലെ പാറപ്പൊട്ടിച്ച് ആഴം കൂട്ടുക.
c. തോപ്പിൽ നെടിയകാട്ടി പള്ളിക്ക് സമീപം. d. ഇരവിക്കോടുനിന്നും 500m കിഴക്ക്.	
2. വാർഡ് II, പാണ്ടിത്തിട്ട. a. കുളത്തുവയൽസെറ്റിൽമെന്റ് കോളനി. b. അമ്പലനിരപ്പ് ഹരിജൻ കോളനി. c. തത്തമംഗലം ഭാഗം.	നിലവിലുള്ള കിണറുകളുടെ ആഴം വർദ്ധിപ്പിക്കുക. pipeline സ്ഥാപിക്കുക.
3. വാർഡ് III നടുത്തേരി. a. നെറ്റിയോട് കോളനി.	ജലസംഭരണ ടാങ്കുകൾ നിർമ്മിച്ച് pipeline സ്ഥാപിക്കുക.
b. മൈലാടുംപാറ c. ചില്ലിയോട് d. ചക്കുവള്ളി.	

4. വാർഡ് IV മഞ്ഞക്കാല a. പുത്തലത്ത് മുക്ക് മുതൽ ഓണംകോട് ഹരിജൻ കോളനി വരെ. b. കടമ്പോട്ട് ഹരിജൻ കോളനി വാർഡ്	കിണറുകൾ, pipeline എന്നിവ സ്ഥാപിക്കുക.
5. വാർഡ് V പനമ്പറ്റ പനമ്പറ്റ കിഴക്കേഭാഗം (നെടിയവിള). ഗുരുമന്ദിരം ജംഗ്ഷൻ.	പൊതുകിണറോ കുഴൽ കിണറോ സ്ഥാപിക്കുക. "
6. വാർഡ് VI പിടവൂർ. a. ഉറവുപാറ. b. ഒറ്റപ്ലാവിളഭാഗം.	പൊതുകുണറുകൾ സ്ഥാപിക്കുക വാർഡിൽ നിലവിലുള്ള കുഴൽകിണറുകളിലെ Hand pump മാറ്റി electric pump സ്ഥാപിക്കുക.
7. വാർഡ് VII കമുകുംചേരി. a. ചിറ്റാശ്ശേരി. b. തോട്ടഭാഗം c. സാമിയർ കവല d. പുളിക്കാവിളമല. e. പാറയിൽ അമ്പലം ഭാഗം f. കമുകുംചേരി ക്ഷേത്രം g. കൈലാസംമല	ഈ പ്രദേശങ്ങളിൽ പൊതുകിണറുകളോ കുഴൽകിണറുകളോ കുഴിക്കുക. ചിറ്റശ്ശേരി ജംഗ്ഷനിലുള്ള പൊതുകിണർ ഉപയോഗയോഗ്യമാക്കുക.
8. വാർഡ് VIII. നെടുവന്നൂർ. a. പണ്ടാരം തുണ്ടിൽ ഭാഗം b. പാലാംകോണം. c. മുതുകുന്നം d. മുട്ടത്തേരി e. അമ്പലംകുന്ന് f. ഒറ്റപ്ലാവിള ഹരിജൻ കോളനി	ഈ പ്രദേശങ്ങളിൽ പൊതുകിണറുകളോ കുഴൽ കിണറുകളോ സ്ഥാപിക്കുക.
9. വാർഡ് IX-ഞാറയ്ക്കാട്. a. മലക്കുന്ന് ഹരിജൻ കോളനി.	വേനൽക്കാലത്ത് വെള്ളം വറ്റുന്ന നിലവിലുള്ള പൊതുകിണർ ആഴം കൂട്ടുക, കോളനിയുടെ വിവിധഭാഗങ്ങളിൽ പൊതുകിണറുകൾ സ്ഥാപിക്കുക. കുഴൽ കിണർ സ്ഥാപിക്കുക.
10. വാർഡ് X. കുരാ. a. ത്രിവേണിഭാഗം. b. വാർഡിൽ പൊതുവേ ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നു.	കുഴൽക്കണർ സ്ഥാപിച്ച് electric pump ഉം pipe line ഉം സ്ഥാപിക്കുക. വിവിധ പ്രദേശങ്ങളിൽ പൊതുകിണറുകൾ സ്ഥാപിക്കുക.
11. വാർഡ് XI- വടകോട്. a. അലക്കുഴി- മുട്ടോട്ട് ഭാഗം. b. പാറമുക്ക് ഭാഗം.	മുണ്ടാട്ട് ഭാഗത്ത് നിലവിലുള്ള കുഴണറുകൾ ഉപയോഗോയാഗ്യമാക്കുക. പുതിയക്കുഴൽ കിണറുകൾ സ്ഥാപിക്കുക.

12. വാർഡ് XII–അരിങ്ങട

a. ഉച്ചിയോട് ഭാഗം

വടകോട് LPS ന് മുന്നിലുള്ള പൊതുകിണറിൽ motor സ്ഥാപിച്ച് pipeline ഇടുക. നിലവിലുള്ള കുഴൽ ക്കിണറുകൾ ഉപയോഗയോഗ്യമാക്കുക.
പുതിയ പൊതുകിണറുകളോ കുഴൽ കിണറുകളോ സ്ഥാപിക്കുക.

പഞ്ചായത്തിലെ 12 വാർഡുകളിലും കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നുണ്ട്. ഇത് പരിഹരിക്കുന്നതിനായി ഉയർന്നുവന്നിട്ടുള്ള നിർദേശങ്ങളിൽ പ്രധാനമായും കുഴൽ കിണറുകൾ നിർമ്മിക്കുക എന്നതാണ്.

കുഴൽക്കിണറുകൾക്കുവേണ്ടി ആവശ്യം ഉയരുമ്പോൾ തന്നെ പഞ്ചായത്തിൽ നിലവിലുള്ള കുഴൽക്കിണറുകളുടെ സ്ഥിതി നാം പരിശോധിക്കേണ്ടതാണ്. ഒട്ടുമുക്കാലും പ്രദേശങ്ങൾ വേനൽക്കാലത്തുമാത്രം ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നവയാണ്. മഴക്കാലത്ത് സാധാരണക്കിണറുകളിൽ വെള്ളം ലഭ്യമായതുകൊണ്ട് മാസങ്ങളോളം കുഴൽക്കിണറുകൾ ഉപയോഗിക്കാതെ കിടക്കുന്നു. ഇതിന്റെ ഫലമായി കുഴൽക്കിണറുകൾക്കുള്ളിൽ ഘടിപ്പിച്ചിരിക്കുന്ന ഇരുമ്പ് കുഴലുകൾ തുരുമ്പെടുക്കുകയും അവയിലെ വെള്ളം മലിനമാകുകയും ചെയ്യുന്നു. ഇക്കാരണത്താൽ കുഴൽക്കിണറുകൾ എല്ലാംതന്നെ ഉപയോഗശൂന്യമായിരിക്കയാണ്. നിരന്തരം ഉപയോഗിക്കുകയാണെങ്കിൽ ഒഴിവാക്കാവുന്ന ഒരു പ്രശ്നമാണിത്. കുഴൽ കിണറുകളിൽ സ്ഥാപിച്ചിട്ടുള്ള Hand pump കൾ കേടാകുന്നതു മൂലവും ഇവ ഉപയോഗശൂന്യമാകുന്നു.

മുകളിൽ പ്രതിപാദിച്ച പ്രശ്നം കൂടാതെ പരിസ്ഥിതി സംബന്ധമായ പ്രശ്നങ്ങളും ഇവ ഉയർത്തുന്നുണ്ട്. കുഴൽ കിണറുകൾ ഭൂമിക്ക് നാശം വിതയ്ക്കും എന്നാണ് വിദഗ്ദ്ധ അഭിപ്രായം. ഭൂഗർഭത്തിലുള്ള ജലം കുഴൽ കിണറുകളിലൂടെ വലിച്ചെടുക്കുന്നതുമൂലം ഭൂമിയുടെ അന്തർഭാഗത്ത് സംഭരിക്കപ്പെട്ടിട്ടുള്ള ജലത്തിന്റെ അളവ് കുറയുന്നു. ഭൗമോപരിതലത്തിൽ മഴമൂലം ലഭ്യമാകുന്ന വെള്ളം ആഴ്ന്നിറങ്ങി ഭൂഗർഭജലം പുനസ്ഥാപിക്കപ്പെടുന്നില്ല. ഭൂമിയുടെ ഉപരിതലത്തിൽ ലഭിക്കുന്ന ജലം ഒഴുകിനഷ്ടപ്പെടുന്നതോടൊപ്പം സൂര്യന്റെ അമിത ചൂട് കാരണം ബാഷ്പീകരിക്കപ്പെടുകയും ചെയ്യുന്നു. മനുഷ്യന്റെ പ്രകൃതിയോടുള്ള സമീപനം മൂലവും പ്രകൃതിവിരുദ്ധ കൃഷിരീതികളാലും മണ്ണിന്റെ ജലസംഭരണശേഷി (water holding capcity) കുറഞ്ഞിരിക്കുന്നു. ഭൗമാന്തർഭാഗത്തെ ജലവിതാനം കുറയുന്നതുമൂലം ഭൂമിക്ക് ഗുരുതരമായ താളപ്പിഴകൾ സംഭവിക്കാം. പ്രകൃതിയുടെ സംതുലിതാവസ്ഥ നശിപ്പിക്കുന്ന വികസനം മാനവരാശിക്ക് ഗുണത്തേക്കാൾ ഏറെ ദോഷമായിരിക്കും ചെയ്യുക. അതിനാൽ നിലവിലുള്ള രീതി അനുസരിച്ച് പ്രയോജനരഹിതവും പ്രകൃതിവിരുദ്ധവുമായ കുഴൽകിണർ എന്ന ആശയത്തിന് അമിതപ്രാധാന്യം നൽകേണ്ടതില്ല.

എന്നാൽ ഗുരുതരമായ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനുള്ള നിർദേശങ്ങളും പദ്ധതികളും ആവശ്യമാണല്ലോ. പഞ്ചായത്തിലാകമാനമുള്ള കുടിവെള്ളക്ഷാമം പരിഹരിക്കാൻ ചില നിർദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. നിലവിലുള്ള കുഴൽകിണറുകളിലെ Hand pump കൾ മാറ്റി Electric pump കൾ സ്ഥാപിക്കുക. കുഴൽ കിണറുകൾക്ക് സമീപം സംഭരണടാങ്കുകളും Tap കളും സ്ഥാപിക്കുക. Pipe line സ്ഥാപിച്ച് ആവശ്യമുള്ള കേന്ദ്രങ്ങളിൽ Tap കൾ സ്ഥാപിക്കുക.
2. പ്രാദേശിക ജലവിതരണ പദ്ധതികൾ ആവിഷ്ക്കരിക്കുക. ഇതുകൊണ്ട് ഉദ്ദേശിക്കുന്നത് അതതു പ്രദേശങ്ങൾക്ക് ജലവിതരണം സാദ്ധ്യമാക്കുന്ന രീതിയിൽ ജലസംഭരണികളും pipe line ഉം സ്ഥാപിക്കുക എന്നതാണ്. സുലഭമായി എക്കാലത്തും വെള്ളം ലഭിക്കുന്ന പൊതുകിണറുകൾ ചില പ്രദേശങ്ങളിലുണ്ട്. ഇത്തരം കിണറുകളിൽ electric motor ഘടിപ്പിച്ച് സമീപത്ത് നിർമ്മിക്കുന്ന സംഭരണടാ

ങ്കുകളിൽ വെള്ളം നിറയ്ക്കുകയും അതിൽനിന്നും 21 Km ചുറ്റളവിലെങ്കിലും pipe line വഴി ജലവിതരണം സാദ്ധ്യമാക്കുകയും ചെയ്യാം. ആവശ്യമെങ്കിൽ House Connection നൽകുകയും, connection എടുത്തിട്ടുള്ള വീടുകളിൽ നിന്നും കരം ഈടാക്കുകയും ചെയ്യാം.

3. വെള്ളം വറ്റുന്ന പൊതുകിണറുകളുടെ ആഴം വർദ്ധിപ്പിക്കുക. വേനൽക്കാലത്ത് വറ്റുന്ന കിണറുകളുടെ ആഴം വർദ്ധിപ്പിച്ചാൽ സുലഭമായി വെള്ളം ലഭിക്കുമോ എന്ന് പരിശോധിക്കണം. ആഴം വർദ്ധിപ്പിച്ചാൽ വെള്ളം കിട്ടുമെന്നുറപ്പുള്ള കിണറുകളുടെ ആഴം വർദ്ധിപ്പിക്കുക.
4. പുതിയ കിണറുകൾ നിർമ്മിക്കുക. ഉപയോഗശൂന്യമായി കിടക്കുന്നവ അറ്റകുറ്റപണികൾ നടത്തി ഉപയോഗയോഗ്യമാക്കുക.
5. പഞ്ചായത്ത് പ്രദേശങ്ങളിൽ water authority വക pipeline സ്ഥാപിക്കുക. തലവൂരിന്റെ സമീപപഞ്ചായത്തായ വിളക്കുടി, മേലില തുടങ്ങിയ പഞ്ചായത്തുകളിൽ കൊല്ലം-ചെങ്കോട്ട റോഡ് വഴി KWA pipeline കടന്നുപോകുന്നുണ്ട്. കുന്നിക്കോട് വഴി പോകുന്ന pipeline- ൽ നിന്നും തലവൂർ പഞ്ചായത്തിൽ ജലവിതരണം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ടി pipeline-ൽ നിന്നും നമ്മുടെ പഞ്ചായത്തിലെ അരിങ്ങട വാർഡിലുള്ള പാറവിള ഹരിജൻ കോളനിയിലേക്ക് pipeline സ്ഥാപിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ തെക്കേ അതിർത്തിയായ ഇരുവേലിക്കൽ വരെ മേലിലാ പഞ്ചായത്തിന്റെ വകയായി pipeline സ്ഥാപിച്ചിട്ടുണ്ട്. ഇരുവേലിക്കൽ എത്തിനിൽക്കുന്ന pipeline കുരാവരെ ദീർഘിപ്പിച്ചാൽ അരിങ്ങട, വടകോട്, കുരാ എന്നീവാർഡുകൾക്ക് ഒരു പരിധിവരെ പ്രയോജനം ചെയ്യും.
6. പഞ്ചായത്ത് അടിസ്ഥാനത്തിൽ ജലവിതരണ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കുക.

പഞ്ചായത്ത് അതിർത്തിയിലൂടെ ഒഴുകുന്ന കല്ലടയാറിന്റെ തീരത്ത് pump house സ്ഥാപിക്കുകയും അവിടെനിന്നും പഞ്ചായത്തിന്റെ എല്ലാഭാഗത്തേക്കും ജലവിതരണം സാദ്ധ്യമാക്കുന്ന രീതിയിൽ pipeline- കൾ സ്ഥാപിക്കുകയും ചെയ്യുക.

മുകളിൽ പറഞ്ഞ നിർദേശം (6) പ്രയോഗത്തിൽ വരുത്താൻ ഭീമമായ തുക വേണ്ടിവരും. എങ്കിലും ആവശ്യമെങ്കിൽ നടപ്പിലാക്കാൻ കഴിയുന്ന നിർദേശം എന്നരീതിയിലാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. പാണ്ടിത്തിട്ട ഒന്നാം വാർഡിലെ അമ്പലനിരപ്പ് പ്രദേശത്ത് അനുഭവപ്പെടുന്ന ജലക്ഷാമം പരിഹരിക്കുന്നതിനായി ആവശ്യമെങ്കിൽ 10 സെന്റ് വയൽ സൗജന്യമായി നൽകാമെന്ന് ഒരുവ്യക്തി വാഗ്ദാനം ചെയ്തിട്ടുള്ളതായി അറിവുണ്ട്. ഇത് സംബന്ധിച്ച് രേഖാമൂലമുള്ള അറിയിപ്പൊന്നും ലഭിച്ചിട്ടില്ലാത്തതിനാൽ കൂടുതൽ വിവരങ്ങൾ ഉൾക്കൊള്ളിക്കുവാൻ കഴിയില്ല. മുകളിൽ പ്രദിപാതിച്ച രീതിയിൽ സൗജന്യമായി നിലം ലഭിക്കുകയാണെങ്കിൽ അവിടെ ജനപങ്കാളിത്തത്തോടുകൂടി കുളം നിർമ്മിച്ച് pump house സ്ഥാപിക്കുകയും അമ്പലനിരപ്പ് പ്രദേശത്ത് pipe വഴി ജലമെത്തിക്കുകയും ചെയ്യുന്നതിലുള്ള നടപടികൾ സ്വീകരിക്കണം. ഇത് സമീപ വാർഡുകൾക്കും പ്രയോജനപ്പെടുത്താൻ കഴിയും. തലവൂർ പഞ്ചായത്തിലെ ഉയർന്ന പ്രദേശങ്ങളിലാണ് പൊതുവേ ജലക്ഷാമം അനുഭവപ്പെടുന്നത്. കുന്നുകളുടെ മുകളിൽ വളരെ ആഴത്തിൽ കുഴിച്ചെങ്ക കുഴിച്ചെങ്കിൽ മാത്രമേ വെള്ളം ലഭിക്കുകയുള്ളൂ. അതിനാൽ സാധാരണകിണറുകൾ ഇത്തരം സ്ഥലങ്ങളിൽ അപ്രായോഗികമാണ്. ഇവിടങ്ങളിൽ പരിമിതമായി കുഴൽ കിണറുകൾ അഭികാമ്യമാണ്. (ഒരു കുന്നിൽ ഒന്ന് എന്ന രീതിയിൽ) അവയിൽ motor ഘടിപ്പിച്ച് pipeline വഴി ജലവിതരണം നടത്താം. അല്ലെങ്കിൽ താഴ്വാരങ്ങളിൽ കുളങ്ങൾ നിർമ്മിച്ച് വെള്ളം പമ്പ് ചെയ്ത് ഉയർന്ന സ്ഥലങ്ങളിൽ എത്തിച്ച് വിതരണം നടത്തുകയാണ് വേണ്ടത്.

പൊതുജനാരോഗ്യം.

ആധുനികാ ചികിത്സാ സംവിധാനങ്ങൾ തലവൂർ പഞ്ചായത്തിൽ നിലവിൽ വന്നിട്ട് അധികനാളുകൾ ആയിട്ടില്ല. ചികിത്സക്കായി ഈ പഞ്ചായത്തിലെ ജനങ്ങൾ പൊതുവേ പാരമ്പര്യ നാട്ടുവൈദ്യൻമാരെയായിരുന്നു ആശ്രയിച്ചിരുന്നത്. അന്ധവിശ്വാസങ്ങളും യാഥാസ്ഥിതികത്വവും വച്ചുപുലർത്തിയിരുന്ന ഒരു ജനതയാണ് ഈ പഞ്ചായത്തിൽ ഭൂരിഭാഗവും. രോഗനിവാരണത്തിനായി പ്രാകൃതവും അബദ്ധജടിലവുമായ പ്രവൃത്തികൾ-മന്ത്രം-ജപിക്കുക, നേർച്ചനേരുക, ചരട് ജപിക്കുക, ബാധയൊഴിപ്പിക്കുക-അനുവർത്തിച്ചിരുന്നു. ആധുനിക ശാസ്ത്ര വൈദ്യശാസ്ത്ര വിദ്യാഭ്യാസമണ്ഡലങ്ങളിലെ വളർച്ചയുടെ ഫലമായി ഈ സ്ഥിതിക്ക് വളരെയധികം മാറ്റം വന്നിട്ടുണ്ട്. പഴയകാലത്തുതന്നെ ഒരു വിഭാഗം ജനങ്ങൾ ആധുനിക വൈദ്യശാസ്ത്രത്തെ ആശ്രയിച്ചിരുന്നു. പച്ചമരുന്നുകളും, ധാരകഴിക്കലും ഒക്കെ പ്രയോഗിച്ച് പാമ്പുവിഷമേറ്റവരെ സുഖപ്പടുത്തുന്ന നിരവധി നാട്ടുവിഷവൈദ്യൻമാരും ഇവിടെ ഉണ്ടായിരുന്നു. വിഷമേറ്റാൽ വിഷക്കല്ല് പിടിപ്പിക്കുന്ന സമ്പ്രദായവും പ്രചാരത്തിലിരുന്നു. പുരാതനംകാലം മുതൽക്കുതന്നെ ജനങ്ങൾക്ക് ആശ്രയമായിരുന്ന പാരമ്പര്യവൈദ്യം ഇന്ന് ഏതാണ്ട് ഇല്ലാതായിരിക്കുന്ന അവസ്ഥയാണ്. ആധുനിക വൈദ്യശാസ്ത്രത്തിന്റെ വളർച്ചയും ഈ രംഗത്തേക്ക് കടന്നുവരാനുള്ള യുവതലമുറയുടെ വൈമുഖ്യവുമാണ് ഇതിന് കാരണം.

തലവൂർ പഞ്ചായത്തിലെ പൊതുവായ ആരോഗ്യ സ്ഥിതി വളരെ ശോചനീയമാണ്. 1995-96 വർഷത്തിൽ 34 ജലജന്യരോഗങ്ങളും 33 വായുജന്യ രോഗങ്ങളും 29 പ്രാണിജന്യരോഗങ്ങളും 6769 മറ്റ് രോഗങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. (തലവൂർ PHC-യിലെ കണക്കുകൾ പ്രകാരം). ഗവ. ആയുർവേദ ആശുപത്രിയിൽ ഇതേ കാലയളവിൽ ഇൻപേഷ്യന്റ് വിഭാഗത്തിൽ 322 രോഗികളും OP വിഭാഗത്തിൽ 51650 രോഗികളും എത്തിയിട്ടുണ്ട്. ഇതിൽ ത്വക്ക് രോഗികൾ 4730 ഉം വാതരോഗികൾ 30394 ഉം വിഷചികിത്സക്ക് എത്തിയിട്ടുള്ളവർ 896 ഉം ആണ്. 1994-95 കാലയളവിൽ ഈ ആശുപത്രിയിൽ ചികിത്സക്കെത്തിയ ആകെ രോഗികൾ 37260 ആയിരുന്നുവെങ്കിൽ 1995-96 കാലയളവിൽ അത് 51972 ആയി വർദ്ധിച്ചിരിക്കയാണ്.

ആരോഗ്യരംഗത്ത് ശോചനായമായ സ്ഥിതിവിശേഷം നിലനില്ക്കുന്ന ഈ പഞ്ചായത്തിൽ, ചില സ്വകാര്യ ഡിസ്പെൻസറികൾ ഒഴിച്ചാൽ, ജനങ്ങൾക്ക് ആശ്രയമായിട്ടുള്ളത് രണ്ട് ആശുപത്രികൾ മാത്രമാണ്. അവ തലവൂർ PHC യും ഗവ. ആയുർവേദ ആശുപത്രിയുമാണ്.

ആരോഗ്യസ്ഥാപനങ്ങൾ.

പട്ടിക. 1

വാർഡ്	സ്ഥാപനം	സർക്കാർ(സ്വകാര്യം)	ജീവനക്കാരുടെ എണ്ണം
I	-	-	-
II	1 ഡിസ്പെൻസറി	സ്വകാര്യം	2.
III	ആയുർവേദ ആശുപത്രി നേഴ്സിംഗ് ഹോം	സർക്കാർ സ്വകാര്യം	19
1V	-	-	-
V	-	-	-
V1	-	-	-
VII	-	-	-
VIII	-	-	-
IX	PHC	സർക്കാർ	25
X	-	-	-
XI	-	-	-
XII	-	-	-

പ്രൈമറി ഹെൽത്ത് സെന്റർ

ഞാറയ്ക്കാട് വാർഡിൽ സ്ഥിതിചെയ്യുന്നു. ഇതേവാർഡിൽ തന്നെ സ്വന്തം കെട്ടിടം ഉണ്ടായിട്ടും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. ഒരു ഡോക്ടറും field staff ഉം ഉൾപ്പെടേ 25 ജീവനക്കാർ ഉണ്ട്. ഡോക്ടറുടെ സേവനം മുഴുവൻ സമയവും ലഭ്യമല്ല. രോഗികളെ കിടത്തി ചികിത്സിക്കുവാൻ സൗകര്യങ്ങൾ ഇല്ല.

ഈ സ്ഥാപനത്തിലെ Health visitor മാരുടെ സേവനമാണ് പ്രധാനമായും ലഭിക്കുന്നത്. കുട്ടികൾക്കുള്ള കുത്തിവയ്പുകൾക്ക് ജനങ്ങൾ പ്രധാനമായും ആശ്രയിക്കുന്നത് ഈ സ്ഥാപനത്തെയാണ്. പഞ്ചായത്തിലെ വെറും ന്യൂനപക്ഷം ജനങ്ങൾ മാത്രമാണ് ചികിത്സക്കായി ഈ സ്ഥാപനത്തിലെത്തുന്നത്.

PHC യുടെ ഇപ്പോഴത്തെ അവസ്ഥക്ക് പരിഹാരമായും ഈ സ്ഥാപനത്തിന്റെ പ്രയോജനം പരമാവധി ലഭിക്കുന്നതിനുവേണ്ടിയും ചില നിർദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. ഈ സ്ഥാപനം വാടകകെട്ടിടത്തിൽ നിന്നും മാറ്റി സ്വന്തം കെട്ടിടത്തിൽ പ്രവർത്തനം ആരംഭിക്കുക.
2. PHC യെ 50 കിടക്കകളെങ്കിലുമുള്ള ആശുപത്രിയുടെ നിലവാരത്തിലേക്ക് ഉയർത്തുക.
3. ഒരു ഡോക്ടറുടെ മുഴുവൻ സമയ സേവനം ലഭ്യമാക്കുക.
4. Nursing staff ന്റെ എണ്ണം വർദ്ധിപ്പിക്കുക. PHC യ്ക്ക് വേണ്ടി ഡോക്ടറുടെ ക്വാർട്ടേഴ്സ് ഉൾപ്പെടെയുള്ള സർക്കാർ കെട്ടിടങ്ങൾ നിലവിലുണ്ട്. ആ കെട്ടിടങ്ങൾ സാമൂഹ്യവിരുദ്ധരുടെ താവളമായി മാറുകയും ഇടിഞ്ഞുപൊളിഞ്ഞ് നശിക്കുകയും ചെയ്യുകയാണ്. ആശുപത്രിക്കുവേണ്ടിയുള്ള ഈ കെട്ടിടങ്ങൾ സംരക്ഷിക്കുകയും അവ വൃത്തിയാക്കി PHC യുടെ പ്രവർത്തനം ഇതിലേക്ക് മാറ്റേണ്ടതുമാണ്.

ഗവ. ആയുർവേദ ആശുപത്രി, നടുത്തേരി.

ഈ പഞ്ചായത്തിലുള്ള ഒരു പ്രധാന ആരോഗ്യ കേന്ദ്രമാണ് ഗവ. ആയുർവേദ ആശുപത്രി. പത്തനാപുരം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി കൂടിയായ ഈ സ്ഥാപനം നടുത്തേരി വാർഡിൽ സ്ഥിതിചെയ്യുന്നു. 4 ഡോക്ടർമാർ ഉൾപ്പെടേ 19 ജീവനക്കാർ ഇവിടെ ജോലിചെയ്യുന്നു. ദിനംപ്രതി 200 ലധികം രോഗികൾ ഇവിടെ ചികിത്സക്കായി എത്തുന്നു. 30 രോഗികളെ കിടത്തിചികിത്സിക്കുന്നതിനുള്ള സൗകര്യങ്ങൾ മാത്രമാണ് ഇവിടെയുള്ളത്. പാർശ്വഫലങ്ങലില്ലാത്തതും ആരോഗ്യരക്ഷക്ക് വളരെ ഉചിതവുമായ ആയുർവേദത്തിന്റെ പ്രചാരം വർദ്ധിച്ചുവരുന്ന ഈ കാലയളവിൽ തലവൂർ ആയുർവേദ ആശുപത്രിയുടെ ഇന്നത്തെ അവസ്ഥക്ക് മാറ്റമുണ്ടാകേണ്ടത് അനിവാര്യമാണ്. നിരവധി പരാധീനകളാൽ വീർപ്പുമുട്ടുന്ന സ്ഥിതിയാണ് ഈ സ്ഥാപനത്തിന്. 14 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ചിട്ടുള്ള സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നുവെങ്കിലും നിലവിലുള്ള സൗകര്യങ്ങൾ പോലും വേണ്ടത്ര വിനിയോഗിക്കുന്നില്ല എന്നതാണ് അവസ്ഥ. മൂട്ടയുടേയും, കൊതുതുന്റേയും ശല്യത്തെപറ്റി രോഗികളിൽ നിന്നും നിരവധി പരാതികൾ ലഭിച്ചിട്ടുണ്ട്. മരുന്നുകളുടെ കുറവും വേണ്ടത്ര ജീവനക്കാരില്ലാത്ത സാഹചര്യവും ആശുപത്രിയുടെ പ്രവർത്തനം സുഗമമല്ലാതാക്കുന്നു.

ആശുപത്രിയുടെ വികസനം ലക്ഷ്യമാക്കിയും പരാധീനതകൾ പരിഹരിക്കുന്നതിനുവേണ്ടിയും ആശുപത്രി അധികൃതരിൽ നിന്നും ഗ്രാമസഭയിൽ നിന്നും നിർദേശങ്ങൾ ഈ റിപ്പോർട്ടിൽ പിന്നാലെ ചേർക്കുന്നു.

വിസ്തൃതമായ തലവൂർ പഞ്ചായത്തിലെ ജനങ്ങൾ ചികിത്സക്കായി ആശ്രയിക്കുന്ന പഞ്ചായത്തിലെ രണ്ട് ആരോഗ്യകേന്ദ്രങ്ങളാണ് മുകളിൽ പ്രതിപാദിച്ചിരിക്കുന്നത്.12 വാർഡുകളുള്ള ഈ പഞ്ചായത്തിൽ ആകെയുള്ളത് ഈ രണ്ട് ആരോ

ഗൃകേന്ദ്രങ്ങളാണ്. ഈ പഞ്ചായത്തിലെ ജനങ്ങൾ ചികിത്സക്കായി പുനലൂർ, പത്തനാപുരം, കൊട്ടാരക്കര എന്നീ സ്ഥലങ്ങളിലുള്ള ആശുപത്രികളെ ആശ്രയിക്കുന്നു. പത്തുമുതൽ പതിനെട്ട് കിലോമീറ്റർ വരെ ദൂരം സഞ്ചരിച്ചാണ് ജനങ്ങൾ ചികിത്സ തേടുന്നത്. ഗുരുതരമായ രോഗങ്ങളുടെ ചികിത്സക്കായി കൊല്ലം, തിരുവനന്തപുരം തുടങ്ങിയ വിദൂര സ്ഥലങ്ങളേയും ആശ്രയിക്കുന്നുണ്ട്.

ഗവ. ആയുർവേദ ആശുപത്രിക്കുവേണ്ടി ഉയർന്നു വന്നിട്ടുള്ള നിർദേശങ്ങൾ.

1. ശുചൂകരണപ്രവർത്തനങ്ങൾക്ക് വേണ്ടത്ര Staff നെ നിയമിക്കുക.

മൂട്ടയുടേയും കൊതുകിന്റേയും ശല്യത്തെപറ്റി രോഗികളിൽ നിന്നും നിരവധി പരാതികൾ നിലവിലുണ്ട്. പരിസരശുചിത്വകുറവാണ് കൊതുകുശല്യം പെരുകുന്നതിന് പ്രധാനകാരണം. ആശുപത്രിപരിസരങ്ങളിൽ മാലിന്യങ്ങൾ കുന്നുകൂടുന്നതും കൊതുക് പെരുകുന്നതിന് പ്രധാനകാരണമാണ്. അതോടൊപ്പം തന്നെ മൂട്ടകളുടെ സാന്നിദ്ധ്യം പകർച്ചവ്യാധികൾ ഉണ്ടാകുന്നതിനും കാരണമാകുന്നു. ഇടയ്ക്കിടയ്ക്ക് മൂട്ട നിവാരണത്തിനും, കൊതുക് നിവാരണത്തിനും മരുന്നുകൾ തളിക്കേണ്ടത് ആവശ്യമാണ്. മരുന്നുതളി, ശുചീകരണം എന്നീ പ്രവർത്തനങ്ങൾക്ക് വേണ്ടി വേണ്ടത്ര ജീവനക്കാരെ നിയമിക്കുകയും അതിലേക്ക് ആവശ്യത്തിന് തുക വകകൊള്ളിക്കുകയും ചെയ്യണം.

2. ആശുപത്രിയിലെ കിടക്കകളുടെ എണ്ണം 100 ആയി വർദ്ധിപ്പിക്കുക.

12 ലക്ഷത്തോളം രൂപ ചെലവഴിച്ച് നിർമ്മിച്ചിട്ടുള്ള ഇപ്പോഴത്തെ കെട്ടിടത്തിൽ 30 കിടക്കകൾ മാത്രമാണുള്ളത്. 100 കിടക്കകളുള്ള ആശുപത്രിയായി പ്രവർത്തിക്കുന്നതിനുള്ള സൗകര്യം നിലവിലുണ്ട്. ആശുപത്രിയിൽ നിലവിലുള്ള സ്ഥലസൗകര്യം പരമാവധി പ്രയോജനപ്പെടുത്തി ആശുപത്രിയുടെ വികസനം സാദ്ധ്യമാക്കേണ്ടതാണ്.

3. ലാബ് സൗകര്യങ്ങൾ ഉണ്ടാക്കുക.

ദിനംപ്രതി നിരവധി രോഗികൾ ചികിത്സക്കായി ആശ്രയിക്കുന്ന ഗവ. ആയുർവേദാശുപത്രിയിൽ ലാബ് സൗകര്യങ്ങളില്ല. രക്തം, കഫം, മലം, മൂത്രം എന്നിവ പരിശോധിക്കുന്നതിനായി രോഗികൾ കുന്നിക്കോട്, കൊട്ടാരക്കര, പത്തനാപുരം എന്നീ സ്ഥലങ്ങളിലെ സ്വകാര്യ ലാബുകളെയാണ് ആശ്രയിക്കുന്നത്. ഇത് രോഗികൾക്ക് ബുദ്ധിമുട്ടും സാമ്പത്തികനഷ്ടവും ചികിത്സക്ക് കാലതാമസവും ഉണ്ടാക്കുന്നു. ലാബ് ആരംഭിക്കുന്നതിന് ആശുപത്രിയിൽ നിലവിൽ സ്ഥലസൗകര്യമുണ്ട്. അടിയന്തിര പ്രാധാന്യം നൽകി ആശുപത്രിയിൽ ലാബ് സൗകര്യം ഏർപ്പെടുത്തേണ്ടതാണ്. ആശുപത്രിയുടെ പ്രവർത്തനത്തിനാവശ്യമായ അടിസ്ഥാനസൗകര്യമാണ് ക്ലിനിക്കൽ ലാബ് എന്നത് ശ്രദ്ധേയമാണ്.

4. ആശുപത്രിയിൽ സ്പെഷ്യലൈസ്ഡ് വിഭാഗങ്ങൾ ആരംഭിക്കുക.

ഗവ. ആയുർവേദാശുപത്രിയിൽ നിലവിലുള്ള സൗകര്യങ്ങൾ പ്രയോജനപ്പെടുത്തികൊണ്ട് പഞ്ചകർമ്മ, വിഷം, സിദ്ധം, പ്രകൃതിചികിത്സ തുടങ്ങിയ പ്രത്യേക വിഭാഗങ്ങൾ ഉണ്ടെങ്കിൽ മാത്രമേ കഴിയുകയുള്ളൂ.

5. സ്ത്രീ, ബാലചികിത്സാവിഭാഗങ്ങൾ സ്ഥാപിക്കുക.

6. നേഴ്സ് ക്വാർട്ടേഴ്സ് നിർമ്മിക്കുക.

24 മണിക്കൂറും പ്രവർത്തിക്കുന്ന ആശുപത്രിയായതിനാൽ ഇവിടെ മുഴുവൻ സമയവും നേഴ്സുമാരുടെ സേവനം അനിവാര്യമാണ്. വിദൂരസ്ഥലങ്ങളിൽ നിന്നും ഡ്യൂട്ടിക്ക് എത്തുന്ന നേഴ്സുമാർക്ക് താമസസൗകര്യം അനിവാര്യമാണ്. നേഴ്സുമാരുടെ സേവനം പരിപൂർണമായി ഉപയോഗപ്പെടുത്തുന്നതിനും മുഴുവൻ സമയ സേവനം ലഭിക്കുന്നതിനും നേഴ്സ് ക്വാർട്ടേഴ്സ് അനിവാര്യമായിരികികുന്നു. മൂന്നു ക്വാർട്ടേഴ്സ് എങ്കിലും നിർമ്മിക്കണമെന്ന് ആവശ്യം ഉയർന്നിട്ടുണ്ട്.

7. ആശുപത്രി കോമ്പൗണ്ടിൽ ഔഷധസസ്യത്തോട്ടം ഉണ്ടാക്കുക. മരുന്നുകളുടെ ദൗർലഭ്യം ഒരളവുവരെയെങ്കിലും പരിഹരിക്കുവാൻ ആശുപത്രി കോമ്പൗണ്ടിൽ നിലവിലുള്ള സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി ഒരു ഔഷധസസ്യത്തോട്ടം നിർമ്മിക്കണം.

8: ആയുർവേദത്തിന്റെ പ്രചാരത്തിന് വേണ്ട കർമ്മ പദ്ധതികൾ ആവിഷ്ക്കരിക്കുക.

പുരാതനവും പാർശ്വഫലങ്ങളിലില്ലാത്തതും ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടുള്ളതുമായ ആയുർവേദത്തിന് വേണ്ടത്ര പ്രചാരം ലഭിച്ചിട്ടില്ല. അതുകൊണ്ടുതന്നെ ഈ രംഗത്ത് വേണ്ടത്ര പുരോഗതിയും ഉണ്ടായിട്ടില്ല. ഈ സ്ഥിതിക്ക് മാറ്റമുണ്ടാക്കുന്നതിന് ആവശ്യമായ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. അതിനു വേണ്ട കർമ്മ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കണമെന്ന് ആശുപത്രി അധികൃതരിൽ നിന്നും നിർദേശം ഉണ്ടായിട്ടുണ്ട്.

ചികിത്സാരംഗത്ത് വേണ്ടത്ര സൗകര്യങ്ങൾ ഇല്ലാത്ത ഒരു പഞ്ചായത്താണിത് എന്ന് മുകളിൽ പ്രതിപാദിച്ചുവല്ലോ. ജനങ്ങളുടെ ആരോഗ്യ രക്ഷയ്ക്കാവശ്യമായ അടിസ്ഥാനവും അടിയന്തിരമായ ആശ്രയിക്കാവുന്നതുമായ സൗകര്യങ്ങൾ ഉണ്ടാകേണ്ടത് അനിവാര്യമാണ്. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഹെൽത്ത് സെന്ററുകളും ആരോഗ്യ പൊതു കേന്ദ്രങ്ങളും സ്ഥാപിക്കേണ്ടതുണ്ട്.

പഞ്ചായത്തിൽ PHC കളും ആരോഗ്യ ഉപകേന്ദ്രങ്ങളും ആവശ്യമായുള്ള സ്ഥലങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു.
ആരോഗ്യ കേന്ദ്രങ്ങൾ ആവശ്യമുള്ള സ്ഥലങ്ങൾ.

പട്ടിക. 2

1. പാണ്ടിത്തിട്ട	ഉപകേന്ദ്രം	I, II എന്നീ വാർഡുകൾക്ക് പ്രയോജനം ലഭിക്കുന്ന രീതിയിൽ ഈ വാർഡുകളിൽ ഏതിലെങ്കിലും സൗകര്യപ്രദമായ സ്ഥലത്ത്.
2. പനമ്പറ്റ	PHC	പനമ്പറ്റ, കമുകുചേരി, നെടുവന്നൂർ, എന്നീ വാർഡുകൾക്ക് പ്രയോജനകരമായ രീതിയിൽ.
3. പിടവൂർ	subcentre	ward ന്റെ കേന്ദ്രഭാഗത്ത്.
4. വടകോട്	subcentre	കുരാ, വടകോട് വാർഡുകൾക്ക് സൗകര്യപ്രദമായ രീതിയിൽ കുരാ വാർഡിലോ വടകോടു വാർഡിലോ സ്ഥാപിക്കണം.
5. അരിങ്ങട	subcentre	ward ന്റെ കേന്ദ്രഭാഗത്ത്

പകർച്ചവ്യാധികൾ

തലവൂർ പഞ്ചായത്തിൽ വ്യാപകമായി പകർച്ചവ്യാധികൾ ഉള്ളതായി റിപ്പോർട്ടില്ല. എങ്കിലും ചില പകർച്ച വ്യാധികൾ അങ്ങിങ്ങായി കണ്ടുവരുന്നുണ്ട്. വേനൽക്കാലത്ത് വ്യാപകമായി ചെങ്കണ്ണ് എന്ന പകർച്ചവ്യാധി ഉണ്ടായിട്ടുണ്ട്. ശ്രദ്ധക്കുറവുകൊണ്ടും കണ്ണീച്ച മുഖാന്തിരവും പകരുന്ന ഒരു രോഗമാണിത്. വേണ്ടത്ര ശ്രദ്ധിച്ചാൽ ഇതിന്റെ പകർച്ച ഒഴിവാക്കാവുന്നതാണ്. പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ കണക്കനുസരിച്ച് പ്രാണിജന്യവും ജലജന്യവുമായ രോഗങ്ങൾ ഉണ്ടായിട്ടുണ്ട്. എന്നാൽ ഏതെങ്കിലും വാർഡിൽ പകർച്ചവ്യാധികൾ ഉള്ളതായി ഗ്രാമസഭാറിപ്പോർട്ടുകളിൽ ഒന്നിലും പറഞ്ഞിട്ടില്ല. പകർച്ചവ്യാധികളെപറ്റി ബോധവത്കരണ ക്ലാസ്സുകൾ നടത്തണമെന്ന് ഗ്രാമസഭകളിൽ ആവശ്യം ഉയർന്നിട്ടുണ്ട്.

പരിസരശുചിത്വം.

നല്ല ആരോഗ്യം കാത്തുസൂക്ഷിക്കുന്നതിന് പരിസരശുചിത്വം അത്യന്താപേക്ഷിതമാണ്. പരിസര ശുചിത്വത്തിന്റെ അഭാവത്താലാണ് ജല ജന്യവും പ്രാണിജന്യവുമായ രോഗങ്ങൾ ഉണ്ടാകുന്നത്.

ഹരിജൻ കോളനികൾ ഉള്ള ഒരു പഞ്ചായത്താണ് തലവൂർ. ഹരിജൻ കോളനികളിൽ പരിസരശുചിത്വത്തിന്റെ കുറവ് പ്രകടമാണ്. പരിസര ശുചിത്വത്തെപ്പറ്റി ഹരിജൻ കോളനികളിൽ ബോധവത്കരണം അനിവാര്യമാണ്.

ശുചിത്വകുറവുമൂലം കോളനികളിൽ ചൊറി, ചിരങ്ങ്, വയറിളക്കം തുടങ്ങിയ രോഗങ്ങൾ കുട്ടികളിലും മുതിർന്നവരിലും കണ്ടുവരുന്നുണ്ട്. ഇതിന് പരിഹാരമെന്നനിലയ്ക്ക് ബോധവൽക്കരണമാണ് അടിയന്തിരമായി ചെയ്യാനുള്ളത്. ജനങ്ങൾ തിങ്ങിപ്പാർക്കുന്ന ഹരിജൻ കോളനികളിൽ സ്ഥലപരിമിതി ഒരു പ്രധാന പ്രശ്നമാണ്. ശുചിത്വരഹിതമായ ചുറ്റുപാടുകളിൽ ജീവിക്കുന്ന ജനങ്ങൾക്ക് വിരശല്യവും, കൊക്കോപ്പുഴുവിന്റെ ശല്യവും സാധാരണയാണ്.

ഹരിജൻ കോളനികളിൽ സ്ത്രീകളിലും കുട്ടികളിലും ബോധവൽക്കരണം നടത്തുന്നതിലൂടെ ശുചിത്വപ്രശ്നം വലിയ ഒരളവുവരെ പരിഹരിക്കാവുന്നതാണ്. PHC യിലെ Health visitor മാരുടെ പ്രവർത്തനം ഇക്കാര്യത്തിൽ ഊർജിതമാക്കണം. മഹിളാസംഘടനകളുടെയും, സന്നദ്ധസേവകരുടേയും പ്രവർത്തനങ്ങൾ ഇക്കാര്യത്തിൽ പ്രയോജനപ്പെടുത്തണം.

കക്കൂസ്.

തലവൂർ പഞ്ചായത്തിൽ 15% ത്തോളം വീടുകൾക്ക് കക്കൂസ് ഇല്ല. പരിസരമലിനീകരണത്തിനും പകർച്ചവ്യാധികൾക്കും കൊക്കോപ്പുഴു, വിരശല്യം തുടങ്ങിയ രോഗങ്ങൾക്കും ഇത് കാരണമാകുന്നു. കക്കൂസ് ഉപയോഗിക്കേണ്ടതിന്റെ ആവശ്യകത കുടുംബങ്ങളെ വേണ്ടത്ര ബോധ്യപ്പെടുത്തേണ്ടതുണ്ട്. IRDP സർവ്വേ അനുസരിച്ച് തലവൂർ പഞ്ചായത്തിൽ കക്കൂസ് ഇല്ലാത്തവരുടെ വാർഡ് തിരിച്ചുള്ള പട്ടിക ചുവടെ ചേർക്കുന്നു.

കക്കൂസ് സംബന്ധിച്ച വിവരണങ്ങൾ

പട്ടിക. 3

വാർഡ് നമ്പർ	കക്കൂസ് വേണ്ട കുടുംബങ്ങളുടെ എണ്ണം
I പാണ്ടിത്തിട്ട	94
II പാണ്ടിത്തിട്ട	81
III നടുത്തേരി	74
IV മഞ്ഞക്കാല	71
V പനമ്പറ്റ	90
VI പിടവൂർ	93
VII കമുകുംചേരി	127
VIII നെടുവന്നൂർ	75
IX ഞാറയ്ക്കാട്	77
X കുരാ	93
XI വടകോട്	66
XII അരിങ്ങട	68
ആകെ	1009

ചില കുടുംബങ്ങൾക്ക് കക്കൂസ് ഇല്ലാത്തതിന്റെ കാരണങ്ങളും പരിഹാരനിർദേശങ്ങളും ചുവടെ ചേർക്കുന്നു.

കക്കൂസ് ഇല്ലാത്തതിന്റെ കാരണങ്ങൾ.

കാരണങ്ങൾ	പരിഹാരം
1. സാമ്പത്തിക ബുദ്ധിമുട്ട്	സർക്കാർ സഹായം, അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെ സഹായം സന്നദ്ധസംഘടനകളുടെ സഹായം.
2. സ്ഥലപരിമിതി [പ്രധാനമായും കോളനികളിൽ]	-പൊതുവായി ഒരു സെപ്ടിക് ടാങ്ക് നിർമ്മിച്ച് ഈ പ്രശ്നം പരിഹരിക്കാം.

3. ആവശ്യകത	
വേണ്ടത്ര	
ബോദ്ധ്യപ്പെടാത്തതിനാൽ-	ആരോഗ്യ, ശുചിത്വ ബോധവത്കരണം, അയൽക്കൂട്ടങ്ങൾ, ചർച്ചാക്ലാസ്സുകൾ എന്നിവ സംഘടിപ്പിച്ച് ആരോഗ്യ പ്രവർത്തകരെ പങ്കെടുപ്പിച്ച് ക്ലാസ്സുകൾ നടത്തുക. സന്നദ്ധ സംഘടനകളുടെ പ്രവർത്തനം, ഫീൽഡ് പബ്ലിസിറ്റി വിഭാഗത്തിന്റെ സ്ലൈഡ്/ വീഡിയോപ്രദർശനങ്ങൾ.

പഞ്ചായത്തിലെ നെടുവന്നൂർ, പിടവൂർ, പനംപറ്റ എന്നീ വാർഡുകളിൽ നേരിടുന്ന ഗുരുതരമായ ഒരു ആരോഗ്യ പ്രശ്നമാണ് ഇഷ്ടികകളങ്ങൾ മൂലമുണ്ടാകുന്നത്. ഇഷ്ടിക കളങ്ങളിൽ കെട്ടിക്കിടക്കുന്ന ജലം കൊതുക് പെരുകുനന്നതിന് കാരണമാകുന്നു. അതോടൊപ്പം തന്നെ അറവുമാടുകളുടെ അവശിഷ്ടങ്ങൾ നിക്ഷേപിക്കപ്പെടുന്നതു മൂലം അസഹ്യമായ ദുർഗന്ധം അനുഭവപ്പെടുന്നു. ഈ പ്രശ്നം പരിഹരിക്കപ്പെടുന്നതിന് കെട്ടിക്കിടക്കുന്ന ജലം ഒഴുക്കി കളയുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. ആരോഗ്യരംഗത്തും പരിസരശുചിത്വ രംഗത്തും പഞ്ചായത്ത് തലത്തിൽ നടപ്പാക്കാവുന്ന ചില നിർദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. ആരോഗ്യ- ശുചിത്വ ബോധവൽക്കരണ പ്രവർത്തനങ്ങൾ

a. ലഘുലേഖകൾ, പോസ്റ്ററുകൾ

b. ബോധവൽക്കരണ ക്ലാസ്സുകൾ: ഹരിജൻ കോളനികളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും.

2. മലിന ജല നിർഗ്ഗമന നടപടികൾ സ്വീകരിക്കുക. ഹരിജൻ കോളനികളിലും പൊതുകിണറുകളുടെ പരിസരങ്ങളിലും. നെടുവന്നൂർ പനമ്പറ്റ, വാർഡുകളിലെ ഇഷ്ടിക കളങ്ങളിലെ ജലനിർഗ്ഗമനം വളരെ എളുപ്പമല്ല. സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള നിലങ്ങളാണ് അവ. ചുടുകട്ടയ്ക്ക് വേണ്ടി വളരെ ആഴത്തിൽ മണ്ണെടുത്തിട്ടുള്ളതിനാൽ ഇവയിലെ ജലം തോടുകളിലേക്ക് ഒഴുക്കുക എന്നതും എളുപ്പമല്ല. എന്നാൽ ഇത്തരം കളങ്ങൾ സ്വകാർവ്യക്തികളുടെ ഉടമസ്ഥതയിൽ തന്നെ. മത്സ്യകൃഷിക്ക് ഉപയുക്തമാക്കാമോ എന്ന് പരിശോധിക്കേണ്ടതുണ്ട്. ഈ കുളങ്ങൾ മത്സ്യകൃഷിക്ക് പ്രയോജനപ്പെടുത്തുകയാണെങ്കിൽ മേൽപറഞ്ഞ പ്രദേശങ്ങളിലുണ്ടായിട്ടുള്ള പരിസ്ഥിതി പ്രശ്നത്തിന് ഒരു പരിഹാരവും അതുമൂലം സാമ്പത്തിക നേട്ടവും കൈവരിക്കാൻ കഴിയും.

3. കക്കൂസ് ഇല്ലാത്ത കുടുംബങ്ങൾക്ക് കക്കൂസ് നൽകുന്നതിന് വിവിധ ഏജൻസികളുടെ സഹായത്തോടുകൂടി നടപടികൾ സ്വീകരിക്കുക.

4. പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ സ്ലോട്ടർഹൗസുകൾ സ്ഥാപിക്കുക.

തലവൂർ പഞ്ചായത്തിന്റെ ചില കേന്ദ്രങ്ങളിൽ അനധികൃത മാട്വെട്ട് നടക്കുന്നുണ്ട്. അറവുമാടുകളുടെ അവശിഷ്ടങ്ങൾ വേണ്ടരീതിയിൽ മറവുചെയ്യാത്തതുമൂലം ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകുന്നു. ലൈസൻസുള്ള മാടുവെട്ടുകാർപോലും ഇതിൽ വേണ്ടത്ര ശ്രദ്ധിക്കുന്നില്ല. വൃത്തിഹീനമായ ചുറ്റുപാടുകളിൽ കന്നുകാലികളെ അറക്കുന്നതുമൂലം ഇറച്ചിയിൽ മാലിന്യങ്ങൾ കലരുന്നു. ഈ പ്രശ്നം പരിഹരിക്കുന്നതിനായി പഞ്ചായത്തിൽ ആവശ്യമായ സ്ഥലങ്ങളിൽ സ്ലോട്ടർ ഹൗസുകൾ സ്ഥാപ്ക്കുകയാണ് വേണ്ടത്. അതോടൊപ്പം തന്നെ അനധികൃത മാടുവെട്ട് കർശനമായി നിരോധിക്കുകയും വേണം.

5. പൊതുശ്മശാനം. പൊതുശ്മശാനത്തിനു വേണ്ടി എല്ലാഗ്രാമസഭകളിൽ നിന്നും ആവശ്യം ഉയർന്നുവന്നിട്ടുണ്ട്. എന്നാൽ എല്ലാ വാർഡുകളിലും ശ്മശാനം നിർമ്മിക്കുക പ്രായോഗിക മല്ലാത്തതിനാൽ പഞ്ചായത്തിന്റെ തെക്ക്-വടക്ക് എന്നീ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് രണ്ട് പൊതുശ്മശാനങ്ങൾ നിർമ്മിക്കണം.

6. പഞ്ചായത്തിൽ ഔഷധസസ്യകൃഷി വ്യാപകമാക്കുക. ആയുർവേദ ചികിത്സാരംഗം സാർവത്രികമാകുന്ന ഒരു കാലഘട്ടമാണിത്. ഈ രംഗം നേരിടുന്ന ഒരു പ്രശ്നം വേണ്ടത്ര ഔഷധസസ്യങ്ങൾ കിട്ടാനില്ല എന്നതാണ്. തലവൂർ കേന്ദ്രീകരിച്ച് ഒരു ആയുർവേദാശുപത്രി പ്രവർത്തിക്കുന്നുണ്ട്. ഈ ആശുപത്രിയിലും വേണ്ടത്ര മരുന്നുകൾ ലഭ്യമല്ല എന്ന പരാതിയും നിലവിലുണ്ട്. ആയുർവേദത്തിന്റെ പ്രചാരം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഫലപ്രദമായി നടപ്പിലാക്കാവുന്ന ഒരു നിർദേശമാണ് ഔഷധസസ്യകൃഷി വ്യാപകമാക്കുക എന്നത്. പഞ്ചായത്തിലെ എല്ലാ വീടുകളിലും ഔഷധസസ്യകൃഷിയെപ്പറ്റി ബോധവൽക്കരണം നടത്തുക. അതോടൊപ്പം ഔഷധസസ്യങ്ങളുടെ വിതരണം ചെയ്യുകയും വേണം. സ്കൂൾ വിദ്യാർത്ഥികളെ മുൻപന്തിയിൽ നിർത്തികൊണ്ട് നടപ്പിലാക്കുവാൻ കഴിയുന്ന ഒന്നാണിത്. ഔഷധസസ്യകൃഷി വ്യാപിപ്പിക്കുന്നതിനാൽ ആയുർവേദ ഔഷധരംഗത്തെ ദൗർലഭ്യം പരിഹരിക്കുവാനും അതുമൂലം കുടുംബങ്ങൾക്ക് സാമ്പത്തിക വരുമാനം ഉണ്ടാക്കുന്നതിനും സഹായകമാകും. ഔഷധസസ്യങ്ങളുടെ വിപണനരംഗത്തെ പ്രതിസന്ധി ഈ രംഗത്ത് സഹകരണസംഘങ്ങൾ രൂപീകരിക്കുന്നതിലൂടേയും ' ഔഷധി ' പോലെയുള്ള സർക്കാർ സ്ഥാപനങ്ങളുടെ സംഭരണശാലകൾ ആരംഭിക്കുന്നതിലൂടേയും പരിഹരിക്കാവുന്നതാണ്.

ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

ഗതാഗതം

ജനശക്തിയാണ് ഒരു നാടിന്റെ ഭാവി നിർണ്ണിയിയ്ക്കുന്നത്. സംഘബോധത്തിന്റെ കരുത്തും നാടിന്റെ വികസനത്തിൽ റോഡുകൾ വഹിയ്ക്കുന്ന പങ്കും തിരിച്ചറിഞ്ഞവരായിരുന്നു നമ്മുടെ പൂർവ്വീകർ. ഈ തിരിച്ചറിവിന്റെ പരിണാമമായിരുന്നു മാനവവിഭവശേഷി സമാഹരിച്ച് നിർമ്മിയ്ക്കപ്പെട്ട പഞ്ചായത്തിലെ പല റോഡുകളും.

1952-ൽ പഞ്ചായത്ത് രൂപീകൃതമായപ്പോൾ ഉണ്ടായിരുന്ന റോഡുകൾ പലതും ഇന്നത്തേതുപോലയുള്ള യാത്രാ സൗകര്യങ്ങളോടു കൂടിയവ ആയിരുന്നില്ല. ടാർ ചെയ്തിരുന്നുമില്ല. വികസനമെന്നാൽ റോഡുനിർമ്മാണം മാത്രമാണ് എന്ന വികല ധാരണയും റോഡു നിർമ്മാണത്തിനുവേണ്ടി പൊതു ഫണ്ടിന്റെ ഭൂരിഭാഗവും ചെലവഴിയ്ക്കപെടുന്ന പ്രവണതയും റോഡ് ശൃംഗലയുടെ വ്യാപനത്തിന് ആക്കം കൂട്ടി.

റെയിൽ പാത കടന്നു പോകുന്ന കേരളത്തിലെ ചുരുക്കം പഞ്ചായത്തുകളിലൊന്നാണ് തലവൂർ പഞ്ചായത്ത് റെയിൽവെ വന്നു. പിന്നീട് അതിലെ ഒരു പ്രധാന സ്റ്റേഷനായിരുന്നു ടി പഞ്ചായത്തിലെ കുരാവാർഡിലുള്ള കുരി റെയിൽവേ സ്റ്റേഷൻ പുറം ലോകവുമായി ബന്ധിപ്പിയ്ക്കുന്നതിൽ റെയിൽവെ ഒരു വലിയ പങ്കു വഹിയ്ക്കുന്നു.

പഞ്ചായത്തിൽ വാഹന ഗതാഗത യോഗ്യമായ ആകെ റോഡ് 250 കി.മി. ആണുള്ളത്. ഇതിൽ ടാർ ചെയ്തത് ഏകദേശം 50 ഗാ മാത്രമാണ്. പഞ്ചായത്തിലെ നിലവിലുള്ള ടാർ റോഡുകൾഅവയുടെ ഉടമസ്ഥത ദൂരം, വീതി, യാത്രാ സൗകര്യങ്ങൾ എന്നിവ താഴെ കൊടുക്കുന്ന പട്ടികയിൽ കാണിച്ചിരിയ്ക്കുന്നു.

പഞ്ചായത്തിലെ ടാർ റോഡുകൾ

നമ്പർ	റോഡ്	ഉടമസ്ഥത	ദൂരം	വീതി	ബസ്/മറ്റ് യാത്രാസൗകര്യം
1.	കിഴക്കേത്തെരുവ് പത്തനാപുരം	PWD	12	8മീ	ഉണ്ട്
2.	കുന്നിക്കോട് പട്ടാഴി	PWD	6	6മീ	ഉണ്ട്
3.	കുന്നിക്കോട് പത്തനാപുരം	PWD	4	8മീ	ഉണ്ട്
4.	കാഞ്ഞിരത്തും മൂട് നടുത്തേരി	PWD	4	6മീ	ഉണ്ട്
5.	കുന്നിക്കോട് ഗോവിന്ദമംഗലം	PWD	5	8മീ	ഉണ്ട്
6.	പനമ്പറ്റ പുനലൂർ റോഡ്	PWD	31/2	6മീ	ഉണ്ട്
7.	പാണ്ടിതിട്ട പനമ്പറ്റ	പഞ്ചായത്ത്	5	8മീ	ഉണ്ട്
8.	തലവൂർ ചങ്ങമനാട്	പഞ്ചായത്ത്	3	8മീ	ഉണ്ട്
9.	പിടവൂർ ആശാഭവൻ	പഞ്ചായത്ത്	1	6മീ	ഉണ്ട്

റോഡ് ശൃംഖല സാമാന്യം മെച്ചപ്പെട്ടതാണെങ്കിലും റോഡുകളുടെ അവസ്ഥ ശോചനീയമാണ്. അറ്റകുറ്റപ്പണികൾ യഥാസമയം നടക്കുന്നില്ല. വർഷക്കാലത്ത് മിക്കറോഡുകളിലും നീർക്കെട്ട് അനുഭവപ്പെടുന്നു. ഓവു ചാലുകളുടെ അഭാവമാണ് ഇതിനു കാരണം. ആവശ്യത്തിന് ഫണ്ടില്ലായ്മ എല്ലാ വികസന പ്രവർത്തനങ്ങൾക്കും വിലങ്ങു തടിയാകുന്നു.

പ്രശ്നങ്ങൾ

1. ടാർ റോഡുകളുടെ പ്രശ്നങ്ങൾ

നിലവിലുള്ള റോഡുകളുടെ അപര്യാപ്തതയാണ് മറ്റൊരു പ്രധാന പ്രശ്നം. റോഡുകളുടെ ഗുണ നിലവാരമില്ലായ്മ, മികച്ച യാത്രാ സൗകര്യത്തിന് അനുയോജ്യമായ വിധം റോഡുകൾ മെച്ചപ്പെടുത്തുകയും സംരക്ഷിയ്ക്കപെടുകയും എന്നീ പ്രശ്നങ്ങളും ഉയർന്നു വന്നിരിയ്ക്കുന്നു. അപകട കാരണങ്ങളായ വളവുകൾ, റോഡിന്റെ വീതിക്കുറവ് പാർശ്വങ്ങളിലെ നടപ്പാതയില്ലായ്മ എന്നീ വിഷയങ്ങൾ പരിഗണിക്കപ്പെടേണ്ടതുണ്ട്.

2. മെറ്റൽ റോഡുകളുടെയും മൺ റോഡുകളുടെയും ശോചനീയാനസ്ഥ ഗ്രാമസഭകളിൽ നിന്നുയർന്ന നിർദ്ദേശങ്ങളിൽ ഭൂരിഭാഗവും നിലവിലുള്ള മൺറോഡുകളുടേയും മെറ്റൽ റോഡുകളുടെയും ശോചനീയാവസ്ഥ ആസ്പദമാക്കിയുള്ളതാണ്. പൊട്ടി പൊളിഞ്ഞും താറുമാറായി കിടക്കുന്നതുമായ റോഡുകൾ അടിയന്തിരമായി അറ്റകുറ്റപണി നടത്തുക എന്നത് പ്രധാന പരാതിയാണ്. മെറ്റൽ ചെയ്യാനും ടാർ ചെയ്യാനും ടാർ ചെയ്യാനുമുള്ള നിർദ്ദേശങ്ങളും നിരവധിയുണ്ട്. ഇവ പട്ടികപ്പെടുത്തിയിരിക്കുന്നു. വാർഡു തിരിച്ചുള്ള പട്ടികയിലെ മുൻഗണന ക്രമം തയ്യാറാക്കയത് ഗ്രാമ സഭാ റിപ്പോർട്ടുകളിൽ നിന്നാണ്.

ടാർ ചെയ്യേണ്ട മെറ്റൽ റോഡുകൾ

No.	വാർഡ്	റോഡിന്റെ പേര്	ടാർ ചെയ്യേണ്ട ദൂരം Km	വീതി
1	I	പാണ്ടിതിട്ടകുരിശടി ജംഗഷൻ റോഡ്	1.600	8 മീ:
2.	III, IV	പറങ്കിമാം മുകൾ പുളിമുക്ക് റോഡ്	2	6 മീ:

മെറ്റൽ ചെയ്ത് ടാർ ചെയ്യേണ്ട റോഡുകൾ

No	വാർഡ്	റോഡിന്റെ പേര്	ടാർ ചെയ്യേണ്ട	
			ദൂരം Km	വീതി
1.	I	പാണ്ടിതിട്ട I.H.D.P കോളനി റോഡ്	2 Km	5 മീ
2.	"	പാണ്ടിതിട്ട കുരിശടി മുതൽ L.P.S വരെയുള്ള റോഡ്	1.600Km	6 മീ
3.	"	ചാരൂർ ജംഗഷൻ മുതൽ ഇരവിക്കോട് വരെയുള്ള റോഡ്	2	5 മീ
4	"	അമ്പലനിരപ്പ് - എസ്റ്റേറ്റ് വഴി പട്ടാഴിറോഡ്	3	
1.	II	E.K റോഡ്	2	5 മീ
2	"	അമ്പലനിരപ്പ് മുതൽ അകത്തോട്ട് ഭാഗം വരെയുള്ള റോഡ്	1	5 മീ
1.	III	മേലെപ്പുര ജംഗഷൻ മുതൽ മൈലാടും പാറവരെയുള്ള റോഡ്	2	6 മീ
2.	"	ബംഗ്ലാവിൽ Jn. to മഞ്ഞക്കാല New LPS		
1.	IV	പുത്തലത്തു ജംഗ്ഷൻ നിന്ന് BVLPS വഴി (ചെമ്മണ), FCI ഗോഡൗൺ റോഡ്	2	8 മീ

2.	"	പുത്തലത്തു ജംഗ്ഷനിൽ നിന്ന് BVLPS കണ്ണങ്കുര ജംഗ്ഷൻ വഴി കാഞ്ഞത്തും മൂട്ടിലേയ്ക്ക് ഉള്ള റോഡ്	2	6മീ
3.	"	പുത്തലത്തു ജംഗഷനിൽ നിന്ന് ഹരിജൻ കോളനി വഴി ചേരിയിൽ പടി വഴി കുരശും മൂട് റോഡ്	2	6 മീ
4	"	മഞ്ഞക്കാല കോടിയാട്ട് ഭാഗം പന്തീരടി ഏലാവഴി ആവണീശ്വരം തലവൂർ റോഡ്	1 1/2	6 മീ
1.	V	പഴിഞ്ഞിക്കടവ് മുതൽ മഞ്ഞക്കാല ന്യൂ LPS വരെയുള്ള റോഡ്	1.250	6 മീ
2.	"	പനമ്പറ്റ കൈലാസം റോഡ്	2	5 മീ
3.	"	സത്യൻമുക്ക് മുതൽ നിരപ്പുവിളപ്പടി	300	5 മീ
1.	VI	സത്യൻ മുക്ക് അരുവിത്തറ റോഡ്	1.300	6 മീ
2.	"	ആശാ ഭവൻ മുതൽ തരിയംത്തോപ്പ്	1	6 മീ
3.	"	ആശാ ഭവൻ മുതൽ സത്യൻ മുക്ക് അരുവിത്തറ റോഡിൽ ബന്ധിയ്ക്കുന്ന റോഡ്	1	4 മീ
1.	VII	അരുവിത്തറ മുതൽ കമുകും ചേരി ക്ഷേത്രം വഴി ചുമട് താങ്ങി റോഡ്		
2.	"	പറയരുവിള മുതൽ P.B ജംഗ്ഷൻ റോഡ്	1.200	5 മീ
3.	"	അരുവിത്തറ ജംഗ്ഷൻ മുതൽ തേവർ കുന്ന് ക്ഷേത്രം വരെയുള്ള റോഡ്		
1.	VIII	F.C.I മുതൽ ചെമ്മണവരെയുള്ള റോഡ്	1	8 മീ
2.	"	കുണ്ടറപ്പടി മുതൽ നവോദയ ജംഗ്ഷൻ വഴി ചിറ്റശ്ശേരി റോഡ്	2	5 മീ
3.	"	ആവണീശ്വരം മുട്ടത്തേരി വേലൻ പറമ്പിൽ വഴി വിളക്കുടി	2	6 മീ
4.	"	മുട്ടത്തേരി മുതൽ മുതുകുന്നം വഴി വിളക്കുടി	1.500	6 മീ
1.	IX	നടിത്തേരി UPS മുതൽ ചാമലറോഡ് രണ്ടാലും മൂട്ടിൽ നിന്ന് പന്തപറമ്പ് വഴി റയിൽവേ കട്ടിംഗിൽ അവസാനിക്കുന്ന റോഡ്	750 മീ	5 മീ

1.	X	കുരാ വായനശാല മുതൽ ഇരവിക്കോട് ജംഗ്ഷൻ വരെയുള്ളത്	4	6 മീ
2.	"	കുരാ അമ്പലം ത്രിവേണ മുതൽ വായനശാല വരെയുള്ള റോഡ്	3	6 മീ
1.	XI	പാറമുക്ക്, അലക്കുഴി വഴി കിഴക്കേ തെരുവിലേയ്ക്കുള്ള റോഡ്	4	6 മീ
1.	XIII	അരിങ്ങട നാലുമുക്ക് മുതൽ കീഴാറ്റൂർ ഏലാവരെയുള്ള റോഡ്		

പുതിയ മൺറോഡുകൾ

പുതിയ മൺറോഡുകൾ നിർമ്മിയ്ക്കുന്നതിനും ധാരാളം നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്. മിക്ക നിർദ്ദേശങ്ങളിലും നിലവിലുള്ള ഇടവഴികൾ മൺ റോഡാക്കി മാറ്റാനാണ് ആവശ്യപ്പെട്ടിട്ടുള്ളത്.

റോഡ് ശൃംഖലാ വ്യാപനം നാടിന്റെ പുരോഗതിക്ക് ആക്കം കൂട്ടിയെങ്കിലും നിരവധി പരിസ്ഥിതി പ്രശ്നങ്ങൾക്ക് കാരണമാവുന്നു. മരങ്ങൾ വളരെയേറെ നശിപ്പിക്കപ്പെട്ടു എന്നതാണ് പ്രധാനപ്രശ്നം. പറമ്പുകളുടെ ഇടവഴികൾ വീതിക്കൂട്ടി മൺ റോഡാക്കി മാറ്റിയപ്പോൾ അരികിൽ ഉണ്ടായിരുന്ന മരങ്ങൾ വെട്ടിമാറ്റപ്പെട്ടു. വർഷങ്ങളായി തുടർന്നു വന്നിരുന്ന ശ്രമകരമായ വനവൽക്കരണ പ്രക്രിയയാണ് ഇതിലൂടെ തടസപ്പെട്ടത്. അശാസ്ത്രീയമായ ഈ മരനശീകരണം മൺ റോഡുകളുടെ ഇരുപാർശ്വങ്ങളുലുമുള്ള ഉയർന്ന പറമ്പുകളിലെ മണ്ണ് ഇടിയുന്നതിന് കാരണമായി ഇത് മണ്ണൊലിപ്പിന് കാരണമാവുന്നു.

റോഡ് ഗതാഗതം

റോഡ് മെച്ചപെടുത്തുന്നതിന് ഗ്രമസഭകളിൽ നിന്ന് ഉയർന്ന് വന്നിട്ടുള്ള ഒട്ടേറെ നിർദ്ദേശങ്ങൾ പരിഗണിയ്ക്കുമ്പോൾ താഴെപ്പറയുന്ന സാധ്യതകൾ ഉരുത്തിരിയുന്നു.

1. ഗതാഗതത്തിരക്കുള്ള റോഡുകളിൽ വളവു ഒട്ടേറെ അപകടങ്ങൾക്ക് കാരണമാവുന്നുണ്ട്. കുന്നിക്കോട് പത്തനാപുരം റോഡിൽ പനമ്പറ്റ വെള്ളങ്ങാട് ജംഗ്ഷനുസമീപമുള്ള കൈതക്കുഴി വളവും, പിടവൂർ സത്യൻ മുക്കിനു സമീപമുള്ള അയറുവാവളവും ഒട്ടേറെ അപകടങ്ങൾക്ക് വഴിവെച്ചിട്ടുണ്ട്. ഈ പ്രശ്നങ്ങൾ ഉടൻ പരിഹരിയ്ക്കപ്പെടേണ്ടതുണ്ട്.
2. റോഡ് പാർശ്വങ്ങളിലെ വീതിക്കുറവും അപകടങ്ങൾ വിളിച്ചുവരുത്തുന്നു.
3. ടാർ ചെയ്ത ഭാഗത്തിന്റെ വീതി വർദ്ധിപ്പിയ്ക്കുക കയ്യേറ്റപ്പെട്ട റോഡ് പുറമ്പോക്ക് ഭൂമികൾ ഒഴിപ്പിയ്ക്കുക. ടാർ ചെയ്ത ഭാഗത്തിനോട് ചേർന്നിട്ടുള്ള ഇലക്ട്രിക്ക് പോസ്റ്റുകൾ ടെലിഫോൺ പോസ്റ്റുകൾ, ബസ് സ്റ്റോപ്പുകൾ ചുരുങ്ങിയത് ആറടിയെങ്കിലും അകറ്റി സ്ഥാപിക്കുക തുടങ്ങിയ കാര്യങ്ങളിൽ സത്വര ശ്രദ്ധ പതിപ്പിയ്ക്കേണ്ടതാണ്.
4. ബസ് സർവ്വീസ് ഉണ്ടായിട്ടും പിന്നീട് നിലച്ചു പോയ സർവ്വീസുകൾ പുനരാരംഭിക്കുക.
5. പ്രധാന ബസ് സ്റ്റോപ്പുകളിൽ ബസ് വെയിറ്റിംഗ് ഷെഡുകൾ സ്ഥാപിക്കുക.

മറ്റ് പ്രധാന മൺ റോഡുകൾ

ഇവയെപ്പോലെ തന്നെ അടിയന്തിര പ്രാധാന്യത്തോട് തന്നെ മെറ്റൽ ചെയ്ത് ടാർ ചെയ്യേണ്ട റോഡുകളുമുണ്ട്. ഒരോ വാർഡിൽ നിന്നും ഒരു റോഡ് എങ്കിലും തെരഞ്ഞെടുക്കാവുന്ന വിധത്തിൽ മെറ്റൽ ചെയ്ത് ടാർ ചെയ്യേണ്ട റോഡുകളുടെ പട്ടിക ഇതോടൊപ്പം ചേർത്തിട്ടുണ്ട്.

റോഡുവികസനം

ലഭ്യമായ ഫണ്ടിന്റെ ഭൂരിഭാഗം ചെലവഴിയ്ക്കപ്പെടുകയും വിവാദങ്ങൾക്ക് വിഷയമായി തീരുകയും ചെയ്യാറുണ്ടെങ്കിലും റോഡുകളെ സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ നമുക്കില്ല. റോഡുകളെ സംബന്ധിച്ച ധാരണകൾ പലപ്പോഴും വസ്തുനിഷ്ഠവുമല്ല.

വിവിധ തരം റോഡുകൾ

ചുരുങ്ങിയത് 10 അടി വീതിയെങ്കിലുമുള്ള വഴികളെ റോഡുകൾ എന്നു വിളിയ്ക്കാം. ഇവ മൂന്ന് തരത്തിലുണ്ട്. ടാർ റോഡ്, മെറ്റൽ റോഡ്, മൺ റോഡ്, എന്നിവ ഇവയുടെ ശൃംഖലയെ റോഡു ശൃംഖല എന്നു വിളിയ്ക്കാം. മിക്ക പദ്ധതികളിലും റോഡുകൾക്ക് പണമനുവദിയ്ക്കുന്നത് അവയുടെ വീതി കൂടി കണക്കിലെടുത്തിട്ടാണെന്നതിനാൽ റോഡുകളെ വീതിയുടെ അടിസ്ഥാനത്തിൽ തരം തിരിച്ചു കാണിയ്ക്കുന്നത് നന്നായിരിയ്ക്കും. ഈ റിപ്പോർട്ടിൽ റോഡുകളെ സംബന്ധിച്ചുള്ള പട്ടികകളിൽ വീതികൂടി കാണിച്ചിരിയ്ക്കുന്നത് ഈ ലക്ഷ്യം മുൻനിർത്തിയാണ്.

റോഡ് പട്ടികകൾ

പഞ്ചായത്തിൽ നിലവിലുള്ള റോഡ് രജിസ്റ്റർ വൃത്തിയായി സൂക്ഷിയ്ക്കാത്തതിനാലും അശാസ്ത്രീയ ഘടനയാലും റോഡുകളുടെ വികസന പ്രവർത്തനത്തിന് അടിസ്ഥാനമായി പരിഗണിച്ചു കൂടാത്തതാണ്. പഞ്ചായത്തിൽ നിലവിലുള്ള PWD പഞ്ചായത്ത് ടാർ റോഡുകൾ, മൺറോഡുകൾ എന്നിവയുടെ ഒരു ആധികാരിക പട്ടിക സൂക്ഷിയ്ക്കേണ്ടതാണ്. ഈ പട്ടിക വാർഡ് അടിസ്ഥാനത്തിൽ റോഡുകൾക്ക് നൽകേണ്ട മുൻഗണന അനുസരിച്ചാണ് തയ്യാറാക്കേണ്ടത്. നിലവിലുള്ള റോഡുകളുടെ സമഗ്രമായ പട്ടിക തയ്യാറാക്കുമ്പോൾ താഴെ പറയുന്ന വിവരങ്ങളാണ് രേഖപ്പെടുത്തേണ്ടത്

പട്ടിക

1. വാർഡ്
2. പേര് (തുടക്കം, ഒടുക്കം, ജംഗ്ഷനുകൾ എന്നവ വ്യക്തമായി കാണിക്കേണ്ടതാണ്)
3. ദൂരം
4. വീതി
5. ടാർ ചെയ്ത ദൂരം
6. മെറ്റൽ ചെയ്ത ദൂരം
7. മെറ്റൽ ചെയ്യേണ്ട ദൂരം
8. ഓവുചാൽ നിലവിലുള്ള ദൂരം
9. ഓവുചാൽ ആവശ്യമായ ദൂരം
10. പാർശ്വസംരക്ഷണ ഭിത്തി ആവശ്യമായ ദൂരം
11. പാർശ്വസംരക്ഷണ ഭിത്തി നിലവിലുള്ള ദൂരം
12. നിലവിലുള്ള കലുങ്കിന്റെ എണ്ണം
13. ആവശ്യമായ കലുങ്കിന്റെ എണ്ണം
14. തന്നാണ്ടിൽ ചെലവഴിച്ച പൊതുഫണ്ട്

ഈ പട്ടിക വർഷം തോറും പുതുക്കേണ്ടതാണ്. ഇതുപോലെ പുതുതായി നിർമ്മിക്കേണ്ട മൺറോഡുകളുടെ പട്ടികയും തയ്യാറാക്കേണ്ടതാണ്. ഈ പട്ടികയിലും മുൻപറഞ്ഞ വിവരങ്ങൾ തന്നെയാണ് രേഖപ്പെടുത്തേണ്ടത്.

പരിസ്ഥിതിക പ്രശ്നങ്ങളും സാധ്യതകളും

മരനശീകരണത്തിനും അതുമൂലമുണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾക്കും പരിഹാരമായി മൺറോഡുകളിൽ പഞ്ചായത്ത് ഫണ്ട് ചെലവഴിയ്ക്കപെടുമ്പോൾ പുതിയതായ് നിർമ്മിയ്ക്കപ്പെട്ട റോഡിന്റെ പാർശ്വങ്ങളിൽ മരങ്ങൾ നട്ടതായി ബോധ്യപ്പെടണമെന്ന് പഞ്ചായത്തിന് നിഷ്കർഷിയ്ക്കാവുന്നതാണ്. മിക്കവാറും മൺ റോഡുകളുടെ നിർമ്മാണത്തിന് പിന്നിൽ ജനകീയ സമിതികൾ ഉണ്ട്. എന്നതിനാൽ ഇത്തരമൊരു നിഷ്കർഷ ഗുണകരമായിരിയ്ക്കും. മണ്ണൊലിപ്പിനും നീർക്കെട്ടിനും പരിഹാരമായി ആവശ്യമായ സ്ഥലങ്ങളിൽ ഓടകളും കലുങ്കുകളും പാർശ്വ സംരക്ഷണ ഭിത്തികളും നിർമ്മിയ്ക്കേണ്ടതാണ്.

മൺറോഡുകളുടെ വികസനവും നിർമ്മാണവും

ഇതോടൊപ്പം അറ്റകുറ്റപ്പണികൾക്കായി നിർദ്ദേശിയ്ക്കപെട്ടുള്ള എല്ലാ റോഡുകളും എത്രയും പെട്ടെന്ന് ശരിയാക്കേണ്ടതാണ്. ആവശ്യമായ ഫണ്ട് ലഭിയ്ക്കുന്നമുറയ്ക്ക് പട്ടികയിൽ കാണിച്ചിട്ടുള്ള റോഡുകൾ നിർമ്മിയ്ക്കേണ്ടതാണ്. അവയ്ക്കുശേഷം കൂടുതൽ മുൻഗണന നൽകിയിട്ടുള്ള റോഡുകൾ തെരഞ്ഞെടുക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിന്റെ തീരുമാനമനുസരിച്ച് പൊതു ഫണ്ടുകളിൽ ചെലവഴിയ്ക്കപ്പെടുന്ന തുക അവയിലെ ജന സംഖ്യയ്ക്ക് അനുപാതികമായ തോതിൽ ആയിരിയ്ക്കേണ്ടതാണ്.

ജനകീയ പദ്ധതിയും ജനശക്തിയും

റോഡുകളുടെ വികസനത്തിൽ നമുക്ക് കൈമുതലായുള്ളത് ജനശക്തിയണ്. ശ്രമദാനം മൂലം പുതിയ റോഡുകളുടെ നിർമ്മാണം നടത്താൻ കഴിയണം.

പഞ്ചായത്തിന്റെ പരിമിതമായ ധനശേഷിയും ഭീമമായ ഫണ്ടിന്റെ ആവശ്യകതയും സുലഭമായ ആൾബലവും ഒരുമിച്ച് പരിഹരിയ്ക്കുമ്പോൾ നമ്മുടെ മാർഗ്ഗം വ്യക്തമാണ്. റോഡുകളുടെ നിർമ്മാണത്തിന് ആകെ വരുന്ന ചെലവിന്റെ 1/3 ഭാഗമെങ്കിലും ശ്രമദാനങ്ങളുടെ വിലയും പൊതു സംഭാവനയും ചേർന്നതാവണം.

വിവിധ ഗ്രാമസഭകളിൽ നിന്ന് ഉയർന്നു വന്ന നിർദ്ദേശങ്ങൾ അനുസരിച്ച് പഞ്ചായത്തിലെ മൺറോഡുകളുടെ പട്ടിക ഇതോടൊപ്പം കിട്ടുന്നു.

മൺറോഡുകൾ

1. വട്ടപ്പറ ജംഗ്ഷനിൽ നിന്ന് ഓർത്തഡോക്സ് പള്ളി വരെയുള്ള റോഡ്
2. കണ്ടംക്കോട്ടുമുതൽ മൈലാടുംപാറ വരെയുള്ള റോഡ്
3. കുളത്തു വയൽ ഹരിജൻ സെറ്റിൽമെന്റ് കോളനി റോഡ്.
4. അമ്പിക്കുഴി ഭാഗത്തു നിന്നും പാലാക്കോട്ട് ഭാഗത്തേയ്ക്കുള്ള റോഡ്
5. ആതിക്കോട്ട് വടക്കേക്കര റോഡ്
6. ആറ്റുവാശേരി ജംഗ്ഷൻ മുതൽ കോട്ടുമുകൾ വഴി റോഡ്
7. നടുത്തേരി ജംഗ്ഷൻ മുതൽ കല്ലുപാലം വരെയുള്ള റോഡ്
8. പാലത്തിട്ട ജംഗ്ഷൻ മുതൽ ആക്കൽ ഭാഗത്തുകൂടി കുറുക്കൺ ഏലായിലേയ്ക്കുള്ള റോഡ്
9. പനമ്പിലാൽ ഭാഗത്തുനിന്നും ആരംഭിച്ച് മുകളുവിള വീടിന്റെ മുൻഭാഗത്തുകൂടി വടക്കോട്ട് ആശാരിയഴികത്തു വീടിന്റെ കിഴക്കുഭാഗത്തുകൂടി മാധവശ്ശേരി ഏലായിൽ ചേരുന്ന റോഡ്
10. കുശ്ശപ്പള്ളി ക്ഷേത്രം മുതൽ പാറശ്ശേരി ഏലാവരെയുള്ള റോഡ്
11. S.N. ജംഗ്ഷനിൽ നിന്നും നെറ്റിയോടു കോളനി വരെയുള്ള റോഡ്
12. പുത്തലത്തു ജംഗ്ഷനിൽ നിന്ന് ഹരിജൻ കോളനി വഴി ചേരിയിൽ പടിയിലേയ്ക്കുള്ള റോഡ്
13. മഞ്ഞക്കാല കോടിയാട്ടു ഭാഗത്തു നിന്നും പന്തീരടി ഏലാവഴി ആവണീശ്വരം തലവൂർ റോഡ്
14. പുത്തല ജംഗ്ഷനിൽ നിന്ന് B.V.L.P.S വഴി ആവണീശ്വരത്തേയ്ക്കുള്ള റോഡ്
15. പുളിമുക്ക് പറങ്കിമാം മുകൾ റോഡ്
16. ബംഗ്ലാവിൽ മുക്കുവഴി അയത്തിൽ സ്ക്കൂളിലേക്കുള്ള റോഡ്
17. പുത്തലത്തു ജംഗ്ഷനിൽ നിന്നും വെള്ളാംകോട്ട് ഏലായിലേയ്ക്കുള്ള റോഡ്
18. പുത്തലത്തു ജംഗ്ഷനിൽ നിന്നു റാക്കലക്കുഴിയിലേയ്ക്കുള്ള റോഡ്
19. പനമ്പറ്റ സിറാമിക്സ് പടി മുതൽ മഞ്ഞക്കാല ലക്ഷം വീടു വഴി പെരുമുറ്റത്തു ജംഗ്ഷൻ റോഡ്
20. അമ്മണം കോട് – കൈലാസം റോഡ്
21. ഗുരുമന്ദിരം – പഴഞ്ഞിക്കടവ് റോഡ്
22. I.G.M.H.S Jn മുതൽ കടമ്പാട്ട് റോഡ്
23. മഞ്ഞക്കാല L.P.S മുതൽ കടമ്പാട്ടു ഏലാ റോഡ് പുത്തൻവിള പടി മുതൽ കടമ്പാട്ടു കോണം റോഡ്
24. കൊച്ചുമാക്കുളം കശുവണ്ടി ഫാക്ടറി റോഡ് അരുവിത്തറ റോഡ്
25. പിടവൂർ L.P.S ജംഗ്ഷൻ മുതൽ മുട്ടത്തുകാവ് കുളിക്കടവു വരെയുള്ള റോഡ്
26. കിഴക്കേത്തെരുവു പത്തനാപുരം റോഡിൽ നിന്നും ബ്ലോക്കു പടിക്കു തെക്കു നിന്നും കിഴക്കോട്ടു ഹരിജൻ കോളനിയിലേക്കും ഉറവപ്പാറ വയലിലേക്കുള്ള റോഡ്
27. വാക്കേലത്തു ജംഗ്ഷൻ മുതൽ മാത്രപ്പടി റോഡ്
28. വാക്കനാട്ടുപടി മുതൽ മാന്ത്രഭാഗത്തുള്ള റോഡ്
29. തെങ്ങും മൂട്ടിൽ പടി മുതൽ പറയരുക്കോണം ഏലായിലേക്കുള്ള റോഡ്
30. ശ്രീ കൈലാസ ക്ഷേത്രം തിരുവുളങ്ങുവന ക്ഷേത്രം റോഡ്
31. പൂവത്താൻനട മുതൽ പാറയമ്പലം റോഡ്
32. പറയരുവിള ജംഗ്ഷൻ മുതൽ P.B. ജംഗ്ഷൻ വരെയുള്ള റോഡ്
33. വെള്ളാങ്ങാട്ടു ജംഗ്ഷൻ മുതൽ കാവുനാടു ജംഗ്ഷൻ വരെയുള്ള റോഡ്
34. വാളിക്കോട്ടു ജംഗ്ഷൻ മുതൽ പാറക്കാവു കടവു വരെയുള്ള റോഡ്
35. ചിറ്റാശ്ശേരി ജംഗ്ഷൻ മുതൽ പുളിക്കാവിളവഴിയുള്ള റോഡ്
36. കണ്ണോട്ടു ജംഗ്ഷൻ മുതൽ തേക്കിൽ കാടു ആറ്റു കടവു വരെയുള്ള റോഡ്
37. കരിങ്ങോട്ടു ജംഗ്ഷൻ മുതൽ നിരപ്പുതുണ്ടിൽ വരെയുള്ള റോഡ്

38. വിളയിൽ ജംഗ്ഷൻ മുതൽ തൊഴുവണ്ണൂർ റോഡ്
39. തൊഴുവണ്ണൂർ ജംഗ്ഷൻ മുതൽ പതാരശ്ശേരി ജംഗ്ഷൻ വരെയുള്ള റോഡ്
40. സ്വാമിയാർ കവല മുതൽ വിളയിൽ ജംഗ്ഷൻ വരെയുള്ള റോഡ്
41. എള്ളുവിള ജംഗ്ഷൻ മുതൽ ആറ്റുകടവു വരെയുള്ള റോഡ്
42. നിരപ്പു തുണ്ടിൽ മുതൽ ചിത്രപുരി വരെയുള്ള റോഡ്
43. ചരുവിള മുതൽ കാവനാടുവരെയുള്ല റോഡ്
44. എഴുവരി ജംഗ്ഷൻ മുതൽ കൈലാസ് ജംഗ്ഷൻ വരെയുള്ള റോഡ്
45. കടുവന്നാൽപാതൽ മുതൽ വയലിലേയ്ക്കിറങ്ങാനുള്ള റോഡ്
46. P.B. ജംഗ്ഷൻ മുതൽ കോട്ടാത്തല പ്ലാങ്കാല വരെയുള്ള രോഡ്
47. കിഴക്കേത്തെരുവ് – പത്തനാപുരം റോഡിൽ നിന്നും പഴഞ്ഞിക്കടവു വഴി കുന്നുംപുറം റോഡ്
48. നെടുവന്നൂർ താന്നിയപ്പൻകാവു ക്ഷേത്രത്തിലേയ്ക്കുള്ള റോഡ്, കുണ്ടറപ്പടി, – തോട്ടംഭാഗം ചിറ്റാശ്ശേരി – അയണിപ്പള്ളിൽ റോഡ്
49. കുന്നിക്കോട്ടു പത്തനാപുരം റോഡിൽ ജംഗ്ഷൻ റോഡ്
50. പണ്ടാരതുണ്ടിൽ – തോട്ടം റോഡ് 125–ാം നമ്പർ അംഗൻവാടി റോഡ്, നവോദയ – D.S.S റോഡ് ചിറ്റാശ്ശേരി – കൈതോട് കോളനി റോഡ്, ചിറ്റശ്ശേരി – അയണിപ്പള്ളിൽ റോഡ്, ചിറപ്പാട് റോഡ്, മുതുകുന്നം കോളനി റോഡ്, വെള്ളാരംമൂട് ക്രോസ്വേ റോഡ്, വേലൻപറമ്പിൽ – കീഴൂട്ടാല്യൂട്ട് റോഡ്, മുട്ടത്തേരി റെയിൽവേ ലൈൻ ചേരിയിൽ ഭാഗം കണ്ണംകര ജംഗ്ഷൻ, ചേരിയിൽ ഭാഗം കാഞ്ഞിരംമുക്ക് റോഡ്, അരുവിക്കോട് മുതുകുന്നം കോളനി റോഡ്, ചേരിയിൽ ഭാഗം ചിറപ്പാട്ടുവഴി ക്രോസ്വേ വരെയുള്ള റോഡ്
51. കുന്നിക്കോട്ടു പട്ടാഴി റോഡിൽ നിന്നാരംഭിച്ച് വങ്കാളിക്കുഴി വരെയുള്ള റോഡ്
52. കിഴക്കേത്തെരുവു – പത്തനാപുരം റോഡിൽ നിന്നും തലവൂർ വലിയ പള്ളിയുടെ സമീപത്തുകൂടി ചുണ്ടമലയിലേക്കുള്ള റോഡ്
53. തത്തമംഗലം കുന്നിൽ നിന്നും പട്ടാഴി റോഡിലേക്കുള്ള റോഡ്
54. രണ്ടാലുംമൂട്ടിൽ നിന്നാരംഭിച്ച് പന്തപറമ്പിൽറോഡ്
55. തലവൂർ D.V.H.S നു പടിഞ്ഞാറു ഭാഗത്തു കൂടി ചാമലയിലേയ്ക്കുള്ള റോഡ്
56. കുന്നിക്കോട്ടു പട്ടാഴി റോഡിൽ നിന്നാരംഭിച്ച് പൂവത്താംമുകൾ ഏലാവരെയുള്ള റോഡ്
57. ചുങ്കമല മുതൽ മാധവശ്ശേരി ഏലാവഴി രണ്ടാലുംമൂട് റോഡ്
58. കുരാ അമ്പലം ത്രിവേണി വഴി കുരാ വായനശാല റോഡ്
59. പറങ്കിമാംമൂട്ടിൽ പടി മുതൽ കാവുവിള ഏലാ റോഡ്
60. കിഴക്കേത്തെരുവു പത്താനാപുരം റോഡിൽ നിന്നും കനാൽ വഴി വായനശാല റോഡ്
61. കൊട്ടക്കാട്ടുപടി മുതൽ Rly Station റോഡ്
62. കുരാവഴിയുള്ള പത്തനാപുരം – കൊട്ടാരക്കര റോഡ്
63. കളീക്കൽ Jn മുതൽ ശരണ്യ വാതില്ക്കൽ വഴി ഇരുവേലിക്കൽ റോഡ്
64. കളിക്കൽ ഖി. മുതൽ ഉച്ചിയോട് ഹരിജൻ കോളനി, വട്ടവിള ഭാഗം, കരിമ്പിൻകോണം റോഡ്, കരിമ്പിൻകോണം, ഏലായിലേക്കുള്ള റോഡ്, വടക്കോട്ട് പുത്തൻ ചിറഭാഗത്തു നിന്നും ഏലാവരെയും കൂറ്റ ജംഗ്ഷൻ ഏലാവരെയുള്ള റോഡ്
65. വട്ടവിള വീടിന്റെ ഭാഗത്തുനിന്നും കുവളത്ത് ഏലായിലേക്കുള്ള റോഡ്, തലവൂർ – ചെങ്ങമനാട് റോഡ്, വടക്കോട് – അരിങ്ങട റോഡ്, അരിങ്ങട നാലുമുക്ക് – കിടങ്ങൂർ ഏലാ, കീഴാറ്റൂർ ഏലായിലേക്കുള്ള റോഡ്.

ഊർജ്ജം

1952-ൽ നിലവിൽ വന്ന തലവൂർ പഞ്ചായത്തിൽ ഏകദേശം 30 വർഷത്തിനു മുമ്പാണ് ആദ്യമായി വൈദ്യുതി എത്തിയത്. ഇത് പിന്നീടുള്ള തലവൂർ പഞ്ചായത്തിന്റെ ഇതുവരെയുള്ള പുരോഗതിക്ക് കാരണമായി. എങ്കിൽപോലും പഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങളിലും ഇതുവരെ വൈദ്യുതി എത്തിയിട്ടില്ല. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി ഏകദേശം 4560 ഉപഭോക്താക്കളാണ് ഇതുവരെയുള്ളത്. അതിൽ 4372ഉം ഗാർഹിക ഉപഭോക്താക്കളാണ്. വ്യാപാരമേഖലയിൽ 138ഉം വ്യാവസായിക മേഖലയിൽ 23ഉം കാർഷികരംഗത്ത് 27ഉം ഉപഭോക്താക്കളുണ്ട്.

ഈ പഞ്ചായത്തിൽ വൈദ്യുതിബോഡിന്റെ സെക്ഷൻ ഓഫീസുകൾ ഒന്നും പ്രവർത്തിക്കുന്നില്ല. ഇത് ഈ പ്രദേശത്തിന്റെ ദുർയോഗമാണ്. ഈ പ്രദേശത്തിന്റെ ഭാഗമായ നടുത്തേരിയിൽ വിളക്കുടി സെക്ഷന്റെ ഒരു സബ് ഓഫീസു മാത്രമേ പ്രവർത്തിക്കുന്നുള്ളൂ. കൊല്ലം ജില്ലയിലെ കൊട്ടാരക്കര 110 KV സബ്സ്റ്റേഷനിൽ നിന്നും കൊല്ലം ജില്ലയിലെ പുനലൂർ 66KV സബ്സ്റ്റേഷനിൽ നിന്നുമാണ് ഈ പഞ്ചായത്തിൽ വൈദ്യുതി ലഭിക്കുന്നത്. വിളക്കുടി, പത്തനാപുരം, ചെങ്ങമനാട്, കുളക്കട എന്നീ 4 സെക്ഷൻ ഓഫീസുകളിൽ നിന്നാണ് ഈ പഞ്ചായത്തിൽ വൈദ്യുതി വിതരണം നടക്കുന്നത്. പഞ്ചായത്തിലെ ഉപഭോക്താക്കൾ രണ്ടു മുതൽ 8 കിലോമീറ്റർ അകലങ്ങളിലായി സ്ഥിതി ചെയ്യുന്ന ഓഫീസുകളിലായി പോകേണ്ടിയിരിക്കുന്നു. ഏകദേശം 4600 ഓളം ഉപഭോക്താക്കൾ 90% ഗാർഹിക ഉപഭോക്താക്കളാണ്. 6% വ്യാപാരമേഖലകളിലും ഉപഭോക്താക്കളായിട്ടുണ്ട്. (അവലംബം K. S. E. B.) കണക്കുകൾ.

അധികൃതരുടെ കണക്കുകൾ അനുസരിച്ച് 24 ട്രാൻസ്ഫോർമറുകൾ എല്ലാംതന്നെ അധികഭാരം വഹിക്കുന്നവയാണ്. അതിനാൽ ഗാർഹിക ഉപഭോക്താക്കൾ ഭൂരിഭാഗവും വോൾട്ടേജ് കുറവിനെ സംബന്ധിച്ച് പരാതിയുള്ളവരാണ്. അതുകൊണ്ട് തന്നെ പഞ്ചായത്തിലെ മിക്ക വാർഡുകളിലേയും ഗ്രാമസഭയിൽ വോൾട്ടേജ് കുറവു പരിഹരിക്കണമെന്നും ട്രാൻസ്ഫോർമറുകളുടെ അധികഭാരം കുറക്കണമെന്നും പുതിയവ സ്ഥാപിക്കണമെന്നും ആവശ്യം ഉയർന്നിട്ടുണ്ട്. നിലവിലുള്ള മീറ്ററുകളിൽ 40%കേടായവയാണ് എന്ന് അധികൃതർ സമ്മതിക്കുന്നു. പഞ്ചായത്ത് പ്രദേശത്തുള്ള ട്രാൻസ്ഫോർമറുകളും അവയുടെ കപ്പാസിറ്റിയും പട്ടികയിൽ പെടുത്തിയിരിക്കുന്നു.

നമ്പർ I	പേര് I	കപ്പാസിറ്റി
1.	നെടുവത്തൂർ	100 K. V. A.
2.	ചെമ്പണ	66 K.V.A
3.	പരുത്തിയിൽ	66 K.V.A
4.	പുളിമുക്ക്	66 K.V.A
5.	തലവൂർ ക്ഷേത്രം	100 K.V.A
6.	തലവൂർ	100 K.V.A
7.	പിടവൂർ ബ്ലോക്ക് ജംഗ്ഷൻ	100 K.V.A
8.	ബ്ലോക്ക് (വടക്ക്)	66 K.V.A
9.	മൈലാടും പാറ	66 K.V.A
10.	പാണ്ടിത്തിട്ട	100 K.V.A
11.	കോട്ടുങ്ങൽ	66 K.V.A
12.	പറങ്കിമാം മുകൾ	100 K.V.A
13.	ചുണ്ടമല	100 K.V.A
14.	വടകോട്	100 K.V.A
15.	തോപ്പിൽ	66 K.V.A
16.	അരുവിത്തറ	100 K.V.A
17.	അലക്കുഴി	66 K.V.A
18.	കാണാവിള	100 K.V.A
19.	പാറമുക്ക്	100 K.V.A.
20.	വെള്ളങ്ങാട്	66 K.V.A
21.	ഓടുകമ്പനി	100 K.V.A
22.	പിടവൂർ	100 K.V.A
23.	കമുകുംചേരി	100 K.V.A
24.	ചിറ്റാലശ്ശേരി	100 K.V.A

അവലംബം K.S..A.

പഞ്ചായത്ത് പ്രദേശത്ത് 40 K.M. 11 K.V ലൈനും 250 ഓളം L.T. ലൈനുകളും ഉണ്ട്. 150ഓളം K.M. 3 F. ലൈനുകളും ഫെയിസ് ലൈനുകളുമുണ്ട്. പഞ്ചായത്തിൽ ട്യൂബുകളടക്കം 605 street light കളും മാത്രമാണുള്ളത്.

അപേക്ഷ നൽകി കണക്ഷൻ ലഭിക്കാനുള്ള ഏകദേശം 280ഓളം ആളുകൾ ഇനിയും ഈ പഞ്ചായത്തിൽ ഉണ്ട്. അതിൽ Ordinary 210 ഉം OTP 26ഉം OYEC 44ഉം ആണ്. തലവൂർ പഞ്ചായത്തിൽ അവസാനമായി നൽകിയ കണക്ഷൻ 29-10-1996 ആണ്. 1996 - ൽ മൊത്തം 330 കണക്ഷൻ നല്കുകയുണ്ടായി.

അതിൽ Ordinary 55 ഉം OTP 91ഉം OYEC 184ഉം ആണ്. ഇത് കാണിക്കുന്നത് ഈ വർഷം കണക്ഷൻ മറ്റു വർഷങ്ങളെക്കാൾകൂടുതൽ എന്നാണ്. തലവൂർ പഞ്ചായത്ത് പ്രതിമാസം 7000ത്തോളം രൂപ വൈദ്യുതി ഓഫീസിൽ അടയ്ക്കുന്നുണ്ട്. ഇത് പഞ്ചായത്ത് വരുമാനത്തിന്റെ ഏകദേശം 15%ത്തോളം വരുന്നു.

തലവൂർ പഞ്ചായത്തിൽ ഏകദേശം 20ഓളം ഹരിജനങ്ങൾ തിങ്ങിപാർക്കുന്ന കോളനികളിൽ വൈദ്യുതി വിതരണം നടത്തിയിട്ടുണ്ട്. ഇനിയും വൈദ്യുതി എത്തിയിട്ടില്ലാത്ത് 10ഓളം കോളനികൾ തലവൂർ പഞ്ചായത്തിൽ ഉണ്ട്. തലവൂർ പഞ്ചായത്തിൽ ഹരിജൻ കോളനികളിൽ വൈദ്യുതികണക്ഷൻ ലഭിച്ചിട്ടുള്ള ഏകദേശം 450ഓളം കുടുംബങ്ങൾ ഉണ്ട്. ഇതിൽ സൗജന്യ നിരക്കിൽ സ്ലാബുള്ള വൈദ്യുതി ഉപഭോക്താക്കളുടെ എണ്ണം ഏകദേശം 180ഓളം വരും. പണം നല്കി വൈദ്യുതി കണക്ഷന് ലഭിക്കുന്ന കുടുംബങ്ങൾ ഏകദേശം 270ഓളം വരും.

തലവൂർ പഞ്ചായത്തിൽ 35 ട്യൂബുകൾ അടക്കം 605 സ്ട്രീറ്റ്ലൈറ്റുകൾ ഉണ്ട് എന്നാണ് K.S.E.B യുടെ കണക്ക്. എന്നാൽ ഇതിൽ വെറും 40% മാത്രമാണ് പ്രവർത്തനക്ഷമമായിട്ടുള്ളത് അതിനാൽ നിലവിലുള്ളവ പുന:സംഘടിപ്പിക്കുകയും പുതിയവ സ്ഥാപിക്കുകയും ചെയ്താലെ ഇതിന് ഒരു ശാശ്വത പരിഹാരമാവൂ. ഗ്രാമ പ്രദേശമായതിനാലാവാം ഈ പഞ്ചായത്തിൽ മെർക്കുറി വേപ്പറോ, സോഡി യം വേപ്പറോ ഇല്ല. ഇത് പഞ്ചായത്തിന്റെ ഒരു പോരായ്മയാണ്.

ഹരിജൻ കോളനികളിലും ഇനിയും പല ഭാഗത്തും വൈദ്യുതി എത്തിയിട്ടില്ല. വൈദ്യുതി എത്തിയ പല കോളനികളിലും ആവശ്യത്തിനു സ്ട്രീറ്റ് ലൈറ്റുകൾ ഇല്ല. ഈ പ്രശ്നങ്ങളെപ്പറ്റി ഗ്രാമസഭകളിൽ ചർച്ച ചെയ്യപ്പെട്ടു.

തലവൂർ പഞ്ചായത്ത് കേന്ദ്രമാക്കി ഒരു വൈദ്യുതി ഓഫീസ് ആരംഭിച്ചാൽ പഞ്ചായത്തിന്റെ വൈദ്യുതി വിതരണത്തിലും ഉപഭോഗത്തിലും കൃത്യതപാലിക്കാനും കൂടുതൽ കണക്ഷൻ നൽകാനും ഇതുവഴി പഞ്ചായത്തിന്റെ വികസനത്തിനും ഇത് കാരണമാവും. പഞ്ചായത്തിൽ പൊതുവേ വ്യവസായശാലകൾ കുറവാണ്. 3-ഓ 4-ഓ എണ്ണം മാത്രമേ നിലവിലുള്ളൂ. ഇവയ്ക്ക് വൈദ്യുതി ലഭിക്കുന്നുണ്ട്.

പ്രശ്നങ്ങൾ

1. തലവൂർ പഞ്ചായത്തിലെ ഒരു വാർഡിലും മുഴുവൻ പ്രദേശത്തും വൈദ്യുതി എത്തിയിട്ടില്ല. അതിൽ മുഖ്യമായവ ഹരിജൻ കോളനികളാണ്.
2. വൈദ്യുതിബോർഡിന്റെ പല ഓഫീസുകളുടെ പരിധിയിൽ സ്ഥിതിചെയ്യുന്ന ഒരു പഞ്ചായത്താണ് തലവൂർ പഞ്ചായത്ത്. അതിനാൽ ഉപഭോക്താക്കൾക്കും ജനപ്രതിനിധികൾക്കും സാമൂഹ്യപ്രവർത്തകർക്കും പ്രശ്നപരിഹാരത്തിനും ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.
3. തലവൂർ പഞ്ചായത്തിൽ വൈദ്യുതിബോർഡിന്റെ സെക്ഷൻ ഓഫീസ് ഇല്ല. ആകെയുള്ളത് വിളക്കുടി മേജർ ഓഫീസിന്റെ കീഴിൽ ജൂനിയർ എൻജിനിയർ ഓഫീസ് മാത്രമാണ്. ഇത് ഉപഭോക്താക്കൾക്ക് കൂടുതൽ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. ഇവിടെ ആവശ്യത്തിന് സ്റ്റാഫോ, വൈദ്യുതിവിതരണസമ്പ്രദായങ്ങളോ ഇല്ല.
4. പ്രേഷണ വിതരണ രംഗങ്ങളിലെ വൈദ്യുതി ബോർഡിന്റെ ശ്രദ്ധക്കുറവ്. പ്രത്യേകിച്ച് മരച്ചില്ലകളും മറ്റും മുറിക്കാതിരിക്കുന്നത് വൈദ്യുതി വിതരണത്തിന് മുഖ്യ തടസമാണ്. പഞ്ചായത്തിലെ പല ഭാഗങ്ങളിലും കാലപഴക്കം ചെന്ന പോസ്റ്റുകളും മറ്റും സ്ഥിതിചെയ്യുന്നു. ഇത് മാറ്റി സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്.
5. പഞ്ചായത്ത് കേന്ദ്രമാക്കി വൈദ്യുതി ഓഫീസ് ഇല്ലാത്തതിനാൽ അറ്റകുറ്റ പണികൾ നടത്താനും വൈദ്യുതി വിതരണം നിലച്ചാൽ പുന:സ്ഥാപിക്കാനും ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.
6. പഞ്ചായത്തിൽ ഇനിയും പത്തോളം (10) കോളനികൾ വൈദ്യുതീകരിക്കാനുണ്ട്.
7. പഞ്ചായത്തിന് ആകെയുള്ള 12 വാർഡിന് ശരാശരി 50 എന്ന നിലയിലേ സ്ട്രീറ്റ് ലൈറ്റുകൾ ഉള്ളൂ. ഇതിൽ പലതും പ്രവർത്തനശേഷി നഷ്ടപ്പെട്ടവയാണ്. ഇത് പുന:സ്ഥാപിക്കുകയും പുതിയവ സ്ഥാപിക്കുകയും ചെയ്യണം.
8. K.S.E.B. രജിസ്റ്ററിൽ കാണുന്നതിനേക്കാൾ വളരെയധികം വൈദ്യുതി ഉപയോഗിക്കുന്നു.
9. സമ്പന്നകുടുംബങ്ങളിലെ step-up ഉപയോഗം സാധാരണക്കാരെ ദോഷകരമായി ബാധിക്കുന്നു.
10. പഞ്ചായത്തുകളിൽ പല ജംഗ്ഷനുകളിലും ട്യൂബ് ലൈറ്റുകളോ, മെർക്കുറി, സോഡിയം വേപ്പറുകളോ

ഇല്ല.

11. ബോർഡ് ജീവനക്കാരുടെ അനാസ്ഥ, ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള വിമുഖത, അഴിമതി എന്നിവ ഉപഭോക്താക്കളുടെ നിലവിലുള്ള വിഷമങ്ങൾ വർദ്ധിപ്പിക്കാൻ കാരണമാകുന്നു.
12. കാലാകാലങ്ങളിൽ റീഡിംഗ് നടത്തുന്ന സമ്പ്രദായം വളരെ കുറവാണ്.
13. വോൾട്ടേജ് ക്ഷാമത്തിന് മുഖ്യകാരണം ട്രാൻസ്ഫോർമറുകളുടെ എണ്ണം കുറവും ഉള്ളവയുടെ ശേഷിക്കുറവുമാണ്.
14. Current Charge അടയ്ക്കുവാനായി ഉപഭോക്താക്കൾക്ക് 2 മുതൽ 10 കിലോമീറ്റർ വരെ സഞ്ചരിക്കേണ്ടി വരുന്നു.

സാദ്ധ്യതകൾ

വൈദ്യുതി ഓഫീസുകളിലെ രജിസ്ട്രറുകളിൽ ഉള്ളതിനേക്കാൾ വളരെയധികം ആളുകൾ വൈദ്യുതി ഉപയോഗിക്കുന്നു. സമ്പന്നകുടുംബങ്ങളിൽ Step-Up കൾ നിയന്ത്രണമില്ലാതെ ഉപയോഗിക്കുന്നതു കാരണം മറ്റു വീടുകൾക്ക് വോൾട്ടേജ് കുറയുന്നതിന് കാരണമാകുന്നുണ്ട്. പ്രേഷണ വിതരണ രംഗങ്ങളിൽ വരുന്ന തകരാറുകളും.

പഴഞ്ചൻ ഉപകരണങ്ങളും വൈദ്യുതി നഷ്ടത്തിന് കാരണമാകുന്നുണ്ട്. പഞ്ചായത്തിൽ എല്ലാ ഭാഗങ്ങളിലും മരച്ചില്ലകളും മറ്റും ലൈനുകളിൽ തട്ടി ഉണ്ടാകുന്ന തടസ്സങ്ങൾ സർവ്വ സാധാരണമാണ്. ഇത് മാറ്റാൻ കാലാകാലങ്ങളിൽ വേണ്ട ശ്രദ്ധ നൽകണം. മേൽപറഞ്ഞ കാര്യങ്ങൾ ശ്രദ്ധിക്കുവാൻ മാത്രമായി ഒരു പ്രത്യേക സംവിധാനം പ്രാദേശികതലങ്ങളിൽ ഉണ്ടാകേണ്ടത് വളരെ അത്യാവശ്യമാണ്.

പഞ്ചായത്തിന്റെ മുഴുവൻ പ്രദേശത്തും വൈദ്യുതി എത്തിക്കാൻ പത്തു കിലോമീറ്റർ 11 K.V.ലൈനുകളും 50 ഓളം കിലോമീറ്റർ 3 ഫേസ് ലൈനുകളും 50ഓളം കിലോമീറ്റർ സിങ്കിൾ ഫേസ് ലൈനുകളും വലിക്കേണ്ടത് അത്യാവശ്യമാണ്. മിക്ക ഗ്രാമസഭകളിലും വോൾട്ടേജ് ക്ഷാമത്തിനേപറ്റിയും സ്ട്രീറ്റ്ലൈറ്റുകളുടെ കുറവിനെ പറ്റിയും വളരെ വിശദമായി ചർച്ച ചെയ്യുകയും നീണ്ട പട്ടികകൾ തന്നെ സമർപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ ആവശ്യങ്ങളുടെ തീവ്രതയും ഫണ്ടിന്റെ പരിമിതിയും കണക്കിലെടുത്ത് ഗ്രാമസഭകൾ തന്നെ അത്യാവശ്യസ്ഥലങ്ങൾ കണ്ടെത്തുകയും എണ്ണം നിജപ്പെടുത്തുകയും ഉണ്ടായി. ബോർഡ് ജീവനക്കാരിൽ പലരും സാമൂഹ്യപ്രതിബദ്ധത ഇല്ലാത്തവരും അഴിമതിക്കാരും ജോലിയിൽ അനാസ്ഥകാണിക്കുന്നവരും ആണെന്ന് അർത്ഥം വരുംവിധം പല ഗ്രാമസഭകളും ചർച്ച ചെയ്യുകയും വിലയിരുത്തുകയും ചെയ്തിട്ടുണ്ട്.

വൈദ്യുതിബോർഡിലെ അഴിമതി അവസാനിപ്പിക്കാനുള്ള നടപടികൾ കൈക്കൊള്ളുക, ബോർഡിന്റെ പ്രവർത്തനം ജനകീയപരിശോധനക്ക് വിധേയമാക്കാനുള്ള സംവിധാനം ഉണ്ടാക്കുക, തദ്ദേശസ്ഥാപനങ്ങൾക്ക് വൈദ്യുതി മേഖലയിൽ നിയന്ത്രണം ഉണ്ടായിരിക്കുക തുടങ്ങിയ നിർദ്ദേശങ്ങൾക്കും പരിഹാരം കാണുക അസാദ്ധ്യമാണ്. ഈ കാര്യങ്ങളെപറ്റി ഗ്രാമസഭയിൽ വിശദമായി ചർച്ചകൾ നടത്തുകയുണ്ടായി. പഞ്ചായത്തിന് സ്വന്തമായി ഒരരു മേജർ ഇലക്ട്രിസിറ്റി ഓഫീസ് ഇല്ലാത്തതിനാൽ അത് പഞ്ചായത്തിലെ ഉപഭോക്താക്കളെ സാരമായി ബധിക്കുന്നുണ്ട്. അതിനാൽ വിളക്കുടി ഇലക്ട്രിസിറ്റി ഓഫീസിന്റെ സബ് ഓഫീസായ നടുത്തേരി ഇലക്ട്രിസിറ്റി ഓഫീസ് ഒരു മേജർ ഇലക്ട്രിസിറ്റി ഓഫീസായി ഉയർത്തണം എന്ന് ഗ്രാമസഭയിൽ ആവശ്യം ഉന്നയിച്ചിട്ടുണ്ട്. കാരണം തലവൂർ പഞ്ചായത്ത് പ്രധാനമായും നാലു വൈദ്യുതി ഓഫീസുകളുമായി ബന്ധപ്പെട്ടതാണ്. (വിളക്കുടി, ചെങ്ങമനാട്, പത്തനാപുരം, കുളക്കട).

തലവൂർ പഞ്ചായത്തിൽ ആകെയുള്ള 4560 ഉപഭോക്താക്കളും ഈ നാലു വൈദ്യുതി ഓഫീസുകളിൽ നിന്നും കണക്ഷൻ ലഭിച്ചവരാണ്. ഈ പ്രദേശങ്ങളും പഞ്ചായത്തും തമ്മിലുള്ള അകലം ഉപഭോക്താക്കളെ സാരമായ ബാധിക്കുന്നുണ്ട്.

വ്യാവസായിക പുരോഗതി ഇല്ലാത്ത തലവൂർ പഞ്ചായത്തിൽ വൈദ്യുതി ഒരു മുഖ്യ പ്രശ്നമാണ്. പഞ്ചായത്തിന്റെ പല പ്രദേശങ്ങളിലും പഴക്കം ചെന്ന ഇലക്ട്രിക്ക് പോസ്റ്റുകളും, ഇലക്ട്രിക് ലൈനുകളും ആണ്. ഇത് പുനരുദ്ധരിക്കേണ്ടത് അത്യാവശ്യമാണ്. പല പ്രദേശങ്ങളിലും വൈദ്യുതി നഷ്ടവും ഇതുമൂലം ഉണ്ടാകുന്നു.

പഞ്ചായത്തിൽ അടിയന്തിരമായി വൈദ്യുതിക്കു വേണ്ടി ചെയ്യേണ്ടുന്ന ലൈൻ പ്രവർത്തനങ്ങളും

വൈദ്യുതി ഇതേവരെ എത്തിയിട്ടില്ലാത്ത പ്രദേശങ്ങളെപറ്റിയും ഗ്രാമസഭയിൽ ചർച്ച ചെയ്യുകയുണ്ടായി. അതുപോലെ തന്നെ പഞ്ചായത്തിന്റെ പല പ്രദേശങ്ങളിലും ഇല്ക്ട്രിക് ലൈനുകളിൽ മരച്ചില്ലകൾ തട്ടി വൈദ്യുതി നഷ്ടപ്പെടുകയും വൈദ്യുതിവിതരണം മുടങ്ങുകയും ചെയ്യുന്നുണ്ട്. ഇത് ഒഴിവാക്കാൻ കാലാകാലങ്ങളിൽ വൈദ്യുതി ബോർഡ് നേരിട്ട് ബന്ധപ്പെട്ടും, ജനപങ്കാളിത്തത്തോടെയും ഇത് മുറിച്ചുമാറ്റേണ്ടത് വളരെ അത്യാവശ്യമാണ്.

പഞ്ചായത്തിൽ ഇനിയും വൈദ്യുതി എത്താത്ത സ്ഥലങ്ങൾ

1-ാം വാർഡിൽ അമ്പലനിരപ്പ് മാർക്കറ്റിന് പടിഞ്ഞാറുഭാഗം, തോപ്പിൽ ജംഗ്ഷനു സമീപം, എന്നിവിടങ്ങളിൽ വൈദ്യുതി എത്തിയിട്ടില്ല. ഈ വാർഡിൽ സ്ട്രീറ്റ് ലൈറ്റുകളും ജംഗ്ഷൻലൈറ്റുകളും സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്.

രണ്ടാം വാർഡിൽ കുളത്തുവയൽ കോളനി, അമ്പിക്കുഴി വടക്കുംഭാഗം, ആളിക്കോട്, കണ്ടംകോട് ഇവിടങ്ങളിൽ വൈദ്യുതി എത്തിയിട്ടില്ല.

വാർഡ് മൂന്നിൽ കണ്ടകോട് ഏല മുതൽ മൈലാടുംപാറ ജംഗ്ഷൻ വരെയുള്ള ഭാഗം വേക്കച്ചാൽ മുതൽ പുളിവിളപ്പടി. ഇരവിക്കോട് കുന്നിൽ മന്ദിരം, ആറ്റുവാശ്ശേരി ജംഗ്ഷൻ, നെറ്റിയോടു കോളനി എന്നിവിടങ്ങളിൽ വൈദ്യുതി എത്തിയിട്ടില്ല.

നാലാം വാർഡിൽ പുത്തലത്ത്, ഓണംകോട് ഹരിജൻ കോളനി, പുത്തലത്ത് റാക്കാലക്കുഴി എന്നിവിടങ്ങളിൽ വൈദ്യുതി എത്തിയിട്ടില്ല.

അഞ്ചാം വാർഡിൽ നെടിയവിള ഹരിജൻ കോളനി, മഞ്ഞക്കാല ലക്ഷംവീട്, I.G.M.H.S ന് തെക്ക്, വടക്ക് ഭാഗങ്ങൾ, അമ്മണംകോട് കൈലാസം ഭാഗം എന്നിവിടങ്ങളിൽ വൈദ്യുതി എത്തിയിട്ടില്ല.

ആറാം വാർഡിൽ ഉറവുപാറ തെക്കേക്കര ഭാഗത്ത് വൈദ്യുതി എത്തിയിട്ടില്ല.

ഏഴാം വാർഡിൽ നിരപ്പുതുണ്ടിൽ ചിത്രപുരി പുതുവിള ജംഗ്ഷൻ, ആറ്റുകടവുഭാഗം , കൈലാസം ക്ഷേത്രം ഭാഗം എന്നിവിടങ്ങളിൽ വൈദ്യുതി എത്തിയിട്ടില്ല.

8-ാം വാർഡിൽ കൈതോട്, അരുവിക്കോട്, മുതുകുന്നം എന്നീ കോളനികളിൽ വൈദ്യുതി എത്തിയിട്ടില്ല.

ഒൻപതാം വാർഡിൽ Source of knowledge-ന്റെ പടിഞ്ഞാറുഭാഗം, ചാമല ഇലഞ്ഞിവേൽ ഭാഗം, മണലിൽ കിഴക്കേക്കര ഭാഗം, ചാമലയക്ക് കിഴക്ക് മുല്ലരിങ്ങാട് ഭാഗം മുതൽ വലിയ പാറക്കുഴി വരെ, പരുവിക്കുഴി പഞ്ചായത്ത് ചിറയ്ക്ക് വടക്കുഭാഗം എന്നിവിടങ്ങളിൽ വൈദ്യുതി എത്തിയിട്ടില്ല.

പത്താം വാർഡിൽ ത്രിവേണി ഭാഗം, ഇരവിക്കോട് ഭാഗം, ചുണ്ടമല ഭാഗം, മൈലാടുംമുകൾ ഭാഗം, മണ്ണാക്കോണത്ത് ഭാഗം, തേവരുപാറ ഭാഗം, കുര പള്ളിമുക്ക് ഭാഗം ഇവിടങ്ങളിൽ വൈദ്യുതി എത്തിയിട്ടില്ല.

പതിനൊന്നാം വാർഡിൽ അലക്കുഴി മുതൽ പാണ്ടിച്ചിക്കുഴി ഭാഗം വരെ, പീലിക്കോട് ഭാഗം ആലുവിള ഭാഗം, ഓലിയോടു ഭാഗം, ശരണ്യാഭാഗം, മുട്ടോട്ടു ഭാഗം, ഇരുവേലിക്കൽ ഭാഗം, കുണ്ടറ ജംഗ്ഷൻ, കളീക്കൽ ജംഗ്ഷൻ, പുത്തൻവീട് ജംഗ്ഷൻ എന്നിവിടങ്ങളിൽ വൈദ്യുതി എത്തിയിട്ടില്ല.

പന്ത്രണ്ടാം വാർഡിൽ ഉച്ചിയോട്, പാറവിള, വേടൻകുഴി എന്നിവിടങ്ങളിൽ വൈദ്യുതി എത്തിയിട്ടില്ല.

മുകളിൽ പറഞ്ഞ പഞ്ചായത്തിലെ പത്തോളം കോളനികളിലും ഇനിയും വൈദ്യുതി എത്തിയിട്ടില്ല. വൈദ്യുതി എത്തിയിട്ടില്ലാത്ത സ്ഥലങ്ങളിൽ ഒരു ഫേയ്സും, 3 ഫേയ്സും ലൈൻ വലിക്കുകയും കപ്പാസിറ്റിയുള്ള നാലോ അഞ്ചോ ട്രാൻസ്ഫോർമറുകളും സ്ഥാപിച്ചാൽ ഈ പഞ്ചായത്തിന്റെ വൈദ്യുതി ക്ഷാമത്തിന് അറുതി വരുന്നതാണ്.

പഞ്ചായത്തിലെ മിക്ക വീടുകളിലും പാചകത്തിന് ഉപയോഗിക്കുന്നത് വിറകാണ്. പുകയില്ലാത്ത അടുപ്പുകളുടെ ഉപയോഗം കുറവാണ്. ഗ്യാസ്, മണ്ണെണ്ണ, വൈദ്യുതി തുടങ്ങിയവ ഉപയോഗിച്ച് പാചകം നടത്തുന്നവർ 5%- ൽ താഴെ മാത്രമെ വരികയുള്ളു. പുകയില്ലാത്ത അടുപ്പുകളെ പറ്റിയും ആധുനിക കണ്ടുപിടിത്തമായ സോളാർ വിളക്കുകളെപറ്റിയും അടുത്തറിയാവുന്ന പുരുഷന്മാരും വനിതകളും അടക്കമുള്ള സാമൂഹ്യപ്രവർത്തകർ ഉള്ള ഒരു പഞ്ചായത്തായതുകൊണ്ട് അനർട്ടിന്റേയും വൈദ്യുതിബോർഡിന്റേയും സഹകരണത്തോടെ ഇവ രണ്ടിന്റേയും പ്രചാ

രത്തിനു വേണ്ടി പഞ്ചായത്ത് മുൻകൈ എടുത്ത് വിപുലമായ ബോധവൽക്കരണപരിപാടികൾ സംഘടിപ്പിക്കണമെന്ന് ആവശ്യം ഉയർന്നിട്ടുണ്ട്. കൂടാതെ വൈദ്യുതിയുടെ പ്രസരണനഷ്ടം ഒഴിവാക്കാനും പല വീടുകളിലെയും ദുരുപയോഗം തടയാനും അപകടങ്ങൾ ഒഴിവാക്കാനും വൈദ്യുതിബോർഡിന്റെ സഹകരണത്തോടെ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കണമെന്നും ഗ്രാമസഭയിൽ നിർദേശമുണ്ട്. വൈദ്യുതി രംഗത്ത് പ്രവർത്തിക്കുന്ന ജീവനക്കാരുടെ സഹകരണം ഉറപ്പാക്കുന്നതിന് ഓഫീസും ഫീൽഡുമായും ബന്ധപ്പെട്ട് എല്ലാ പ്രവർത്തനങ്ങളും സുതാര്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഉണ്ടാകേണ്ടതാണ്. പഞ്ചായത്തിന്റെ മുഴുവൻ പ്രദേശങ്ങളും നല്ലതുപോലെ സൂര്യപ്രകാശം ലഭിക്കുന്നതിനാൽ (കേരളത്തിലെ ഏറ്റവും കൂടുതൽ ചൂടനുഭവപ്പെടുന്ന ഒരു മേഖലയായ പുനലൂരിനോട് ഏറ്റവും അടുത്ത പഞ്ചായത്ത്) ഗൃഹങ്ങളിലെ ഉപയോഗത്തിനും, സ്ട്രീറ്റ് ലൈറ്റുകളായും സോളാർ വിളക്കുകളെ ആധാരമാക്കിയുള്ള ഒരു പഞ്ചായത്തുതല സംവിധാനം നടപ്പാക്കാവുന്നതാണ്.

മാർക്കറ്റ്

തലവൂർ പഞ്ചായത്തിൽ ഏകദേശം എഴുപത് വർഷങ്ങൾക്കു മുൻപ് നടുത്തേരി വാർഡ് കേന്ദ്രമാക്കി ഒരു മാർക്കറ്റ് നിലനിന്നിരുന്നു. അന്ന് പഞ്ചായത്തിനകത്തു നിന്നും മറ്റു പഞ്ചായത്തുകളിൽ നിന്നും ധാരാളമായി കാർഷിക ഉൽപന്നങ്ങളും കന്നുകാലികളും ധാരാളമായി എത്തുകയും വിപണനം നടത്തുകയും ചെയ്തിരുന്നു. എന്നാലിപ്പോൾ ആ പഴയ മാർക്കറ്റിന്റെ അസ്ഥികൂടം മാത്രമേ നിലവിലുള്ളൂ. ഇത് പുനഃസ്ഥാപിക്കുകയും മുൻപ് നിലനിന്നിരുന്ന രീതിയിലേക്ക് കൊണ്ടുവരികയും ചെയ്താൽ തലവൂർ പഞ്ചായത്തിലെ കാർഷികഉൽപന്നങ്ങളും കന്നുകാലിവ്യാപാരവും അതോടൊപ്പം വ്യവസായോൽപന്നങ്ങളും വിറ്റഴിക്കാനും പൊതു ജനങ്ങൾക്ക് സൗകര്യപ്രദമായി മറ്റു പ്രദേശങ്ങളേയോ മറ്റു മാർക്കറ്റുകളേയോ ആശ്രയിക്കാതെ സാധനങ്ങൾ വാങ്ങാനും സാധിക്കും. ഇപ്പോൾ തലവൂർ പഞ്ചായത്തിലെ ജനങ്ങൾക്ക് സാധനങ്ങൾ വിൽക്കാനും വാങ്ങാനും പത്ത്, പതിനഞ്ച് കിലോമീറ്ററുകൾ സഞ്ചരിച്ച് വേണം ആവശ്യങ്ങൾ നിറവേറ്റാൻ.

തികച്ചും കാർഷികപ്രാധാന്യമുള്ള തലവൂർ പഞ്ചായത്തിലെ നെല്ല്, മരച്ചീനി, പച്ചക്കറികൾ, റബ്ബർ, നാളീകേരം, മുതലായവ ധാരാളം ഉല്പാദിപ്പിക്കപ്പെടുന്നു. എങ്കിലും മാർക്കറ്റ് ഇല്ലാത്തതിനാൽ ഇതിന്റെ വിപണനം നടത്താൻ സാധിക്കാതെ വരികയാണ് ചെയ്യുന്നത്. നാണ്യവിളയായ റബ്ബറും, നാളീകേരവും ഉൽപാദിപ്പിക്കപ്പെടുന്നു. അതുപോലെ സുഗന്ധദ്രവ്യങ്ങളായ ഇഞ്ചി, കുരുമുളക്, മുതലായവയും ഈ പഞ്ചായത്തിൽ ധാരാളം ഉൽപാദിപ്പിക്കപ്പെടുന്നുണ്ട്. ഇങ്ങനെ പ്രകൃതി വിഭവങ്ങളും ജനജീവിതവും തമ്മിൽ അഭേദ്യമായ ബന്ധമുള്ള ഈ പഞ്ചായത്തിന്റെ നഷ്ടപ്പെട്ടു പോയ പ്രൗഢി വീണ്ടെടുക്കുന്നതിനും നിലവിലുള്ള പ്രകൃതി വിഭവങ്ങളും കാർഷികവിഭവങ്ങളും ജനജീവിതവുമായി കോർത്തിണക്കി ഒരു ഗ്രാമീണ ചന്ത സംസ്കാരം രൂപപ്പെടുത്തിയെടുക്കുവാൻ കഴിഞ്ഞാൽ അത് ഈ പഞ്ചായത്തിന്റെ ഘടനതന്നെ മാറ്റിയെന്നു വരാം. തികച്ചും സ്വയം പര്യാപ്തം എന്നു വിശേഷിപ്പിക്കാവുന്ന ഒരു പഞ്ചായത്താണ് തലവൂർ പഞ്ചായത്ത്.

മുകളിൽ പറഞ്ഞ മാർക്കറ്റ് പുനരുദ്ധരിക്കുക വഴി (മറ്റു വാർഡുകളിൽ കാർഷിക ഉൽപന്ന വിതരണമാർക്കറ്റ് ആരംഭിക്കുക വഴി) പ്രസ്തുത ചന്തയോടെ കഴിയാവുന്നത്ര ആശ്രയത്വവും വിധേയത്വവും കാണിക്കുന്ന ഗ്രാമീണ മനസ്സുകളും വാർത്തെടുക്കുവാൻ കഴിഞ്ഞാൽ നമ്മുടെ പഞ്ചായത്തിന് സ്വാശ്രയത്തിന്റെ ചുവട് ഉറപ്പിക്കുവാനും സമ്പന്നതയുടെ തിരുമുറ്റത്തേക്ക് നടന്നു കയറുവാനും കഴിയും എന്ന ഉൾവിളി എല്ലാ ഗ്രാമസഭകളിലേയും ചർച്ചകളിൽ ഉയർന്നു കേൾക്കാമായിരുന്നു.

നാളീകേരം, നേന്ത്രവാഴ, കശു അണ്ടി, അടയ്ക്ക, വെറ്റില, നെല്ല്, കിഴങ്ങുവർഗ്ഗങ്ങൾ തുടങ്ങിയ കാർഷിക ഉൽപന്നങ്ങൾക്ക് പ്രത്യേകം പ്രത്യേകമായോ മാർക്കറ്റോ പൊതു വിപണിയോ സഹകരണ വിപണിയോ വിശ്വസിക്കാവുന്ന സ്വകാര്യ വിപണിയോ പഞ്ചായത്തിൽ ഇല്ല എന്നത് പരിതാപകരമായ ഒരു വസ്തുതയാണ്.

നിർദ്ദേശങ്ങൾ

തലവൂർ പഞ്ചായത്തിൽ കുറഞ്ഞ പക്ഷം വാർഡടിസ്ഥാനത്തിൽ കാർഷിക ഉൽപന്നങ്ങൾ വിറ്റഴിക്കാനുള്ള മാർക്കറ്റിംഗ് സമ്പ്രദായം ഉണ്ടാവേണ്ടത് അത്യാവശ്യമാണ്. അങ്ങനെ ഉണ്ടാകുന്ന പക്ഷം ഈ

മാർക്കറ്റുകളിലെ വില നിലവാരം പരിശോധിക്കാൻ സംവിധാനങ്ങളും വേണം. സഹകരണ പൊതു വിതരണ മേഖല മെച്ചപ്പെടുത്തണം.

വാർഡുകളിൽ ആഴ്ച ചന്തകൾ ആരംഭിക്കുകയും അതിന് ദിവസ ക്ലിപ്തതയും സമയക്ലിപ്തതയും നൽകണം.

നടുത്തേരി കേന്ദ്രമായി മുൻപ് നിലനിന്നിരുന്ന ചന്ത പുനരുദ്ധരിക്കുകയും അവിടെ മത്സ്യചന്ത, കന്നുകാലിചന്ത, കാർഷിക ഉൽപന്നവിതരണ ചന്ത, വ്യാവസായിക ഉൽപന്നങ്ങളുടെ വിതരണം എന്നിവകൾക്ക് പ്രത്യേകം പ്രത്യേകം സ്റ്റാളുകളോ സൗകര്യങ്ങളോ ഉണ്ടാക്കണം.

പ്രസ്തുത ചന്തയുടെ സ്ഥലം അളന്നു തിരിക്കുകയും മൂന്നു വശവും സൈഡ്ഭിത്തി കെട്ടുകയും മുൻവശം നിരപ്പാക്കി സ്റ്റാളുകൾ ആരംഭിക്കുകയും ഒപ്പം തന്നെ വാഹനങ്ങൾ അകത്തു പ്രവേശിക്കത്തക്ക സൗകര്യങ്ങൾ ഉണ്ടാക്കുകയും വേണം.

ഈ ചന്തയിൽ ഒരു ഓപ്പൺ ആഡിറ്റോറിയം ഉണ്ടാക്കേണ്ടതും വളരെ അത്യാവശ്യമാണ്.

സഹകരണാടിസ്ഥാനത്തിൽ (സ്വകാര്യവ്യക്തികൾ ഒന്നിച്ചു ചേർന്ന് വിവിധ ഗ്രാമസഭകൾ പ്രാതിനിധ്യ സ്വഭാവത്തിൽ സംഘടിച്ചോ) നാളികേരം ഉപയോഗിച്ചുള്ള ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിനും, വിപണനം നടത്തുന്നതുമായ സംരംഭങ്ങൾക്ക് പഞ്ചായത്തിൽ വളരെ സാദ്ധ്യതയുണ്ട്. അതുപോലെ മിക്ക വാർഡുകളിലും നടക്കുന്ന കൃഷിയാണ് നേന്ത്രവാഴ. ജനങ്ങളിൽ നല്ലൊരുഭാഗം ഏത്തക്ക ഉപയോഗിച്ചുണ്ടാക്കുന്ന വിഭവങ്ങളുടെ (കായ വറുത്തതും, ശർക്കര ഉപ്പേരിയും) ഉപഭോക്താക്കളും ആണ്. നമ്മുടെ പഞ്ചായത്തിലെ വാഴയ്ക്ക മുഴുവൻ ഉപയോഗിച്ച് അതിനോട് ബന്ധപ്പെട്ട ഭക്ഷ്യഉൽപന്നങ്ങളുടെ നിർമ്മിതിക്കും അതിന്റെ വിപണനത്തിനും ഈ പഞ്ചായത്തിൽ നല്ല സാദ്ധ്യതയുണ്ട്. മറ്റുള്ള കാർഷിക ഉൽപന്നങ്ങൾക്കും ഇത്തരം വിപണന ശൃംഖല പഞ്ചായത്തിൽ വികസിപ്പിച്ചെടുക്കുന്നതിനെപ്പറ്റി ഗൗവരവമായി ആലോചിക്കേണ്ടതാണ്. ഇങ്ങനെയുള്ള ഒരു ശൃംഖല ഉണ്ടാക്കുക വഴി പഞ്ചായത്തിന് ധനാഗമമാർഗവും തൊഴിലില്ലായ്മയ്ക്ക് ഒരളവോളം പരിഹാരം കാണുവാനും, പഞ്ചായത്തിലെ കർഷകർക്ക് അവരുടെ ഉൽപന്നങ്ങൾക്ക് കുറെക്കൂടി മെച്ചപ്പെട്ട വില ലഭ്യമാക്കാനും സാധിക്കും.

റബ്ബർ ധാരാളം ഉൽപാദിപ്പിക്കുന്ന ഈ പഞ്ചായത്തിൽ കർഷകർക്ക് അവരുടെ ഉൽപന്നങ്ങൾ വിറ്റഴിക്കുവാൻ വേണ്ട രീതിയിലുള്ള ഒരു വിപണന വ്യവസ്ഥ തലവൂർ പഞ്ചായത്തിലില്ല. അതിനാൽ സർക്കാർ നേരിട്ടോ പഞ്ചായത്ത് തലത്തിലോ സഹകരണമേഖലയിൽ റബ്ബർ ഉൽപന്നങ്ങൾ വിറ്റഴിക്കുവാനുള്ള പൊതു മാർക്കറ്റുകൾ പഞ്ചായത്തിലുടനീളം ആരംഭിക്കേണ്ടത് വളരെ അത്യാവശ്യമാണ്.

ഇപ്രകാരം നമ്മുടെ പഞ്ചായത്തിൽ ലഭ്യമായിട്ടുള്ള എല്ലാ വിഭവങ്ങളും കോർത്തിണക്കി ഓരോന്നിന്റേയും അധിക ലഭ്യതയും ഇല്ലായ്മയും സമതുലനം ചെയ്യുവാനുള്ള കരുത്തുറ്റ വ്യവസ്ഥയോടുകൂടിയ ഒരു പഞ്ചായത്ത് വിപണന സമ്പ്രദായം കരുപിടിപ്പിക്കുന്നത് സ്വാശ്രയ ഗ്രാമത്തിലേക്കുള്ള നമ്മുടെ ആദ്യത്തെ കാൽവെയ്പാകുന്നു എന്ന കാര്യത്തിൽ ഒരു സംശയവും ഇല്ല.

പാർപ്പിടവും സാമൂഹ്യക്ഷേമവും

വിദ്യാഭ്യാസ സംസ്കാരികരംഗങ്ങളിൽ പുരോഗതി പ്രാപിച്ചുകൊണ്ടിരിക്കുന്ന തലവൂർ പഞ്ചായത്തിൽ തലവൂർ പീടവൂൾ എന്നീവില്ലേജുകൾ ഉൾപ്പെടുന്നു. ഗൾഫ് പണത്തിൻ സാധീനം പഞ്ചായത്തിൻ ചില പ്രദേശങ്ങളുടെ സാമ്പത്തികമേഖലയിലെ നിർണ്ണായക ഘടകമാണ്. എന്നാൽ ഈപണത്തെ ക്രിയാത്മകമായ രീതിയിൽ ഉപയോഗപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല. ഇവയിലേറെയും ലക്ഷങ്ങൾചിലവഴിച്ച കോൺക്രീറ് സൗധങ്ങളിൽ ഒതുങ്ങിനിൽക്കുന്നു.

കൂലിപണിഎടുത്ത് ഉപജീവിതംനടത്തുന്നവരും, ഇടത്തരംകർഷകരുംകൂടുതലും കുടിലുകളിലും ഇടത്തരം വീടുകളിലും കഴിയുന്നു.പഞ്ചായത്തിലെ 8947 വീടുകളിൽ 90 വീടുകൾ രണ്ടുനിലയും 1354 വീടുകൾ കോൺക്രീറ്റും 4564 വീടുകൾ ഇടത്തരവും ബാക്കിയുള്ള 2465 കുടിലുകളോ ഓലമേഞ്ഞവയോആണ്. ഇതിൽ 750 ഓളം വീടുകൾ മൊസൈക്ക് മാർബിൾ എന്നിവകൊണ്ടും ഇടത്തരം വീടുകൾ സിമന്റ് കൊണ്ടും കുടിലുകൾ ഏറയും ചാണകംകൊണ്ടും തീർത്തതറയാണ്. സമീപകാലത്തായി പഞ്ചായത്തിൽ നിർമ്മിക്കുന്ന വീടുകൾ ഏറെയും കോൺക്രീറ്റ് വീടുകളാണ്. ഈ വീടുകളുടെ നിർമാണചിലവ് വളരെയധികം വർദ്ധിച്ചതായി കാണുന്നുണ്ട് എങ്കിലും ഈ രംഗത്ത് കാണിക്കുന്ന ആർഭാടം നമ്മുടെ ഉത്പാദനമേഖലയെ മുരടിപ്പിക്കുന്നതാണ്. പ്രധാന റോഡുകൾക്കു സമീപമായിട്ടാണ് ലക്ഷങ്ങൾ മുടക്കി മാളികകൾ നിർമ്മിക്കുന്നത് എങ്കിലും വയൽ നികത്തി കെട്ടിടം പണിയുന്ന അവസ്ഥയും പഞ്ചായത്തിൽ വർദ്ധിച്ചുവരുന്നു. തികച്ചും കാർഷികമേഖലയായ ഈ പഞ്ചായത്തിനെ ദോഷകരമായി ബാധിക്കുന്ന ഇത്തരം പ്രവണത കർശനമായും തടയേണ്ടതാണ്.

വാർഡ്	രണ്ടുനില	ടെറസ്	ഓട്	ഓല	മറ്റുള്ളവ	ആകെ
1	11	96	424	155	10	696
2	2	96	405	217	18	738
3	3	136	484	168	14	805
4	12	83	478	156	56	785
5	16	117	480	177	33	763
6	15	93	398	104	38	648
7	1	201	285	360	45	892
8	6	197	250	398	35	886
9	19	118	375	218	27	757
10	2	73	355	309	21	760
11	6	103	330	133	19	591
12	3	91	300	130	152	676
ആകെ	96	1354	4564	2465	468	8947

കേരള സംസ്ഥാന ഭവനനിർമാണ ബോർഡിന്റെ പത്തനാപുരം ശാഖ, പത്തനാപുരം ബ്ലോക്ക് ഹൗസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്നിവയും പത്തനാപുരം താലൂക്ക് പ്രാധമിക കൃഷി വികസന ബാങ്ക് എന്നിവയെ പഞ്ചായത്തിലെ ജനങ്ങൾ വീടുനിർമ്മാണത്തിന് ഉപയോഗപ്പെടുത്തുന്നുണ്ട്.എന്നാൽ അമിതമായ പലിശയും, സങ്കീർണമായ ജാമ്യവ്യവസ്ഥയും യഥാസമയം വായ്പ ലഭ്യമാക്കുകയും കാരണം ഈ വായ്പ സാധാരണക്കാരന് ലഭിക്കാത്ത സ്ഥിതിയാണുള്ളത്. ഈ വായ്പകൾ സാധാരണക്കാരനും ലഭിക്കത്തക്കരീതിയിൽ വായ്പ ാ വ്യവസ്ഥകൾ ഉദാരമാക്കേണ്ടതാണ്. അതിനായി താഴെ പറയുന്നനിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

1. നിർമിക്കുന്ന വീട് ഈടായി സ്വീകരിച്ച് വായ്പ ലഭിക്കാൻ നടപടി സ്വീകരിക്കുക.
2. ഭവന നിർമ്മാണ വായ്പ കളുടെ പലിശ 12

ശതമാനമായി നിജപ്പെടുത്തുക.

3. കോളനികളിലും മറ്റും പ്ലോട്ട്അടിസ്ഥാനത്തിൽ തവണ വ്യവസ്ഥയോടുകൂടി വീട് നിർമ്മിച്ച്നൽകുക.

ഈ പഞ്ചായത്തിൽ ഈപ്പോൾ ലഭ്യമായ കണക്കുകൾ അനുസരിച്ച് 1031 കുടുംബങ്ങളും വീട്ഇല്ലാത്തവരായിക്ക്. സർക്കാർ എജൻസികൾ മുഖേന പഞ്ചായത്തിൽ ലഭ്യമായ വീടുകളുടെ എണ്ണം വളരെ മോശമായതാണ് യെന്ന് കണക്കുകൾ കാണിക്കുന്നു.

ദുർബല ഇടത്തര വിഭാഗങ്ങൾക്കിയി സംസ്ഥാന നിർമ്മാണ ബോർഡ് വഴി നൽകുന്ന വായ്പകൾ വിരലിൽ എണ്ണാവുന്നവർക്കുമാത്രമാണ് ഇപ്പോൾ ലഭ്യമാകുന്നത്. അർബല വിഭാഗങ്ങൾക്ക് വീട് വയ്ക്കാനും പുതുക്കിപണിയാനുമുള്ള സഹായങ്ങളോ വായ്പകളോ ആവശ്യമനുസരിച്ച് ലഭ്യമാകുന്നതിനാൽ ഈ വിഭാഗങ്ങൾക്ക് പൊതുവേ പൊതുപ്രവർത്തമത്തിൽ ഉത്സാഹക്കുറവ് കാണപ്പെടുന്നു. ജനങ്ങളുടെ ജനകീയ അവശ്യങ്ങളിൽ വലിയ സ്വാധീനം ചെലുത്തപ്പെടുന്ന പാർപ്പിടപ്രശ്നം അടിയന്തിര പ്രാധാന്യത്തോടെ പരിഹരിക്കപ്പെടേണ്ടതും അതുവഴി നാടിൻെ പ്രത്യുത്പാദനരംഗങ്ങലിൽ ഇതര ജനങ്ങളെ സജീവമായി പങ്കെടുപ്പിക്കേണ്ടിയിരിക്കുന്നു.

പഞ്ചായത്തിൽ വീട് ഇല്ലാത്തവരെ സംബന്ധിച്ച വിവരം

വാർഡ് പേര്	വീട് ആവശ്യമുള്ളവർ	അനുവദിച്ച വീടുകൾ	പൂർത്തീകരിച്ചവ	പൂർത്തിയാകാത്തത്	അനുവദിക്കേണ്ടവ
1	108	26	24	2	82
2	106	24	22	2	82
3	97	13	12	1	84
4	94	12	12	0	82
5	101	14	12	2	87
6	99	11	9	2	88
7	129	13	12	1	116
8	98	9	8	1	89
9	88	9	8	1	89
10	97	9	7	2	88
11	84	7	6	1	77
12	84	7	6	1	77
ആകെ	1185	154	138	18	1031

അവലംഭം IRDP ലീസ്റ്റ് ബ്ലോക്ക് ആഫീസ്

വിവിധ സ്കീം അനുസരിച്ച് നമ്മുടെ പഞ്ചായത്തിൽ ലഭ്യമാക്കിയ വീടുകൾ രണ്ടു വില്ലേജുകളിലായുള്ള 12 വാർഡുകളിൽ 154 ആണന്ന് കണക്കുകൾ കാണിക്കുന്നു. വിവിധ സ്ക്രമുകളിലുടെ അർബല വിഭാഗങ്ങൾക്ക് നൽകുന്ന സഹായങ്ങളുടേയും വായ്പകളുടേയും അളവ് വർദ്ദിപ്പിക്കേണ്ടിയിരിക്കുന്നു. ഭവന നിർമ്മാണ സമാഗ്രികളുടെ അമിതമിയ വിലക്കയറ്റവും കാരണവും കൂലി നിരക്കിലെ ക്രമാതീതമായ വർദ്ധനനിമിത്തവും പാവപ്പെട്ടവന് ,സ്വന്തമായ ഒരു വീട് എന്ന ആഗ്രഹം ഒരു സ്വപ്നമായി അവശേഷിക്കുകയും കിട്ടിയആമുകൂല്യങ്ങൾ കൊണ്ട് വീട് നിർമ്മിക്കാനും പണി പൂർത്തിയാക്കാനും കഴിയാത്ത അവസ്ഥയും നിലവിൽഉണ്ട്.

ഭവന നിർമ്മാണ രംഗത്ത് കൂലി നിരക്കു ക്രമാതീതമായി വർദ്ദിച്ചുകൊണ്ടിരിക്കുന്നതായി

കാണപ്പെടുന്നു. 90-91 കാലയളവിൽ വിദഗ്ദ തൊഴിലാളികൾക്കും 80-90 രൂപയും അവിദഗ്ദ തൊഴിലാളികൾക്ക് 60-70 രൂപയും ആയിരുന്നത് ഇപ്പോൾ 95-96 ൽ 125-150 രൂപാ വരേയും അവിദഗ്ദതൊഴിലാളികൾക്ക് 90-140 രൂപാവരേയും എത്തിനിൽക്കുന്നു. നമ്മുടെ പഞ്ചായത്തിൽ വിദഗ്ദതൊഴിലാളികളുടെ കൂട്ടത്തിൽ സ്ത്രീകൾ ഉള്ളതായിഅറിയുന്നില്ല. തമിഴ് നാട്ടിൽ നിന്നും വരുന്ന വിദഗ്ദതൊഴിലാളികൾ ഉണ്ടായിട്ടുകൂടി ഈ രംഗത്ത് ആവശ്യത്തിനു തൊഴിലാളികളെ കിട്ടുന്നില്ല. ഇപ്പോൾ അവിദഗ്ദതൊഴിലാളികളുടെ കൂട്ടത്തിലും മറ്റു സംസ്ഥാനക്കാരുണ്ട്. അവിദഗ്ദതൊഴിലാളികളുടെ കൂട്ടത്തിൽ കൂടുതലും സ്ത്രീകളാണ്.

കെട്ടിടനിർമ്മാണ സാധനങ്ങളായ സിമിന്റ് 90-ന് മുമ്പ് 70 രൂപയ്ക്ക് ലഭിച്ചിരുന്നത് ഇപ്പോൾ (96) 200 രൂപവരെ ആയിരിക്കുന്നു. 90 കളിൽ 1000 ഇഷ്ടികക്ക് 700-800 രൂപവരെ വിലയുണ്ടായിരുന്നത് ഇപ്പോൾ 1700-1800 രൂപ വരെ വിലയുണ്ട്. 90 ൽ 1 കി. ഗ്രാം കമ്പിക്ക് 13 രൂപ ഉണ്ടായിരുന്നത് ഇപ്പോൾ 16.50 വരെഉണ്ട്. കോൺക്രീറ്റ് ച.. അടിക്ക് 90ൽ 20 രൂപഉണ്ടായിരുന്നത് ഇപ്പോൾ 25 രൂപയായി നിൽക്കുന്നു. ഫസ്ക്ളാസ് ഓടിന് ഇപ്പോൾ 1000 ന് 4000 രൂപവരെയുണ്ട്.

കൂലി നിരക്കിലെ വർദ്ധനവും അതിനേക്കാൾ വെല്ലുന്ന സാമിഗ്രികളുടെ വിലക്കയറ്റവും കാരണം വീടിന് സർക്കാർ വിവിധ പദ്ധതികളിലൂടെ നൽകുന്ന സഹായങ്ങളും J.R.Y I.A.Y എന്നീ പദ്ധതികളുടെ വായ്പാ പരിധിയും രാജീവ് ദശലക്ഷ പാർപ്പിട പദ്ധതി, പുതുതായി തുടങ്ങിയ മൈത്രി ഭവന നിർമ്മാണപദ്ധതി തുടങ്ങിയവയുടെ വായ്പാപരിധി, വർദ്ധിപ്പിക്കുകയും വായ്പ്പയ്ക്കുള്ള സാങ്കേതികവും സമ്പത്തികമായബുദ്ധിമുട്ടുകൾ ഒഴിവാക്കപ്പെടേണ്ടത്തുമാണ്. റവന്യൂവകുപ്പ് പ്രകൃതിക്ഷോപത്താൽ വീട് നഷ്ടപ്പെട്ടവർക്കുള്ള പുനരധിവാസ പദ്ധതിയുടെ ആനുകൂല്യവും പഞ്ചായത്തിൽ ലഭിക്കുന്നുണ്ടെങ്കിലും വലരെ മോശപ്പെട്ട കണക്കുകളാണ് ഈ പഞ്ചായത്തിലുള്ളത്.

പഞ്ചായത്തിലെ കുടിലുകൾ മാറ്റിയെടുക്കലും ഭവനരഹിതർക്ക് വീട് നിർമ്മിച്ച് നൽകാനും വിവിധ ഏജൻസികളിലൂടെ ഇപ്പോൾ ലഭ്യമാകുന്ന വായ്പകൾ കൊണ്ടും സഹായങ്ങൾ കൊണ്ടും കാര്യമായി കഴിയില്ലന്നും നമ്മെ പഠിപ്പിക്കുന്നു. വാർഡ്തലത്തിൽ ഒരു ബ്രഹത്തായ പദ്ധതിക്കേ ഇത് മാറ്റിയെടുക്കാൻ കഴിയൂ. ഇതിനായ് വാർഡ് തലത്തിൽ ഗുണഭോക്താക്കളുടേയും സന്നദ്ധ സംഘടനകളുടേയും സംയുക്ത യോഗം വിളിച്ച്ചേർത്ത് ഗുണഭോക്താക്കൾക്ക് എത്ര രൂപ സമാഹരിക്കാൻ കഴിയുമെന്ന് മനസ്സിലാക്കി സർക്കാർ ഫണ്ടിന് പുറമേ സാധനങ്ങളും, അധ്വാനവും സംഭാവന വഴി സ്വരൂപിച്ച് ഇതിന് പരിഹാരം കാണാവുന്നതാണ്. പാർപ്പിട രംഗത്തെ സങ്കീർണ്ണമായ പ്രശ്നങ്ങൾ പരിഗഹരിക്കുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

1. പഞ്ചായത്ത് തലത്തിൽ ഭവനനിർമ്മാണ സഹകരണസംഘം രൂപീകരിച്ച് എഞ്ചിനീയർ മുതൽ എല്ലാവിധവിധക്തതൊഴിലാളികളേയും ലേബർമാരേയും സംഘത്തിലൂടെ സപ്ലെചെയ്യുക. സർക്കാർ പദ്ധതികൾ പഞ്ചായത്തിൽ നടപ്പിലാക്കുന്ന സന്നദ്ധമംഘടനയായി ഈ സംഘത്തെ പ്രവർത്തിപ്പിക്കുക. നിർമ്മിത കേന്ദ്രമായി ബന്ധപ്പെട്ട് ചെലവുകുറഞ്ഞവീടുകളുടെ പ്രചാരണം വർദ്ധിപ്പിക്കുക ഏജൻസിയാക്കണം ഈ സംഘം
2. കെട്ടിടനിർമ്മാണ സാമഗ്രികളുടെ വിതരണത്തിൽ സിവിൽ സപ്ലൈസ് ഇടപെടണം.
3. നിർമ്മാണ ചിലവ് 4 ലക്ഷം രൂപക്ക് മുകളിൽ വരുന്ന വീടുകൾക്ക് കർശമായ പരിധി ഏർപ്പെടുത്തുക.
4. സർക്കാർ ലഭ്യമാക്കുന്ന വായ്പക്കുള്ള സാങ്കേതികവും സാമ്പത്തികവുമായ ബുദ്ധിമുട്ടുകൾ ഇല്ലാതാക്കാൻ.

(a) അപേക്ഷകൾ ഗ്രാമപഞ്ചായത്തുവഴി വിതരണം ചെയ്യുക.
(b) സ്റ്റേജ് സർട്ടിഫിക്കറ്റ് നൽകാനുള്ള അധികാരം ഗ്രാമപഞ്ചായത്ത് മെമ്പർ മാർക്ക് നൽകുക.
(c) കാലതാമസം ഒഴിവാക്കുക.
(d) അമിതമായ രജിസ്റ്റേഷൻ ഫീസ് ഒഴിവാക്കുക.

(5) സർക്കാർ ഏജൻസികൾ വഴി വിതരണം ചെയ്യുന്ന വായ്പകളുടെ രേഖകൾ പഞ്ചായത്തു തലത്തിൽ സൂക്ഷിക്കുക.

(6) സർക്കാർ ലഭ്യമാക്കുന്ന വിവിധ ഭവന നിർമ്മാണ വായ്പകളുടെ തുക വർദ്ധിപ്പിക്കുക. ഭൂരഹിതരായ ഭവന രഹിതരുടെ പ്രശ്നം പരിഹരിക്കണമെങ്കിൽ അവർക്ക് പ്രാഥമികമായി ഭൂമി ലഭ്യമാക്കേണ്ടതുണ്ട്. പഞ്ചായത്തിന്റ് വിവിധ ഭാഗങ്ങളിൽ ഉള്ള മിച്ച ഭൂമിയും സർക്കാർ പഞ്ചായത്ത് ലീസ് ഭൂമിയും ഇതിൽ ഉപയോഗപ്പെടുത്താം ഭൂരഹിതർക്ക് 5 സെന്റ് ഭൂമിവീതം സൗജന്യമായി നൽകുകയും അവിടങ്ങളിൽ L I C തുടങ്ങിയസ്ഥാപനങ്ങളുടെ ഏറ്റവും ചുരുങ്ങിയ നിരക്കിലുള്ള വായ്പ ലഭ്യമാക്കുകയും; വീടിന്റെ നിർമാണം, നിർമ്മിതി കേന്ദ്രം തുടങ്ങിയ ഏജൻസികളെ കൊണ്ട് നടത്തിക്കുകയും ചെയ്യുക. ഈ ഗുണഭോക്താക്കളെ ഗ്രാമപഞ്ചായത്തുകൾ വഴി തെരെഞ്ഞെടുക്കുകയും; ഗുണഭോക്താക്കളുടെയും, സന്നദ്ധസംഘടനകളുടെയും പരമാവധി മനുഷ്യാധ്വാനം ഉപയോഗപ്പെടുത്താനും കഴിയേണ്ടതാണ്. കശുവണ്ടി തൊഴിലാളികളുടെപാർപ്പിട പ്രശ്നം പരിഹരിക്കുവാൻ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ടിൽ നിന്നും വായ്പകൾ എടുക്കാവുന്നതാണ്. അടുത്ത 5 വർഷം കൊണ്ട് പഞ്ചാത്തിലെ പാർപ്പിടപ്രശ്നം പൂർണ്ണമായി പരിഹരിച്ചില്ല എങ്കിലും പരമാവധി പരിഹരിക്കുവാൻ കഴിയണം. അതിനായ് നമുക്ക് ഒരുമിക്കാം.

സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമരംഗത്ത് ദാരിദ്രരേഖയ്ക്ക് താഴെയുള്ളവരെ ഉദ്ധരിക്കാനുള്ള ദാരിദ്രനിർമ്മാർജ്ജന പദ്ധതിയും സംഘടിത- അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള ക്ഷേമപദ്ധതികളുമാണ് നിലവിലുള്ളത്.

പൂർണ്ണമായും കേന്ദ്രസംസ്ഥാന ഗവൺമെന്റുകൾ വഹിക്കുന്ന ദാരിദ്ര നിർമ്മാർജ്ജന പദ്ധതിയും തൊഴിലാളി-തൊഴിലുടമ സബകരണത്തോട് ക്ഷേമനിദിബോർഡുകൽ വഴി നടപ്പിലാക്കപ്പെടുന്നവയുമായി ഇതിനെ രണ്ടായി തിരിക്കാം. ഈ പദ്ധതിക്ക് പുറമേ പട്ടികജാതി വികസനത്തിനും ഉന്നമനത്തിനുമായി പട്ടിതജാതി വികസന കോർപ്പറേഷനും വനിതകളുടെ പുരോഗതിക്കായി വനിതാവികസന കോർപ്പറേഷനും പ്രവർത്തിക്കുന്നുണ്ട്.

ഈ പദ്ധതികളിൽ ദാരിദ്ര നിർമ്മാർജ്ജന പദ്ധതികൾ മുഖേനയുള്ള സഹായങ്ങളാണ് വലിയതോതിലല്ലെങ്കിലും പഞ്ചായത്തിൽ ലഭ്യമാകുന്നത്. നാമമാത്രമായി മറ്റ് പദ്ധതികളും പഞ്ചായത്തിൽ ജനങ്ങൾ ഉപയോഗിക്കപ്പെടുന്നുണ്ട്.

നിലവിലുള്ള പദ്ധതികളുടെ അപര്യാപ്തത വളരെ പ്രകടമാണ് പദ്ധതിയെകുറിച്ചുള്ള അറിവില്ലായ്മ, അർബതപ്പെട്ടവർക്ക് കിട്ടായ്മ, ഉദ്യോഗസ്ഥതലത്തിലുള്ള ബോധവത്ക്കരണക്കുറവ്, ആവശ്യത്തിനും സമയത്തിനും കിട്ടായ്മ, ഉപയോഗപ്പെടുത്തുമ്പോഴുള്ള സാങ്കേതിക നൂലാമാലകൾ എന്നിവ എടുത്തു പറയേണ്ടതു തന്നെയാണ്.

തൊഴിലാളി- തൊഴിലുടമ സഹകരണത്തോടെയുള്ള ക്ഷേമനിധിബോർഡുകൾ മുഖേനയുള്ള പ്രവർത്തനം കാര്യക്ഷമമായിട്ടില്ല. പഞ്ചായത്തിൽ കെട്ടിടനിർമ്മാണ തൊവിലാളികൾ എന്നിവർ കർഷക തൊഴിലാളികൾ എന്നിവർ കൂടുതലുണ്ടെങ്കിലും ക്ഷേമനിധിയിൽ അംഗങ്ങളായിട്ടില്ല.

പട്ടികജാതി വികസന കോർപ്പറേഷൻ വഴിയുള്ള ആനുകൂല്യം ലഭിക്കുന്നെണ്ടെങ്കിലും ഇതിന്റെ ഓഫീസ് തിരുവനന്തപുരത്ത് ആയതിനാൽ ലഭിക്കുന്നതിന് ഏറെ പ്രയാസം അനുഭവപ്പെടുന്നുണ്ട്. അതുപോലെതന്നെ വനിതാ വികസന കോർപ്പറേഷൻ ആസ്ഥാനം തിരുവനന്തപുരത്ത് ആയതിനാൽ പഞ്ചായത്തിലെ സാധാരണ സ്ത്രീകൾക്ക് ഈ വഴിയുള്ള ആനുകൂല്യങ്ങൾ ലഭിക്കാറില്ല. സത്യത്തിൽ പൊതുപ്രവർത്തനരംഗത്ത് പ്രവർത്തിക്കുന്ന പല സ്ത്രീകൾക്കും ഇതേക്കുറിച്ചറിയില്ലെന്നതാണ് യാഥാർത്ഥ്യം. വനിതകൾക്ക് അന്യമാണ് ഈ കോർപ്പറേഷൻ എന്നാണ് പഞ്ചായത്തിനെ വിലയിരുത്തുമ്പോൾ അറിയാൻ കഴിയുക.

സാമൂഹ്യക്ഷേമരംഗത്ത് കാര്യമായി പ്രവർത്തിച്ചുകൊണ്ട് പഞ്ചായത്തിൽ സഹായം ലഭ്യമാക്കിക്കൊണ്ടിരിക്കുന്നത് block developement നു താഴെയുള്ള പിടവൂർ, തലവൂർ എന്നീ രണ്ട് വില്ലേജ് ഓഫീസുകളാണ്. ഈ ഓഫീസുകളിൽ നിന്ന് നടപ്പാക്കിയ പദ്ധതികളെ സംബന്ധിച്ച് ശരിയായി വിലയിരുത്തപ്പെടണമെങ്കിൽ ഗുണഭോക്താക്കളിൽ നിന്നും ശരിയായി വിവരങ്ങൾ ശേഖരിക്കപ്പെടേണ്ടിയിരിക്കുന്നു. തലവൂർ ഗ്രാമപഞ്ചായത്ത് IRDP സർവ്വേ പ്രകാരം ദാരിദ്രരേഖക്ക് താഴെയുള്ളവരുടെ വിവരം പട്ടികയായ് താഴെ കൊടുക്കുന്നു.

വാർഡ് നമ്പർ	സർവ്വേപ്രകാരം കണ്ടെത്തിയ കുടുംബങ്ങളുടെ എണ്ണം	ഇതിൽ SC/ST കുടുംബങ്ങൾ	നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച വർ	ഇതിൽ SC/ST	സഹായം ലഭിച്ചതുവഴി ദാരിദ്ര രേഖ കടന്നവർ	ദാരിദ്ര രേഖയ്ക്ക് താഴെയുള്ള ആകെ കുടുംബങ്ങൾ.
1	245	64	24	12	9	236
2	217	41	25	12	8	209
3	175	65	23	11	7	168
4	189	34	26	13	8	181
5	242	40	25	13	7	235
6	257	67	35	18	17	240
7	343	40	34	17	10	333
8	196	24	28	14	12	184
9	190	26	25	13	11	179
10	228	36	24	12	10	218
11	124	54	24	11	9	115
12	153	42	22	10	7	140
ആകെ	2559	533	315	156	115	2444

ഇത്തരം പദ്ധതികളെക്കുറിച്ച് സർക്കാരിന്റെ നിർവചനം കാലോചിതമായ മാറ്റത്തിന് വിധേയമാക്കേണ്ടതാണ് ദാരിദ്രരേഖയുടെ പരിധി 25,000 രൂപയെങ്കിലും ആക്കി ഉയർത്തണം.

ദേശസാത്കൃത ബാങ്കുകൾ ഈ സ്കീം അനുസരിച്ച് വായ്പ ലഭ്യമാക്കുന്നതിൽ ദുരുതരമായ ഉദാസീനതയാണ് കാണിക്കുന്നത്. സഹകരണമേഖലക്ക് പരമാവധി ഫണ്ട് അനുവദിച്ചുകൊണ്ട് സഹകരണബാങ്കുകൾക്ക് ഈ മേഖലയിൽ ഗുണഭോക്താക്കളെ പരമാവധി സഹായിക്കാൻ ജില്ലാ-സംസ്ഥാന സഹകരണ ബാങ്കുകൾ വവി സർക്കാർ നടപടി സ്വീകരിക്കണം ഗുണഭോക്താക്കളെ കണ്ടെത്താൻ വർഷം തോറും സർവ്വേ നടത്തണം. രണ്ടാം ലോക മഹായുദ്ധത്തിൽ പങ്കെടുത്ത വിമുക്ത ഭടന്മാരുടെ വിധവകൾക്ക് സാമൂഹ്യക്ഷേമ പദ്ധതിയിലുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കണം അതിന് IRDP സർവ്വേയിൽ ഇവരെ ഉൾപ്പെടുത്തണം.

DWCRA

സ്ത്രീകളുടേയും കുട്ടികളുടേയും ഉന്നമനത്തിന് വേണ്ടി പത്തോ അതിലധികമോ സ്ത്രീകൾ കൂട്ടായി പ്രവർത്തിക്കുന്ന തൊഴിൽ സംരംഭമാണ് ഇത്. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ഇത്തരം യൂണിറ്റുകൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കേണ്ടതുണ്ട്. താല്പര്യമുള്ളവരെ കണ്ടെത്തി ഓരോ പ്രദേശത്തിനു അനുയോജ്യമായ യൂണിറ്റുകൾ രൂപീകരിക്കുകയും യൂണിറ്റുകലുയെ പ്രവർത്തനം വിലയിരുത്താനും ആവശ്യനായ സഹായം നൽകാനും അതത് പ്രദേശത്തെ സന്നദ്ധസംഘടനാപ്രവർത്തകർ അടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിക്കണം. ഈ സ്കീമിലൂടെ ഉല്പാദിപ്പിക്കപ്പെടുന്ന സാധനങ്ങൾക്ക് മാർക്കറ്റ് കണ്ടെത്താൻ സർക്കാർ ഏജൻസികൾ മുഖേന വിറ്റഴിക്കുവാനുള്ള സംവിധാനം ഉണ്ടാക്കണം. അതുവഴി പത്തോ അതിലധികമോ സ്ത്രീകൾക്ക് വരുമാന മാർഗ്ഗവുമാകും.

ട്രൈസം

18 മുതൽ 35 വയസ്സുവരെയുള്ള യുവതീയുവാക്കൾക്ക് സ്വയം തൊഴിൽ പരിശീലനം നൽകുന്ന പദ്ധതിയാണ് ട്രൈസം. ഓരോ ഗ്രാമത്തിനും അനുയോജ്യമായ തൊഴിൽ പരിശീലനം നൽകാനും പരിശീലനം ലഭിച്ചവർക്ക് വായ്പ ലഭ്യമാക്കി തൊഴിൽ സംരംഭം ആരംഭിക്കാനും ശ്രദ്ധിക്കണം. ഉതുവഴി പരിശീലനം ലഭിക്കുന്നവർക്ക് തുടർന്ന് യോഗ്യതാടിസ്ഥാനത്തിൽ തൊഴിൽ ലഭിക്കുന്നില്ലായെന്നത് ഈ പദ്ധതിയുടെ പോരായ്മ ആണ്. വളരെ ചുരുക്കം ചിലർക്കുമാത്രമേ ഈ പദ്ധതിയുടെ പരിശീലനം നൽകാൻ കഴിയുന്നുള്ളൂ. പരിശീലനം ലഭിക്കുന്നവരുടെ എണ്ണം പരമാവധി വർദ്ധിപ്പിക്കുകയും ഇവർക്ക് ഇപ്പോൾ ലഭിക്കുന്ന സ്റ്റൈഫന്റ് തുക കൂടുകയും വേണം. ഈ പദ്ധതിക്ക് ഗുണഭോക്താക്കളെ കിട്ടുന്നില്ലെന്ന പരാതി ഉദ്യോഗസ്ഥരിൽ നിന്നുണ്ട്. അത് പരിഹരിക്കാൻ ഗുണഭോക്താക്കളെ കണ്ടെത്തി അവരെ ബോധവാന്മാരാക്കാനും യുവജനസംഘടനകൾക്ക് ഒട്ടേറെ കാര്യങ്ങൾ ചെയ്യാൻ സാധിക്കും.

വില്ലേജ് ഓഫ്സുകൾ വഴിയുള്ള ക്ഷേമപദ്ധതികൾ

സാമൂഹ്യ ക്ഷേമരംഗത്ത് റവന്യൂ വകുപ്പ് കാര്യമായി പെൻഷനുകളും നിർധനരായ വിധവകളുടെ പെൺമക്കൾക്ക് ഉള്ള വിവാഹ ധനസഹായങ്ങളുമാണ് പഞ്ചായത്തിൽ ലഭ്യമാക്കുന്നത്. അർഹരായ മുഴുവൻ പേർക്കും ആനുകൂല്യം കിട്ടുന്നില്ലെന്നതും അനർഹമായ കുറേപേർ ആനുകൂല്യം കൈപറ്റുന്നതായും ഈ ക്ഷേമപദ്ധതികളെ സംബന്ധിച്ച് വിലയിരുത്തുമ്പാൾ ബോധ്യപ്പെടുന്നു.

നിത്യവൃത്തിക്ക് ബുദ്ധിമുട്ടുന്ന അവർക്ക് നൽകുന്ന ഈ പദ്ധതികൾ കൃത്യമായി കിട്ടുന്നില്ലെന്നുള്ളത് വലിയ പ്രശ്നം തന്നെയായി അവശേഷിക്കുന്നു. ഇത് അടിയന്തിര പ്രാധാന്യത്തോട് പരിഹരിക്കപ്പെടേണ്ടതാണ്. ഈ പദ്ധതികളുടെ ചുമതല ഗ്രാമപഞ്ചായത്തിന് കൈമാറേണ്ടതും എത്രയും പെട്ടെന്ന് ഫണ്ട് ലഭ്യമാക്കേണ്ടതുമാണ്.

പെൻഷനുകളെ സംബന്ധിച്ച്.

വിധവാ പെൻഷൻ:- പ്രായപൂർത്തിയായ ആൺകുട്ടികളുണ്ടെങ്കിൽ ഈ പെൻഷൻ ലഭിക്കില്ല. ഇതിൽ മാറ്റം വരുത്തി വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

വികലാംഗപെൻഷൻ:- വികലാംഗത്വം തെളിയിക്കാനുള്ള സർട്ടിഫിക്കറ്റിന് ബുദ്ധിമുട്ടുകയാണ് ജില്ലാ ആശുപത്രിയിൽ എത്തിപ്പെടാനുള്ള വിഷമവും സർട്ടിഫിക്കറ്റ് കിട്ടാനുള്ള കാലതാമസവും വളരെയധികം പ്രയാസം ഉണ്ടാക്കുന്നുണ്ട്. വികലാംഗർ എന്നുള്ളതുകൊണ്ട് തന്നെ ദൂരയാത്രയും ഒഴിവാക്കി കൊടുക്കണം. ഇതിന് വികലാംഗത്വം തെളിയിക്കാനുള്ള സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള അധികാരം താലൂക്കാശുപത്രിയിലെ പ്രധാന മെഡിക്കൽ ആഫീസർക്ക് നൽകണം.

കർഷകത്തൊഴിലാളി പെൻഷൻ:- അനർഹമായ ധാരാളം പേർക്ക് പെൻഷൻ ലഭിക്കുന്നുണ്ട്. അർഹരായ മുഴുവൻപേർക്കും പെൻഷൻ ലഭിക്കുന്നുമില്ല. അർഹരായവരെ തെരഞ്ഞെടുക്കാനുള്ള അധികാരം ഗ്രാമപഞ്ചായത്തിന് നൽകണം. അർഹരായവരെ തെരഞ്ഞെടുത്ത ലിസ്റ്റ് പ്രസിദ്ധപ്പെടുത്തണം.

തൊഴിലില്ലായ്മ വേതനം. നമ്മുടെ പഞ്ചായത്തിലും അനർഹമായി തൊഴിലില്ലായ്മ വേതനം കൈപറ്റുന്നവരുടെ കണക്ക് വളരം കൂടുതൽ ആണ്. തലവൂർ വില്ലേജിലും, പിടവൂർ വില്ലേജിലുമായി വളരെയധികം യുവതീയുവാക്കൾ തൊഴിലില്ലായ്മ വേതനം കൈപ്പറ്റികൊണ്ടിരിക്കുന്നു. സാമൂഹ്യക്ഷേമരംഗത്ത് അടിസ്ഥാനപരമായ പ്രവർത്തനം കാഴ്ചവയ്ക്കുന്ന അംഗൻ വാടികൾ നമ്മുടെ പഞ്ചായത്തിൽ 12 വാർഡുകളിലായി 33 എണ്ണം പ്രവർത്തിക്കുന്നു. ആയിരം ജനങ്ങൾക്ക് ഒരു അംഗൻവാടിയാണ് ഐ.സി.ഡി.എസ്സ് ന്റെ ലക്ഷ്യമെങ്കിലും ഇത് പഞ്ചായത്തിൽ നിറവേറ്റപ്പെട്ടിട്ടില്ലെന്ന് കണക്കുകൾ കാണിക്കുന്നു. ആയതുകൊണ്ട്തന്നെ അംഗൻവാടികളിൽ കുട്ടികളുടെ

ബാഹുല്യം അനുഭവപ്പെടുകയും പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുകയും ചെയ്യുന്നു. പുത്തൻ വിദ്യാഭ്യാസ സംസ്കാരത്തിന്റെ കടന്നുകയറ്റം പഞ്ചായത്തിലും പ്രകടമാണ്. നിലവിലുള്ള അംഗൻവാടികളിലെ പ്രാഥമികസൗകര്യത്തിന്റെ അഭാവം ജീവനക്കാരിൽ പ്രയാസവും കുട്ടികളിലും രക്ഷിതാക്കളിലും അസന്തുഷ്ടിയും ഉണ്ടാക്കുന്നു. പ്രവർത്തനത്തെ ഇത് ദോഷകരമായി ബാധിക്കുന്നു. സ്വന്തമായി കെട്ടിടം ഇല്ലാത്തതും സ്ഥലമില്ലാത്തതും കെട്ടിടങ്ങളുടെ അറ്റകുറ്റപണി നടത്താത്തതും കളിപ്പാട്ടങ്ങളില്ലാത്തതും വലിയപ്രശ്നമായി അവശേഷിക്കുന്നു. വരും തലമുറയെ വാർത്തെടുക്കുന്ന അംഗകളരിയായി നാം കാണുന്ന അംഗൻ വാടികളിലെ ജീവനക്കാരുടെ സ്ഥിതിയും ദയനീയം തന്നെയാണ്. വർക്കർ, ഹെൽപ്പർ എന്നീ രണ്ടു തസ്തികകളാണു ഇതിലുള്ളത്. രാവിലെ 9 മണിമുതൽ 3 1/2 മണിവരെ ജോലി ചെയ്യുന്ന ഇവർ ആരോഗ്യമേഖലയിലെ ഗൃഹസന്ദർശനം ഉൾപ്പെടേ നാടിന്റെ ഉന്നമനത്തിന് വേണ്ടി പ്രവർത്തിക്കുന്ന പ്രസ്തുത ജീവനക്കാരുടെ വേതനം വളരെ തുച്ഛമാണ് ഈ അവസ്ഥയ്ക്ക് പരിഹാരം കാണേണ്ടിയിരിക്കുന്നു.

നിർദേശങ്ങൾ.

1. ഏതെങ്കിലും സാമ്പത്തിക ഏജൻസികളെ കൊണ്ടോ, ജെ ആർ വൈ ഫണ്ടോ ഉപയോഗിച്ച് അംഗൻ വാടികൾക്ക് സ്വന്തമായി കെട്ടിടം ഉണ്ടാക്കുകയും ഉള്ളവയിൽ അറ്റകുറ്റപണി നടത്തിക്കുകയും ചെയ്യുക.
2. പഞ്ചായത്ത് ലീസ്ഭൂമിയോ മിച്ചഭൂമുയോ അംഗൻ വാടികൾക്ക് കെട്ടിടം പണിയാൻ നല്കുക.
3. D.W.C.R.A യൂണിറ്റുകൾക്ക് നൽകുന്ന ഫണ്ടിന്റെ നിശ്ചിത ശതമാനം കളിപ്പാട്ടങ്ങൾ വാങ്ങാൻ നല്കുക.
4. അംഗൻവാടികളിലൂടെ കുട്ടികൾക്ക് പോഷകാഹാരത്തിന് നൽകുന്ന സംഖ്യയുടെ പരിധി വർദ്ധിപ്പിക്കുക.
5. അനെർട്ട് അടുപ്പുകൾ അംഗൻ വാടികളിൽ വ്യാപകമാക്കുക.
6. അംഗൻവാടി വർക്കർമാരെയും ഹെൽപ്പർമാരെയും സർക്കാർ ജീവനക്കാരായി അംഗീകരിക്കുകയും സേവന വേതന വ്യവസ്ഥകൾ ഉയർത്തുകയും ചെയ്യുക.
7. താല്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുക.
8. പൊതുപ്രവർത്തനത്തിൽ വർക്കർമാരെയും ഹെൽപ്പർമാരെയും സജീവമാക്കാൻ ബോധവത്ക്കരണം നടത്തുക.

ക്ഷേമനിധികളെ സംബന്ധിച്ച്

പഞ്ചായത്തിൽ കുറേപ്പേർ കെട്ടിടനിർമ്മാണ രംഗത്ത് തൊഴിലടുക്കുന്നുണ്ട്. മുഴുവനാളുകളേയും ക്ഷേമനിധിയിൽ അംഗങ്ങളാക്കയിട്ടില്ല. ഈ മേഖലയിലെ തൊഴിലാളികൾ കഠിനാധ്വാനം ചെയ്യുന്നവരാണ്. അതുകൊണ്ടുതന്നെ തൊഴിൽ മേഖലയിൽ നിന്ന് 55 വയസ്സാകുമ്പോഴേക്കും വിട്ടു നില്ക്കാൻ നിർബന്ധിക്കപ്പെടുകയാണ്. ആയതിനാൽ ഇവരുടെ പെൻഷൻ പ്രായം 50 വയസ്സാക്കി ചുരുക്കണം. ഭവനനിർമ്മാണപദ്ധതി കാര്യക്ഷമമായി നടത്തുന്നില്ല.

കൈത്തൊഴിലാളി-
വിദഗ്ദ്ധ തൊഴിലാളി ക്ഷേമനിധി.

തയ്യൽ, ബാർബർ, കൊല്ലൻമാർ, മരംകയറ്റക്കാർ, ബീഡിത്തൊഴിലാളികൾ, വാച്ച്, സൈക്കിൾ റിപ്പയർമാറ്, തേങ്ങാവെട്ടി ഉണക്കുന്നവർ, ഫോട്ടോഗ്രാഫർമാർ എന്നിവർക്ക് ക്ഷേമനിധി ഉണ്ടെങ്കിലും നമ്മുടെ പഞ്ചായത്തിലെ ഈ മേഖലയിലുള്ള തൊഴിലാളികളെ ഈ പദ്ധതിയിൽ അംഗങ്ങളാക്കിയിട്ടില്ല. സാമൂഹ്യക്ഷേമവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ജനങ്ങളിലെത്തിക്കാനും പഞ്ചായത്ത് തലത്തിൽ ഒരു സെൽ രൂപീകരിക്കണം. അതത് ഗ്രാമസഭകൾ അതിന് കീഴെ 50 വീടുകൾ ഉൾക്കൊള്ളുന്ന അയൽ കൂട്ട കമ്മിറ്റികൾ എന്നിവ സജീവമാക്കി പദ്ധതികളെ സംബന്ധിച്ച ബോധവത്ക്കരണവും അർഹതപ്പെട്ടവർക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കുകയും ചെയ്യുക.

റേഷൻഷാപ്പ്
(പൊതുവിതരണകേന്ദ്രം)

റേഷൻഷാപ്പ് പൊതുവിതരണ കേന്ദ്രമായതോടുകൂടി പ്രവർത്തനം അവതാളത്തിലാണ്. അനുദിനം സാധാരണക്കാരന് പരാതിയുള്ള മേഖലയായ പൊതുവിതരണകേന്ദ്രത്തെ 1966-ലെ റേഷനിംഗ് ആക്ട് പ്രകാരമുള്ള റേഷൻഷാപ്പ് എന്നാക്കി തന്നെമാറ്റണം. പഞ്ചായത്തിലെ റേഷൻഷാപ്പുകളുടെ പൂർണമായ അധികാരം പഞ്ചായത്ത് ഏറ്റെടുത്ത് ഈ മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണേണ്ടതാണ്. പഞ്ചായത്തിൽ ആകെ 28 റേഷൻകടയും രണ്ട് കൺസ്യൂമർ സ്റ്റോറും ഉണ്ട്. ഇതിൽ പാണ്ടിത്തിട്ട പ്രവർത്തിച്ചിരുന്ന കൺസ്യൂമർ സ്റ്റോർ ഇപ്പോൾ പ്രവർത്തിക്കുന്നില്ല. പഞ്ചായത്തിലെ രണ്ട് വില്ലേജുകളായ തലവൂർ വില്ലേജിലും പിടവൂർ വില്ലേജിലും ഓരോ മാവേലിസ്റ്റോറുകൾ അനുവദിക്കണം. ഉപഭോക്തൃമേഖലയെ കാര്യക്ഷമമാക്കാനും ജനങ്ങളെ ബോധവത്ക്കരിക്കാനും പഞ്ചായത്തിൽ ഉപഭോക്തൃ സംരക്ഷണ സമിതി രൂപീകരിക്കണം.

സംസ്കാരം

ഉത്കൃഷ്ടമായ ഒരു പാരമ്പര്യത്തിന് വേരോട്ടം നൽകിയ ചരിത്രം ഈ ഗ്രാമത്തിനുണ്ട്. പഴയ തിരുവിതാംകൂർ ഉൾപ്പെട്ടിരുന്ന ഈ ഗ്രാമം രാജഭരണത്തിന്റേയും, ബ്രിട്ടീഷ് സാമ്രാജ്യവാഴ്ചയുടേയും ഫ്യൂഡൽപ്രഭുവർഗ സർവ്വാധിപത്യത്തിന്റേയും രുചി ഓരോരോ കാലങ്ങളിലായി അനുഭവിച്ചറിഞ്ഞവരാണ്. ഈ നാട്ടിലെ അടിസ്ഥാന വർഗം. അനുസ്യൂതമായ കാലപ്രവാഹത്തിലൂടുണ്ടായ ചരിത്രബോധം ഈ ഗ്രാമജനതയുടെ സാംസ്കാരികാഭിവീക്ഷമത്തെ സമ്പന്നമാക്കിയിരിക്കുന്നു.

ഇന്ന് നാം എത്തിനില്ക്കുന്ന ദിശയിൽ നിന്ന് തിരിഞ്ഞ് നോക്കുമ്പോൾ സാംസാകാരിക നവോത്ഥാനത്തിന് വീഥിയൊരുക്കുന്ന വിവിധങ്ങളായ സ്ത്രോതസ്സുകൾ കണ്ടെത്താനാകും. അവയിൽ പ്രഥമ ഗണനീയം വിദ്യാവിതരണം തന്നെ. അനൗപചാരിക വിദ്യാഭ്യാസസ്ഥാപനങ്ങൾ ഈ നാട്ടിൽ ഉയർന്ന് വന്നിട്ടുണ്ട്. ഇന്ന് നിലവിലുള്ള G.U.P.S തലവൂരും, കമുകുംചേരി L.P.S ഉം അര നൂറ്റാണ്ടിനുമുമ്പ് സ്ഥാപിച്ച ഔപചാരിക സ്ഥാപനങ്ങളാണ്. ഇന്ന് ഈ ഗ്രാമപഞ്ചായത്തിൽ പ്രൈമറിമുതൽ ഹൈസ്കൂൾ തലം വരെയായി 14 ഓളം വിദ്യാലയങ്ങളുണ്ട്. 33 അംഗൻവാടികളും മറ്റ് വിദ്യാഭ്യാസസ്ഥാപനങ്ങളാണ് വായനശാലയും ഗ്രന്ഥശാലയും. ഈ ഗ്രാമപഞ്ചായത്തിലെ ഗ്രന്ഥശാലകളും വായനശാലകളും ഇതോടൊപ്പംതന്നെ പട്ടികയിൽ ചേർത്തിട്ടുണ്ട്. ഇടുപോലെ സാംസ്കാരിക നവോത്ഥാനത്തിന് വീഥിയൊരുക്കുന്ന അമേചർ കലാസമിതികളും, കായികസമിതികളും, വനിതാസംഘടനകളും ഉണ്ട്. നിരവധി അമേചർ കലാസമിതികൾ ജന്മം കൊള്ളുകയും അകാലമൃത്യു വരിക്കുകയും ചെയ്ത ഊഷരഭൂമിയാണ് ഈ ഗ്രാമം. ഇടക്കാലത്ത് ജന്മം കൊണ്ടവയടക്കം ഇന്ന് കലാസാംസ്കാരിക കായികരംഗത്ത് സജീവസാന്നിധ്യം നല്കുന്ന സംഘടനകളും ഉണ്ട്. സാമൂഹിക മുന്നേറ്റം ഉന്നമാക്കി ചലനാത്മകവും ലക്ഷ്യാധിഷ്ഠവുമായ സാംസാകാരിക പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം.

നിലവിലുള്ള കലാകായിക സമിതികൾ.

1. ബാലസംഘം ഞാറക്കാട്, തലവൂർ.
2. നാസ്ക് ആട്സ് & സ്പോട്സ്, നെടുവന്നൂർ.
3. നവഭാരത് ആട്സ് & സ്പോട്സ്, മഞ്ഞക്കാല.
4. മഹാദേവ ആട്സ് & സ്പേട്സ്, കമുകുംചേരി.
5. മംഗളം സ്പേട്സ് ക്ലബ്, മൈലാടുംപാറ.
6. പബ്ളിക് ലൈബ്രറി & റീഡിംഗ് റൂം, വിടവൂർ.
7. ഹരിശ്രീ മാതൃഭൂമി സ്റ്റഡിസർക്കിൾ, കമുകുംചേരി.
8. പ്രമവം ആട്സ് & സ്പോട്സ്, ഞാറക്കാട്.
9. സാരഥി ആട്സ് & സ്പോട്സ്, പനമ്പറ്റ.
10. ചൈതന്യ ആട്സ് & സ്പോട്സ്, നെടുവന്നൂർ.
11. യുവരശ്മി ആട്സ് &സ്പോട്സ്, നടുന്തേരി.
12. സുരഭി മഹിളാസമാജം, പാണ്ടിത്തിട്ട.
13. പബ്ളിക് ലൈബ്രറി & റീഡിംഗ് റൂം, നടുന്തേരി.
14. നവോദയ ആട്സ് & സ്പോട്സ്, പിടവൂർ.
15. ടോപ്പ് ആട്സ് & സ്പോട്സ് കുളമുടി, കുര.
16. കൈരളി ആട്സ് & സ്പോട്സ്, പനമ്പറ്റ.
17. ദീപം ആട്സ് & സ്പോട്സ് ഞാറയ്ക്കാട്, തലവൂർ.

ഈ ഗ്രാമത്തിലെ ജനസംഖ്യയിൽ ഭൂരിഭാഗം വരുന്നത് ഹിന്ദുക്കളാണ്. ക്രിസ്തുമതത്തിൽപ്പെട്ടവരും നല്ലൊരുശതമാനമുണ്ട് നാമമാത്രമെങ്കിലും മുസ്ലീം മതത്തിൽപ്പെട്ടവരും ഈ പഞ്ചായത്തിലുണ്ട്. ഈ പഞ്ചായത്തിലെ പ്രമുഖ രാഷ്ട്രീയകക്ഷികൾ ഇന്ത്യൻ നാക്ഷണൽ കോൺഗ്രസ്സ്, CPM, CPI, തുടങ്ങിയവയാണ്, BJP കേരളാകോൺഗ്രസ്സിന്റെ വിവിധ ഗ്രൂപ്പുകൾ RSP എന്നിവ ചിലയിടങ്ങളിൽ പ്രവർത്തിക്കുന്നു. ഇവയിൽ ചിലതിന്റെയൊക്കെയുവജനവിഭാഗവും ഇന്ന് നിലവിലുണ്ട്. എന്നാൽ മതപരമോ രാഷ്ടീയപരമേ ആയ സംഘടനകളിൽ നിന്ന് ഈ കൊച്ചുഗ്രാമം മോചിതമാണെന്നതിൽ നമുക്കേവർക്കും അഭിമാനിക്കാം.

കായികരംഗം.

പുതിയ തലമുറയെ കായികരംഗത്തേക്ക് ആകർഷിക്കാൻ കഴിയാത്തതിന്റെ കാരണം വിദ്യാർത്ഥികളിൽ കായികാഭിരുചി വളർത്തിയെടുക്കുന്നതിന് ആവശ്യമായ പരിപാടികൾ സ്കൂൾ

തലത്തിൽ നടപ്പാക്കുന്നില്ല എന്നതുതന്നെയാണ്. സർക്കാർ തലത്തിൽ നതപ്പിലാക്കുന്ന പദ്ധതികളിൽ പലതും വേണ്ടരീതിയിൽ വിനിയോഗിക്കുവാൻ നമ്മുടെ പഞ്ചായത്തിന് കഴിയാതെ പോകുന്നത് ഈ രംഗത്ത് പ്രവർത്തിക്കുന്ന സംഘടനയുടെ താല്പര്യമില്ലായ്മയും ബന്ധപ്പെട്ടവരുടെ അനാസ്ഥ മൂലമാണെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. കായികമേഖലയിൽ നല്ല പാരമ്പര്യമുള്ള തലവൂർ പഞ്ചായത്തിൽ ഒട്ടേറെ നേട്ടങ്ങൾ കൊയ്തെടുക്കുവാൻ സാധ്യതയുണ്ട്.

1. അർപ്പണബോധമുള്ള വിദ്യാർത്ഥികളെ കണ്ടെത്തുവാൻ കാര്യമായ ശ്രമം നടത്തുക.
2. പഞ്ചായത്തിൽ ഒരു കായികസമിതി രൂപീകരിക്കുകയും അവയുടെ നേതൃത്വത്തിൽ ജനകീയ പങ്കാളിത്തത്തോട് കായികമേളകൾ സംഘടിപ്പിക്കുകയും ചെയ്യുക.
3. അവധിക്കാല സമയങ്ങളിൽ വിവിധ കോച്ചിംഗ് ക്യാമ്പുകൾ പ്രഗത്ഭരെ പങ്കെടുപ്പിച്ച് നടത്തുക.
4. കായിക സമിതിയുടെ നേതൃത്വത്തിൽ ഒരു സ്ഥിരം കോച്ചിംഗ് സെന്റർ സ്ഥാപിക്കുക.
5. ചുരുങ്ങിയത് 200 മീറ്റർ ട്രാക്ക് എങ്കിലും ഇടാവുന്ന സ്റ്റേഡിയം സ്ഥാപിക്കുക.
6. കായികമേഖലയെ പോഷിപ്പിക്കുവാൻ ആവശ്യമായ സാമ്പത്തികസഹായങ്ങൾ കായിക സംഘടനകൾക്ക് അനുവദിക്കുവാൻ ശ്രദ്ധിക്കുക.

പ്രശ്നങ്ങൾ.

ഇന്ന് സാംസ്കാരിക മണ്ഡലത്തിൽ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ ഇങ്ങനെ സംഗ്രഹിക്കാം.

1. പഞ്ചായത്തിലെ രണ്ടാം വാർഡിൽ ഗ്രന്ഥാലയങ്ങളോ, വായനശാലയോ ഇല്ല, ഉള്ളതിൽ ചിലത് പ്രവർത്തിക്കുന്നില്ല.
2. രണ്ടാംഘട്ട സാക്ഷരതാപ്രവർത്തനം നിർജ്ജീവാവസ്ഥയിലാണ്. നവസാക്ഷരർക്കായി പ്രവർത്തിക്കുന്ന ജനവിദ്യാകേന്ദ്രങ്ങൾ പ്രവർത്തനരഹിതമായിരിക്കുന്നു.
3. കായികരംഗത്ത് പ്രാചീനങ്ങളായ കളികൾ അന്യാനിന്നുപോയിരിക്കുന്നു. കാർഷിക സംസ്ക്കാരത്തിന്റെ ഭാഗമായ " കാളപ്പൂട്ട് " പ്രോത്സാഹനം ലഭിക്കാത്തതിനാൽ നാശോന്മുഖമായിരിക്കുന്നു.
4. കലാസാഹിത്യാഭിരുചിയുള്ള ദരിദ്രവിദ്യാർത്ഥികളുടെ മുന്നിൽ ഉന്നതങ്ങളിലേക്കുള്ള മാർഗം അടഞ്ഞു കിടക്കുകയാണ്. സർഗ്ഗാത്മക ഭാവനകൾക്ക് വേണ്ടവിധം പ്രോത്സാഹനം ലഭിക്കുന്നില്ല. 5. ഇന്ന് ലോവർ പ്രൈമറിവിദ്യാലടങ്ങളിൽ പാഠ്യേതര ഗ്രന്ഥ ശേഖരങ്ങളില്ല. മിക്ക വിദ്യാലയങ്ങളിലും പാഠ്യേതര വായനക്ക് വേണ്ടത്ര പ്രോത്സാഹനം ഇല്ല.
6. പഞ്ചായത്തിൽ ഒരു വിവര ഗ്രഹണ കേന്ദ്രം (Information centre) ഇല്ലാത്തതിനാലുള്ള അസൗകര്യങ്ങളുണ്ട്.

പരിഹാരങ്ങളും നിർദേശങ്ങളും.

1. പഞ്ചായത്ത് ആസ്ഥാനത്ത് ആധുനിക സൗകര്യത്തോട് ഒരു വിവര ഗ്രഹമ കേന്ദ്രം (Information centre) ആരംഭിക്കുക. പഞ്ചായത്ത് മുൻകൈയെടുത്ത് ഒരു കലാസാംസ്കാരിക സംഘടന രജിസ്റ്റർ ചെയ്യണം. പഞ്ചായത്തിലെ സാംസ്കാരിക-സന്നദ്ധ സംഘടനകളെ ഇതിൽ അഫിലിയേറ്റ് ചെയ്യിപ്പിക്കണം.

2. ഗ്രന്ഥാലയങ്ങളോ, വായനശാലകളോ ഇല്ലാത്ത വാർഡുകളിൽ അവിടത്തെ സന്നദ്ധ സംഘടനകളുടെ മേൽനോട്ടത്തിൽ ഗ്രന്ഥാലയമോ, വായനശാലയോ, തുടങ്ങേണ്ടതാണ്. ഈ ഗ്രാമപഞ്ചായത്തിലെ എല്ലാ ഗ്രന്ഥശാലകൾക്കും കുറഞ്ഞത് മൂന്ന് വർത്തമാനപത്രമെങ്കിലും അനുവദിക്കുകയും ചെയ്യുക. നിർജ്ജീവാവസ്ഥയിലുള്ളവ പുനഃജ്ജീവിപ്പിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുക. വൈദ്യുതിയില്ലാത്ത വായനശാലകളിൽ വൈദ്യുതി എത്തിക്കാൻ സഹായിക്കുക. സ്വന്തമായി കെട്ടിടം ഇല്ലാത്ത വായനശാലകൾക്ക് കെട്ടിടം പണിയാൻ ധനസഹായം അനുവദിക്കുക.

3. മദ്ധ്യവേനലവധിയിൽ കലാസാഹിത്യാഭിരുചിയുള്ള വിദ്യാർത്ഥികളുടെ ഒത്തുചേരലിന് അവസരം സൃഷ്ടിക്കുക. അവർക്ക് കലാസാഹിത്യാങ്ങളിൽ പരിശീല കളരികൾ ഏർപ്പെടുത്തുക.

4. സാക്ഷരതാ പ്രവർത്തനങ്ങൾ പുനഃജ്ജീവിപ്പിക്കുകയും ജനവിദ്യാകേന്ദ്രങ്ങൾ സജീവമാക്കുകയും ചെയ്യുക.

അത്യാധുനികമായ ഇലക്ട്രോണിക്സ് മാധ്യമങ്ങളുടെ രംഗപ്രവേശം അന്യ രാഷ്ട്രങ്ങളിലെ ഗ്രാമങ്ങളും നമ്മളും തമ്മിലുള്ള അകലം തന്നെ കുറച്ചിരിക്കുകയാണ്. സംസ്കാരങ്ങൾ തമ്മിൽ നടക്കേണ്ടുന്ന ആദാന പ്രദാനപ്രക്രിയകൾക്കുപകരം സാംസ്കാരികാധിനിവേശത്തിന് നാമിന്ന് മൂകസാക്ഷികളായി തീർന്നിരിക്കുന്നു. പരിവർത്തനത്തിന്റേതെന്ന് പ്രശംസിക്കപ്പെടുന്ന ഈ കാലവും ലോകവും മൂല്യപചയത്തിന്റെ അഗാധഗർത്തത്തിലേക്ക് അനുപദം നീങ്ങുന്ന കാഴ്ച ഭീദിദമാണ് തലവൂർ പഞ്ചായത്ത് ഇതിൽ നിന്നും ഭിന്നമല്ല.

ജീവിതത്തിൽ നാനാമേഖലകളിലും ഗുണപരമായ മാറ്റം അഞ്ചുവർഷം കൊണ്ടുവരുത്തുവാൻ സാംസ്കാരികമണ്ഡലത്തിലെ ഉയിർത്തെഴുന്നേല്പ്പുകൊണ്ട് നമുക്ക് സാധിക്കും. അമൂല്യമെന്ന് അനുമാനിച്ചിരുന്ന നൈതിക മൂല്യങ്ങൾക്ക് അനുക്ഷണം സംഭരിച്ചുകൊണ്ടിരിക്കുന്ന അപചയങ്ങൾക്ക് എതിരെ ജാഗരൂകരാവുക. പ്രതിരോധനിര പടുത്തുയർത്തി പ്രതിലോമ ശക്തികളെ ചെറുത്തുതോല്പ്പിക്കുക ഇതാണ് നമ്മുടെ ചരിത്രപരമായ കർത്തവ്യം.

പഞ്ചായത്തിലെ ഗ്രന്ഥശാലകളുടെ വിവരം.

വാർഡ്	ഗ്രന്ഥശാലയുടെ പേര്	പൊതുവിവരണം
1.	പബ്ലിക് ലൈബ്രറി, പാണ്ടിത്തിട്ട	സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ട്. പ്രവർത്തിക്കുന്നുണ്ട്. ധനസഹായം ഉണ്ട്.
3.	സന്മാർഗിക സന്ദായിനി, നടുത്തേരി.	,,
4.	പബ്ലിക് ലൈബ്രറി, മഞ്ഞക്കാല	,,
5.	ഗോപാലവിലാസം പബ്ലിക് ലൈബ്രറി, പനമ്പറ്റ.	ധനസഹായം ലഭിക്കുന്നില്ല. പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടക്കുന്നു.
6.	ജവഹർ മെമ്മോറിയൽ പബ്ലിക് ലൈബ്രറി, പിടവൂർ.	പ്രവർത്തിക്കുന്നു. ധനസഹായം ഉണ്ട്. സ്വന്തമായി സ്ഥലമുണ്ട്. കെട്ടിടമില്ല.
7.	ഗാന്ധിസ്മാരക ലൈബ്രറി, കമുകുചേരി.	പ്രവർത്തിക്കുന്നു. ധനസഹായം ഉണ്ട്. സ്ഥലം കെട്ടിടം ഉണ്ട്.
8.	നവോദയ ലൈബ്രറി, (അഫിലിയേറ്റ് ചെയ്ത ലൈബ്രറി പ്രവർത്തിക്കുന്നില്ല).	ധനസഹായം ഇല്ല. കെട്ടിടം ഉണ്ട്.
9(1). (2).	തലവൂർ പഞ്ചായത്ത് ലൈബ്രറി. സാംസ്കാരി നിലയം.	ധനസഹായം ലഭിക്കുന്നില്ല. ,,
10.	സ്വരാജ് ലൈബ്രറി, കുരാ.	പ്രവർത്തിക്കുന്നു. സ്ഥലം കെട്ടിടം ഉണ്ട്. ധനസഹായം ഉണ്ട്.
11.	പബ്ലിക് ലൈബ്രറി & റീഡിംഗ് റൂം.	
12.	വിജ്ഞാനപോഷിണി, വടകോട്.	ധനസഹായം ഇല്ല. പ്രവർത്തനം കാര്യക്ഷമമല്ല. സ്ഥലം കെട്ടിടം ഉണ്ട്.

വനിത

വനിതാവിമോചന പ്രസ്ഥാനങ്ങൾ കൊടുമ്പിരികൊള്ളുമ്പാൾ തലവൂരിലെ സ്ത്രീകൾ ഇതൊന്നും അറിയാതെ ഗ്രാമങ്ങളിൽ ഒതുങ്ങിക്കൂടുന്നു. സാമൂഹ്യപ്രവർത്തനമേഖലകൾ പഴയക്കാലത്ത് സ്ത്രീ പങ്കാളിത്തം വളരെ കുറവായിരുന്നു. ആ കാലഘട്ടങ്ങളിൽ സ്കൂൾ വിദ്യാഭ്യാസം പെൺകുട്ടികൾക്ക് അപ്രാപ്യമായിരുന്നു. കുടിപ്പള്ളിക്കൂടങ്ങളിൽ കൂടിയായിരുന്നു പെൺക്കുട്ടികൾക്ക് അറിവ് ലഭിച്ചത്. എന്നാൽ അവിടേയും എല്ലാം ജാതിയിൽ പ്പെട്ടവർക്കും പ്രവേശനമില്ലായിരുന്നു. പെതുമേഖലകളിലും പൊതുപരിപാടികളിലും സ്ത്രീ പങ്കാളിത്തം കുറവായിരുന്നു. സാമ്പത്തികപരാധീനതമൂലം മിക്ക രക്ഷിതാക്കളും പെൺക്കുട്ടികളെ വിദ്യാഭ്യാസം ചെയ്യാൻ അനുവദിച്ചിരുന്നില്ല. 5 വയസ്സുമുതൽ കുട്ടികൾ വീട്ടുതടങ്കലിലാവുകയാണ് പതിവ്. 1991-ലെ സെൻസസ് പ്രകാരം ജനസംഖ്യ 17021 ആണ്. പുരുഷസംഖ്യയേക്കാൾ 182 എണ്ണം കൂടുതലാണിത്. സ്ത്രീ ജനസംഖ്യയുടെ എണ്ണത്തിലുള്ള ഈ കൂടുതൽ സ്ത്രീകൾക്ക് സമൂഹത്തിൽ ഉയർന്ന സ്ഥാനം ലഭിക്കേണ്ടതിന്റെ ആവശ്യം സൂചിപ്പിക്കുന്നു. 6 വയസ്സിൽ താഴെയുള്ള പെൺക്കുട്ടികളുടെ എണ്ണം ആൺകുട്ടികളുടേതിനേക്കാൾ കുറവാണ്. സ്കൂളിൽ പെൺകുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസത്തിന് സൗകര്യം ലഭിച്ചിരുന്നുവെങ്കിലും ഉന്നതവിദ്യാഭ്യാസത്തിന് സൗകര്യം ഇല്ലായിരുന്നു. അതുകൊണ്ട് തന്നെ പെൺകുട്ടികൾ അടുക്കളജോലികളിൽ ഒതുങ്ങി. 1950 കളിൽ മഹിളാസമാജങ്ങളുടെ പ്രവർത്തനത്തിൽ സ്ത്രീ പങ്കാളിത്തം ഉണ്ടാവുകയും ഗ്രാമപ്രദേശങ്ങളിലെ സ്ത്രീകളുടേയും കുട്ടികളുടേയും, ആരോഗ്യം, വിദ്യാഭ്യാസം, എന്നീ മേഖലകളിൽ പുരോഗതി ഉണ്ടാവുകയും ചെയ്തു. സാമ്പത്തിക പരാധീനതകൾ മൂലം സ്ത്രീകൾക്ക് ഉന്നത വിദ്യാഭ്യാസത്തിനോ, ഉയർന്ന ജോലികൾ കരസ്ഥമാക്കുന്നതിനോ, തടസ്സമായിരുന്നു. കൃഷിപ്പണികളിൽ ഏർപ്പെട്ടിരുന്ന സ്ത്രീകൾ കുറഞ്ഞകൂലിക്ക് തൊഴിൽ തേടി കഠിനജോലി ചെയ്യാൻ മറ്റുസ്ഥലങ്ങളിൽ പോകുന്നു.

തൊഴിൽ മേഖലകലിലെ സ്ത്രീ പങ്കാളിത്തം സൂചിപ്പിക്കുന്ന 1991-ലെ സെൻസസ് പട്ടിക താഴെ കൊടുത്തിരിക്കുന്നു.

തെഴിൽമേഖല	സ്ത്രീകളുടെ എണ്ണം	പുരുഷന്മാരുടെ എണ്ണം
കർഷകൻ	105	2874
കരഷകത്തൊഴിലാളി	473	1996
മൃഗസംരക്ഷണം	18	388
ചെറുകിടവ്യവസായം	3	55
കെട്ടിടനിർമ്മാണം	2	234
ഗതാഗത		
വാർത്താവിനിമയം	21	230
വ്യാപാരം	895	490
മറ്റുള്ളവ	355	752

തൊഴിൽ മേഖലകളിൽ ക്രൂരമായ അവഗണന എന്നാണ് പട്ടിക വ്യക്തമാക്കുന്നത്. സ്ത്രീയെ എല്ലാ നിലയിലും ശക്തിപ്പെടുത്താതെ അവർക്കെതിരായി നിലനിൽക്കുന്ന സാമൂഹ്യപ്രതിശക്തികളെ തടുക്കാനാവില്ല. ചെറുകിടവ്യവസായങ്ങൾ, സ്വയംതൊഴിൽ സംരംഭങ്ങൾ (ആടുമാടുകോഴിവളർത്തൽ, അടുക്കളത്തോട്ടം- എന്നിവ പ്രധാനം) എന്നിവയിൽ സ്ത്രീകളിൽ കേന്ദ്രീകരിക്കാനുള്ള തീവ്രയത്നം അടിയന്തിരാവശ്യമാണ്.

സ്വാതന്ത്യസമരകാലഘട്ടത്തിൽ പ്രക്ഷോപണങ്ങളിൽ സ്ത്രീ പങ്കാളിത്തം വളരെ കുറവായിരുന്നു. എന്നാൽ ഇപ്പോൾ മഹിളാസമാജങ്ങൾ, മഹിളാ അസോസിയേഷനുകൾ, ശാസ്ത്രസാഹിത്യ പരിക്ഷത്തിന്റ യൂണിറ്റുകൾ എന്നിവ സജീവമായിപ്രവർത്തിക്കുന്നുണ്ട്. പ്രസിഡന്റുമാർ വനിതകളാണ്. ഈ അടുത്തകാലത്തായി പൊതുരംഗത്തും സന്നദ്ധപ്രവർത്തനമേഖലകളിലും സ്ത്രീകൾ സവിശേഷമായ പങ്കുവഹിക്കുന്നു. പഞ്ചായത്തിൽ നടത്തിയ വിഭവ ഭൂപട സർവ്വേ, സാമൂഹ്യ സാമ്പത്തിക സർവ്വേ, നീരൊഴുക്കു സർവ്വേ, ദ്വിതീയ വിവര ശേഖരണം, വിദ്യാഭ്യാസ സർവ്വേ, തുടങ്ങിയ മേഖലകളിൽ സ്ത്രീകളുടെ പങ്കാളിത്തം വളരെ ഉയർന്നതാണ്.

വനിതകളുടെ മാത്രം സ്ഥാപനങ്ങളും DWCRA യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ട്. 600 ഓളം വീടുകളിൽ പഞ്ചായത്തിൽ സ്ത്രീകളാണ് കുടുംബനാഥകൾ. സ്കൂൾ വിദ്യാർത്ഥികളിൽ എണ്ണത്തിലും പഠനപരിശീലനത്തിലും പെൺകുട്ടികളാണ് മുൻപന്തിയിൽ. പ്രീഡിഗ്രി തലം വരെ ഈ നില തുടരുന്നു. എന്നാൽ ഉന്നത വിദ്യാഭ്യാ

സരംഗത്ത് ആൺക്കുട്ടികളെ അപേക്ഷിച്ച് പെൺക്കുട്ടികൾ കൂടുതലായി കാണുന്നു. സ്ത്രീകൾക്കു നേരെയുള്ള അക്രമങ്ങൾ പൊതുവേ നമ്മുടെ പഞ്ചായത്തിൽ കുറവാണ്. എന്നാൽ സ്ത്രീ പീഡനകേസുകൾ അപൂർവമായി റിപ്പോർട്ടുചെയ്തിട്ടുണ്ട്. സ്ത്രീ പീഡനം അനുഭവിക്കുന്നവരേയും കാണാം. സ്ത്രീകൾക്കിടയിലുള്ള നിരക്ഷരത ഇല്ലായ്മ ചെയ്യുന്നതിന് സാക്ഷരതാപ്രവർത്തനങ്ങൾ സഹായകരമായിട്ടുണ്ട്.

പ്രശ്നങ്ങൾ.

രൂക്ഷമായ തൊഴിലില്ലായ്മ സ്ത്രീകൾക്കിടയിലെ പ്രധാനപ്രശ്നമാണ്. ഉള്ള തൊഴിൽ മേഖലയിൽത്തന്നെ കൂലിനിരക്കിലുള്ള വിവേചനം നടക്കുന്നു.

പട്ടിക ശ്രദ്ധിക്കുക.

തൊഴിൽ മേഖല	സ്ത്രീകൾ	പുരുഷൻമാർ
കർഷകത്തൊഴിലാളി	60-70	-100
നിർമ്മാണത്തൊഴിലാളി	75-80	125-150
ഇഷ്ടികത്തൊഴിലാളി	35-40	80-90

സ്ത്രീകൾ മാത്രം തൊഴിൽ ചെയ്യുന്ന സ്ഥലങ്ങളിൽ കൂലി വളരെ കുറവാണ്. ഈറ്റ നിർമ്മാണം സാമൂഹ്യരംഗത്ത് വളരെക്കാലമായി പിന്നിലായിരുന്ന സ്ത്രീകളെ ബോധപൂർവ്വമായ ഇടപെടലിലൂടെ മുന്നോട്ടു കൊണ്ടുവന്നാലെ പൊതു ജീവിതത്തിലും, തൊഴിൽ മേഖലയിലും, സാമൂഹ്യരംഗത്തും അർഹമായ പങ്കുവഹിക്കാൻ കഴിയുകയുള്ളൂ. ഏറ്റെടുത്ത ജോലികൾ ഉത്തരവാദിത്തത്തോടും ഭംഗിയായും നിറവേറ്റാൻ സ്ത്രീകൾക്കു കഴിയുമെങ്കിലും സ്ത്രീകൾക്കു പൊതുവേ ജോലികൾ ഏറ്റെടുക്കാനുള്ള വിമുഖത സ്ത്രീകളുടെ ഭാഗത്തും ഉത്തരവാദിത്വം ഏല്പിക്കാനുള്ള താല്പര്യക്കുറവ് പുരുഷന്മാരുടെ ഭാഗത്തുമുണ്ട്. സ്ത്രീകൾക്കിടയിൽ ആത്മവിശ്വാസമില്ലായ്മ മുഖ്യ പ്രശ്നമാണ്. മനുഷ്യകുലത്തിലെ പകുതിയിൽ കൂടുതൽ വരുന്ന വിഭാഗമാണ് തങ്ങളെന്നും, പുരുഷന്മാർക്കുള്ള അധികാരാവകാശങ്ങൾ തങ്ങൾക്കു ലഭിക്കണമെന്നും തോന്നേണ്ടിയിരിക്കുന്നു. ജീവിതത്തിന്റെ സമസ്തമേഖളിലും പുരുഷന്മാരോടൊപ്പം നില്ക്കാനു ബുദ്ധിയും കഴിവും സ്ത്രീകൾ കാണിക്കേയിരിക്കുന്നു. അവകാശങ്ങൾ നേടിയെടുക്കുക അതു തിരിച്ചറിയുകയും ചെയ്യാൻ സമര പരടികൾ സംഘടിപ്പിക്കുകയും ചെയ്തത്കൊണ്ട പലരംഗങ്ങളിലും ജനവിഭാഗങ്ങൾ നേട്ടമുണ്ടായത്. സ്ത്രീകൾ ഈ മാർഗം തന്നെയാണ് വിചനത്തിനുള്ള പാതയായി കാണേണ്ടതുണ്ട്.

സാദ്ധ്യത.

സാമൂഹ്യരംഗത്തും പൊതുരംഗത സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്ക അവർക്കായി പ്രത്യേക പരിശീലന പരിപാടി സംഘടിപ്പിക്കേണ്ടതായിട്ടുണ്ട്. സ്ത്രീകളെ നേ നിരയിൽ കൊണ്ടുവരുന്നതിന് രാഷ്ട്ര സാംസ്ക്കാരിക സംഘടനകൾ ശ്രമിക്ക പൊതുപ്രവർത്തനരംഗത്ത് മുൻപരിചയമു സ്ത്രീകൾ അവരുടെ അനുഭവങ്ങൾ പുതുതറയുമായി പങ്കുവയ്ക്കുകയും അങ്ങനെ ആത്ശ്വാസമുണ്ടാക്കുകയും വേണം. വനിതാ സംനകൾക്ക് നേതൃത്വം കൊടുക്കുകയും അവ സ്വയം പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താന സഹായങ്ങൾ ചെയ്യുകയും വേണം. കേന്ദ്രീയ താസമിതികൾ, മാതൃസമിതികൾ, ഇവ പ്രോത്സാഹിപ്പിക്കുകയും കൂടുതൽ വനിതാ ളിത്തം വർദ്ധിപ്പിക്കാൻ ശ്രമിക്കുകയും വേണ

സ്ത്രീകളുടെ ഇടയിലുള്ള തൊഴില്ലായ്മ പരിഹരിക്കാൻ സ്ത്രീകളുടേത തൊഴിൽ യൂണിറ്റുകളും, സഹകരണസംരംഭങ്ങ കൂടുതലായി തുടങ്ങേണ്ടിയിരിക്കുന്നു. ഇതിന സാധ്യതകൾ ഈ പഞ്ചായത്തിൽ ഏറെയാണ പഴ സംസ്ക്കരണം, പാലുല്പന്നങ്ങളു നിർമ്മാണം, എന്നീ തൊഴിൽ സാധ്യത വർദ്ധക്കാൻ ഈ മേഖലയിൽ വൈവിദ്ധ്യവത്കരണ കൊണ്ടുവരണം. സ്ത്രീകൾക്കായി നടത്താവു ചെറുകിടയൂണിറ്റുകളായ റെഡിമെയ്ഡ് ഗാർമെൻസ്, തയ്യൽ, മെഴുകുതിരി നിർമ്മാണ തീപ്പെട്ടിനിർമ്മാണം, ധാന്യങ്ങൾ പൊടിച്ചുകൊ

ക്കുന്ന യൂണിറ്റ്, കരകൗശല വസ്തു നിർമ്മാണം, പരമ്പരാഗത തൊഴിലായ ഈറ്റ കൊണ്ടുള്ള സാധനങ്ങൾ നിർമ്മിക്കൽ, അടുക്കളത്തോട്ടനിർമ്മാണം, നഴ്സറി സംരക്ഷണം, ഇവ സ്ത്രീകളുടെ നേതൃത്വത്തിൽ നടത്താവുന്നതാണ്. നമ്മുടെ പഞ്ചായത്തിൽ നിലവിലുള്ള DWCRA യൂണിറ്റുകൾ പൊതുവേ നല്ല രീതിയിൽ പ്രവർത്തിക്കും. എന്നാൽ ഈ സ്ഥാപനങ്ങളുടെ ഫലപ്രദമായ മേൽനോട്ടം സ്ത്രീകളിലല്ല. നേതൃത്വത്തിലുള്ള സ്ത്രീകൾക്ക് വേണ്ട പരിശീലനമോ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾക്ക് മാർക്കറ്റിംഗ് സംവിധാനമോ നിലവിലില്ല.

വനിതമേഖല നേരിടുന്ന പ്രശ്നങ്ങൾ.

1. തൊഴിൽ മേഖലയിൽ വിദ്യാലയങ്ങളിലൊഴികെ സ്ത്രീകൾ അവഗണന നേരിടുന്നു.
2. സാമൂഹ്യ സേവന രംഗത്ത് സ്ത്രീകൾ ധീരമായി പ്രവർത്തനസജ്ജരായി പുറത്തുവരുന്നില്ല. 3. സ്വയം തൊഴിൽ സംരംഭങ്ങളിൽ സ്ത്രീകൾ വേണ്ടത്ര താല്പര്യം കാട്ടുകയോ, സംരംഭങ്ങൾ ആരംഭിക്കുകയോ ചെയ്യുന്നില്ല.
4. തൊഴിൽരംഗത്ത് ജീവിക്കാൻ ആവശ്യമായ വിദ്യാഭ്യാസം സ്ത്രീകൾക്ക് ലഭിക്കുന്നില്ല.
5. തുല്യജോലിക്ക് തുല്യവേതനം, നീചമായ വിവേചനം, ഗ്രാമത്തിലെങ്ങും കാണും.
6. തൊഴിൽ നിയമങ്ങളിൽ സ്ത്രീകൾക്ക് വേണ്ടത്ര പരിജ്ഞനമില്ല. പരിശീലനത്തിന് സൗകര്യങ്ങൾ ലഭിക്കുന്നില്ല.
7. സാമ്പത്തിക ഞെരുക്കം സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനെതിരായ സ്ഥിരമായ തടസ്സമാണ്.
8. സർക്കാർ സഹായ പദ്ധതികൾ, ഏതൊക്കൊ എന്ന് വ്യക്തമായ അറിവില്ലായ്മ സ്ത്രീകളെ വിഷമിപ്പിക്കുന്നു.
9. അംഗൻവാടി അദ്ധ്യാപികമാർക്ക് ന്യായമായ കൂലി കിട്ടാതെ വിഷമിക്കുന്നു അംഗൻ വാടികൾക്ക് പലതിലും സൗകര്യങ്ങളില്ല.
10. വിദ്യാലയങ്ങളിലെ പാഠ്യേതര മേഖലകളിൽ പെൺക്കുട്ടികളുടെ പങ്കാളിത്തം കുറവാണ്.
11. സ്വയം ശക്തിയാർജിച്ച് ധീരമായി രംഗത്തിറങ്ങാനുള്ള മനോദാർഢ്യം സ്ത്രീകളിൽ കുറവാണ്.
12. സാമാന്യ വിദ്യാഭ്യാസം ഉണ്ടെങ്കിലും ശാസ്ത്രീയ ബോധനിലവാരം സ്ത്രീകളിൽ കുറവാണ്. ഫലം അന്ധവിശ്വാസങ്ങളും അനാചാരങ്ങളും സ്ത്രീകൾക്കിടയിൽ ധാരാളം ഉണ്ട്.

സഹകരണം

ശതാബ്ദി ആഘോഷിക്കുവാൻ ഏതാനും വർഷങ്ങൾ മാത്രം ബാക്കിയുള്ള ഇന്ത്യയിലെ സഹകരണ കാർഷിക വായ്പമേഖലയുടെ പുരോഗതി പ്രത്യേകിച്ചും കേരളത്തിലേത് അവലോകനം ചെയ്യുമ്പോൾ മൊത്തത്തിൽ തൃപ്തികരമാണ് എന്ന് സമാധാനിക്കാം. 1993-94 ൽ ഇന്ത്യയിൽ ഒട്ടാകെ നൽകിയ 15115 കോടി രൂപയുടെ, 56.9% സഹകരണമേഖലയിൽ കൂടിയാണ് വിതരണം നടത്തിയിട്ടുള്ളത്. ബാക്കിയുള്ള 43.1% മാത്രമാണ് രാജ്യത്താകെയുള്ള വാണിജ്യബാങ്കുകളും, റൂറൽ ബാങ്കുകളും (ഗ്രാമീണബാങ്കുകൾ) കൂടി നൽകിയിട്ടുള്ളത്. ഇന്ത്യയിലാകെ 28 സംസ്ഥാന സഹകരണബാങ്കുകളും, 35, ജില്ലാബാങ്കുകളും 80000-ൽ പരം പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളും, 19 സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകളും, അവയ്ക്കു കീഴിൽ പ്രവർത്തിക്കുന്ന പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകളും ഉണ്ട്.

സഹകരണപ്രസ്ഥാനം-കേരളത്തിൽ

കേരളത്തിൽ സഹകരണപ്രസ്ഥാനം പല മേഖലകളിലായി വ്യാപിച്ചുകിടക്കുന്നു. എന്നാൽ കാർഷിക വായ്പാ രംഗത്താണ് കൂടുതൽ പുരോഗതി നേടാൻ കഴിഞ്ഞിട്ടുള്ളത്. കേരള സംസ്ഥാന സഹകരണബാങ്കും, 14 ജില്ലാ സഹകരണ ബാങ്കുകളും, 1583 പ്രാഥമിക കാർഷികവായ്പാ സഹകരണ സംഘങ്ങളും, അടങ്ങുന്ന ത്രിതല ഹ്രസ്വകാല വായ്പാവിഭാഗവും, കേരളസംസ്ഥാന സഹകരണ കാർഷിക ഗ്രാമീണ വികസന ബാങ്കും, 44 പ്രാഥമിക സഹകരണ കാർഷിക ഗ്രാമീണ വികസന ബാങ്കുകളുമടങ്ങുന്ന ദ്വിതല ദീർഘകാല വായ്പാ വിഭാഗവുമാണ് കേരളത്തിൽ കാർഷിക വായ്പാരംഗത്തു പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങൾ. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ കാർഷിക വായ്പാരംഗത്ത് കേരളത്തിൽ സഹകരണ മേഖല കൈവരിച്ചിട്ടുള്ള നേട്ടങ്ങൾ അഭിമാനകരമാണ്. ദീർഘകാലവായ്പാരംഗത്ത്, സംസ്ഥാനത്ത് സഹകരണ മേഖല കഴിഞ്ഞ ഒരു ദശവർഷ കാലത്ത് കൈവരിച്ച പുരോഗതി പ്രശംസനീയമാണ്. അംഗങ്ങൾക്കു നൽകാവുന്ന പരമാവധി വായ്പാ തുകയിലും, അനുവദിക്കാവുന്ന ആവശ്യങ്ങളിലും, തോതിലും ഗണ്യമായ വർദ്ധനവുണ്ടായിട്ടുണ്ട്. ഇന്ന് പ്രാഥമിക കാർഷിക വായ്പാസംഘങ്ങളിൽ നിന്നും അംഗത്തിനു ലഭിക്കാവുന്ന കാർഷിക വായ്പയുടെ പരിധി 25,000രൂപയും മൊത്ത വായ്പാപരിധി 5 ലക്ഷം രൂപവരെയുമാണ്. അതുപോലെ പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകളിലെ പരമാവധി വായ്പപരിധി കാർഷിക വായ്പകളിൽ 75,000 രൂപയും, സംയോജിത വായ്പകളിൽ 10 ലക്ഷം രൂപവരെയുമാണ്. കേരളത്തിലെ ഹ്രസ്വകാല വായ്പാരംഗത്ത് പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങളിലെ നിക്ഷേപങ്ങളിലുണ്ടായ അഭൂതപൂർവമായ വർദ്ധനവ് (രാജ്യത്തെ മൊത്തം സഹകരണമേഖലയുടെ നിക്ഷേപത്തിന്റെ 60%) രാജ്യത്തെ ഇതര സംസ്ഥാനങ്ങൾക്ക് ഒരത്ഭുതമാണ്. ഇതിനുള്ള പ്രധാനകാരണം, കേരളത്തിൽ 1976 മുതൽ സർക്കാരിന്റെ സഹകരണത്തോടെ നടപ്പിലാക്കിയ 17 നിക്ഷേപസമാഹരണ പരിപാടിയാണ്.

സഹകരണ മേഖലയുടെ വളർച്ചയേയും പുരോഗതിയേയും പറ്റി വളരെയേറെ പ്രകീർത്തിക്കാമെങ്കിലും ഉള്ളിലേക്കിറങ്ങുമ്പോൾ പ്രശ്നങ്ങളുടേയും, പ്രയാസങ്ങളുടേയും സങ്കീർണ്ണത അമ്പരപ്പുളവാക്കുന്നു. പ്രശ്നങ്ങളുള്ള സാധാരണ ജനങ്ങളുടെ ജീവിതവുമായി ബന്ധമുള്ള ഒരു പ്രസ്ഥാനത്തിന് പ്രശ്നങ്ങളെ നേരിടേണ്ടിവരും എന്നത് സ്വാഭാവികം എന്ന് സമാധാനിക്കാം.

സഹകരണപ്രസ്ഥാനം തലവൂർ പഞ്ചായത്തിൽ

ഗ്രാമീണ സൗന്ദര്യവും, ശാലീനതയും ഒത്തിണങ്ങിയ ഒരു ഭൂപ്രദേശമാണ് തലവൂർ പഞ്ചായത്തിനുള്ളത്. 12 വാർഡുകളുള്ള ഈ ഗ്രാമപഞ്ചായത്തിലെ ജനസംഖ്യയിൽ 80% ത്തോളം വരുന്നത് ഇടത്തര കൃഷിക്കാരും, കർഷകത്തൊഴിലാളികളുമാണ്. സഹകരണപ്രസ്ഥാനങ്ങൾക്ക് വളരാൻ വളക്കൂറുള്ള പ്രദേശം. എന്നാൽ നിർഭാഗ്യമെന്നുപറയട്ടേ, ഏഴുപതിറ്റാണ്ടുകൾ പിന്നിട്ട തലവൂരിലെ സഹകരണ പ്രസ്ഥാനം ഇന്നും ബാലാരിഷ്ടയുടെ നീരാളിപ്പിടിത്തത്തിൽ നിന്നും വിമുക്തമായിട്ടില്ല.

തലവൂരിലെ പ്രധാനപ്പെട്ട സഹകരണ സ്ഥാപനങ്ങൾ.

1. തലവൂർ സർവ്വീസ് സഹകരണ ബാങ്ക്. No 646. രജിസ്റ്റർ ചെയ്തത് 16-7-1099(ME)-ൽ പ്രവർത്തനം ആരംഭിച്ചത്- 22-8-1099(ME)/ 5-4-1923.

പ്രവർത്തന പരിധി – പാണ്ടിത്തിട്ട I, II, വാർഡുകൾ, നടുത്തേരി, മഞ്ഞക്കാല(കുറേ ഭാഗം മാത്രം), ഞാറക്കാട്, അരിങ്ങട, കുരാ, വടകോട് എന്നീ വാർഡുകൾ.

ആകെ അംഗങ്ങൾ : 4,520.
ഓഹരിവില : 10/- രൂപ.
അംഗീകൃത ഓഹരി മൂലധനം : 5ലക്ഷം രൂപ.
പിരിഞ്ഞുകിട്ടിയ ഓഹരിമൂലധനം : 7 ലക്ഷം രൂപ.
സർക്കാരിൽ നിന്നും ഓഹരി : 1 ലക്ഷം രൂപ.
പരമാവധി എടുക്കാവുന്ന കടം : 150ലക്ഷം രൂപ.
പൊതുജനങ്ങളിൽ നിന്നും സ്വീകരിച്ച നിക്ഷേപങ്ങൾ
1.സ്ഥിരം- 17ലക്ഷം രൂപ.
2. ഹ്യസ്വകാലം 3 ലക്ഷം രൂപ.
പിരിഞ്ഞുകിട്ടുവാനുള്ളത് : 83 ലക്ഷം രൂപ.
കൊടുക്കുവാനുള്ളത് : 63 ലക്ഷം രൂപ.
നൽകിയുട്ടുള്ള വായ്പകൾ
1. കാർഷിക വായ്പകൾ- 90 ലക്ഷം രൂപ
2 മറ്റുവായ്പകൾ- 60 ലക്ഷം രൂപ.
സ്ഥാപനങ്ങളിൽ നിന്നും ലഭിച്ചിട്ടുള്ള വായ്പകൾ
1. ജില്ലാ സഹകരണ ബാങ്ക്- 65ലക്ഷം രൂപ.
2. കൃഷി ആവശ്യം : 105 ലക്ഷം രൂപ.
നൽകിയ വായ്പകൾ കാലാവധി കഴിഞ്ഞിട്ടും കിട്ടാത്തത് : 45 ലക്ഷം രൂപ.
സ്ഥാപനത്തിന്റെ ചെലവുകൾ
1. എസ്റ്റാബ്ളിഷ്മെന്റ്- 1 ലക്ഷം.
2. ശമ്പളം- 2 ലക്ഷം

പ്രവർത്തനമേഖല : കാർഷികാഭിവൃദ്ധി
a. വളം വിതരണം.
b. കാർഷിക ഉപകരണങ്ങൾ വാങ്ങാൻ ധനസഹായം.
c. ചിട്ടി.
d. വീടു നന്നാക്കൽ മുതലായവ.

അത്യാവശ്യം വേണ്ട കാര്യങ്ങൾ
1. വളം സൂക്ഷിക്കാൻ ഗോഡൗൺ.
2. ബാങ്ക് കെട്ടിടത്തിന്റെ മുകളിൽ നില പണിയുക.
3. കൗണ്ടർ, ക്യാഷ് ക്യാബിൻ എന്നിവ നിർമ്മിക്കുക.
4. സേഫ്, സ്ട്രോംഗ് റൂം എന്നിവ.
5. സ്വർണ്ണ പണയ വായ്പ.
6. കിണർ, കക്കൂസ്.
7. സെക്യൂരിറ്റി സ്റ്റാഫ് നിയമനം മുതലായവ.

പിടവൂർ സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് No. 2807.

പ്രവർത്തനം ആരംഭിച്ചത് – 20-8-1123(ME)/ 1947.
പ്രവർത്തന പരിധി – പിടവൂർ, പനമ്പറ്റ, നെടുവന്നൂർ, കമുകുംചേരി, മഞ്ഞക്കാല(കുറേഭാഗം).
ആകെ അംഗങ്ങൾ – 6,500
ഓഹരിവില – 10 രൂപ.
അംഗീകൃത ഓഹരി മൂലധനം – 9,09,396 രൂ.
പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം – 9,09,396 രൂ.
സർക്കാരിൽ നിന്നും ഓഹരി – 1 ലക്ഷം രൂ.
പരമാവധി എടുക്കാവുന്ന കടം – 200 ലക്ഷം

പൊതുജനങ്ങളിൽ നിന്നും
സ്വീകരിച്ച നിക്ഷേപങ്ങൾ 1. സ്ഥിരം - 34,22,565 രൂ.
2. ഹ്രസ്വകാലം - 5,73,274 രൂ.

നൽകിയിട്ടുള്ള വായ്പകൾ. a. കാർഷികം - 26,59,374 രൂപ.
b. മറ്റുവായ്പകൾ - 70,67,245 രൂപ.

കാലാവധികഴിഞ്ഞുതിരികെ
കിട്ടാനുള്ള വായ്പാത്തുക. 17,89,656 രൂപ.

സ്ഥാപനത്തിന്റെ ചെലവുകൾ 1. എസ്റ്റാബ്ളിഷ്മെന്റ് 1,50,000രൂപ.
2. കണ്ടിജൻസി -2,93,600 രൂപ.

നടത്തിവരുന്ന
പ്രവർത്തനങ്ങൾ 1. കാർഷിക വായ്പകൾ
2. ചിട്ടികൾ
3. സ്വർണ്ണപ്പണയം.
4. വളം ഡിപ്പോ
5. റേഷൻ ഡിപ്പോ.

ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ

1. മഞ്ഞക്കാല ക്ഷീരോൽപാദക സഹകരണ സംഘം No. Q 192 (1) APCOS

സ്ഥാപിതം	:	6-8-1988
പാൽശേഖരണം	:	250-260 ലിറ്റർ
പഞ്ചായത്തിൽ വില്ക്കുന്നത്	:	70-80 ലിറ്റർ
പുറത്തേക്കയക്കുന്നത്	:	180-190 ലിറ്റർ
ICDP സെന്റർ	:	ഉണ്ട്
കെട്ടിടം	:	ഇല്ല (വസ്തു ഉണ്ട്)
പ്രവർത്തന മേഖല	:	പനമ്പറ്റ വാർഡ് -മഞ്ഞക്കാല
മിൽക്കോടസ്റ്റർ	:	ഇല്ല

2. പിടവൂർ ക്ഷീരോല്പാദക സഹകരണ സംഘം. No. Q 284(D)APCOS (ഭാഗികം)

സ്ഥാപിതം	:	24-10-1994-ൽ
ശേഖരണം	:	150 ലിറ്റർ
പഞ്ചായത്തിൽ വില്പന	:	25 ലിറ്റർ
പുറത്തേക്കയക്കുന്നത്	:	125 ലിറ്റർ
പ്രവർത്തന മേഖല	:	പിടവൂർ, പട്ടാഴി 9-ാം വാർഡ്.
ICDP സെന്റർ	:	ഇല്ല
മിൽക്കോടസ്റ്റർ	:	ഇല്ല

3. കുരാ. ക്ഷീരോല്പാദക സഹകരണ സംഘം No. Q 158(D) APCOS.

സ്ഥാപിതം	:	6-12-1986-ൽ
പാൽശേഖരണം	:	400-450 ലിറ്റർ
പഞ്ചായത്തിൽ വില്ക്കുന്നത്	:	15-20 ലിറ്റർ
ICDP സെന്റർ	:	ഉണ്ട്
പ്രവർത്തന പരിധി	:	കുരാ, വടക്കോട് വാർഡുകൾ
സ്വന്തമായി കെട്ടിടവും സ്ഥലവും	:	ഇല്ല.
സേഫ്, ഫർണിച്ചർ മുതലായവ	:	ഇല്ല.

കാലിത്തീറ്റ, പുൽവിത്ത്, കാൽസ്യം ഇവ ലഭ്യമാണ്.

4. പാണ്ടിത്തിട്ട ക്ഷീരോല്പാദക സഹകരണ സംഘം No. Q285(D) APCOS

സ്ഥാപിതം	:	25-8-1993-ൽ
ശേഖരണം	:	350-400 ലിറ്റർ
പഞ്ചായത്തിൽ വില്ക്കുന്നത്	:	50-60 ലിറ്റർ
പുറത്തേക്കയക്കുന്നത്	:	300-340 ലിറ്റർ
ICDP സെന്റർ	:	ഇല്ല
പ്രവർത്തനമേഖല	:	പാണ്ടിത്തിട്ട, I, II വാർഡുകൾ

സ്വന്തമായി കെട്ടിടം, വസ്തു, സേഫ്, ഫർണച്ചർ ഇല്ല മിൽക്കോടെസ്റ്റർ ഇല്ല. കർഷകർക്ക് കാലിത്തീറ്റ, കാൽസ്യം, പുൽവിത്ത്, മുതലായവ ലഭ്യമാക്കുന്നു

5. തലവൂർ ക്ഷീരോല്പാദക സഹകരണ സംഘം No. Q(D) വ്യവസായസംഘം

സ്ഥാപിതം	:	27-9-1979-ൽ
ശേഖരണം	:	250-300 ലിറ്റർ പ
പുറത്തേക്കയക്കുന്നത്	:	50-100 ലിറ്റർ
പഞ്ചായത്തിൽ വില്ക്കുന്നത്	:	250-300 ലിറ്റർ
പ്രവർത്തനമേഖല	:	അരിങ്ങട, ഞാറക്കാട്, നടുത്തേരി വാർഡുകൾ

ICDP സെന്റർ : ഇല്ല
മിൽക്കോടെസ്റ്റർ : ഇല്ല

രണ്ടാലുംമൂട് കൺസ്യൂമർ കോ-ഓപ്പറേറ്റിവ് സ്റ്റോർ No. Q 1075

സ്ഥാപിതം : 20-8-1992
കെട്ടിടം : ഇല്ല
പല ചരക്കു വ്യാപാരം, സ്റ്റേഷനറി വ്യാപാരം എന്നിവ നടത്തുന്നു. ലോൺ വ്യവസ്ഥയുണ്ട്.
പ്രവർത്തന പരിധി : ഞാറക്കാട് കുരാ വാർഡുകൾ
സർക്കാർ അലോട്ടുമെന്റ് ലഭിച്ചിട്ടില്ല.

പത്തനാപുരം ബ്ലോക്ക്, ഖാദി ആന്റ് വില്ലേജ് ഉൽപ്പാദക സഹകരണ സംഘം No. IND-149 പിടവൂർ

ഇപ്പോൾ പ്രവർത്തനം ഇല്ല.

പത്തനാപുരം ബ്ലോക്ക് ഹരിജൻ പേപ്പർ പ്രോഡക്ട് സൊസൈറ്റി മഞ്ഞക്കാല രജിസ്ടർ ചെയ്ത് പ്ര വർത്തനം ആരംഭിച്ചു എങ്കിലും ഉത്പാദനം ആരംഭിച്ചില്ല

തലവൂർ പഞ്ചായത്തിലെ സഹകരണ മേഖല നേരിടുന്ന പ്രശ്നങ്ങൾ

1. സഹകാരികളുടെ നിസ്സഹകരണം. ബഹുഭൂരിപക്ഷം അംഗങ്ങളും, നിർജ്ജീവാംഗങ്ങളാണ്. അംഗങ്ങൾ അവരവരുടെ സംഘങ്ങളുമായി വ്യാപാരബന്ധം പുലർത്തുന്നില്ല.
2. ഭരണസമിതികളുടേയും, ജീവനക്കാരുടേയും കെടുകാര്യസ്ഥത
3. കേരളത്തിൽ മൊത്തമുള്ള 1583 പ്രാഥമിക വായ്പാ സംഘങ്ങളിൽ 784 സംഘങ്ങൾ നഷ്ടത്തിൽ പ്രവർത്തിക്കുന്നു. തലവൂരിലെ മിയ്ക്കവാറും സംഘങ്ങൾ ഈ വിഭാഗത്തിൽ പെടുന്നു.
4. അംഗങ്ങൾ വായ്പാ തുകകൾ കൃത്യമായി തിരിച്ചടക്കുന്നില്ല.
5. സംഘങ്ങളിലെ ധൂർത്ത്. സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിൽ പല സംഘങ്ങളും യാതൊരു ശ്രദ്ധയും കാണിയ്ക്കുന്നില്ല.
6. ജീവനക്കാരുടെ അലസതയും, അറിവില്ലായ്മയും. ഇത് പരിഹരിക്കുവാൻ ജീവനക്കാർക്ക് ആവശ്യമായ പരിശീലനം നൽക്കേണ്ടതാണ്.
7. ഒട്ടു മിക്ക സംഘങ്ങളിലും ആഡിറ്റ് ഒരു പ്രഹസനം പോലെയാണ്. സമയത്തു നടത്തുന്നില്ല. കുറ്റങ്ങളും കുറവുകളും വസ്തുനിഷ്ഠമായി ആഡിറ്റു റിപ്പോർട്ടുകളിൽ പ്രതിപാദിക്കുന്നില്ല.
8. വായ്പകൾ കൃത്യമായി പിരിച്ചെടുക്കുന്നതിന് യഥാസമയം നിയമ നടപടികൾ കൈക്കൊള്ളാറില്ല.
9. ബിനാമി വായ്പകൾ ഉള്ളതായി കാണുന്നു.

ഈ പോരായ്മകൾ പരിഹരിച്ചാൽ തലവൂർ സഹകരണ മേഖലയ്ക്ക് ശോഭനമായ ഭാവിയുണ്ട്.

പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം

പഞ്ചായത്തിൽ ആകെ ജനസംഖ്യയുടെ 14.53% പട്ടികജാതി വിഭാഗമാണ്. പട്ടികജാതികുടുംബങ്ങളും 6 പട്ടികവർഗ്ഗകുടുംബവും (നടുത്തേരി വാർഡ്) താമസിച്ചു വരുന്നു. 2IHDP അംഗീകൃത കോളനിയിലും 10 അംഗീകാരത്തിന് സമർപ്പിച്ച കോളനികളിലുമായി കുടുംബങ്ങളും, ഇടകലർന്ന് ജീവിച്ചു വരുന്നു. ആകെ 4622 പട്ടികജാതി അംഗങ്ങളുണ്ട്.

വിദ്യാഭ്യാസ സാമൂഹ്യമേഖലകളിൽ അനവധി നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും സാമ്പത്തിക രംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കുന്നതിന് ഈ വിഭാഗത്തിന് കഴിഞ്ഞിട്ടില്ല.

സാമൂഹിക സാമ്പത്തിക രംഗത്ത് നിരവധി കാലം ചൂഷണത്തിന് വിധേയമായിരുന്ന ഈ വിഭാഗത്തിന് കുടി കിടപ്പവകാശവും മിച്ച ഭൂമിയുടെ ലഭ്യതയും ഒരു പരിധിവരെ സാമൂഹിക പുരോഗതിയും കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. മുൻകാലങ്ങളിൽ നിന്നും പൂർണ്ണമായും മോചനം നേടാൻ ഇന്നു കഴിഞ്ഞിട്ടുണ്ട്. എല്ലാ ജാതി മതസ്ഥരുടേയും എല്ലാത്തരം ചടങ്ങുകളിലും പങ്കെടുപ്പിക്കുകയും എല്ലാ പൊതു പരിപാടികളിലും മോശമല്ലാത്ത പരിഗണന ലഭിക്കുകയും ചെയ്തു വരുന്നു.

ഈ വിഭാഗത്തിന്റെ ഉയർച്ചയ്ക്കു വേണ്ടി സർക്കാർ നടപ്പിലാക്കി വരുന്ന പല പദ്ധതികളെ പറ്റിയും വേണ്ടത്ര അറിവ് ഇല്ലാത്തതുകൊണ്ടും പദ്ധതികളുടെ പ്രയാസമേറിയ നിബന്ധന കൊണ്ടും പദ്ധതികൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടില്ല. എന്നാൽ സർക്കാർ നൽകുന്ന നിരവധി സൗജന്യങ്ങൾ ഈ വിഭാഗത്തിന് ഭാഗികമായ നേട്ടങ്ങൾ കൈവരിക്കുന്നതിന് സഹായകമായിട്ടുണ്ട്. ഇതിൽ കൂടുതൽ നേട്ടങ്ങൾ കൈവരിക്കുന്നതിന് കഴിഞ്ഞിട്ടുള്ള കോളനി നിവാസികൾക്ക് കഴിഞ്ഞിട്ടുണ്ട്. എന്നാൽ നിരവധി പ്രശ്നങ്ങൾ പരിഹരിക്കപ്പെടാതെ നിലനിൽക്കുന്നുണ്ട്. 1991-ലെ സെൻസസ് അനുസരിച്ച് പഞ്ചായത്തിലെ കോളനികളിലെ ആകെ ജനസംഖ്യ 4622 ആണ്. അംഗീകാരത്തിന് സമർപ്പിച്ച കോളനികൾ അംഗീകരിച്ച് കിട്ടുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

സാംസ്കാരികമായി ഉയർന്ന നേട്ടം കൈവരിക്കാൻ തലവൂർ പഞ്ചായത്തിലെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഇതുവരെ കഴിഞ്ഞിട്ടില്ല. അതിനുള്ള മുഖ്യകാരണം പല കോളനികളും ഇനിയും അംഗീകരിക്കാതെ നിലനിൽക്കുന്നതും അതിലുള്ള അജ്ഞതയുമാണ്. ഒരു പരിധിവരെ സാമൂഹികമായ പുരോഗതി കൈവരിക്കാൻ തലവൂർ പഞ്ചായത്തിലെ പട്ടികജാതി പട്ടികവർഗ്ഗത്തിലെ ജനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. സർക്കാർ നല്കുന്ന സൗകര്യങ്ങൾ ഒരു പരിധിവരെ ഈ വിഭാഗത്തിന് ഭാഗികമായി നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും പൂർണ്ണമായ നേട്ടത്തിന് സാധിച്ചിട്ടില്ല. എങ്കിലും ഈ സൗജന്യത്തിന്റെ പരിധി വർദ്ധിപ്പിച്ചാൽ മാത്രമേ ശാശ്വത പരിഹാരമാവൂ.

വിദ്യാഭ്യാസം

പൊതുവേ നിരക്ഷരത കുറവാണെങ്കിലും വിദ്യാഭ്യാസരംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കാൻ തലവൂർ പഞ്ചായത്തിലെ പട്ടികജാതി പട്ടികവർഗ്ഗത്തിന് കഴിഞ്ഞിട്ടില്ല.

ഇതിനു കാരണം ഈ വിഭാഗക്കാർ വിദ്യാഭ്യാസ രംഗത്ത് വേണ്ടത്ര ശ്രദ്ധ നൽകുന്നില്ല. കാരണം അതിനുവേണ്ട ബോധവൽക്കരണം ഇല്ല എന്നതാണ്. പട്ടികജാതി പട്ടികവർഗ്ഗത്തിലെ വിദ്യാർത്ഥികൾ കൂടുതൽ SSLC ക്കുശേഷവും ഒരു പരിധിവരെ അതിനു മുൻപും ഈ രംഗത്ത് വേണ്ടത്ര ശ്രദ്ധയോ താല്പര്യമോ കാണിക്കുന്നില്ല എന്നതാണ്. ഒരു പരിധിവരെ ഈ രംഗത്ത് രക്ഷകർത്താക്കളും ശ്രദ്ധ ചെലുത്തുന്നില്ല. പൊതുവിൽ സാമ്പത്തിക ബുദ്ധിമുട്ട അനുഭവിക്കുന്ന ഈ വിഭാഗത്തിന് വളരെ ചെറുപ്പത്തിൽ തന്നെ കുടുംബബാദ്ധ്യത ഏറ്റെടുക്കേണ്ടി വരുന്നതിനാലും ദാരിദ്ര്യം ഒഴിവാക്കാനും വേണ്ടി പഠനം നിർത്തേണ്ടിവന്ന പല കുടുംബങ്ങളും ഈ വിഭാഗത്തിൽ ഉൾപ്പെടുന്നു. വിദ്യാഭ്യാസത്തിന്റെ ആവശ്യകത ബോദ്ധ്യപ്പെടുത്തേണ്ടതും വിദ്യ അർത്ഥിച്ചിട്ടുള്ള ആളുകളേയും പ്രയോജനപ്പെടുത്തി ജനങ്ങളെ ബോധവൽക്കരിക്കേണ്ട പരിപാടികൾ സംഘടിപ്പിക്കേണ്ടതുണ്ട്.

1996-97 അദ്ധ്യയന വർഷത്തിൽ 300ഓളം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾ പഠനം നടത്തുന്നുണ്ടെങ്കിലും SSLCക്ക് ഉപരിയായി വിദ്യാഭ്യാസം ഉള്ളവരുടെ എണ്ണം വളരെ കുറവാണ്. ഈ അവസ്ഥ മാറ്റി എടുത്താലെ പട്ടികജാതി പട്ടികവർഗ്ഗത്തിന്റെ ക്ഷേമത്തിനും ഐശ്വര്യത്തിനും നിദാനമാവൂ.

തലവൂർ പഞ്ചായത്തിൽ 1890-ൽ സ്ഥാപിതമായ ആദ്യ വിദ്യാഭ്യാസസ്ഥാപനമായ L. M. S സ്കൂളിൽ അവർണ്ണരായ കുട്ടികളെ പഠിപ്പിക്കുന്ന സ്കൂളുകളിൽ സവർണ്ണർക്ക് നിലത്തിരിക്കുന്നതിനായി തടുക്ക് എന്ന പായ് ക്ലാസ്സ് മുറിയുടെ മൂലയിലിട്ട് അതിൽ ഇരുത്തി പഠിപ്പിക്കുന്ന കാലമായിരുന്നു. എന്നാൽ അന്നത്തെ പ്രഥമ അദ്ധ്യാപകനായ പീലിപ്പോസ് സാർ സവർണ്ണരായ കുട്ടികളെ അവർണ്ണരായ കുട്ടികളോടൊപ്പം ബഞ്ചിലിരുത്തി പഠിപ്പിച്ചു. ഈ സംഭവം അവർണ്ണരായ യാഥാസ്ഥിതികരെ ഇളക്കിമറിച്ചു. അവർ സാറിനെ ആക്രമിക്കാൻ വരെ ശ്രമം നടത്തി. ഇതിന് ഒരു പരിഹാരമായി സാർ ആവശ്യപ്പെട്ടത് ഒരു തൂശനില കൊണ്ടു വന്ന് അതിൽ അവർണ്ണരുടേയും സവർണ്ണരുടേയും കുട്ടികളുടെ വിരലിൽ നിന്ന് രക്തം ഇലയിൽ പുരട്ടി ഇതിൽ നിന്നും ഇവർ തമ്മിലുള്ള വ്യത്യാസം കണ്ടുപിടിക്കാൻ ആവശ്യപ്പെട്ടു. ഇതിനു മറുപടി പറയുവാൻ സാധിക്കാതെ യാഥാസ്ഥിതികർ മൂകരായി നിന്ന് സാർ അവരോട് അവർണ്ണരുടേയും സവർണ്ണരുടേയും രക്തത്തിൽ വ്യത്യാസം ഇല്ലാത്തതുകൊണ്ടാണ് ഞാൻ ഈ കുട്ടികളെ ഒന്നിച്ച് ബഞ്ചിലിരുത്തി പഠിപ്പിക്കും എന്നു പറഞ്ഞു. ഇത് യാഥാസ്ഥിതികരെ ലജ്ജിച്ചു മടക്കാൽ. അതിനു ശേഷം ഈ പഞ്ചായത്തിൽ ഇത്തരം സംഭവങ്ങൾ തലപൊക്കിയിട്ടില്ല.

ഇപ്പോൾ ഈ ആധുനിക യുഗത്തിൽ ഇങ്ങനെയുള്ള സംഭവങ്ങൾ പൊതുവിൽ കാണാനില്ല. ഇപ്പോൾ സവർണ്ണർ എന്നോ അവർണ്ണർ എന്നോ ഉള്ള വ്യത്യാസമില്ലാതെ ഏകോദര സഹോദരങ്ങളെപ്പോലെ അദ്ധ്യയനം നടത്തുന്നതിന് ഈ പഞ്ചായത്തിലെ കുട്ടികൾക്ക് യാതൊരു ബുദ്ധിമുട്ടും അനുഭവപ്പെടുന്നില്ല.

തൊഴിൽ

പട്ടികജാതി കുടുംബങ്ങളിൽ ഭൂരിപക്ഷവും കാർഷികമേഖലയിൽ തൊഴിലെടുത്ത് ഉപജീവനം കഴിയുന്നവരാണ്. എന്നാൽ അടുത്തിടെ കാർഷികമേഖലയിലുണ്ടായ തകർച്ച പട്ടിക വിഭാഗത്തിന്റെ തൊഴിൽ നഷ്ടപ്പെടുത്തുകയും ഉപജീവനം കഴിക്കാൻ വേണ്ടി മറ്റു മേഖലകളിലേക്കു പോകാൻ നിർബന്ധിതരാവുകയും ചെയ്തു. ഇതിൽ ഭൂരിഭാഗവും നിർമ്മാണരംഗത്താണ് എത്തി ചേർന്നിട്ടുള്ളത്. ഈ മേഖലയിൽ സ്ത്രീകൾക്ക് 90 രൂപയും പുരുഷന്മാർക്ക് 125 രൂപയും കൂലി ലഭിക്കുന്നുണ്ട്. സാമാന്യം തൃപ്തികരമായ കൂലി ലഭിക്കാത്തതിനാൽ ആധുനിക തലമുറ പൂർണ്ണമായും കാർഷിക മേഖലയിൽ നിന്നും മാറി സ്ത്രീകൾ മാത്രം ചെയ്തിരുന്ന നടീൽ, കളയെടുപ്പ് തുടങ്ങിയ പ്രവൃത്തികൾക്ക് സ്ത്രീ തൊഴിലാളികളെ കിട്ടാൻ വളരെ പ്രയാസമാണ്. ഒരു തൊഴിൽ എന്നതിലുപരി ജനങ്ങൾക്ക് ആവശ്യം വേണ്ടുന്ന ഭക്ഷ്യധാന്യങ്ങൾ ഉല്പാദനവർദ്ധനവിന്റെ ആവശ്യകത കണക്കിലെടുത്ത് ഈ മേഖലകളിലേക്ക് തൊഴിലാളികളെ ആകർഷിക്കുന്നതിനാവശ്യമായ നടപടികൾ കൈകൊള്ളേണ്ടതാണ്.

കാർഷിക മേഖലയിൽ സീസണുകളായിട്ടാണ് തൊഴിൽ എന്നതുകൊണ്ട് മിക്ക കർഷകതൊഴിലാളികളുടേയും പ്രധാന കൈതൊഴിലായിരുന്ന പായ നെയ്ത്ത് അസംസ്കൃത സാധനമായ കൈത ഓല സംരക്ഷിക്കപ്പെടാൻ കഴിയാത്തതിനാൽ പൂർണ്ണമായും തടസപ്പെട്ടിരിക്കുന്നു. പായ പോലെ തന്നെ കുട്ട, വട്ടി, മുറം എന്നിവയുടെ നിർമാണത്തിന് ആവശ്യമായ ഈറ, മുള, കുളഞ്ഞി, ചൂരൽ, എന്നിവയുടെ ദൗർലഭ്യതയും കർഷകതൊഴിലാളികൾ മറ്റു മേഖലകളിലേക്ക് പ്രവർത്തനം കേന്ദ്രീകരിക്കാൻ കാരണമായി. കൂലിവേല ചെയ്തു മാത്രം ഉപജീവനം കഴിക്കുന്ന ഈ വിഭാഗത്തിന് സ്വയം തൊഴിൽ ഉറപ്പുവരുത്തുകയും പുതിയ തൊഴിൽ സംലംഭങ്ങൾ ആരംഭിക്കുകയും ചെയ്യേണ്ടതുണ്ട്.

കാർഷിക മേഖല വിട്ട തൊഴിലാളികൾ നിർമ്മാണരംഗത്തു മറ്റു തൊഴിലുകളിലും ശ്രദ്ധ കേന്ദ്രീകരിച്ചു. പുരുഷതൊഴിലാളികൾ ഭവനനിർമ്മാണത്തിനുള്ള മേശിരിമാരായും സ്ത്രീതൊഴിലാളികൾ മേശൻമൈക്കാട്ടുകളായും ജോലി ചെയ്തുവരുന്നു. അതിനാൽ കാർഷികമേഖലയിൽ പണിയെടുക്കാൻ പുരുഷന്മാരേയും സ്ത്രീകളേയും ഒരുപോലെ കിട്ടാതിരിക്കുകയാണ്.

പാർപ്പിടം

പാർപ്പിടപ്രശ്നം പൂർണ്ണമായും പരിഹരിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും ഒരു പരിധിവരെ സർക്കാർ ഏജൻസികൾ നടപ്പിലാക്കിവരുന്ന പദ്ധതികൾ സഹായകമായിട്ടുണ്ട്. ഇത് മിക്ക ഹരിജൻ കോളനികളിലും പരിമിതമായ സൗകര്യങ്ങളാണെങ്കിലും ചെറ്റക്കുടിലുകളിൽ നിന്നും മോചനം ലഭിച്ചിട്ടുണ്ട്. എന്നാൽ ചില ഒറ്റപ്പെട്ട കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം

വേണ്ടത്ര ലഭിച്ചിട്ടില്ല. ഇവരിൽ പലർക്കും വിവിധ ഏജൻസികൾ നടപ്പാക്കി വരുന്ന ധന വായ്പകൾ വലിയ കടക്കെണിയിൽ അകപ്പെട്ടു പോയിട്ടുണ്ട്. ഭൂമിയുടെ രേഖ ഓഫീസുകളിൽ പെട്ടു പോയതിനാൽ മറ്റു ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്ന അവസ്ഥയിലാണ്. വീടു നിർമ്മാണത്തിന് അനുവദിക്കുന്ന തുകയുടെ അപര്യാപ്തത കാരണം പല വീടുകളും പൂർത്തീകരിക്കാതെ കിടക്കുന്നുണ്ട്. വീടുവെയ്ക്കാൻ സ്ഥലമില്ലാത്ത കുടുംബങ്ങൾക്ക് വീടുവെയ്ക്കാനുള്ള സ്ഥലവും വീടുകെട്ടാനുള്ള ധനസഹായവും പുനരധിവാസ പദ്ധതി പ്രകാരം അനുവദിച്ചു കൊടുത്തെങ്കിൽ മാത്രമേ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുകയുള്ളൂ. ആറു കുടുംബങ്ങൾ ഒന്നിച്ചു താമസിക്കുന്ന ഗിരിജൻ കുടുംബങ്ങൾക്ക് പുതിയ പദ്ധതി ആവിഷ്കരിച്ച് പ്രത്യേകവീടുകൾ നിർമ്മിച്ചു കൊടുക്കേണ്ടതാണ്. പല കോളനികളിലും കക്കൂസുകൾ നിലവിലില്ല. ഓരോ വീടിന് ഓരോ കക്കൂസ് നിർബന്ധമാണ്. മിക്ക ഹരിജൻ കുടുംബങ്ങളിലും കിണറുകൾ ഇല്ല. ഓരൊ വീടിനും ഓരൊ കിണർ എന്ന രീതിയിൽ അനുവദിച്ചു കൊടുത്തു പ്രശ്നം പരിഹരിക്കണം. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരുടെ ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ ആരംഭിക്കണം.

പട്ടികജാതി പട്ടികവർഗ്ഗത്തിന്റെ സാംസ്കാരിക പുരോഗതിക്ക് സാംസ്കാരിക സമിതിയും സാംസ്കാരിക നിലയങ്ങളും സ്ഥാപിക്കേണ്ടതാണ്.

പ്രശ്നങ്ങൾ

1. വിദ്യാഭ്യാസപുരോഗതി കൈവരിച്ചിട്ടില്ല. കോളനികളിൽ നിരക്ഷരത നിലനില്ക്കുന്നു. പല സ്കൂളുകളിൽ നിന്നും വിദ്യാർത്ഥികൾ കൊഴിഞ്ഞുപോകുന്നു.
2. കാർഷികമേഖലയിൽ തൊഴിൽ കുറഞ്ഞു വരുന്നു. കാർഷികമേഖലകളിൽ നിന്ന് തൊഴിലാളികൾ കൊഴിഞ്ഞു പോകുന്നു. തൊഴിൽ സാദ്ധ്യത കുറഞ്ഞു വരുന്നു. അതിനാൽ ജീവിതം കൂടുതൽ പ്രതിസന്ധിയിലേക്ക് നീങ്ങുന്നു.
3. എല്ലാവർക്കും സ്വന്തമായി വീടില്ല. വീടു വയ്ക്കാൻ സ്ഥലമില്ല. വീടു നിർമ്മിക്കാൻ ചെയ്യുന്ന ധനസഹായം കൊണ്ട് നിർമ്മാണം പൂർത്തിയാക്കാൻ പറ്റാതെ കിട്ടുന്ന സഹായം ദുർവിനിയോഗം ചെയ്യുന്നു. പ്രാഥമിക സൗകര്യങ്ങളായ കക്കൂസ്, കിണർ, പ്രാഥമികകേന്ദ്രങ്ങൾ എന്നിവ ആരംഭിക്കണം.
4. കോളനികളിൽ കുടിവെള്ളം ആവശ്യത്തിനില്ല. എല്ലാ കുടുംബങ്ങൾക്കും വൈദ്യുതി ലഭിച്ചിട്ടില്ല.
5. പൊതു ശ്മശാനം ഇല്ല.
6. പല കുടുംബങ്ങൾക്കും കൈവശഭൂമിക്ക് പട്ടയം ലഭിച്ചിട്ടില്ല.
7. ആരോഗ്യ സംരക്ഷണസംവിധാനം മെച്ചപെട്ടതല്ല.
8. നിർദ്ധനകുടുംബങ്ങളിലെ അംഗങ്ങൾക്ക് ചികിത്സക്കും പെൺമക്കളുടെ വിവാഹത്തിനും ധനസഹായം ലഭിക്കുന്നില്ല.
9. I.R.D.P. പദ്ധതിയും മറ്റു പദ്ധതികളും ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നില്ല.
10. പട്ടികജാതി കോർപ്പറേഷനും ഹരിജനക്ഷേമവകുപ്പും അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് നല്കുന്ന വായ്പകളും ധനസഹായങ്ങളും ലക്ഷ്യം നേടുന്നില്ല.
11. പട്ടികജാതി വർഗ്ഗത്തിന്റെ ക്ഷേമത്തിനായി നടപ്പാക്കുന്ന പദ്ധതികളെ സംബന്ധിച്ച് അറിവ് വേണ്ടുന്നത്ര ഇല്ല.
12. കടക്കെണിയിൽ പെട്ടു പോകുന്നു.
13. സാമൂഹ്യവും, സാമ്പത്തികവും, സാംസ്കാരികവുമായ ബോധവൽക്കരണത്തിന്റെ കുറവ് കാണപ്പെടുന്നു.

സാദ്ധ്യതകൾ

വൈദ്യുതി : പഞ്ചായത്തിലെ ചുരുക്കം ചില കോളനികൾ മാത്രമേ പൂർണ്ണമായി വൈദ്യുതീകരിച്ചിട്ടുള്ളൂ. എല്ലാ കോളനികളിലും വൈദ്യുതി എത്തിക്കുക. 10-ഓളം കോളനികളിൽ മാത്രമേ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചിട്ടുള്ളൂ ബാക്കിയുള്ളവകളിലും സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുക. കോളനികൾ കേന്ദ്രമാക്കി ജംഗ്ഷൻ ലൈറ്റുകൾ സ്ഥാപിക്കുക. വൈദ്യുതി എത്തിയാൽ മാത്രമേ വ്യവസായസംരംഭങ്ങൾ ആരംഭിക്കാൻ സാദ്ധ്യമാകൂ.

കുടിവെള്ളം

കോളനികളിൽ കുടിവെള്ളപ്രശ്നം രൂക്ഷമാണ്. ഇത് പരിഹരിക്കുന്നതിനുവേണ്ടി പഞ്ചായത്തു ബ്ലോക്ക് എന്നീ ഏജൻസികൾ കിണറുകളും കുഴൽകിണറുകളും ചില കോളനികളിൽ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ഇത് തുലോം കുറവാണ്. തന്നെയുമല്ല ഉള്ളവ ഉപയോഗശൂന്യവുമാണ്. ടാപ്പുകൾ സ്ഥാപിച്ച (ജലപരിഹാരത്തിന്) കോളനികൾ ഒന്നും തന്നെ തലവൂർ പഞ്ചായത്തിലില്ല. ഇതിനു പരിഹാരം കാണാൻ കോളനികളിൽ പുതിയ ടാപ്പുകൾ സ്ഥാപിക്കേണ്ടത് ആവശ്യമാണ്.

പഞ്ചായത്തിലെ കോളനി നിവാസികൾക്ക് ഉപയോഗപ്രദമാവുന്ന ഡിസ്പെൻസറികൾ ഒന്നും തന്നെ പഞ്ചായത്തിലില്ല.. പഞ്ചായത്തിൽ പൊതുവായുള്ള ആയൂർവേദ ആശുപത്രിയും 'ഡിസ്പെൻസറിയും പോരായ്മകൾ കൊണ്ടു നിറഞ്ഞതാണ്. രോഗികളെ കിടത്തി ചികിത്സിക്കാൻ വേണ്ടുന്ന സൗകര്യങ്ങളും മറ്റ് അത്യാവശ്യ ചികിത്സാസൗകര്യങ്ങളും ഈ ആരോഗ്യകേന്ദ്രങ്ങളിലില്ല. ടി പഞ്ചായത്തിൽ പൊതുശ്മശാനമില്ല.

ക്ഷേമ പദ്ധതികളെകുറിച്ച് അറിവുണ്ടാക്കുന്നതിന് ആവശ്യമായ ബോധവൽക്കരണ പരിപാടികൾ അത്യാവശ്യമാണ്. ക്ഷേമപദ്ധതികൾ അർഹതപ്പെട്ടവർക്ക് കൃത്യസമയത്ത് ലഭ്യമാക്കുന്നതിന് സഹായകരമായ രീതിയിൽ ലഭ്യമാക്കേണ്ടതുണ്ട്. പട്ടികജാതി ക്ഷേമത്തിനായി പ്രവർത്തിച്ചു വരുന്ന ഹരിജനക്ഷേമ വകുപ്പും പട്ടികജാതി കോർപ്പറേഷനും നടപ്പാക്കിവരുന്ന പദ്ധതികൾ ഫലപ്രദമായി നടപ്പാക്കാൻ കഴിയണമെങ്കിൽ ലളിതമായ വ്യവസ്ഥയിലൂടെ മാത്രമേ ഈ വിഭാഗത്തിന് ധനസഹായങ്ങളും വായ്പകളും ഉപയോഗപ്പെടുത്തിയാൽ മാത്രമേ തൊഴിൽ സംരംഭങ്ങളും മറ്റും ആരംഭിക്കാൻ കഴിയൂ.

പട്ടികജാതി പട്ടികവർഗ്ഗക്ഷേമം മുൻനിറുത്തി സത്വര ശ്രദ്ധപതിയേണ്ട ചില നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.

1. കാർഷിക മേഖല അഭിവൃദ്ധിപ്പെടുത്തുക. അതുവഴി തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുക.
2. പരമ്പരാഗത വ്യവസായമായ പായ്നെയ്ത്ത്, കൊട്ട, വട്ടി, പരമ്പ് എന്നിവയുടെ നിർമ്മാണം വ്യവസായിക അടിസ്ഥാനത്തിൽ സംഘടിപ്പിക്കുക. ഇത് ഉത്പാദിപ്പിക്കുന്നതിനാവശ്യമായ അസംസ്കൃതവസ്തുക്കൾ ആവശ്യത്തിനു ലഭ്യമാക്കുക. അതോടൊപ്പം ഉത്പന്നങ്ങൾ വിറ്റഴിക്കാൻ വേണ്ട വിപണി ഉണ്ടാക്കിയെടുക്കുക.
3. പഞ്ചായത്ത് കോളനികളിലെ പെൺകുട്ടികൾക്ക് കൈതൊഴിൽപരിശീലിപ്പിക്കുകയും അവരുടെ സഹകരണസംഘങ്ങൾ രൂപീകരിക്കാൻ വേണ്ട സഹായംചെയ്യുക.
4. തലവൂർ പഞ്ചായത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുക.
5. സഹകരണമേഖലയിൽ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഹോളോബ്രിക്സിന്റേയും, ക്രഷർ ഉത്പന്നങ്ങളുടേയും നിർമ്മാണയൂണിറ്റ് ആരംഭിക്കുക.
6. അഭ്യസ്തവിദ്യർക്ക് ഇന്ന് സർക്കാർ ഏജൻസികൾ നടപ്പാക്കി വരുന്ന (പട്ടികജാതി വികസന വകുപ്പ്-ഹരിജൻ കോർപ്പറേഷൻ) വായ്പകളും സഹായധനങ്ങളും ഏകോപിപ്പിച്ച് പഞ്ചായത്തു മുഖേന വിതരണം ചെയ്യുകയും വായ്പയുടെ മാനദണ്ഡങ്ങൾ ഗ്രാമപഞ്ചായത്തിനെ ഏല്പിക്കുകയും ചെയ്യുക.
7. വ്യാവസായിക പരിശീലനം നൽകുകയും പരിശീലനം ലഭ്യമായവർക്ക് വ്യവസായം തുടങ്ങാൻ ആവശ്യമായ വായ്പകൾ പൂർണ്ണമായും അനുവദിക്കുകയും, ആ വായ്പകൾ ഉദ്ദേശിച്ച കാര്യത്തിനു തന്നെ ചിലവഴിക്കുന്നോ എന്ന് പരിശോധിക്കുകയും വായ്പ ദുരുപയോഗം ചെയ്യുന്നത് തടയുകയും ചെയ്യുക. ഇതിനുള്ള അധികാരം ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാക്കുക.
8. സ്ത്രീകൾക്ക് തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിന് സഹകരണമേഖലയിൽ പായനെയ്ത്ത്, റെഡിമെയ്ഡ്, കയറുൽപന്നങ്ങളുടെ നിർമ്മാണം എന്നിവ ആരംഭിക്കുന്നതിന് പദ്ധതികൾ ആരംഭിക്കുക. ഉത്പന്നങ്ങൾ വിറ്റഴിക്കാനുള്ള വിപണികൾ നടപ്പിലാക്കുക.
9. പഞ്ചായത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ സഹകരണസംഘം ആരംഭിക്കുക.
10. പഞ്ചായത്തിൽ പട്ടികജാതി സ്ത്രീകളെ ഉൾപ്പെടുത്തി പാട്ട വ്യവസ്ഥയിൽ കൃഷിഭൂമി പഞ്ചായത്ത് വാങ്ങി പച്ചക്കറി പഴം തോട്ടങ്ങൾ ഉണ്ടാക്കുകയും

അത് വിറ്റഴിക്കുന്നതിന് ചന്തകൾ രൂപംകൊടുക്കുകയും ചെയ്യുക. കോളനികൾക്ക് കൃഷിഭവൻ മുഖേന നൽകിവരുന്ന സഹായങ്ങൾ പച്ചക്കറി പഴം ഉൽപാദനത്തിനായി വിനിയോഗിക്കുകയും അതുവഴി തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുകയും ചെയ്യുക. കൃഷിഭവൻ നൽകിവരുന്ന ഉപകരണങ്ങൾ അടക്കം ഇതിന് ഉപയോഗപ്പെടുത്താൻ കഴിയും.

11. വീടുനിർമ്മാണ ധനസഹായം വർദ്ധിപ്പിക്കുക. വീടു വയ്ക്കുന്നതോടൊപ്പം കക്കൂസ്, കിണർ ഇവ നിർമ്മിക്കുന്നതിനും ധനസഹായം നൽകുക. വീടിന്റെ സൗകര്യം വർദ്ധിപ്പിക്കുന്നതിന് ഉപഭോക്താക്കൾക്ക് അനുവാദം കൊടുക്കുക.

12. നടപ്പിലാക്കുന്ന എല്ലാ പദ്ധതികൾക്കും ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുകയും പഞ്ചായത്ത് സമിതികളെ ചുമതലപ്പെടുത്തുകയും മേൽനോട്ടത്തിന് സംവിധാനം ഉണ്ടാക്കുകയും ചെയ്യുക.

13. വീട് പുതുക്കിപണിയുന്നതിനും അറ്റകുറ്റപണികൾക്കും പലിശരഹിത വായ്പകൾ ലളിതമായ വ്യവസ്ഥയിൽ നടപ്പിലാക്കുക.

14. പട്ടികജാതിവകുപ്പു മുഖേന നടപ്പാക്കി വരുന്ന ഭൂരഹിത – വേതനരഹിത– പുനരധിവാസ പദ്ധതി പഞ്ചായത്തിൽ നടപ്പിലാക്കി നിലവിൽ സ്ഥലവും വീടും ഇല്ലാത്ത കുടുംബങ്ങളെ സഹായിക്കുക.

15. കോളനികളിലെ പുരയിടങ്ങളിലെ മണ്ണൊലിപ്പ് തടയുന്നതിന് ആവശ്യമായ നടപടികൾക്ക് രൂപം നൽകുക.

16. നാലു സെന്റ് കോളനികളിലും, ലക്ഷംവീട് കോളനികളിലും വീട് പുതുക്കിപണിയുന്നതിനും ഓടുമേയുന്നതിനും ധനസഹായം അനുവദിക്കുക.

17. ശ്മശാനം നിർമ്മിക്കുക.

18. പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കി വരുന്ന 3 മുതൽ 5 വരെ പ്രായമുള്ള കുട്ടികൾക്ക് ബാലവാടികളും നഴ്സറികളും രണ്ടോ മൂന്നോ കോളനികൾക്ക് സംയുക്തമായി ഏർപ്പെടുത്തുക.

19. 5 മുതൽ 10 വരെ സ്റ്റാൻഡേർഡുകളിൽ പ്രീമെട്രിക്ഹോസ്റ്റൽ സ്ഥാപിക്കുക.

20. ബോർഡിങ്ങ് സ്കൂളുകൾ സ്ഥാപിക്കുകയും സൗജന്യമാക്കുകയും ചെയ്യുക.

21. കോളനികൾ കേന്ദ്രമാക്കി ബോധവൽക്കരണക്ലാസ്സുകൾ സംഘടിപ്പിക്കുക.

22. വായനശാലകൾ സ്ഥാപിക്കുക.

23. കുടുംബബാദ്ധ്യത ഏറ്റെടുത്ത് പഠനം അവസാനിപ്പിക്കേണ്ടി വരുന്ന കുട്ടികളെ കണ്ടെത്തി പഠനം തുടരുന്നതിന് ആവശ്യമായ സംവിധാനം ഏർപ്പെടുത്താൻ പഞ്ചായത്ത് ശ്രദ്ധിക്കുക.

24. അഭ്യസ്തവിദ്യരുടെ സേവനം കോളനികളിൽ ഉണ്ടാക്കുകയും അതുവഴി വിദ്യാഭ്യാസനിലവാരം ഉയർത്താൻ പ്രയോജനപ്പെടുത്തുകയും ചെയ്യുക.

25. S.S.L.C. വരെയും തുടർന്നും പഠനം നടത്തുന്നതിന് പ്രോത്സാഹനം നൽകുന്നതിന് ആവശ്യമായ പദ്ധതികൾ ഗ്രാമപഞ്ചായത്ത് ആസൂത്രണം ചെയ്യുക. (സ്കോളർഷിപ്പ് നടപ്പാക്കുക)

26. സാമൂഹ്യവും സാംസ്കാരികവുമായ ബോധവൽക്കരണത്തിന്റെ ഭാഗമായി കോളനികളിൽ T.V.സെറ്റുകൾ സ്ഥാപിക്കുക.

27. 1-ാം വാർഡിലെ I.HDP കോളനിയിലേക്കുള്ള റോഡ് ഗതാഗതയോഗ്യമാക്കി യാത്രാക്ലേശം പരിഹരിക്കുക.

28. കളത്തുവയൽ സെറ്റിൽമെന്റ് കോളനിയിലൂടെ ചേലക്കോട് ഏലായിലേക്ക് ഉള്ള വഴി വൃത്തിയാക്കി ചേലക്കോട് ഏലായിൽ ട്രാക്ടർ ഇറക്കാനുള്ള സൗകര്യം ഉണ്ടാക്കുക. 2-ാാം വാർഡ്.

29. 3-ാം വാർഡിൽ കോളനികളിലെ റോഡുകൾ സഞ്ചാരയോഗ്യമാക്കുക.

30. 4-ാം വാർഡിൽ പന്നിക്കുഴി ഏലാവഴി കീരിപ്പള്ളിയിലേക്കുള്ള റോഡ് ഗതാഗതയോഗ്യമാക്കുക.

31. 8-ാം വാർഡ് അരുവിക്കോട് കോളനിയോട് ചേർന്നുകിടക്കുന്ന കൈതോട് ഭാഗം അരുവക്കോട് കോളനിയോട് ബന്ധിപ്പിക്കുക. അതിനാൽ അരുവിക്കോട് കോളനിയും കൈതോട് കോളനിയും തമ്മിൽ ബന്ധിപ്പിക്കാൻ പുതിയ റോഡ് നിർമ്മിക്കുക. മറ്റൊരു കോളനിയായ മുതുകുന്നം കോളനിയിലും റോഡ് ഇല്ലാത്ത അവസ്ഥയാണ്. ആവണീശ്വരം– മുട്ടത്തേരി റോഡ് മുതുകുന്നത്തേയ്ക്ക് നീട്ടുകയും (പുതിയ റോഡ് വെട്ടുക) ടാർ ചെയ്ത് ഗതാഗതയോഗ്യവുമാക്കുക. ഒറ്റപ്ലാംവിള കോളനിയിലേക്കുള്ള റോഡ് ടാർ ചെയ്ത് ഗതാഗതയോ

ഗ്യമാക്കുക. ഒറ്റപ്ലാംവിള കോളനിയുമായി ബന്ധിപ്പിക്കുന്ന ചേരിയിൽഭാഗം-ചിറപ്പാട് അണ വഴിയുള്ള നടപ്പാത അണ, പാലം ഇവ കെട്ടി സൈഡു കെട്ടിവീതി കൂട്ടി ഒറ്റപ്ലാവിള കോളനിയുമായി ബന്ധിപ്പിക്കുക.

32. 9-ാം വാർഡിലെ കോളനിയിലേക്കുള്ള ഗതാഗത സൗകര്യം വർദ്ധിപ്പിക്കുക.

ഞാറക്കാട് നടുത്തേരി - ചാമല - കല്ലൂർക്കോണം റോഡ് ഗതാഗതയോഗ്യമാക്കണം.

കുന്നംക്കോട്ടു ചിറയുടെ പുനർനിർമ്മാണം നടത്തണം.

ചാമലയിലേക്ക് തലവൂർ M.S.ജംഗ്ഷനിൽ നിന്നും പുതിയ റോഡ് നിർമ്മിക്കണം.

ഇലഞ്ഞിവയൽ ഹരിജൻ കോളനി വൈദ്യുതീകരിക്കണം.

പനമ്പറ്റ വാർഡിൽ 50-ഓളം ഹരിജൻ കുടുംബങ്ങൾ തിങ്ങി പാർക്കുന്ന നെടിയവിള കോളനി IHDP കോളനിയായി പ്രഖ്യാപിക്കുക. ടി. കോളനിയിലേക്കുള്ള തെങ്ങുംമൂട്ടിൽപ്പടി മുതൽ പറയരുകോണം ഏലാവരെയുള്ള റോഡ് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കുക. ടി കോളനി വൈദ്യുതീകരിക്കുവാൻ ആവശ്യമായ നടപടികൾ കൈകൊള്ളുക.

പട്ടികജാതി പട്ടികവർഗ്ഗം

വാർഡ് - 1 പാണ്ടിത്തിട്ട

1. വട്ടപ്പാറ ജംഗ്ഷനു പടിഞ്ഞാറുള്ള ഹരിജൻ കോളനിയിൽ യാതൊരുവിധ വികസന പ്രവർത്തനവും നടന്നിട്ടില്ല.
2. ഈ കോളനി വൈദ്യുതീകരിക്കണം.
3. പട്ടിക ജാതിയിൽ പെട്ടിട്ടുള്ളവർക്ക് ഒരു തൊഴിൽ സംരംഭം ഉണ്ടാക്കിക്കൊടുക്കണം.
4. ഈ വാർഡിലെ ബഹുഭൂരിപക്ഷം ഹരിജനങ്ങളും സാംസ്കാരികമായി പിന്നോക്കം നില്ക്കുന്നവരാണ്.
5. സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവരുടെ കുട്ടികൾക്ക് വിദ്യാഭ്യാസത്തിനാവശ്യമായ എല്ലാവിധ സഹായങ്ങളും ചെയ്തു കൊടുക്കണമെന്നും, കോട്ടുങ്ങൽ IHDP കോളനിയിലെ ആഗ്രോ സർവ്വീസ് സെന്റർ എത്രയും വേഗം പ്രവർത്തനം ആരംഭിക്കുന്നതിനു വേണ്ട സത്വരനടപടികൾ ഉണ്ടാക്കണം.
6. കോട്ടുങ്ങൽ IHDP കോളനിയിലേക്കുള്ള റോഡ് എത്രയും വേഗം പണി പൂർത്തിയാക്കി ഗതാഗതായോഗ്യമാക്കി മാറ്റി തങ്ങളുടെ യാത്രാക്ലേശം പരിഹരിക്കണം.
7. ചാരായനിരോധന പ്രക്രിയ ത്വരിതപ്പെടുത്തി ഞങ്ങളുടെ വാർഡിലെ പല പ്രശ്നങ്ങൾക്കും പരിഹാരമുണ്ടാക്കുന്നതോടൊപ്പം വിജ്ഞാനം ഉണ്ടാകുന്നതിന് വേണ്ടി സഹായങ്ങളും ഉണ്ടാക്കിത്തരണം.

വാർഡ് - 11 പാണ്ടിത്തിട്ട

1. ഈ വാർഡിൽ രണ്ടു കോളനികൾ ഉണ്ട്.
2. വെൽഫെയർ കോളനി അമ്പലനിരപ്പ്
3. കുടിവെള്ളക്ഷാമം എത്രയും പെട്ടെന്ന് പരിഹരിക്കണം.
4. കോളനിയിൽ കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കണം.
5. വൈദ്യുതി ഇല്ലാത്തവർക്ക് വൈദ്യുതി എത്തിക്കണം.
6. Toilet സൗകര്യം ഉണ്ടാക്കണം.
7. പാരമ്പര്യമായി ഈറ്റ തൊഴിലിൽ ഏർപ്പെടുന്ന ഈ കോളനിയിലെ ആളുകൾക്ക് ഈറ്റകൊണ്ട് ഏതെങ്കിലും വ്യവസായം തുടങ്ങുവാൻ സഹായിക്കണം.
8. അത്യാവശ്യമായി ഒരു ശ്മശാനം ഉണ്ടാക്കണം.
9. ഒരു Television set സ്ഥാപിക്കണം.
10. കോളനിയിലെ ഇപ്പോൾ ഉള്ള കിണറ്റിൽ മോട്ടോർ വയ്ക്കുക.
11. ഹരിജൻ സെറ്റിൽമെന്റ് കോളനി അത്യാവശ്യമായി ഇലക്ട്രിസിറ്റി എത്തിക്കുക.
12. കുടിവെള്ളക്ഷാമം പരിഹരിക്കുക.
13. റോഡ് ഗതാഗതയോഗ്യമാക്കുക.
14. കുളത്തുവയൽ സെറ്റിൽമെന്റ് കോളനിയിലൂടെ ചേലക്കോട് ഏലായിലേക്കുള്ള വഴി വൃത്തിയാക്കി ചേലക്കോട് ഏലായിൽ ട്രാക്ടർ ഇറങ്ങുവാൻ വേണ്ട സൗകര്യം ഉണ്ടാക്കിത്തരിക.

വാർഡ് – III നടുത്തേരി

ഈ വാർഡിൽ 2 ഹരിജൻ കോളനികളും 1 ഗിരിജൻ കോളനിയും ഉണ്ട്. നെട്ടിയോട് കോളനി, പാറ വിള ഹരിജൻ കോളനി, കുശപ്പള്ളി ഗിരിജൻ കോളനി. ഹരിജൻ കോളനിയിൽ 150 വീടുകളും ഗിരിജൻ കോളനിയിൽ 6 വീടുകളും ഉണ്ട്.

1. കോളനിയിലെ അടിസ്ഥാനസൗകര്യങ്ങൾ തൃപ്തികരമല്ല.
2. ഇവരുടെ കുട്ടികൾ കൃത്യമായി സ്കൂളിൽ പോകാറില്ല. രക്ഷാകർത്താക്കളുടെ അജ്ഞത കാരണവും സാമ്പത്തിക പരാധീനതമൂലവുമാണ് ഈ കുട്ടികൾ സ്കൂളിൽ പോകാത്തത്. ഈ വിഭാഗക്കാർ കൂടുതലും കർഷകതൊഴിലാളികളാണ്. ഇവരിൽ നിരക്ഷരർ കൂടുതലുണ്ട്. ഈ വാർഡിൽ ബഹുജനസംഘടനകളിൽ പട്ടികജാതി പട്ടികവർഗ്ഗത്തിൽപെട്ടവർ നേതൃസ്ഥാനത്ത് വളരെ കുറച്ചു മാത്രമേയുള്ളൂ.
3. കോളനികളിൽ വൈദ്യുതി, കുടിവെള്ളം, കക്കൂസ്, റോഡ് ഇവ ഇനിയും ഈ വാർഡിൽ വരാനുണ്ട്. ജാതിപരമായ ഉച്ച നീചത്വം ഇവിടെ നിലവിലില്ല. ഇവരുടെ വിവാഹങ്ങളിൽ മറ്റു ജാതിയിൽപ്പെട്ടവർ പങ്കെടുക്കുകയും ഭക്ഷണം കഴിക്കാറുമുണ്ട്.

വാർഡ് – IV മഞ്ഞക്കാല

ഓണംകോടു ഹരിജൻകകോളനിയുടെ ഉന്നമനത്തിനായി വീടുകൾ ഇല്ലാത്തവർക്കു വീടും, കക്കൂസ്, കിണർ, വൈദ്യുതി, ഗതാഗതം, സൗജന്യT.V., ഈട്ടികെട്ട്, കൃഷി ഉപകരണങ്ങൾ, മണ്ണാലിപ്പു തടയുക, എന്നീ ആവശ്യങ്ങൾ നടപ്പിലാക്കണം. കോട്ടൂർക്കോണം, കിരിപ്പള്ളി, ഹരിജൻകോളനികൾക്കും പാർപ്പിടം, കക്കൂസ്, കിണർ, വൈദ്യുതി, ഗതാഗതം, സൗജന്യT.V. , ഈടികെട്ട്, കൃഷിഉപകരണങ്ങൾ ആവശ്യമുണ്ട്. കീരിപ്പള്ളിയിലേക്കുള്ള വാഹനസൗകര്യം പന്നിക്കുഴി ഏലായിൽ കൂടിയുള്ള റോഡാണ്. ഈ റോഡിന്റെ പണി പൂർത്തിയായി കിട്ടണം.

വാർഡ് – V പനപ്പറ്റ

50–ഓളം ഹർജൻ കുടുംബങ്ങൾ തിങ്ങിപ്പാർക്കുന്ന നെടിയവിള കോളനി കഒഉജ കോളനിയായി പ്രഖ്യപിച്ച്, വൈദ്യുതിയും ഗതഗതസൗകര്യങ്ങളും ഏർപ്പെടുത്തണം. അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് തൊഴിൽ സാദ്ധതകൾക്കുള്ള പരിപാടികൾ ആവിഷ്ക്കരിക്കണം.

വാർഡ് – VI പിടവൂർ

പട്ടികജാതിക്കാർക്ക് വീട്, സ്ഥലം, കക്കൂസ്, വൈദ്യുതി, കുടിവെള്ളം, ഗതാഗതസൗകര്യം, ഇവ മെച്ചപ്പെടുത്തുക. പട്ടികജാതിയിൽപ്പെട്ട കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്താൻ വേണ്ട സഹായങ്ങൾ ചെയ്യുക. പരമ്പരാഗത തൊഴിലിന് വേണ്ടി തയ്യൽ യൂണിറ്റ് ധാന്യങ്ങൾ പൊടിച്ചുവിതരണം ചെയ്യുന്ന യൂണിറ്റ് ഇവ നടപ്പിലാക്കുക. അഞ്ച് കോളനികളാണ് ഈ വാർഡിലുള്ളത്.

വാർഡ് VII കമുകുംചേരി

45ഓളം ഹരിജനങ്ങൾക്ക് വീടുകൾ നിർമ്മിക്കണം. IHDP Scheme – ൽ ഉൾപ്പെടുത്തണം.

വാർഡ് VIII നെടുവന്നൂർ

നെടുവത്തൂർ വാർഡിൽ മുതുകുന്നം സെറ്റിൽമെന്റ് കോളനിയും ഒറ്റപ്ലാവിള കോളനിയും അരുവിക്കോട് കോളനിയുമാണ് ഉള്ളത്. അരുവിക്കോട് കോളനിയോട് ചേർന്നു കിടക്കുന്ന കൈതോട് ഭാഗവും ഈ കോളനിയിൽ ഉൾപ്പെടുത്തണം.

മുതുകുന്ന് അരുവിക്കോട് ഒറ്റപ്ലാവിള എന്നീ കോളനികൾ IHDP കോളനികളായി അംഗീകരിക്കുകയും ജനങ്ങൾക്കാവശ്യമായ ഗതാഗതസൗകര്യം, കുടിവെള്ളക്ഷാമം, വൈദ്യുതീകരണം, വിദ്യാഭ്യാസസൗകര്യം സ്ത്രീകൾക്ക് വേണ്ടിയുള്ള തൊഴിൽ അടിസ്ഥാന സൗകര്യങ്ങളായ ലാട്രിൻ, കിണർ, വീട്, ഇവ നടപ്പിലാക്കുക. ഏകദേശം 80 ഓളം ഹരിജൻകോളനി വീടുകളാണുള്ളത്. ഗതാഗതസൗകര്യങ്ങൾ ഇല്ലാ

ത്തതു മൂലം പരമ്പരാഗതതൊഴിലുകൾ പോലും നടക്കാത്ത സാഹചര്യമാണ് ഉള്ളത്. പട്ടികജാതി പട്ടിക വർഗ്ഗ കുട്ടികളുടെ വിദ്യാഭ്യാസസൗകര്യങ്ങൾ വർദ്ധിപ്പിക്കുക, 3 കോളനികളിലും പൊതുകിണർ, പൊതു കക്കൂസ് എന്നിവ സ്ഥാപിക്കുക.

വാർഡ് IX ഞാറയ്ക്കാട്

ഈ വാർഡിൽ രണ്ടു ഹരിജൻ കോളനികളാണ് ഉള്ളത്. ചാമല, ഇലഞ്ഞിവയൽ കോളനി. ഇലഞ്ഞിവയൽ കോളനി വൈദ്യുതീകരണം നടന്നിട്ടില്ല. ഈ വാർഡിൽ യാത്രാസൗകര്യങ്ങൾ, ജനക്ഷേമ പ്രവർത്തനങ്ങൾ, കുടിവെള്ളപ്രശ്നം, വിദ്യാഭ്യാസസൗകര്യങ്ങൾ എന്നിവയ്ക്ക് കൂടുതൽ പ്രാധാന്യം നൽകണം. ഉദ്ദേശം 120 ഓളം ഹരിജൻ വീടുകൾ ഉണ്ട്. കൂടുതലും സാമ്പത്തികബുദ്ധിമുട്ടനുഭവിക്കുന്നവരാണ്.

വാർഡ് X കുര

പട്ടികവർഗ്ഗക്കാർ ഈ വാർഡിലില്ല. എന്നാൽ പട്ടികജാതിക്കാരുടെ എണ്ണം വളരെ കൂടുതലാണ്. മൈലാടുംമുകൾ കോളനിയാണ് നിലവിലുള്ള കോളനി. സാമൂഹികപദവി മെച്ചമായതാണെങ്കിലും സാമ്പത്തികമായി പിന്നോക്കമാണ് ഈ കുടുംബങ്ങൾ. ഭവനരഹിതരും തൊഴിൽ രഹിതരും വളരെ കൂടുതലാണ്. വിദ്യാഭ്യാസപരമായും പിന്നോക്കമാണ്. പ്രാഥമികസൗകര്യങ്ങളുള്ള ഭവനങ്ങൾ ഇല്ലെന്നുതന്നെ പറയാം.

നെടുങ്ങോട്ട് (റയിൽവേസ്റ്റേഷനു പടിഞ്ഞാറു ഭാഗം) ചുണ്ടമല, തേവരുപാറ (ഉമയൻകുപ്പ), എന്നീ സ്ഥലങ്ങളിൽ പട്ടികജാതി കുടുംബങ്ങൾ ഏറെ വസിക്കുന്നതിനാൽ അവിടങ്ങളിൽ കോളനികൾ അനുവദിക്കണം.

എല്ലാ പട്ടികജാതി ഭവനങ്ങളിലും അടിസ്ഥാന സൗകര്യങ്ങളായ വൈദ്യുതി, ശുദ്ധജലം, കക്കൂസ്, തുടങ്ങിയവ ലഭ്യമാക്കണം.

ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് വീടു വച്ചു നൽകണം.

കുട്ടികൾക്ക് പഠിക്കുന്നതിനുള്ള സൗകര്യങ്ങൾ ചെയ്തു കൊടുക്കുക.

പട്ടികജാതി കുടുംബങ്ങളിലെ തൊഴിൽരഹിതരായ ചെറുപ്പക്കാർക്ക് സ്വയം തൊഴിൽ കണ്ടെത്താൻ ഉദാരമായ ധനസഹായം നൽകണം. ഓട്ടോറിക്ഷയും മറ്റും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി വിതരണം നടത്തുക.

വാർഡ് XI വടകോട്

സ്വന്തമായി വീടില്ലാത്ത മുഴുവൻ ഹരിജനകുടുംബങ്ങൾക്കും സൗജന്യമായി വീട് നിർമ്മിച്ചു കൊടുക്കണം. സ്വന്തമായി ഭൂമിയില്ലാത്ത കുടുംബങ്ങൾക്ക് ഗവണ്മെന്റ് ചിലവിൽ വസ്തുവും വീടുമായി വിതരണം ചെയ്യണം. ഈ വാർഡിലെ മുട്ടോട്, ഓലിയോട്, വിളയിൽഭാഗം, വേളൂർഭാഗം ഇവിടങ്ങളിൽ കൂടുതലായി ഹരിജനങ്ങൾ തിങ്ങിപാർക്കുന്നു. ഈ കോളനികളെ അംഗീകൃതകോളനികളാക്കി നിശ്ചയിക്കുകയും കോളനികളുടെ വികസനത്തിനാവശ്യമായ വൈദ്യുതി, കുടിവെള്ളം, ഗതാഗതം എന്നീ സൗകര്യങ്ങൾ മെച്ചപ്പെടുത്തണം. ഹരിജനങ്ങളുടെ സാമൂഹ്യ സാമ്പത്തിക സാംസ്കാരികമായ ഉന്നമനത്തിന് പ്രാഥമിക ഹരിജൻ സഹകരണസംഘങ്ങൾ നിലവിൽ കൊണ്ടുവരണം. മൂലധനത്തിന്റെ ഒരോഹരി ഈ വാർഡിലെ കർഷകതൊഴിലാളികളിൽ നിന്നും സമാഹരിക്കുക.

ഈ വാർഡിലെ ഹരിജനങ്ങളുടെ കുട്ടികൾക്ക് വിദ്യാഭ്യാസം കുറവാണ്. സ്കൂളിൽ നിന്നും കിട്ടുന്ന ഗ്രാന്റിനും പുറമേ അർഹരായ കുട്ടികൾക്ക് പഞ്ചായത്തിൽ നിന്നും സാമ്പത്തിക സഹായം നൽകുക.

ഹരിജനങ്ങളുടെ ഇടയിൽ തുടർവിദ്യാഭ്യാസം ഉണ്ടാവണം.

വാർഡ് XII അരിങ്ങോട

ഈ വാർഡിൽ രണ്ട് ഹരിജൻ കോളനികളാണുള്ളത്. ഉച്ചിയോട്, പാറവിള ഭാഗം. 105 ഓളം കുടുംബങ്ങളാണ് ഈ വാർഡിൽ, കുടിവെള്ളം വൈദ്യുതി, കക്കൂസ്, ഇവ ആവശ്യമാണ്.

വിദ്യാഭ്യാസപരമായും സാമ്പത്തികപരമായും വളരെ പിന്നോക്കാവസ്ഥയിലാണ്.

വിഭവ സമാഹരണം

നമ്മുടെ ഗ്രാമം ഇന്നു നേരിടുന്ന പ്രധാന പ്രതിസന്ധികളിലൊന്ന് കാർഷിക വ്യാവസായിക മേഖലകളിലെ നിശ്ചലതയാണ്. വൻകിട വ്യവസായങ്ങൾ ഒന്നും തന്നെ നമ്മുടെ പഞ്ചായത്തിലില്ല. കുടിൽ വ്യവസായവും ചെറുകിട വ്യവസായങ്ങളും പേരിനുണ്ട്. ഈ രണ്ടും രംഗത്തും മുന്നേറ്റം നടത്തി കൊണ്ട് വിഭവ സമാഹരണത്തിന് പുതിയ മാർഗ്ഗങ്ങൾ വെട്ടിതുറക്കണം.

നമ്മുടെ പഞ്ചായത്തിൽ വ്യവസായ യൂണിറ്റുകൾ ആരംഭിക്കാൻ നൂറോളം പേർക്ക് താല്പര്യമുണ്ടെങ്കിലും ലോണുകളും വൈദ്യുതിയും ലഭിക്കാനുള്ള കാലതാമസവും, ഉള്ള വൈദ്യുതിയുടെ വോൾട്ടേജ് ക്ഷാമവും അടിക്കടി ഉണ്ടാവുന്ന ലോഡ്ഷെഡ്ഡിഗും വ്യവസായ കുതുകികളെ നിരാശാരാക്കുന്നു. ഈ പ്രതിസന്ധികൾ പരിഹരിക്കപ്പെടാതെ ഈ രംഗത്തു നിന്നും പുതിയ വിഭവ സമാഹരണത്തിനുള്ള സാദ്ധ്യതകൾ വളരെ കുറവാണ്.

കാർഷിക രംഗം ഇന്നു മുരടിക്കുകയാണ്. കൃഷിനിലങ്ങൾ താമസ പറമ്പുകളും, റബ്ബർ തോട്ടങ്ങളുമായി അനുദിനം മാറുകയാണ്. ഉൽപ്പാദനക്ഷമത അനുദിനം കുറയുന്നു. കർഷകർ കർഷക തൊഴിലാളികളായി മാറുന്നു. രാസവള ഉപയോഗം ഉണ്ടാക്കുന്ന ദോഷഫലങ്ങൾ ഒഴിവാക്കി ജൈവവള പ്രയോഗത്തിന് പ്രാധാന്യം നൽകണം. അതിനുള്ള മനോഭാവം കൃഷിക്കാരിൽ വളർത്തി എടുക്കണം. ഈ പ്രശ്നങ്ങൾ പരിഹരിക്കാതെ വിഭവ സമാഹരണം ഈ രംഗത്ത് വർദ്ധിപ്പിക്കാനാവില്ല.

ഈ രണ്ടു രംഗങ്ങളിലും ഫലപ്രദമായി ഇടപെടാനുള്ള അധികാരം ഗ്രാമ പഞ്ചായത്തുകൾക്ക് നൽകിയാൽ ഗുണഫലങ്ങൾ താമസമേന്യെ നേടാനാവൂ.

സർക്കർ ഗ്രാന്റുകൾക്ക് ഭരണാധികരികളെ സ്വാധീനിക്കേണ്ട നില ഇന്നും മാറിയിട്ടില്ല. ഒരു തരത്തിലുള്ള വിവേചനവും നിലനിർത്താതെ ഗ്രാന്റുകൾ പിരിക്കുന്ന മേഖലയിൽ തന്നെ പഞ്ചായത്തുകൾക്ക് കൈ മാറാൻ നിയമ നിർമ്മാണം നടത്തണം. സ്റ്റാമ്പ് ഡ്യൂട്ടി ഗ്രാന്റുകൾ, വെഹിക്കിൾ ടാക്സ് തുടങ്ങിയവ ഉദാഹരണമായി എടുക്കണം. ഒന്നും രണ്ടും വർഷം കഴിഞ്ഞാണ് ഈ ഗ്രാന്റുകൾ പഞ്ചായത്തിലെത്തുന്നത്. ഇതു ഫണ്ടിന്റെ ദുരുപയോഗത്തിന് കാരണമാകുന്നു. ജനസംഖ്യ ദാരിദ്ര രേഖക്കിടയിലെ ജനസംഖ്യ, പട്ടികജാതി ജനസംഖ്യ സ്ത്രീകളുടെ എണ്ണം എനിങ്ങനെ ജനസംഖ്യാനുപാതികമായി മാത്രമേ ഗ്രാന്റുകൾ വിതരണം ചെയ്യുവാൻ പാടുള്ളൂ. ഗ്രാന്റുകളുടെ നീതിപൂർവ്വമായ ആവിഷ്ക്കരണത്തിന് ഇത് ആവശ്യമാണ്. വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്നവർ നമ്മുടെ പഞ്ചായത്തിൽ നിരവധി ആളുകൾ ഉണ്ട് എങ്കിലും ഇവയിൽ ഉയർന്ന സാമ്പത്തിക നില കൈവരിച്ചവർ വളരെ കുറവാണ്. എന്നാൽ ഇവരുടെ വാർഡു തിരിച്ച കണക്ക് ലഭ്യമല്ല.

നമ്മുടെ പഞ്ചായത്തിൽ കച്ചവട സ്ഥാപനങ്ങളുടെ ലൈസൻസ് ഫീസായി കഴിഞ്ഞ വർഷം,2741/ ലഭിച്ചിട്ടുണ്ട്. പക്ഷെ മുഴുവൻ കച്ചവടക്കാരെയും നികുതി കൊടുക്കുന്നവരാക്കാൻ കഴിഞ്ഞിട്ടില്ല. ലോൺ വാങ്ങേണ്ട ആവശ്യമുള്ളപ്പോഴൊ എന്തെങ്കിലും ആവശ്യങ്ങൾക്കായി പഞ്ചായത്തിൽ വരുമ്പോൾ നികുതി കൊടുക്കുന്ന ഒരു സമ്പ്രദായമാണ് ഇപ്പോഴുള്ളത്. ഈ വീഴ്ച അടിയന്തിരമായി പരിഹരിക്കേണ്ടതാണ്.

പട്ടിക 1 വരുമാനത്തിലെ വ്യതിയാനം

ക്രമ നമ്പർ	ജനങ്ങൾ	90-91	95-96	വ്യത്യാസം	% (വർദ്ധനവ്)
1	കെട്ടിടനികുതി	102691	195149	(+) 92458	90.03
2.	വിനോദനികുതി	–	–	–	–
3.	തൊഴിൽ നികുതി	59480	119570	(+) 60090	101.02
4.	ഉപാധി രഹിത നികുതി	190000	199350	(+)142090	74.78
5.	" എസ്.സി.പി		132740		
6.	M.I. ഗ്രാന്റ്	5000	5000	–	–
7.	V.R.M. ഗ്രാന്റ്	52657	58035	(+) 5378	10.21
8.	V.T.C. ഗ്രാന്റ്	148641	589569	(+) 440928	296.63
9.	മറ്റു ഗ്രാന്റുകൾ	91130	225490	(+) 134360	147.43
10.	മറ്റു വരവുകൾ	440408-05	534390-65	(+) 93982-60	21.33
11.	ജെ.ആർ.വൈ.	504548 + 1090007-05	Nil	(-) 504548	–
	ആകെ വരവ്	Rs. 1594557-05	Rs. 2059293-65	Rs. 464736-60	29.14%
	ചെലവ് എസ്റ്റാബിഷ്മെന്റ്	Rs. 255080/-	Rs. 557034	(+) 301954/-	118.37%

കാർഷികവും അല്ലാത്തതുമായ കൂലിപ്പത്രികളിൽ ഏർപ്പെടുന്നവരാണ് നമ്മുടെ ജനങ്ങളിൽ മറ്റൊരു വിഭാഗം

നിലവിലുള്ള നികുതികൾയുക്തിസംമാക്കുകയും, പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ തങ്ങളുടേതായ പങ്ക് നിർവഹിക്കലാണ് നികുതി കൊടുക്കൽ വഴി ചെയ്യുന്നതെന്ന് ജനങ്ങൾ മനസ്സിലാക്കുകയും ചെയ്താൽ വരുമാനം കൂട്ടാൻ കഴിയും. ഇതിനു വേണ്ടി വാർഡുതല വികസന സമിതികൾ രൂപീകരിച്ച് വാർഡുമെമ്പറൻമാരും കൂട്ടായി പരിശ്രമിച്ചു നികുതി കൊടുക്കേണ്ടവരെല്ലാം നികുതി കൊടുക്കുന്ന പഞ്ചായത്താകുവാൻ നമുക്കു കഴിഞ്ഞാൽ നമ്മുടെ വികസന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുവാൻ കഴിയും. ഇങ്ങനെ നികുതിയായി തങ്ങളുടെ വരുമാനത്തിന്റെ ഒരു ചെറിയ ഭാഗം പഞ്ചായത്തിനു കൊടുക്കാൻ സാധ്യമാകുന്ന നിർദ്ദേശങ്ങൾ

1. വിലകയറ്റം ദുസഹമാകുന്ന ഈ കാലഘട്ടത്തിൽ നികുതി മറ്റൊരു ഭാരമാകരുത് വരുമാനത്തിന്റെ മറ്റൊരു ചെറിയ ഭാഗം മാത്രമെ നികുതിയായി പാടുള്ളു. അങ്ങനെ ആകുമ്പോൾ എല്ലാവർക്കും അതു കൊടുക്കാൻ താല്പര്യമുള്ളവരാകും.
2. വരുമാനമുള്ള മുഴുവൻ ആളുകളിൽ നിന്നും നികുതി വസൂലാക്കാൻ കഴിയണം.
3. നികുതി കൊടുക്കുന്നതു വഴി തങ്ങളുടെ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ പങ്കു ചേരുകയാണെന്ന് ജനങ്ങളെബോധ്യപ്പെടുത്തണം. അതുകൊണ്ടുതന്നെ ചിലവിന്റെ കണക്കിൽ സുതാര്യത ഉണ്ടായിരിക്കണം.
3. നികുതി പിരിക്കാൻ നേതൃത്വം കൊടുക്കാൻ വാർഡു പ്രതിനിധികളും വാർഡ് വികസന സമിതിയും തയ്യാറാകണം. ഇതും ഒരു വികസനപ്രവർത്തനമാണെന്ന ധാരണ ബഹുജന നേതാക്കൾക്കുണ്ടാവണം.
4. കണക്കുകൾകൃത്യമായി സൂക്ഷിക്കാനും അതു ജനങ്ങളെ ബോധ്യപ്പെടുത്താനുമുള്ള സംവിധാനം പഞ്ചായത്ത് ആഫിസിലുണ്ടാവണം.

കെട്ടിട നികുതി.

ഇപ്പോൾ കെട്ടിട നികുതി കണക്കാക്കുന്നത് ശാസ്ത്രീയമായ രീതിയിലല്ല എന്ന് കണക്കുകൾ

കാണിക്കുന്നു (പാർപ്പിടം ശ്രദ്ധിക്കുക). നികുതി ചുമത്തുമ്പോൾ കെട്ടിടങ്ങളുടെ തറ വിസ്തീർണ്ണം മാത്രമല്ല, ആഡംബരത്വവും വിലകൂടുതലുള്ള സാമഗ്രികളുടെ ഉപയോഗവും മാനദണ്ഡമാക്കണം. സ്ഥിരമായ ചുമരുകളുള്ള എല്ലാ കെട്ടിടങ്ങൾക്കും നികുതി ഏർപ്പെടുത്തണം. വീടുനിർമ്മാണത്തിലെ അനാവശ്യ ധൂർത്ത് ഒഴിവാക്കാൻ നികുതി ഏർപ്പെടുത്തുമ്പോൾ സ്ലാബ് സംബ്രദായം ആവിഷ്കരിക്കാവുന്നതാണ്. വീട് അസസ് ചെയ്ത് എങ്ങിനെയാണെന്ന് ഓരോ വീട്ടുടമസ്ഥനേയും ബോധ്യപ്പെടുത്താൻ ഉദ്യോഗസ്ഥൻമാർ തയ്യാറാകണം. കാലപ്പഴക്കത്തിന്റെ അടിസ്ഥാനത്തിൽ നികുതി കുറക്കണമെന്ന നിർദ്ദേശം വരുമാനത്തോത് കുറക്കുമെന്നതിനാൽ ഇപ്പോൾ പ്രായോഗിമല്ല. വീടുകൾ അല്ലാത്ത കെട്ടിടങ്ങൾക്കും , വാടകക്ക് കൊടുത്തിരിക്കുന്ന വീടുകൾക്കും വാടകയുടെ അടിസ്ഥാനത്തിൽ നികുതി ചുമത്താവുന്നതാണ്.

നികുതി പിരിച്ചെടുക്കാനുള്ള സംവിധാനം ഒന്നുകൂടി ശക്തമാക്കേണ്ടതുണ്ട്. ഓരോ വാർഡിലും നികുതി പിരിക്കുന്ന ദിവസവും സ്ഥലവും സമയവും മുൻകൂട്ടി അവിടെയുള്ള അയൽകൂട്ട സമിതിയെ അറിയിക്കണം. അവരുടെ ഇടപെടലോടെയും സഹകരണത്തോടെയും നികുതി പിരിച്ചെടുക്കുന്നത് കുടിശ്ശിക ഇല്ലാതാക്കാൻ കഴിയും.

തൊഴിൽ നികുതി

പഞ്ചായത്തിലെ ഏതെങ്കിലും സർക്കാർ സ്കൂളുകളിലും സർക്കാർ സ്ഥാപനങ്ങളിലും മറ്റും ജോലി ചെയ്യുന്നവരിൽനിന്നു മാത്രമെ തൊഴിൽ നികുതി ലഭിക്കുന്നുള്ളു. ഇങ്ങനെയുള്ളവർ അല്ലാതെ തൊഴിൽ ചെയ്യുന്ന മുഴുവൻ പേരും തൊഴിൽ നികുതി നൽകേണ്ടതാണ്. തൊഴിലാളികളെ മുഴുവനും പഞ്ചായത്ത് അടിസ്ഥാനത്തിൽ ഗ്രൂപ്പ് ഇൻഷ്വറൻസ് സ്കീമിന്റെ കീഴിൽ കൊണ്ടുവരുകയും അംഗത്വമുള്ളവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുകയും ചെയ്യാം. ഇത് കച്ചവടക്കാർക്കും നിർമ്മാണ തൊഴിലാളികൾക്കും മറ്റു തൊഴിലാളികൾക്കും ബാധകമാക്കാവുന്നതാണ്.

വിനോദ നികുതി

തലവൂർ പഞ്ചായത്തു കേന്ദ്രമാക്കി ഒരു സിനിമാതിയേറ്റർ സ്ഥാപിക്കാനുള്ള ശ്രമത്തെ പ്രോൽസാഹിപ്പിക്കണം. ഇത് പഞ്ചായത്തിന്റെ മുഖ്യവരുമാന മാർഗ്ഗമായി മാറ്റാം. തലവൂർ പഞ്ചായത്തിൽ ഒരു ഓപ്പൺ എയർ ഓഡിറ്റോറിയം തുടങ്ങുക എന്ന നിർദ്ദേശം പരിഗണിക്കപ്പെടേണ്ടതാണ്.

മറ്റു ധനാഗമ മാർഗ്ഗങ്ങൾ

നമ്മുടെ പഞ്ചായത്തിൽ പുഴ പുറമ്പോക്കായും റോഡ് പുറമ്പോക്കായും ധാരാളം ഭൂമിയുണ്ട്. ഇത് കൃത്യമായി അളന്ന് തിട്ടപ്പെടുത്തി പാട്ടത്തിനു നൽകുവാനുള്ള പ്രവർത്തി അടിയന്തിരമായി തന്നെ തടയണം. പ്രകൃതി ഒരുക്കി തന്ന നല്ല ഒരു വരുമാനമാർഗ്ഗം പാഴാവുകയാണ് ഇതുവരെ ചെയ്തത്. പുഴയോരങ്ങളിൽ തങ്ങളുടെ ഭൂമിയിൽ നിന്ന് പുഴയിലേക്കിറക്കി മതിൽ കെട്ടി വ്യപകമായ തോതിൽ കൈയ്യേറ്റം നടത്തുന്നുണ്ട്. പഞ്ചായത്ത് ലീസ് ഭൂമി അളന്നു തിട്ടപ്പെടുത്തി സംരക്ഷിക്കേണ്ടതുണ്ട്.

മണൽ

കഴിഞ്ഞവർഷം പഞ്ചായത്തിലെ മണൽ ലേലത്തിൽ പോയത് 96 ആയിരം രൂപക്കാണ്. ഈ പ്രാവശ്യം നേരിയ വർദ്ധനവുണ്ടായിട്ടുണ്ട്. പിടവൂർ L.P.S ന് മുന്നിൽ നിന്ന് കല്ലടയാറ്റിലേക്കുള്ള റോഡ് ഗതാഗതയോഗ്യമാക്കി മാറ്റി ഈ കടവ് ലേലം ചെയ്ത് കൊടുക്കുക എന്ന നിർദ്ദേശം ഗൗരവമായി പരിഗണിക്കേണ്ടതാണ്.

കാർഷിക നികുതി

നമ്മുടെ പഞ്ചായത്തിൽ നിരവധി റബ്ബർ കൃഷിക്കാരുണ്ട്. നമ്മുടെ പഞ്ചായത്തിലെ ജനങ്ങളുടെ മുഖ്യ വരുമാനമാർഗ്ഗമാണ് ഇത്. റബ്ബർ കൃഷിക്കാരിൽ നിന്ന് കാർഷികാദായ നികുതി പിരിക്കുക എന്ന തീരുമാനം നടപ്പിലാക്കുവാൻ ഇതുവരെയും കഴിഞ്ഞിട്ടില്ല. നമ്മുടെ പഞ്ചായത്തിന്റെ ഒരു പ്രധാന വരുമാന മാർഗ്ഗമാക്കാവുന്ന മേഖല എന്ന നില

യിൽ അടിയന്തിര പ്രാധാന്യം കൊടുത്ത് പരിഗണിക്കപ്പെടണം.

പരസ്യ നികുതി

നമ്മുടെ പഞ്ചായത്തിലെയും നിരവധി പ്രസ്ഥാനങ്ങളുടെയും ചുവർ പരസ്യങ്ങളും ബോർഡുകൾ സ്ഥാപിക്കുകയും നടത്തിയിട്ടുണ്ട്. ഇവരിൽ നിന്നും ഒരു നിശ്ചിതതുക പഞ്ചായത്തിന് കരമായി ഈടാക്കാവുന്നതാണ്.

ബാങ്ക് ഫൈനാൻസിയേഴ്സ്

നമ്മുടെ പഞ്ചായത്തിൽ രണ്ട് സഹകരണ ബാങ്കുകളും, കാനറാ ബാങ്ക്, ഇൻഡ്യർ ബാങ്ക് എന്നിവയുടെ ഓരോ ശാഖകളും ഉണ്ട്. നിക്ഷേപങ്ങളെ അപേക്ഷിച്ചു നോക്കുമ്പോൾ വായ്പകൾ വളരെ കുറവാണ്. നമ്മുടെ പഞ്ചായത്തിൽ നിന്നും സമാഹരിക്കുന്ന നിക്ഷേപങ്ങളുടെ 80 – 90% എങ്കിലും വായ്പയായി കൊടുക്കേണ്ടതാണ്. പഞ്ചായത്തുകൾക്ക് വായ്പ എടുക്കാനുള്ള സാധ്യത പുതിയ പഞ്ചായത്ത് ആക്ടിലുണ്ട്. ഗ്രാമ സഭകളോ പഞ്ചായത്തോ അംഗീകരിക്കുന്ന പദ്ധതികൾക്ക് വായ്പ കൊടുക്കുവാൻ ബാങ്കുകൾ ബാധ്യസ്ഥരാകുന്ന നിയമം ഈ രംഗത്ത് ഉണ്ടാകേണ്ടിയിരിക്കുന്നു.

നമ്മുടെ പഞ്ചായത്തിൽ നിരവധി സ്വകാര്യ ധന കാര്യസ്ഥാപനങ്ങൾ ഉണ്ട്. എന്നാൽ ഇവയിൽ കേവലം 4 പേർ മാത്രമാണ് നികുതി അടക്കുന്നത്. ഇത്തരം സ്ഥാപനം നടത്തുന്നവരിൽ നിന്നും നിശ്ചിത തുക നികുതിയായി പിരിച്ചെടുക്കാവുന്നതാണ്.

നാഷണൽ സേവിഗ്സ് സ്കീം

ഓരോ പഞ്ചായത്തിൽ നിന്നും പിരിച്ചെടുക്കുന്ന ഇന്ദിരാവികാസ് പത്രയുടെ 15 – 25% വരെ ആ പഞ്ചായത്തിൽ കിട്ടുന്ന ഒരു വ്യവസ്ഥ ഇപ്പോഴുണ്ട്. അതുകൊണ്ട് പഞ്ചായത്തിൽ നിന്നും പരമാവധി സമ്പാദ്യം ഇന്ദിരാ വികാസ് പത്രയിൽ നിക്ഷേപിക്കുവാൻ ജനപ്രതിനിധികളുടേയും, പൊതു പ്രവർത്തകരുടേയും കൂട്ടായ പരിശ്രമം ആവശ്യമാണ്. മഹിളാ പ്രധാൻ ഏജന്റുമാർ വഴി നമ്മുടെ പഞ്ചായത്തിലെ മുഴുവൻ കുടുംബങ്ങളേയും ദേശീയ സമ്പാദ്യനിധിയിൽ അംഗങ്ങളാക്കി നമ്മുടെ പഞ്ചായത്തിനെ ഒരു 'ബജത്' പഞ്ചായത്ത് ആക്കി തീർക്കണം.

മനുഷ്യാധ്വാനം

മനുഷ്യവിഭവമാണ് നമ്മുടെ പഞ്ചായത്തിലെ ഏറ്റവും പ്രധാനപ്പെട്ട വിഭവം. എന്നാൽ ഏറ്റവും കൂടുതൽ പാഴായി പോകുന്നതും ഇതു തന്നെ. ജാതി, മത, കക്ഷി പരിഗണനകൾക്കതീതമായി നമ്മുടെ നാടിന്റെ വികസനത്തിനായി മനുഷ്യാധ്വാനം സംഭാവന ചെയ്യുവാനുള്ള പ്രഖ്യാപനങ്ങൾ ഗ്രാമസഭകളിൽ ഉണ്ടായിട്ടുണ്ട്. ഈ മഹത്തായ സംഭാവനയെ പരമാവധി പ്രയോജനപ്പെടുത്തി വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുവാൻ കഴിയും.

ഉപസംഹാരം

നമ്മുടെ സംസ്ഥാനത്തിന്റെ സമഗ്രവികസനം ജനകീയപങ്കാളിത്തത്തോടെ കൈവരിക്കുക എന്ന ലക്ഷ്യത്തോടെ കേരള സർക്കാർ നടപ്പിലാക്കുന്ന ജനകീയാസൂത്രണ പ്രസ്ഥാനത്തിൽ നമ്മുടെ പഞ്ചായത്ത് മറ്റ് പഞ്ചായത്തുകളെപ്പോലെ മുൻപന്തിയിലാണ്. തലവൂർ പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളുടെ വികസനാവശ്യങ്ങൾ വിശേഷാൽ ഗ്രാമങ്ങളിൽ മുഴങ്ങിക്കേട്ടു. ജനങ്ങളുയർത്തിയ ആവശ്യങ്ങളും കോർഗ്രൂപ്പുകൾ വിവിധ സ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ച ദ്വിതീയ വിവരങ്ങളും തലവൂർ പഞ്ചായത്തിന്റെ പൊതു സ്ഥിതിയും അടങ്ങുന്നതാണ് ഈ വികസനരേഖ.

തലവൂർ പഞ്ചായത്തിനെകുറിച്ച് സമഗ്രവും വ്യക്തവുമായ ഒരു രേഖ ഇതുവരെ നമുക്ക് ലഭ്യമല്ല. ഇത്തരമൊരു പോരായ്മക്ക് ഈ വികസനരേഖ ഒരു പരിഹാരമാകും എന്ന് നമ്മൾ പ്രത്യാശിക്കുന്നു. ക്ലേശകരമായ ഈ ദൗത്യം പൂർണമാകുന്നതിൽ ഞങ്ങളെ സഹായിച്ച എല്ലാ മാന്യ വ്യക്തികളേയും ഞങ്ങളുടെ നന്ദിയും കടപ്പാടും അറിയിക്കട്ടെ. ഈ രേഖ പൂർണമാണെന്ന് ഞങ്ങൾ അവകാശപ്പെടുന്നില്ല. നമ്മുടെ ആവശ്യങ്ങളും, പരാതികളും ലഭ്യമായ എല്ലാ രേഖകളിൽ നിന്നും ആവുന്നത്ര ഉൾക്കൊള്ളിക്കുവാൻ ശ്രമിച്ചിട്ടുണ്ട്. കുറവുകളും, കുറ്റങ്ങളും ചൂണ്ടിക്കാട്ടുന്നതിനും സമഗ്രമായ വിശകലനത്തിനും ക്രിയാത്മകമായ നിർദേശങ്ങൾക്കും വേണ്ടി ഈ വികസന രേഖ തലവൂർ പഞ്ചായത്തിലെ ജനങ്ങളുടെ മുമ്പാകെ സവിനയം സമർപ്പിക്കുന്നു.

ജി. വിജയൻ നായർ
കൺവീനർ
ജനകീയാസൂത്രണ സമിതി,
തലവൂർ ഗ്രാമ പഞ്ചായത്ത്

തലവൂർ

വികസന രേഖ തയ്യാറാക്കിയവർ

ശ്രീ. പിടവൂർ രമേശ്
ശ്രീ. K. ശശിധരൻ
ശ്രീ.D. അജയകുമാർ
ശ്രീ.R.G. -ഹരികുമാർ
ശ്രീ. വിത്സൺ (കൃഷി ഓഫീസർ)
ശ്രീ.Dr. സത്യരാജ്
ശ്രീ.കെ. കുഞ്ഞിരാമൻ പിള്ള
ശ്രീ S. വിജയരാഘവൻ
ശ്രീ.R. സരസമ്മ
ശ്രീ.M. മത്തായി
ലൂക്കോസ് ഡാനിയേൽ
ശ്രീമതി. കെ. ഇന്ദിരാമ്മ
ശ്രീമതി. ജലജാഗോപിനാഥ്
കുമാരി G. ആശാമോൾ
കുമാരി L. ഇന്ദിര
ശ്രീ.S. ബൈജുകുമാർ
ശ്രീ. ഷാജി
ശ്രീ. S. നളിനകുമാർ(CESS)

Designing and typesetting by

MICRO Ind Systems & Software.

III Floor. Kottarathil Bldgs(New block), Palayam. Trivandrum-33. Ph: **321866**